# ഇന്ത്യൻ സഭാചരിത്രം

**ALPHA INSTITUTE OF THEOLOGY AND SCIENCE**
Thalassery, Kerala, India - 670 101
Ph: 0490 2344727, 2343707
Web: www.alphathalassery.org, Email: alphits@gmail.com

# ഇന്ത്യൻ സഭാചരിത്രം

**Title:** Indian Church History
**Published by:** The Director, Alpha Institute, Archdiocese of Tellicherry,
Sandesa Bhavan, Tellicherry, 670 101, Kannur, Kerala
Ph: 0490 - 2344727, 2343707
**Published on:** 2015 July 28 (St. Alphonsa)

---

**Editor:** Rev. Dr. Joseph Kakkaramattathil

---

**Office Assistance:** Rev. Sr. Glorista SABS
Mr. Renjith KC
Mrs. Anitha Vijayan
Mrs. Maneesha Shinoj
Mrs. Jeshitha Vijesh
Miss. Bhavya K
**Language Mentor:** Rev. Fr. Mathew Edamula
**Design & Layout:** Mr. Midhun Thomas
**Printing:** Vimala Offset Press, Thalassery
**Copy Right:** © All rights reserved. No part of this publication may be reproduced, stored in or introduced into a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the publisher

# ഉള്ളടക്കം

1. ക്രിസ്തുമതത്തിന്റെ ആരംഭം ഭാരതത്തിൽ .................................................... 5

2. ഭാരതസഭ 16 - ാം നൂറ്റാണ്ടുവരെ ..................................................................... 17

3. പോർത്തുഗീസുകാരും ഭാരതസഭയും ......................................................... 29

4. ലാത്തീൻ സഭയുടെ ആവിർഭാവം ഭാരതത്തിൽ .......................................... 72

5. ഭാരതസഭ 16 - ാം നൂറ്റാണ്ടിനുശേഷം ............................................................ 109

6. ഭാരതത്തിലെ അന്ത്യോക്യൻ സഭാവിഭാഗങ്ങൾ ................................................ 121

## ആധാര ഗ്രന്ഥങ്ങൾ

1. Paul Pallath, *The Catholic Church in India* (Kottayam: OIRSI, 2010).

2. ഡോ. ജി. ചേടിയത്ത്, *മാർത്തോമാശ്ലീഹായുടെ ഇന്ത്യൻ സഭ* (കോട്ടയം: OIRSI, 1992).

3. ഡോ. സേവ്യർ കൂടപ്പുഴ, *ഭാരത സഭാചരിത്രം* (കോട്ടയം: : OIRSI, 1980).

4. Dr. Placid Podippara, *The Complete Works of Placid Podippara* 5 vols. Mannanam: Sanjos Publications, 2009.

*Published for the use of the students of Alpha Institute of Theology and Science*

# 01

# ക്രിസ്തുമതത്തിന്റെ ആരംഭം ഭാരതത്തിൽ

ഭാരതത്തിലെ ക്രിസ്തുമതത്തിന്റെ ആരംഭം അപ്പസ്തോലനായ തോമാശ്ലീഹായുടെ ആഗമനത്തോടെയായിരുന്നു.

## 16-ാം നൂറ്റാണ്ട് വരെയുള്ള ഇൻഡ്യൻ സഭ: മാർത്തോമ്മായുടെ മക്കൾ

16-ാം നൂറ്റാണ്ടിൽ, പോർട്ടുഗീസുകാരുടെ ആഗമനത്തിന് മുൻപ് ഇൻഡ്യൻ സഭ, മാർത്തോമ്മായുടെ സഭയായി താദാത്മീഭവിച്ചിരുന്നു. ചരിത്രാവബോധത്തിന്റെ അഭാവം ഇൻഡ്യൻ ജനതയുടെ പൊതുസ്വഭാവസവിശേഷതയായതിനാൽ ചരിത്രരേഖകൾ സൂക്ഷിക്കുവാനോ, ചരിത്രസംഭവങ്ങൾ ആലേഖനം ചെയ്യുവാനോ ഇൻഡ്യക്കാർ ശ്രദ്ധചെലുത്തിയിരുന്നില്ല. ഇതിനൊട്ടും അപവാദവുമായിരുന്നില്ല തദ്ദേശീയരായ മാർത്തോമ്മാവിശ്വാസികളും! തന്മൂലം സഭയുടെ ആദ്യകാലചരിത്രത്തിന്റെ ഏറിയപങ്കും വിസ്മൃതിയിലാണ്ടു. എങ്കിലും ലഭ്യമായ രേഖകൾ ആദ്യകാലസഭാ ചരിത്രത്തിലേക്ക് ചെറുവെട്ടം വീശുന്നുണ്ട്. മാർത്തോമ്മാക്രിസ്ത്യാനികളെ സംബന്ധിച്ച് ക്രിസ്തീയത, വിശ്വസിക്കപ്പെടേണ്ട ഒരുകൂട്ടം സത്യങ്ങളോ, വെറും പ്രബോധനങ്ങളോ അല്ലെങ്കിൽ പ്രഖ്യാപിത ഡോഗ്മകളോ, ആയിരുന്നില്ല, പ്രത്യുത "വഴിയും സത്യവും ജീവനുമായ (യോഹ.14:6)

യേശുവിന്റെ കുരിശുമരണവും സാധിതമായ ഉത്ഥാനവും രക്ഷയുംമൂലം കരഗതമാക്കാനുള്ള "വഴി"യായിരുന്നു (Margam). പിതാവിങ്കൽ എത്തിച്ചേരുവാനുള്ള പാത ഭാരതമണ്ണിന് വെളിപ്പെടുത്തിയ തോമ്മാശ്ലീഹായുടെ മാർഗ്ഗമായിരുന്നു ( Thoma Margam). തനതായ ആരാധനാക്രമം, ആദ്ധ്യാത്മികത, ശിക്ഷണ ക്രമം, ആചാരാനുഷ്ഠാനങ്ങളും പാരമ്പര്യങ്ങളും ഒപ്പംതന്നെ സാമൂഹിക, രാഷ്ട്രീയ സാംസ്കാ രികമായ ജീവിതക്രമങ്ങളും ഉൾപ്പെടുന്നതായിരുന്നു തോമായുടെ മാർഗ്ഗം. തോമായുടെ നിയമം എന്നപേരിൽ അറിയപ്പെട്ടിരുന്നത്. ഈ അദ്ധ്യായത്തിൽ തോമാശ്ലീഹായുടെ ആഗമനവും, ഭാരതസഭയുടെ ആരംഭവും, പോർട്ടുഗീസ് മിഷനറിമാരും ആഗമനം വരെയുള്ള ചരിത്രം ഈ അദ്ധ്യായത്തിൽ നാം കാണുന്നു.

### ഭാരതകത്തോലിക്കാസഭയുടെ അപ്പസ്തോലിക ഉദ്ഭവം:

ഉത്ഥിതന്റെ വിരിമാറിൽ സ്പർശിച്ച് എന്റെ കർത്താവേ എന്റെ ദൈവമേ (യോഹ.20:28) എന്ന്. ഉദ്ഘോഷിച്ച തോമാശ്ലീഹാ, ആദ്യനൂറ്റാണ്ടിന്റെ പകുതിയോടെ തെക്കേഇന്ത്യയിൽ എത്തി ച്ചേരുകയും വിശ്വാസത്തിന്റെ വിത്തുകൾ പാകുകയും ചെയ്തു എന്ന സജീവ പാരമ്പര്യം മാർത്തോമ്മാ ക്രിസ്ത്യാനി കളുടെ ഇടയിൽ നിലനിന്നിരുന്നു. AD 52 ൽ മുസരിസ് (കൊടുങ്ങല്ലൂർ) എന്ന പുരാതന തുറമുഖത്ത് ശ്ലീഹാ എത്തിച്ചേരുന്നുവെന്ന് പാരമ്പര്യം സാക്ഷിക്കുന്നു.

## മാർ തോമാശ്ലീഹായുടെ ഭാരതയാത്ര

പശ്ചിമേഷ്യയിലെ പലസ്തീനിൽനിന്ന് ശ്ലീഹന്മാർ കർതൃകല്പ നാനുസൃതം ലോകത്തിന്റെ നാനാഭാഗത്തേയ്ക്കും പോയി സുവി ശേഷം പ്രസംഗിച്ചു. ഭാരതത്തിന്റെ ശ്ലീഹാ ആയത് മാർ തോമയാ ണ്. ഇത്രയും വിദൂരമായ സ്ഥലത്ത് മറ്റൊരു ശ്ലീഹായും പോയ തായി അറിയില്ല. പൗലോസ് ശ്ലീഹാ സ്പെയിൻവരെ പോയി. ബർത്തലോമിയോ ഭാരത്തിൽ വന്നു എന്ന് എവുസേബിയസ് പറ യുന്നു. പാർത്തിയായിലെ വിവിധ സെമിറ്റിക് വിഭാഗങ്ങളോടും മറ്റു ജനതകളോടും പ്രസംഗിച്ചശേഷം ഭാരതത്തിലെ യഹൂദരോടും അവർവഴി യഹൂദരല്ലാത്തവരോടും പ്രസംഗിക്കാനായിരിക്കാം ശ്ലീഹാ എത്തിയത്. അന്നത്തെ കാലത്ത് ഭാരതത്തിൽ എത്തണമെ ങ്കിൽ അതിനു തക്ക കാരണങ്ങളുണ്ടായിരിക്കണം.

### യഹൂദസാന്നിദ്ധ്യം

കച്ചവടത്തിനായി എത്തിയ യഹൂദന്മാരുടെ കോളനികൾ അന്നത്തെ കേരളത്തിൽ ഉണ്ടായിരുന്നു. പശ്ചാത്യലോകവുമായി കച്ചവടം നടത്തി ഈ യഹൂദന്മാർ ജീവിച്ചു. ക്രി.വ. ഒന്നാം നൂറ്റാണ്ട് ഇത്തരം കച്ചവടം അത്യുച്ചകോടിയിലെത്തിയ കാലഘട്ടമായിരുന്നു

യഹൂദരുടെ സാന്നിദ്ധ്യമാണ് അദ്ദേഹത്തെ ഇവിടെ കൊണ്ടെത്തിച്ചത്. കച്ചവടക്കാരായ യഹൂദരോട് അറമായ ഭാഷയിൽ അദ്ദേഹം പ്രസംഗിച്ചു. അവർവഴി മറ്റു ജനപദങ്ങളോടും, കൊടുങ്ങല്ലൂർ, പാലയൂർ തുടങ്ങി. സ്ഥലങ്ങളിൽ യഹൂദന്മാർ ധാരാളമുണ്ടായിരുന്നു.

**യാത്രാസൗകര്യം**

പാശ്ചാത്യലോകത്തുനിന്ന് മൺസൂൺ കാറ്റിന്റെ ഗതിയനുസരിച്ച് കുറഞ്ഞസമയം കൊണ്ട് ഭാരതത്തിലെത്താം എന്നു കണ്ടുപിടിക്കപ്പെട്ടതോടെ കേരളവും പാശ്ചാത്യലോകവുമായുള്ള വ്യാപാരബന്ധം ശതഗുണീഭവിച്ചു. ഇപ്രകാരമുള്ള വ്യാപാരികളുടെ കൂടെയാകാം മാർതോമാ കേരളത്തിലെത്തിയത്. റോമക്കാർ കടലിലെ വഴികളൊക്കെ കൊള്ളക്കാരിൽനിന്ന് സുരക്ഷിതമാക്കി. പശ്ചിമേഷ്യയിൽ നിന്ന് മാർ തോമാശ്ലീഹാ കൊടുങ്ങല്ലൂരിനടുത്തുള്ള മാല്യങ്കര എന്ന സ്ഥലത്താണ് വന്നിറങ്ങിയതും ആദ്യം സുവിശേഷം പ്രസംഗിച്ചതും സഭ സ്ഥാപിച്ചതും. അക്കാരണത്താൽ ശ്ലീഹാ സ്ഥാപിച്ച സഭ മലങ്കരസഭ എന്നു അറിയപ്പെടുന്നു.

**ഭാരതത്തിലെ പ്രേഷിതവൃത്തി**

കേരളത്തിൽ മാർ തോമാശ്ലീഹാ എഴു സ്ഥലങ്ങളിൽ പള്ളികൾ സ്ഥാപിച്ചു എന്നതിന് കുരിശു നാട്ടി എന്നല്ല, എഴു സഭാസമൂഹങ്ങൾക്കു ജന്മം നൽകി എന്നർത്ഥം. പ്രസ്തുത സ്ഥലങ്ങളിൽ ദീർഘകാലം താമസിച്ച് സുവിശേഷത്തിനു സാക്ഷ്യം നൽകി: കൊടുങ്ങല്ലൂർ, പുലയൂർ, പറവൂർ (കോട്ടയ്ക്കാവ്), കോക്കമംഗലം, കൊല്ലം, നിരണം (തൃപ്പലേശ്വരം), ചായൽ (നിലയ്ക്കൽ) എന്നിവയാണ് എഴുസ്ഥലങ്ങൾ. കേരള ക്രൈസ്തവ സഭയുടെ അതിപ്രാചീന കേന്ദ്രങ്ങളായിരുന്നു മേൽപറഞ്ഞ ഏഴുകേന്ദ്രങ്ങൾ. ഓരോന്നിനെപ്പറ്റിയും ചുരുക്കമായി ഇവിടെ പ്രതിപാദിക്കാം.

**കേരളത്തിലെ സപ്തദേവാലയങ്ങൾ**

**കൊടുങ്ങല്ലൂർ:** ഭാരതത്തിലെ മാർതോമാ ക്രിസ്ത്യാനികളുടെ തറവാടാണ് കൊടുങ്ങല്ലൂരിലെ മാല്യങ്കരസഭ. മാർതോമാശ്ലീഹാ മാനസാന്തരപ്പെടുത്തിയ ആദ്യ കുടുംബങ്ങൾ മുസ്സരിസിൽ താമസിച്ചിരുന്നവരായിരുന്നു. അവിടെനിന്ന് മറ്റിടങ്ങളിലേക്ക് കാലാകാലങ്ങളിൽ കുടിയേറിയവരും മക്കോദയ, മഹോദയ എന്നു കൂട്ടിച്ചേർത്ത് പ്രയോഗിച്ചിരുന്നു. മലങ്കര സമുദായത്തിന്റെ തായ്വേണിവിടെ ദർശിക്കുക. പോർച്ചുഗീസുകാർ ഭാരതത്തിലെത്തുമ്പോൾ കൊടുങ്ങല്ലൂരായിരുന്നു മാർതോമാ ക്രിസ്ത്യാനികളുടെ പ്രധാന സഭാകേന്ദ്രം. യഹൂദർക്ക് ജറുസലേം പോലെയാണ് മാർതോമാ ക്രിസ്ത്യാനികൾക്ക് കൊടുങ്ങല്ലൂർ. യഹൂദരും യഹൂദരല്ലാത്തവരുമായ ജനപദങ്ങൾ തോമായുടെ മാർഗം സ്വീകരിച്ച് നസ്രാണികളാ

യി. കാലക്രമത്തിൽ കൊടുങ്ങല്ലൂരിന്റെ പ്രാധാന്യം കുറഞ്ഞു. പോർട്ടുഗീസുകാരുടെ ആധിപത്യത്തോടുകൂടിയാണ് കൊടുങ്ങല്ലൂരിന്റെ പ്രാധാന്യം കുറഞ്ഞുപോയത്.

**കൊല്ലം**: മാർതോമാശ്ലീഹാ സ്ഥാപിച്ച മറ്റൊരുസഭാകേന്ദ്രം കൊല്ലത്തോ, കൊല്ലത്തിനു സമീപത്തോ ആണ്.കുരക്കേണിക്കൊല്ലം, കൗലംമലൈ, കൊല്ലിമല എന്നൊക്കെ കൊല്ലം അറിയപ്പെട്ടിരിന്നു. കൊല്ലം വാണിജ്യകേന്ദ്രമായത് പിൽക്കാലത്താണ്. ചൈനക്കാരുടെ ഒരു കച്ചവടസംഘം സ്ഥിരമായി കൊല്ലത്തുണ്ടായിരുന്നു. അവരിൽ ചിലരും ക്രൈസ്തവരായി. കൊല്ലത്തെ മാതൃദേവാലയത്തെപ്പറ്റി ഇന്നു നമുക്കറിവില്ല. ഒരുപക്ഷേ അതും കൊടുങ്ങല്ലൂർ പള്ളിപോലെ കടലിനടിയിൽ ഉൾപ്പെട്ടുപോയിരിക്കാം ഏതായാലും ഒരു ശ്ലൈഹിക സഭ കൊല്ലത്തുണ്ടായിരുന്നു എന്നതാണ് മാർതോമാ ക്രിസ്ത്യാനികളുടെ പുരാതനമായ പാരമ്പര്യം. ഉദയം പേരൂർ സൂനഹദോസിന്റെ കാലത്തു കൊല്ലത്തു രണ്ടു പള്ളികളുണ്ടായിരുന്നു. അതിലൊന്നു മാതാവിന്റെ നാമത്തിലുള്ളതായിരുന്നു. അത് തോമാശ്ലീഹാ സ്ഥാപിച്ച പള്ളിയായിരുന്നു. കടലിലേയ്ക്കു തള്ളി നിന്ന സ്ഥലത്തായിരുന്നു ഈ പള്ളി. അതു കടൽ കയറി നശിച്ചു പോയി. ഒരു പാരമ്പര്യമനുസരിച്ച്, ക്രിസ്തുവിന്റെ ജനന സമയം വെളിപ്പെടുത്തിയ ഒരു ദർശനക്കാരി (സിബിൽ) കൊല്ലത്തുണ്ടായിരുന്നു. സിബിലിന്റെ വാക്കുകേട്ടു പെരുമാൾ പലസ്തീനായിൽ പോയി. ശിശുവിനെ വന്ദിച്ച ജ്ഞാനികളിൽ ഒരാൾ ഈ പെരുമാളായിരുന്നു എന്നാണ് ഐതിഹ്യം. തിരികെയെത്തിയ പെരുമാൾ മാതാവിന്റെ ഒരു പടം വരച്ചു കൊണ്ടുവന്നു സിബിലിനു സമ്മാനിച്ചു. സിബിലിന്റെ കല്ലറയിൽ ആ പടം അടക്കം ചെയ്തു.

**നിരണം:** കടൽത്തീരത്തുള്ള ഒരു സ്ഥലമായിരുന്നു നിരണം. പമ്പയാർ കടലിൽ പതിച്ചിരുന്നതു നിരണത്തായിരുന്നു എന്നു പറയപ്പെടുന്നു. അവിടം ഒരു യഹൂദകേന്ദ്രവും കച്ചവടകേന്ദ്രവുമായിരുന്നു. പമ്പയാറ്റിൽക്കൂടി ചങ്ങാടങ്ങളിൽ കൊണ്ടുവന്ന ചരക്കുകൾ നിരണം വഴി കപ്പലുകളിൽ എത്തിച്ചിരുന്നു. അവിടെയും ശ്ലീഹാ ഒരു ക്രൈസ്തവസമൂഹം രൂപീകരിച്ചു. യഹൂദരും യഹൂദരല്ലാത്തവരും ക്രിസ്ത്യാനികളായി. തയ്യിൽ, പട്ടമുക്കിൽ, മാങ്കി, മടത്തിലാൻ എന്നീ നാലു കുടുംബങ്ങളാണു നിരണത്തെ ആദ്യ ക്രൈസ്തവ കുടുംബങ്ങൾ എന്നും പാരമ്പര്യമുണ്ട്. നിരണത്ത് മാർത്തോമാ സ്ഥാപിച്ചു എന്നു പറയപ്പെടുന്ന ഒരു പുരാതന ദേവാലയമുണ്ട്. പുതുക്കിപ്പണിത ഒരു പില്ക്കാല ദേവാലയമാണ് ഇപ്പോൾ ആ സ്ഥലത്തുള്ളത്. മാർതോമാശ്ലീഹാ ആദ്യം കുരിശു സ്ഥാപിച്ചത് ഇപ്പോൾ ജറുസലേം മാർത്തോമാ പള്ളി ഇരിക്കുന്ന സ്ഥലത്താണ് എന്നു പറയപ്പെടുന്നു. എതിരാളികൾ കുരിശെടുത്ത് ആറ്റിലെറി

ഞ്ഞു. അതു കടപ്രയിൽ മുതലപ്പുഴ എന്ന സ്ഥലത്തു ചെന്നടിഞ്ഞു. അവിടെയാണു മാതാവിന്റെ നാമത്തിലുള്ള യാക്കോബായ പള്ളി.

**നിലയ്ക്കൽ:** നിരണത്തുനിന്നു പമ്പയാറ്റിൽക്കൂടെയും കരയിൽക്കൂടെയും യാത്രചെയ്ത് നിലയക്കലെത്തിയ ശ്ലീഹാ അവിടെ ഒരു ക്രൈസ്തവ സമൂഹം സ്ഥാപിച്ചു. ഐശ്വര്യസമൃദ്ധമായ ഒരു വാണിജ്യകേന്ദ്രമായിരുന്നു നിലയ്ക്കൽ. നിലയ്ക്കൽപ്രദേശം പാണ്ടിനാടിനേയും കേരളത്തെയും ബന്ധിച്ചിരുന്നു. ഹൈന്ദവരും ക്രിസ്ത്യാനികളും ഇവിടെ ഒന്നിച്ചു പാർത്തിരുന്നു. കാലക്രമത്തിൽ നിലയ്ക്കൽനിന്ന് മനുഷ്യർ കൂട്ടത്തോടെ മറ്റിടങ്ങളിലേക്കു പാലായനം ചെയ്യാനിടയായി. എന്തെങ്കിലും പ്രകൃതിക്ഷോഭം മൂലമാണോ അവിടം വിജനമായത് എന്നറിവില്ല. നിലയ്ക്കൽ സാവധാനം ഒരു കാട്ടുപ്രദേശമായി. ദക്ഷിണ കേരളത്തിലെ എല്ലാ സ്ഥലങ്ങളിലും, പ്രത്യേകിച്ചു കടമ്പനാടും കാഞ്ഞിരപ്പള്ളിയും തുമ്പമണ്ണും നിലയ്ക്കൽ നിന്നു നാടുവിട്ടോടിയവരുടെ പിൻഗാമികളുണ്ട്. ചിലർ ഇപ്പോഴും നിലയ്ക്കൽ എന്ന വീട്ടുപേരു നിലനിർത്തുന്നു. നിലയ്ക്കലിനടുത്താണു ശബരിമല ശാസ്താവിന്റെ അമ്പലം.

**കോക്കമംഗലം:** വേമ്പനാട്ടുകായലിന്റെ പടിഞ്ഞാറെ തീരത്ത് ആലപ്പുഴയ്ക്കും തണ്ണീർമുക്കത്തിനും മദ്ധ്യത്തിലായി സ്ഥിതി ചെയ്യുന്ന ഒരു നാട്ടിൻപുറമാണ് കോക്കമംഗലം. ഈ സ്ഥത്തിന്റെ ശരിയായ പേർ കോക്കോമംഗലം എന്നായിരുന്നുവെന്ന് നാട്ടുകാർ പറയുന്നു. (കോക്കോത = കോതരാജാവ്). ഈ സ്ഥലം ഒരു ബ്രാഹ്മണസങ്കേതമായിരുന്നു. കായൽ തീരത്തുള്ള ഈ സ്ഥലം യഹൂദവ്യാപാരികളുടെ സാന്നിദ്ധ്യമുള്ള ഒരു വ്യാപാര കേന്ദ്രമായിരുന്നിരിക്കാം. ശ്ലീഹാ ഇവിടെയും ഒരു സഭാസമൂഹം രൂപപ്പെടുത്തി.

**കോട്ടയ്ക്കാവ്:** ആലുവായ്ക്കു പടിഞ്ഞാറു കായൽ തീരത്തോടു ചേർന്നു കിടക്കുന്ന ഒരു സ്ഥമായ പറവൂർ പട്ടണത്തിന്റെ അരികിലായി കോട്ടയ്ക്കാവു പള്ളി സ്ഥിതിചെയ്യുന്നു. ഈ സ്ഥലം ബ്രാഹ്മണരുടെ ഒരു പ്രധാന കേന്ദ്രമായിരുന്നു. കൊടുങ്ങല്ലൂരിന് ഏതാനും മൈലുകൾ മാത്രം തെക്കായി സ്ഥിതിചെയ്യുന്ന ഈ സ്ഥലം തോമാശ്ലീഹായ്ക്ക് അനായാസം ചെന്നെത്താവുന്നതായിരുന്നു. പട്ടമനപറവൂർ, കോട്ടക്കായൽ, വടക്കൻപറവൂർ, കോട്ടയ്ക്കാവ് പറവൂർ എന്നീ പേരുകളിലും ഇത് അറിയപ്പെട്ടിരുന്നു. ഈ സ്ഥലം യഹൂദന്മാരുടെയും ഒരു വലിയ കേന്ദ്രമായിരുന്നു.

**പാലയൂർ:** പ്രമുഖ ഹൈന്ദവ തീർത്ഥാടന കേന്ദ്രമായ ഗുരുവായൂരിനും മുസ്ലീം കേന്ദ്രമായ ചാവക്കാട് എന്ന സമുദ്രതീര പ്രദേശത്തിനും മദ്ധ്യത്തിലായിട്ടാണ് പാലയൂരിന്റെ സ്ഥാനം. കച്ചവടക്കാരായ യഹൂദർ ഇവിടെയും ധാരാളമുണ്ടായിരുന്നു. പാലയൂർ ബ്രാഹ്മണരുടെ ഒരു ശക്തി കേന്ദ്രവുമായിരുന്നു. ശങ്കരപുരി, പകലോമറ്റം, കള്ളി, കാളികാവ് തുടങ്ങി മുപ്പത്തിരണ്ട് ഇല്ലക്കാർ ഒരുമിച്ച്

ക്രൈസ്തവ വിശ്വാസം സ്വീകരിച്ചുവെന്നും അതിൽ ക്ഷുഭിതരായ മറ്റു ബ്രാഹ്മണർ ആ സ്ഥലത്തെ ശപിച്ചിട്ട് നാടുവിട്ടുപോയെന്നും അങ്ങനെയാണു അതിനു ചാവക്കാട് (ശാപക്കാട്) എന്നു പേരുണ്ടായതെന്നും ഐതിഹ്യമുണ്ട്. തോമാശ്ലീഹായെ സംബന്ധിച്ച ചരിത്രസ്മരണകൾ സജീവമായി നിലനിർത്താൻ താല്പര്യപൂർവ്വം ശ്രമിക്കുന്നവരാണു പാലയൂർ ഇടവകക്കാർ.

## മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വം

ശ്ലീഹാ നിലയ്ക്കൽനിന്നു ചോഴമണ്ഡലത്തിലേയ്ക്കു പോയി. മൈലാപ്പൂരിലെ ചിന്നമലയിലായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനകേന്ദ്രം. മൈലാപ്പൂർ രാജാവും അനുജനും ക്രിസ്തുവിൽ വിശ്വസിച്ച് മാമോദീസാ സ്വീകരിച്ചു. മൈലാപ്പൂരിൽ അനേകരെ മാനസാന്തരപ്പെടുത്തി. അവിടെയുള്ള ചിലർക്ക് പുതിയ മതത്തിന്റെ പ്രചാരകനായ ശ്ലീഹായോടു വിദ്വേഷം ഉണ്ടാവുകയും പ്രാർത്ഥനാ നിരതനായിരിക്കുമ്പോൾ അദ്ദേഹത്തെ ശൂലം എറിഞ്ഞ് കൊല്ലുകയും ചെയ്തു. അങ്ങനെ രക്തം ചിന്തി തന്റെ സാക്ഷ്യം ഉറപ്പിച്ചിട്ട് വിശുദ്ധശ്ലീഹാ ഈ ലോകത്തിൽ നിന്നു കടന്നുപോയി. ശിഷ്യന്മാർ ശ്ലീഹായുടെ ശരീരം മൈലാപ്പൂരിൽ സംസ്ക്കരിച്ചു. അതിനു മുകളിൽ പിൽക്കാലത്ത് ഒരു ദൈവാലയം ഉയർന്നുവന്നു. മൈലാപ്പൂർ കത്തിഡ്രനുള്ളിലാണ് ഇപ്പോൾ മാർതോമാശ്ലീഹായുടെ കല്ലറ. മയിലിനെ എയ്ത വേടന്റെ അമ്പു കൊണ്ടാണ് വിശുദ്ധശ്ലീഹാ മരിച്ചത് എന്നൊരു പാരമ്പര്യത്തെപ്പറ്റിയും ചിലർ പറയുന്നു.

## തിരുശേഷിപ്പ്

മൂന്നാം നൂറ്റാണ്ടിൽ മാർതോമാശ്ലീഹായുടെ തിരുശേഷിപ്പിന്റെ പ്രധാനഭാഗം മൈലാപ്പൂരിൽ നിന്ന് മെസപ്പൊട്ടേമിയായിലെ എഡേസ്സ (ഉർഫാ) യിലേക്കു മാറ്റപ്പെട്ടു. ഭാരതത്തിൽനിന്നു പശ്ചിമേഷ്യയിലേക്കു കൊണ്ടുപോകുവാനുള്ള സാഹചര്യം അജ്ഞാതമാണ്. പശ്ചിമേഷ്യയിൽ മുഹമ്മദീയാക്രമണം ശക്തിപ്പെട്ട സാഹചര്യത്തിൽ 1143-ൽ അത് ഏഷ്യാമൈനറിന്റെ പടിഞ്ഞാറെ തീരത്തുള്ള കിയോസ് ദ്വീപിലേയ്ക്കു മാറ്റപ്പെടുകയുണ്ടായി. അവിടെനിന്ന് 1257 -ൽ മധ്യഇറ്റലിയുടെ കിഴക്കേ തീരത്തുള്ള ഓർതോണായിലേയ്ക്കു മാറ്റപ്പെട്ടു. അവിടെ മാർതോമാശ്ലീഹായുടെ നാമത്തിലുള്ള കത്തീഡ്രൽ ദൈവാലയത്തിന്റെ പ്രധാന അൾത്താരയുടെ അടിയിൽ തിരുശേഷിപ്പ് ഭദ്രമായി സൂക്ഷിച്ചുവച്ചിട്ടുണ്ട്. വളരെ ബഹുമാനപൂർവ്വം അവിടുത്തുകാർ പ്രസ്തുത തിരുശേഷിപ്പിനെ വണങ്ങുന്നു. 1953 -ൽ കേരളത്തിലെത്തിയ പൗരസ്ത്യതിരുസംഘം സെക്രട്ടറി കർദ്ദിനാൾ ടിസരാങ് തിരുമേനി തിരുശേഷിപ്പിന്റെ ഒരു ഭാഗം കേരളത്തിൽ കൊണ്ടുവന്നു. പലസ്ഥലങ്ങളിൽ വണക്കത്തിനായി പ്രദർശിപ്പിച്ചിട്ട് അത് കൊടുങ്ങല്ലൂരിൽ സ്ഥാപിച്ചു.

## മലങ്കരയിലെ സജീവപാരമ്പര്യം

മാർതോമാ ക്രിസ്ത്യാനികൾ എന്ന പേരിൽ ഇവിടെ ഒരു സജീവ ക്രൈസ്തവസമൂഹം ഇപ്പോഴും നിലനിൽക്കുന്നു. മാർതോമാശ്ലീഹാ വന്നിറങ്ങിയ കൊടുങ്ങല്ലൂർ, സ്ഥാപിച്ച പള്ളികൾ അഥവാ ക്രൈസ്തവ കേന്ദ്രങ്ങൾ, പ്രാർത്ഥിച്ച മലകൾ, രക്തസാക്ഷി മരണം വരിച്ച സ്ഥലം, കബറിടം എന്നിവ ഇന്നും തെക്കേ ഇന്ത്യയിൽ പ്രത്യക്ഷസാക്ഷ്യങ്ങളായി നിലകൊള്ളുന്നു. ചുരുക്കം ചിലരൊഴിച്ച് എല്ലാവരും മാർതോമായെ ഭാരതത്തിന്റെ ശ്ലീഹാ ആയി കണക്കാക്കുന്നു. മാർതോമാശ്ലീഹായുമായി ബന്ധപ്പെട്ട് സ്ഥലങ്ങളെ ചുറ്റിപ്പറ്റി നിരവധി ഐതിഹ്യങ്ങൾ ഭാരതത്തിലുണ്ട്. ശ്ലീഹാ കൈവയ്പുനൽകി വൈദിക സ്ഥാനത്തേക്കുയർത്തിയ കുടുംബങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു.

മാർതോമാശ്ലീഹായുടെ ഓർമദിനം (ദുക്റാനാ) ജൂലൈ മൂന്നിനാണ് ആഘോഷിക്കുന്നത്. കേരളത്തിലെ മാർതോമക്രിസ്ത്യാനികളുടെ ഇടയിൽ ഇതു വളരെ പുരാതനമായ ഒരു പാരമ്പര്യമത്രേ. ക്രി.വ 72 ജൂലൈ മൂന്ന് രാവിലെ ബ്രാഹ്മണർ ശ്ലീഹായെ കുന്തം കൊണ്ട് കുത്തിമുറിവേല്പിച്ചു. വൈകിട്ട് ശ്ലീഹാ മരിച്ചു. പുരാതന കാലത്ത് ജൂലൈ 3ന് എല്ലാ ദേവാലയങ്ങളിലും ആഘോഷമായ റാസാക്കുർബാന അർപ്പിച്ചിരുന്നു. അക്കാലത്ത് ദുക്റാനാചരണം കേരളത്തിൽ എട്ടുദിവസം നീണ്ടുനിന്നു. ഇത് മറ്റൊരു സഭയിലും ഇല്ലാതിരുന്ന രീതിയത്രേ. പേർഷ്യൻസഭയിലും അന്തോക്യൻ സഭയിലും ഒറ്റദിവസമേ അനുസ്മരണയുള്ളൂ. ദുക്റാന തിരുനാളിന് മാർതോമാ ക്രിസ്ത്യാനികൾ വളരെയധികം പ്രാധാന്യം കൊടുത്തിരുന്നു. പുറത്തുനിന്നുവന്ന സഭാനേതാക്കന്മാരുടെ സ്വാധീനത്താലല്ല ഭാരതീയർ ഇപ്രപകാരം ചെയ്തത്. ഇവിടുത്തെ മൂല ക്രൈസ്തവസഭ പിളർന്ന് പുത്തൻകൂറെന്നും പഴയകൂറെന്നും രണ്ടായി തിരിഞ്ഞപ്പോഴും ഇരുവിഭാഗക്കാരും ജൂലൈ മൂന്ന് മാർതോമാശ്ലീഹായുടെ ദുക്റാനത്തിരുനാളായി സാഘോഷം കൊണ്ടാടിവന്നു.

ഈ സജീവ പാരമ്പര്യം വാമൊഴിയായി നൂറ്റാണ്ടുകളായി മലങ്കരയിൽ പാട്ടുകളുടെ രൂപത്തിൽ പ്രചരിച്ചിരുന്നു. അവ ലിഖിത രൂപത്തിലായതു പില്ക്കാലത്താണെങ്കിലും അവയുടെ പുരാതനത്വം നിഷേധിക്കേണ്ട കാര്യമില്ല. അവയെ ആദ്യമായി പരിശോധിക്കാം. മാർ തോമാശ്ലീഹായുടെ ചരിത്രത്തോടു ബന്ധപ്പെട്ട പുരാതന പാട്ടുകളാണ് തോമാപർവവും മാർഗം കളിപ്പാട്ടും വീരടിയാൻ പാട്ടും. ആഘോഷാവസരങ്ങളിലും വിവാഹാവസരങ്ങളിലും മാർതോമാ ക്രിസ്ത്യാനികൾ ഈ ഗാനങ്ങൾ ആലപിച്ചിരുന്നു. മാർതോമാശ്ലീഹായുടെ ഭാരതത്തിലെ പ്രേഷിത പ്രവർത്തനത്തെപ്പറ്റി ഈ പാട്ടുകൾ വ്യക്തമായി വിവരിക്കുന്നുണ്ട്.

**തോമാപർവം (റമ്പാൻ പാട്ട്):** മാർ തോമാ റമ്പാൻ രചിച്ചതാണിത്. ഈ റമ്പാൻ നിരണത്ത് മാളിയേക്കൽ കുടുംബമായിരുന്നു. ഇപ്പോഴത്തെ ഈ പാട്ട് പുതുക്കിയെഴുതിയത് 1601–ലാണ്. പ്രസ്തുത കുടുംബത്തിലെ നാല്പത്തി എട്ടാം തലമുറക്കാരനായ മറ്റൊരു മാർതോമാ റമ്പാനത്രേ ഇപ്രകാരം പുതുക്കി എഴുതിയത്. മാർതോമായുടെ ഭാരതത്തിലേക്കുള്ള വരവ്, കേരളത്തിലെ സുവിശേഷപ്രചരണം, പള്ളികളുടെ സ്ഥാപനം, മരണം എന്നിവ ഈ പാട്ടിൽ വിവരിക്കുന്നു.

**മാർഗം കളിപ്പാട്ട്:** മാർതോമ ക്രിസ്ത്യാനികളുടെ പുരാതന പൈതൃകങ്ങളിലൊന്നാണ് മാർഗംകളിപ്പാട്ട്. നിലവിളക്കിനുചുറ്റും പന്ത്രണ്ടു പുരുഷന്മാർ നിന്നുകൊണ്ട് ചുവടും താളവുമെടുത്ത് കളിക്കുന്ന സൈനികനൃത്തമാണ് ഇത്. പതിമൂന്നു പാദങ്ങളിലായി മുന്നൂറ്റി അറുപതു വരികളുള്ള ഈ പാട്ടിൽ മാർതോമായുടെ ജീവചരിത്രം അടങ്ങിയിരിക്കുന്നു. തോമപർവത്തിലെ വസ്തുതകൾതന്നെ സ്വതന്ത്ര്യമായ അവതരണ വ്യത്യാസത്തോടെ മാർഗ്ഗം കളിപ്പാട്ടിൽ നൽകിയിരിക്കുന്നു. പാട്ടിന്റെ പൂർണരൂപം പ്രസിദ്ധീകൃതമായിട്ടുണ്ട്.

**വീരടിയാൻ പാട്ട് (പാണപ്പാട്ട്):** മാർ തോമാശ്ലീഹായുടെ സുവിശേഷവേല, ക്നായിത്തൊമ്മന്റെ വരവ്, ചേരമാൻ പെരുമാളിൽ നിന്നു ലഭിച്ച സ്ഥാനങ്ങൾ എന്നിവയെ ആധാരമാക്കി ക്രൈസ്തവ ഭവനങ്ങളിൽ പാണന്മാർ ഈ പാട്ടു പാടിയിരുന്നു.

മറ്റ് എല്ലാ തെളിവുകളേക്കാൾ വിലപ്പെട്ടതാണു മലങ്കരയിലെ ഈ സജീവപാരമ്പര്യം. മാർതോമാശ്ലീഹായിൽ നിന്നു സുവിശേഷവെളിച്ചം ലഭിച്ചവരുടെ പിൻതലമുറയാണു തങ്ങളെന്ന് ജീവിക്കുന്ന ഒരു ക്രിസ്തീയ സമൂഹം അഭിമാനപൂർവ്വം പ്രസ്താവിക്കുന്നു. മറ്റു തെളിവുകളൊക്കെ ഈ പാരമ്പര്യത്തെ ഉറപ്പിക്കുന്നവയാണ്.

## സഭാപിതാക്കന്മാരുടെ സാക്ഷ്യം

ക്രൈസ്തവസഭയുടെ ആദ്യ നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന അനേകം പിതാക്കന്മാർ, മാർതോമാശ്ലീഹയുടെ ഭാരതത്തിലെ സുവിശേഷവേല, രക്തസാക്ഷിത്വം, കല്ലറ ആദിയായവയെപ്പറ്റി സ്പഷ്ടമായി രേഖപ്പെടുത്തിയിട്ടുണ്ട്. അവയിൽ ചില സാക്ഷ്യങ്ങൾ താഴെ ചേർക്കുന്നു.

**1. മാർ അപ്രേം (+373):** മാർ അപ്രേം മാർ തോമാശ്ലീഹായെ പ്രകീർത്തിക്കുന്ന പല സ്തുതിപ്പുകൾ എഴുതിയിട്ടുണ്ട്. അവയിലൊന്ന് ഇപ്രകാരമാണ്. വലിയ ഗോളത്തിൽ നിന്നു രശ്മിപോലെ പുറപ്പെടുന്നവനേ, നീ ഭാഗ്യവാൻ. നിന്റെ അനുഗ്രഹീതമാകുന്ന പ്രഭാതം ഇന്ത്യയുടെ അന്ധകാരത്തെ മാറ്റുന്നു. പന്ത്രണ്ടുപേരിൽ ഒരുവനായ വലിയ ദീപമേ, കുരിശിൽ നിന്നുള്ള തൈലത്താൽ

നിറഞ്ഞവനായി ഇന്ത്യയുടെ ഇരുട്ടുനിറഞ്ഞ നിശയെ ദീപം കൊണ്ടു നീ നിറയ്ക്കുന്നു. തന്റെ ഏകജാതനു വിവാഹം ചെയ്തുകൊടുക്കുവാൻ മഹാരാജാവ് ഇന്ത്യയിലേക്കയച്ചതിനാൽ നീ ഭാഗ്യവാനാകുന്നു. നീ കറുത്ത വധുവിനെ മഞ്ഞിനേക്കാൾ വെളുത്ത വസ്ത്രത്തെക്കാളും പ്രശോഭിതയാക്കി. ഈ മുത്തു സ്വന്തമാക്കിയ വാഴ്ത്തപ്പെട്ട നഗരമേ, നീ ഭാഗ്യവതിയാകുന്നു. ഇതിനേക്കാൾ മഹത്തരമായ ഒന്നു നൽകുവാൻ ഇന്ത്യയ്ക്കില്ല. ഈ അമൂല്യ രത്നം സ്വന്തമാക്കുവാൻ അർഹനായിത്തീർന്ന നീ ഭാഗ്യവതിയാകുന്നു. കണ്ടാലും! ഇന്ത്യയിൽ നിന്റെ അത്ഭുതങ്ങൾ ഞങ്ങളുടെ നാട്ടിൽ നിന്റെ വിജയവും എല്ലായിടത്തും നിന്റെ തിരുനാളും.

**2. വി.ഗ്രിഗറി നസ്യാൻ (+389):** സുവിശേഷം എല്ലാ സ്ഥലങ്ങളിലും പ്രചരിക്കുന്നതിനും അന്ധകാരത്തിലും മരണനിഴലിലും ഇരിക്കുന്നവരുടെ അജ്ഞതയുടെ മേഘപാളികൾ നീക്കുന്നതിനും വേണ്ടി ശ്ലീഹന്മാർ പോയ രാജ്യങ്ങളിലും പട്ടണങ്ങളിലും അവർ പരദേശികളായിരുന്നില്ലേ..? പത്രോസിന്റെ ഭവനം യൂദയായിലാണെന്നതു വാസ്തവം. എന്നാൽ പൗലോസിനു പുറജാതികളുമായി എന്തു ബന്ധമുണ്ടായിരുന്നു? ലൂക്കായ്ക്ക് അക്കായിയോടും, അന്ത്രയോസിന് എപീറുസിനോടും യോഹന്നാന് എഫേസോസിനോടും തോമായ്ക്ക് ഇന്ത്യയോടും മർക്കോസിന് ഇറ്റലിയോടും.... എന്തെങ്കിലും ബന്ധമുണ്ടായിരുന്നോ?

**3. വി.അംബ്രോസ് (+397):** കൊടുങ്ങല്ലൂരിനെപ്പറ്റിയും ഭാരതത്തിലെ ബ്രാഹ്മണരെപ്പറ്റിയും മിലാനിലെ മെത്രാനായ അംബ്രോസിന് അറിവുണ്ടായിരുന്നു. മാർ തോമായെപ്പറ്റി അദ്ദേഹം ഇപ്രകാരം രേഖപ്പെടുത്തുന്നു. ദുർഗമമായ പർവതങ്ങളാൽ വേർതിരിക്കപ്പെട്ടു കിടന്നിരുന്ന രാജ്യങ്ങൾപോലും അവർക്ക് (ശ്ലീഹന്മാർക്ക്) അഭിഗമ്യമായിത്തീർന്നു. അങ്ങനെ തോമയ്ക്ക് ഇന്ത്യയും..... മിലാനിലെ ബസിലിക്കായിൽ മാർ തോമാശ്ലീഹായുടെ തിരുശേഷിപ്പ് ഉണ്ടായിരുന്നു.

**4. വി.ജോൺ ക്രിസസ്തോം (+407):** അന്ത്യോക്യൻ സഭയിൽപ്പെട്ടയാളും കോൺസ്റ്റാന്റനോപ്പിൾ ആർച്ചുബിഷപ്പുമായിരുന്ന വി. ജോൺ ക്രിസസ്തോമിന് തോമാശ്ലീഹായുടെ കല്ലറയെപ്പറ്റി അറിവുണ്ടായിരുന്നു. ശ്ലീഹന്മാരിൽ മിക്കവരുടെയും കല്ലറകൾ എവിടെയാണെന്ന് നമുക്കറിയില്ല. എന്നാൽ പത്രോസ്, പൗലോസ്, യോഹന്നാൻ, തോമസ് എന്നിവരുടെ കല്ലറകൾ സുപ്സിദ്ധമാണ്. തോമാശ്ലീഹാ ഇന്ത്യയിൽ സുവിശേഷം പ്രസംഗിച്ചുവെന്നും, അദ്ദേഹത്തിനു ഭാഷാവരം ഉണ്ടായിരുന്നുവെന്നും അദ്ദേഹം പോയിടത്തെല്ലാം –ഷിത്തിയാ, പാർത്തിയാ, ഇന്ത്യ – ബലിപീഠം സ്ഥാപിച്ചുവെന്നും ക്രിസസ്തോം രേഖപ്പെടുത്തുന്നു.

**5. ഗൗദെൻസ്യൂസ് (5th c):** ബ്രേഷ്യാ മെത്രാനായ ഗൗദെൻസ്യൂസ് 420-ൽ തന്റെ ബസിലിക്കായിൽ മാർ തോമാശ്ലീഹാ, യോഹന്നാൻ സ്നാപകൻ, അന്ത്രയോസ്, ലൂക്കോസ് എന്നിവരുടെ തിരുശേഷിപ്പുകൾ പ്രതിഷ്ഠിച്ചശേഷം ഈ വിശുദ്ധർ കൊല്ലപ്പെട്ട സ്ഥലങ്ങളെപ്പറ്റി പ്രതിപാദിക്കുന്നു. മാർ തോമാശ്ലീഹായുടെ പ്രേഷിതരംഗം ഇന്ത്യയായിരുന്നെന്നും ഇന്ത്യയിൽവച്ചു രക്തസാക്ഷിയായെന്നും അദ്ദേഹം സാക്ഷിക്കുന്നു.

**6. വി. ജെറോം (+420):** ഭാരതത്തെപ്പറ്റി വായിച്ചറിഞ്ഞ വ്യക്തിയായിരുന്നു ജറോം. അദ്ദേഹത്തിന്റെ കത്തുകൾ അതു വ്യക്തമാക്കുന്നു. മാർ തോമാശ്ലീഹായെപ്പറ്റി അദ്ദേഹം പറയുന്നു; ദിവ്യസ്വഭാവം പൂർണമായി എല്ലായിടത്തും സന്നിഹിതമാണ്. ക്രിസ്തു ഒരേ സമയത്തു ശ്ലീഹന്മാരോടൊത്തും മാലാഖമാരോടൊത്തും ഉണ്ടായിരുന്നു. അവിടുന്നു പിന്നീടു തോമയോടൊത്ത് ഇന്ത്യയിലും പത്രോസിനോടൊത്തു റോമിലും പൗലോസിനോടൊത്തു ഇല്ലിരിക്കുമിലും തീത്തോസിനോടൊത്തു ക്രീറ്റിലും അന്ത്രയോസിനോടൊത്ത് അക്കായിയായിലും ഉണ്ടായിരുന്നു.

**7. ടൂർസിലെ ഗ്രിഗറി (+594):** തോമാശ്ലീഹായുടെ കബറിടം: തോമാശ്ലീഹായുടെ പീഡനാനുഭവചരിത്രമനുസരിച്ച്, അദ്ദേഹം ഇന്ത്യിൽ വച്ച് രക്തസാക്ഷിയായി എന്നു പറയപ്പെടുന്നു. വളരെ കാലങ്ങൾക്കുശേഷം അദ്ദേഹത്തിന്റെ തിരുശരീരം, സുറിയാനിക്കാർ എഡേസ്സ എന്നു വിളിക്കുന്ന പട്ടണത്തിലേയ്ക്ക് മാറ്റുകയും അവിടെ സംസ്ക്കരിക്കുകയും ചെയ്തു. ഇന്ത്യയിൽ, ആദ്യം അദ്ദേഹം സംസ്കരിക്കപ്പെട്ട സ്ഥലത്ത്, അതിനുശേഷം ഒരാശ്രമവും സാമാന്യം വലിപ്പമുള്ളതും ഭംഗിയായി അലങ്കരിക്കപ്പെട്ടതും രൂപകല്പന ചെയ്യപ്പെട്ടതുമായ ഒരു പള്ളിയും ഉണ്ടായി. ഈ പള്ളിയിൽ ദൈവം ഒരു വലിയ അത്ഭുതം വെളിപ്പെടുത്തി. അദ്ദേഹത്തെ സംസ്ക്കരിച്ചതിനുമുമ്പിൽ ഒരു വിളക്കു കത്തിച്ചുവച്ചിരുന്നു. കത്തിച്ചുവച്ചപ്പോൾ മുതൽ ഇടതടവില്ലാതെ രാപകൽ, ദൈവിക കല്പനയാൽ അത് കത്തിക്കൊണ്ടിരുന്നു; ആരും അതിൽ പുതുതായി എണ്ണയോ തിരിയോ അർപ്പിച്ചില്ല. കാറ്റ് അതിനെ കെടുത്തിയില്ല, നോട്ടപ്പിശകാൽ അത് ഇല്ലാതായില്ല, അതിന്റെ പ്രകാശം ഒട്ടും കുറഞ്ഞില്ല. അത് മനു,്യർക്ക് അപരിചിതമാണെങ്കിലും ദൈവിക ശക്തിയുമായി ബന്ധപ്പെട്ടതാണ്. അവിടം സന്ദർശിച്ച തിയഡോറാണ് എന്നോടിതു പറഞ്ഞത് എന്നാണ് ഗ്രിഗറി തന്റെ കൃതിയിൽ രേഖപ്പെടുത്തിയിരുന്നത്.

**8. വി. ഇസിദോർ (+636):** സെവിലിലെ ഇസിദോറിന് ഇന്ത്യയെപ്പറ്റി അറിവുണ്ടായിരുന്നു. തോമാ, പാർത്ത്യരോടും പേർഷ്യരോടും മേദ്യരോടും, ബാക്ട്രിയരോടും, ഇൻഡ്യാക്കാരോടും സുവിശേഷം

പ്രസംഗിച്ചു എന്ന് ഇസിദോർ സാക്ഷ്യപ്പെടുത്തുന്നു. അദ്ദഹം തുടരുന്നു. പൗരസ്ത്യദേശങ്ങളുടെ ഉൾനാടുകളിലേക്ക് അദ്ദേഹം കടന്നു. തന്റെ സുവിശേഷപ്രഘോഷണത്തിന് സ്വമരണം കൊണ്ടു തന്നെ അദ്ദേഹം മുദ്രവച്ചു. ഇന്ത്യയിലെ ഒരു നഗരമായ കലാമിനായിൽവച്ചു കുന്തം കൊണ്ടുള്ള കുത്തേറ്റ് അദ്ദേഹം മരിച്ചു. അവിടെത്തന്നെ ബഹുമാനപൂർവ്വം സംസ്കരിക്കപ്പെടുകയും ചെയ്തു.

## പ്രാചീനരേഖകൾ

1. ആദിയായുടെ പ്രബോധനം: സിറിയായിൽവച്ചു മൂന്നാം നൂറ്റാണ്ടിൽ എഴുതപ്പെട്ട അപ്പൊക്രിഫൽ കൃതിയാണിത്. ഇതിന്റെ കർത്താവ് ആരാണെന്നറിവില്ല. സഭാനടപടി ക്രമങ്ങൾക്ക് ഈ രേഖ പ്രധാനം നൽകുന്നു. പ്രസ്തുത കൃതിയിൽ മാർ തോമാശ്ലീഹായുടെ ഭാരത പ്രേഷിതവൃത്തിയെപ്പറ്റി ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: ഇന്ത്യയും അതിലെ രാജ്യങ്ങളും അതിൽ വസിക്കുന്ന എല്ലാവരും വിദൂരസ്ഥരായ കടൽക്കരെയുള്ളവർപോലും യൂദാതോമായിൽ നിന്നു കൈവപ്പുവഴി പൗരോഹിത്യം സ്വീകരിച്ചു. താൻ സ്ഥാപിച്ച സഭയിൽ അവർ നായകനും ഭരണാധികാരിയുമായിരുന്നു.

പ്രസ്തുത കൃതിയിൽ മറ്റൊരിടത്ത്: ശ്ലീഹന്മാരുടെ മരണശേഷം സഭകളിൽ നേതാക്കന്മാരും അദ്ധ്യക്ഷന്മാരും ഉണ്ടായിരുന്നു; അതുപോലെ ശ്ലീഹന്മാർ അവരെ ഭരമേല്പിച്ച സംഗതികളും നിലനിന്നു. ശ്ലീഹന്മാരിൽനിന്നു ലഭിച്ചവയെല്ലാം അവർ തങ്ങളുടെ മരണസമയത്ത് തങ്ങളുടെ ശിഷ്യന്മാർക്ക് കൈമാറി. ഇങ്ങനെ, യാക്കോബ് ജറുസലേമിൽ നിന്നും ശീമോൻ റോമാ നഗരത്തിൽനിന്നും യോഹന്നാൻ എഫേസോസിൽനിന്നും മർക്കോസ് വലിയ അലക്സാണ്ട്രിയായിൽനിന്നും എഴുതിയവ ഇവർ പിൻഗാമികളെ ഭാരമേല്പിച്ചു.

2. തോമായുടെ നടപടി: സിറിയായിൽ വെച്ചു മൂന്നാം നൂറ്റാണ്ടിൽ എഴുതപ്പെട്ട അപ്പോക്രിഫൽ കൃതിയാണിതും. പാഷണ്ഡരായ ജ്ഞാനവാദികളുടെ ചില ആശയങ്ങൾ ഇതിൽ കാണുന്നുണ്ട്. എന്നാൽ ഭാരത്തിലെ മാർതോമാക്രിസ്ത്യാനികളുടെ പാരമ്പര്യങ്ങളുമായി ഒത്തുപോകുന്ന നിരവധി സംഗതികൾ ഈ കൃതിയിലുണ്ട്. ഭാരത്തിൽ ശ്ലീഹാ ചെയ്ത പ്രേഷിതപ്രവർത്തനം ഭാരത്തിൽ വച്ചുള്ള മരണം എന്നീ സംഗതികൾ ഇതിൽ സവിസ്തരം പ്രതിപാദിക്കപ്പെടുന്നു.

3. തോമായുടെ രക്തസാക്ഷിത്വ വിവരണം: ഈ അപ്പോക്രിഫൽ കൃതി ആറാം നൂറ്റാണ്ടിലേതാണ്. ഈ രേഖയുടെ കർത്താവും തോമായെ ഇന്ത്യയുമായി ബന്ധപ്പെടുത്തി ചർച്ച ചെയ്യുന്നു.

## കബറിട സന്ദർശന റിപ്പോർട്ടുകൾ

മാർ തോമാശ്ലീഹായുടെ കബറിടം സ്ഥിതി ചെയ്യുന്ന മൈലാപ്പൂരിലേക്ക് മലങ്കര നസ്രാണികൾ നിരന്തരമായി തീർത്ഥാടനം

നടത്തിയിരുന്നു. ഭാരതത്തിനു പുറമേനിന്നുള്ള യാത്രക്കാരും തീർത്ഥകരും മൈലാപ്പൂർ സന്ദർശിച്ചിട്ടുണ്ട്. എന്നാൽ ആദിമനൂറ്റാണ്ടുകളെ സംബന്ധിച്ചു നമുക്ക് രേഖകളില്ല. പതിനേഴാം നൂറ്റാണ്ടിനു മുൻപ് ജീവിച്ചിരുന്ന ഒട്ടനേകം ചിത്രകാരന്മാരും തീർത്ഥയാത്രക്കാരും മിഷനറിമാരും മാർതോമാശ്ലീഹായുടെ കബറിടം മൈലാപ്പൂരിലാണെന്നു രേഖപ്പെടുത്തിയിട്ടുണ്ട്. മാർക്കോപോളോ (13th c.), മോന്തെ കൊർവീനോ (13th c.), ഒഡെറിക് (14വേ ര.), ആമ്രേ (14th c.) മരിഞ്ഞോളി (14th c.), നിക്കോളോ കോന്തി (15 th c.) ആദിയായവരും മൈലാപ്പൂരിലെ പള്ളിയെപ്പറ്റി സൂചിപ്പിക്കുന്നു. പോർട്ടുഗീസുകാർ മൈലാപ്പൂരിൽ ഒരു വലിയ ദേവാലയത്തിന്റെ അവശിഷ്ടങ്ങൾ കാണുകയുണ്ടായി. മൈലാപ്പൂരിൽ നടന്ന ഗവേഷണങ്ങളുടെ ഫലമായി മാർ തോമാശ്ലീഹായുടെ കല്ലറയ്ക്കുപയോഗിച്ച ഇഷ്ടിക ഒന്നാം നൂറ്റാണ്ടിലേതാണെന്ന് തെളിഞ്ഞിട്ടുണ്ട്. ഈ കബറിടം മൈലാപ്പൂർ കലാമിനാ എന്നാണറിയപ്പെട്ടിരുന്നത്.

മറ്റു പല പേരുകളിലും ഈ സ്ഥലം ചരിത്രത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. ക്വലിമായ മൈലൂഫ്, മൈലാൻ, കലമേനേ, കലാമിനേ, കലാമിനി എന്നീ നാമങ്ങളും ഈ സ്ഥലത്തിനു നൽകപ്പെട്ടിട്ടുണ്ട്. കലൂർ (കല്ല്) മിനാ (മേൽ) എന്നതിൽ നിന്ന് കലൂർമിനാ (കല്ലിന്മേൽ) എന്നു ചിലർ അർത്ഥം പറയുന്നു. മാർ തോമാശ്ലീഹാ മൈലാപ്പൂരിലെ കല്ലിന്മേൽവച്ചു മരിച്ചു. മറ്റൊരു രീതിയിലും ചിലർ അർത്ഥം പറയുന്നുണ്ട്: ചിന്നമലയിൽ വച്ചു മരിച്ചു എന്നാണല്ലോ പറയാറുള്ളത്. ചിന്നമലയ്ക്ക് സുറിയാനിയിൽ ഗൽമോനോ എന്നാണ് പറയുക. അതിൽ നിന്നാണ് കലാമിന എന്ന പേരുണ്ടായതെന്നു പറയപ്പെടുന്നു.

**ചരിത്ര പണ്ഡിതൻമാരുടെ പ്രസ്താവനകൾ**

മാർ തോമാശ്ലീഹായെ സംബന്ധിച്ചുള്ള ചരിത്രപരമായ തെളിവുകൾ പരിശോധിച്ച പ്രശസ്തരായ പണ്ഡതന്മാരെല്ലാം മാർതോമായുടെ ഭാരതത്തിലെ പ്രേഷിതവൃത്തിയും മരണവും അംഗീകരിക്കുന്നവരാണ്. അത്തരത്തിൽപ്പെട്ടവരാണ് ജെ.എസ് അസ്സെമനി (1687 –1768), റൗളിൻ (1745), മെഡ്ലിക്കോട്ട് (1905), ഫാ.ബർണാർദ് ക്ലൊാഡിയസ്, ബുക്കാനൻ എ. മിങ്ഗാന, വിൻസെന്റ് സ്മിത്ത് എഡ്ഗാർ തെഴ്സ്റ്റൺ, കേണൽ യൂൾ, പ്ലാസിഡ് പൊടിപ്പാറ, സേവ്യർ കൂടപുഴ ഇവരോടുകൂടെ മറ്റനേകരെ ഉൾപ്പെടുത്താനാവുമെങ്കിലും വിസ്താരഭയത്താൽ നിർത്തുന്നു.

**ഡോ. ജി ചേടിയത്ത്**

**ഡോ. സേവ്യർ കൂടപ്പുഴ**

# 02

## ഭാരതസഭ 16–ാം നൂറ്റാണ്ടുവരെ

കേരളത്തിലെയും ഭാരതത്തിലെയും ക്രൈസ്തവസഭയുടെ ആരംഭകാലഘട്ടങ്ങളെ സംബന്ധിച്ച് എഴുതപ്പെട്ട രേഖകൾ വളരെ വിരളമായേ നമുക്കു കൈവന്നിട്ടുള്ളൂ. ഗോവാ, ബ്രാഗാ എന്നിവിടങ്ങളിലെ വിലപ്പെട്ട രേഖകൾ ഇതുവരേയും പൂർണ്ണമായി ഉപയോഗപ്പെടുത്തിയിട്ടില്ല. പ്രസ്തുത രേഖകൾ സഭയുടെ പ്രാചീന ചരിത്രത്തിലേക്കു വെളിച്ചം വീശുവാൻ സഹായകമായിരിക്കും. 1599 –ലെ ഉദയംപേരൂർ സഭായോഗത്തിൽ വച്ച് ഗോവൻ മെത്രാപ്പോലീത്ത മേനേസിസ് കത്തിച്ചുകളഞ്ഞശേഷം മലങ്കരയിൽ അവശേഷിച്ചിരുന്ന ചരിത്രരേഖകളിൽ മിക്കതും പിന്നെപ്പിന്നെ വന്ന ചില പശ്ചാത്യ സന്യാസികൾ കത്തിച്ചുകളഞ്ഞു. ചരിത്രരേഖകളുടെ അഭാവത്തിൽ ആദി കേരളസഭാ ചരിത്രത്തെ ഇരുളടഞ്ഞകാലം എന്നു ചിലർ വിളിക്കുന്നു. ഇന്നുള്ള രേഖകൾ വച്ചുനോക്കുമ്പോൾ വളരെ വ്യക്തമായ ഒരു ചിത്രം വരയ്ക്കാൻ അത്ര എളുപ്പമല്ല.

### പേർഷ്യൻ ബന്ധം

ഭാരതത്തിലെ മാർതോമാ നസ്രാണികളുടെ സഭ പശ്ചിമേഷ്യയിലെ പേർഷ്യൻ സഭയുമായി

ബന്ധപ്പെട്ടിരുന്നുവെന്ന് പിൽക്കാലത്തെ രേഖകൾ സാക്ഷിക്കുക്കുന്നു. പേർഷ്യൻ സഭയുമായി മാർതോമാ ക്രിസ്ത്യാനികൾ ബന്ധപ്പെടുന്നത് എന്നുമുതലാണെന്ന് കൃത്യമായി പറയുക എളുപ്പമല്ല. പേർഷ്യൻ സഭയെന്നു പറയുമ്പോൾ പേർഷ്യൻ സാമ്രാജ്യത്തിലെ സഭയെന്നാണി വിവക്ഷ: ഫാർസ് എന്ന പ്രോവിഡൻസിലെ സഭ, സെലൂഷ്യ - സ്റ്റെസിഫണിലെ സഭ, എഡേസ്സാ -നിസിബിസ്സിലെ സഭ, പേർഷ്യൻ സാമ്രാജ്യത്തിലെ മറ്റു കേന്ദ്രങ്ങളിലെ സഭകൾ എന്നിവയെല്ലാം ഉൾപ്പെടുത്തിയാണ് പേർഷ്യൻ സഭ എന്നു പറയുന്നത്. പേർഷ്യൻ സഭയുമായുള്ള ബന്ധം മാർതോമാശ്ലീഹാ മുതലുള്ള ബന്ധമായി കാണുന്നവരുണ്ട്. പൊതുവായ അപ്പസ്തൊലിക പൈതൃകം ഈ സഭകൾക്കു കൈമുതലായി ഉണ്ടായിരുന്നു. ഫാർസും ഭാരതവും മാർതോമാശ്ലീഹയിൽ നിന്നും എഡേസ്സാ, മാർതോമാശ്ലീഹയുടെ ശിഷ്യനായ മാറിയിൽ നിന്നും സുവിശേഷം സ്വീകരിച്ചപ്പോൾ ഇവരെല്ലാം പൊതുവായൊരു ശ്ലൈഹിക പാരമ്പര്യത്തിന്റെയും ക്രിസ്ത്വനുഭവത്തിന്റെയും ഉടമകളായിത്തീർന്നു. മാർ തോമാശ്ലീഹയുടെ മതൃഭാഷ ഇവരെ ഒന്നിച്ചുനിർത്തി. യൂഫ്രട്ടീസ് -ടൈഗ്രീസ് നദീതടങ്ങളിലെ ആദ്യക്രൈസ്തവർ മിക്കവാറും എല്ലാവരും തന്നെ സെമിറ്റിക് വെശജരും അറമായ (സുറിയാനി) സംസാരിക്കുന്നവരുമായിരുന്നു. ഭാരത്തിലെത്തിയ തോമാശ്ലീഹായും ഇവിടെയുണ്ടായിരുന്ന യഹൂദന്മാരോട് അറമായ ഭാഷയിലായിരിക്കണം ആദ്യം സുവിശേഷം അറിയിച്ചത്. മാനസാന്തരപ്പെട്ട യൂദന്മാർവഴി യൂദന്മാരല്ലാത്തവരോടും സുവിശേഷപ്രസംഗം നടത്തി. ശ്ലീഹന്മാർ എല്ലായിടത്തും പ്രംസഗിച്ച രീതി പരിഗണിക്കുമ്പോൾ ഈ നിഗമനം ശരിയാണെന്നു തോന്നുന്നു. ദൈവിക വെളിപാടിന്റെ ഭാഷ പൊതുവായി ഉപയോഗിക്കുന്ന സഭകൾ തമ്മിൽ അടുക്കുക സ്വാഭാവികമാണ്.

ക്രി.മു. എട്ടാം നൂറ്റാണ്ടിൽ ആരംഭിച്ച വ്യാപാരബന്ധം പേർഷ്യയെയും കേരളത്തെയും അടുപ്പിച്ചു. മാധ്യമ ഭാഷയായ അറമായ വഴി ആശയങ്ങളും സാധനങ്ങളും കൈമാറാൻ അവർക്കൊട്ടും പ്രയാസമില്ലായിരുന്നു. പടിഞ്ഞാറ് ഗ്രീക്കിനും ലത്തീനുമുണ്ടായിരുന്ന സ്ഥാനം കിഴക്കു സുറിയാനിക്കുണ്ടായിരുന്നു. ഭാരതസഭ തൊട്ടടുത്തു കിടന്ന ഫാർസിലെ സഭയോടാണ് ബന്ധപ്പെട്ടിരുന്നതെന്ന് പ്രസ്താവിച്ചല്ലോ.

ക്രി.വ അഞ്ചാം നൂറ്റാണ്ടുവരെ ഫാർസ് സ്വതന്ത്രസഭയായിരുന്നു. 315 - ൽ സെലൂഷ്യയിലെ മെത്രാൻ മേല്ക്കോയ്മയ്ക്ക് മുതിർന്നപ്പോൾ ഫാർസ് എതിർത്തു സെലൂഷ്യയെ പരാജയപ്പെടുത്തി. എന്നാൽ 410 ലും 424 ലും നടന്ന സൂനഹദോസുകൾ ഫാർസിനെ സെലൂഷ്യയുടെ കീഴിൽ കൊണ്ടുവന്നതിനുശേഷമായിരിക്കണം ഭാര

തസഭ സെലൂഷ്യയുടെ കീഴിൽ വന്നത്. എന്നാൽ ഈ മാറ്റം എന്നു സംഭവിച്ചു എന്നു കൃത്യമായി പറയാൻ സാധ്യമല്ല.

ഭരണരീത്യാ എഴാം നൂറ്റാണ്ടുവരെ ഭാരതക്രൈസ്തവ സഭ സെലൂഷ്യാ കേന്ദ്രമാക്കിയുള്ള പേർഷ്യൻസഭയുടെ കീഴിലല്ലായിരുന്നു. അവരുടെ ഒരൊറ്റ സൂനഹദോസിലും ഭാരത സഭയെ പരാമർശിച്ചു കാണുന്നില്ല. ഒന്നാം നൂറ്റാണ്ടു മുതൽ ഏഴാം നൂറ്റാണ്ടു വരെ ഇവിടെ മാർത്തോമാശ്ലീഹായുടെ പിൻഗാമികളായ നാട്ടുമെത്രാന്മാർ ഉണ്ടായിരിക്കാനാണിട. മാർത്തോമ്മാശ്ലീഹാ ഇന്നാട്ടുകാരായ ആളുകളെ സഭകളുടെ അധ്യക്ഷന്മാരായി നിയമിച്ചു. ഒരു പുരാതന പാരമ്പര്യമനുസരിച്ച് രണ്ടുമെത്രാന്മാരെയും വാഴിക്കുകയും ചെയ്തു. കേപ്പാ, പൗലോസ് എന്നീ നാമങ്ങളിലാണ് മെത്രാന്മാരെ വാഴിച്ചത്. ഇതൊരു ഐതിഹ്യമാണെങ്കിലും എല്ലാ ശ്ലീഹന്മാരും ചെയ്തതുപോലെ മാർത്തോമ്മാശ്ലീഹായും ഇവിടെ തന്റെ പിൻഗാമികളെ വാഴിച്ചുകാണാനാണിട. ഈ നേതാക്കന്മാരുടെ പിന്തുടർച്ചക്കാർ ഇവിടുത്തെ ക്രൈസ്തവസമൂഹങ്ങൾക്ക് നേതൃത്വം നൽകി.

നിഖ്യാസൂനഹദോസിൽ പേർഷ്യയുടെയും വലിയ ഇന്ത്യയുടെയും യോഹന്നാൻ സംബന്ധിച്ചുവെന്ന് സിസിക്കുസിലെ ജലാസിയൂസിൽ (5th) ഒരു സാക്ഷ്യം ഉണ്ട്. 325-ലെ നിഖ്യാസൂനഹദോസിനു ശേഷം അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ജലാസിയൂസ് മാത്രമാണ് യോഹന്നാനെ ഇന്ത്യയുമായി ബന്ധിക്കുന്നത്. നിഖ്യായിൽ സംബന്ധിച്ചവരുടെ പട്ടികയിലാകട്ടെ, തുടർന്ന് സഭാചരിത്രം എഴുതിയവരാകട്ടെ ഇപ്രകാരം ചെയ്യുന്നില്ല. സൊക്രാട്ടസ്, സൊസോമെൻ, തിയഡൊറൈറ്റ് തുടങ്ങിയ സഭാചരിത്രകാരന്മാരും ജലാസിയൂസിന്റെ പില്ക്കാല സാക്ഷ്യവുമായി ഒത്തു പോകുന്നില്ല. ജലാസിയൂസ് രേഖപ്പെടുത്തിയത് ഒരു പക്ഷെ പേർഷ്യയോടു ചേർന്നുള്ള പ്രദേശത്തിന്റെ കാര്യമാകാം. നമ്മുടെ ഇന്ത്യയല്ല. പേർഷ്യയിൽ മടങ്ങി വന്ന യോഹന്നാൻ സൂനഹദോസിനെപ്പറ്റി പേർഷ്യയിൽ അറിയിച്ചുവെന്നതിനു തെളിവില്ല. 410-ൽ മാത്രമാണ് നിഖ്യാസൂനഹദോസ് പേർഷ്യൻ സഭ അംഗീകരിച്ചത്.

ഏഴുമുതലുള്ള നൂറ്റാണ്ടുകളിൽ സെലൂഷ്യൻ മെത്രാന്മാർ ഭാരതത്തിലെ സഭയെപ്പറ്റി അവിടവിടെ പരാമർശിക്കുന്നുണ്ട്. ഈശോയാബ് മൂന്നാമൻ (650-660) ഇവിടെ മെത്രാന്മാർ ഇല്ലാത്തൊരു സാഹചര്യം വിവരിക്കുന്നു. ഫാർസിലെ മെത്രാനായ ശെമയോനാണ് അതിനു കാരണക്കാരനെന്ന് അദ്ദേഹം കുറ്റപ്പെടുത്തുന്നു.

ദൈവഭക്തനായ സഹോദരാ, ഇവയ്ക്കുപുറമെ മറ്റൊരു സംഗതികൂടി നിങ്ങൾ ഓർക്കേണ്ടിയിരിക്കുന്നു: ഭാരതത്തിലെ വിവിധ ജാതി ജനങ്ങൾക്കെതിരായി നിങ്ങൾ മേല്പട്ടസ്ഥാനത്തിന്റെ

വാതിൽ അടച്ചുകളയുകയും ക്ഷണഭംഗുരങ്ങളായ ലൗകിക നേട്ട ങ്ങളെപ്രതി ദൈവദാനത്തെ തടയുകയും ചെയ്തിരിക്കുന്നു. നമ്മുടെ അദ്ധ്യക്ഷന്മാരും ദൈവദാനത്തിന്റെ കവാടങ്ങൾ നിങ്ങൾക്കെതിരെ അടച്ചിരുന്നെങ്കിൽ സഭാസംഗതികൾ എത്ര ദയനീയമായ അവസ്ഥ യിലാകുമായിരുന്നുവെന്ന് നിങ്ങൾക്കുതന്നെ ഊഹിക്കാവുന്നതേ യുള്ളൂ. നിയമാനുസൃതം സ്ഥാപിക്കപ്പെടുന്ന പിൻഗാമികളിലൂടെ ദൈവ ദാനം പ്രവഹിക്കുന്നതിനാൽ സഭാമണ്ഡലത്തിലെ നക്ഷത്രങ്ങ ളെപ്പോലെ ലോകത്തിൽ മെത്രാന്മാരും വൈദികരും വിശ്വാസികളും അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ നിങ്ങൾ സഭയുടെ കാനോനകൾക്കു വിപരീതമായി പ്രവർത്തിച്ചതുവഴി ഭാരതീയ ജന ങ്ങളിൽ പൗരോഹിത്യ പരമ്പര അവസാനിച്ചിരിക്കുന്നു. യഥാർത്ഥ മെത്രാന്മാരിൽക്കൂടിയുള്ള ദൈവിക അദ്ധ്യാപനത്തിന്റെ പ്രകാശം ഇല്ലാതെ ഭാരതം അന്ധകാരത്തിൽ നിമഗ്നമായിരിക്കുന്നു. ഇതു മൂലം പേർഷ്യൻ സാമ്രാജ്യത്തിന്റെ അതിർത്തി മുതൽ കാലാവരെ 1200 ഫർസഹീൻ നീളത്തിൽ കിടക്കുന്ന ഭാരത്തിനുമാത്രമല്ല, നിങ്ങ ളുടെ പേർഷ്യയ്ക്കും ഈ വിധം സംഭവിച്ചു. ഇന്ത്യയിൽ ഉടനീളം വിവിധ സ്ഥലങ്ങളിലായി നിരവധി മെത്രാന്മാരും ഇടവകകളും ഉണ്ടായിരുന്നു എന്ന് ഈ കത്തിൽ ധ്വനിയുണ്ട്.

സ്ലീബാസേക്കാ പാത്രിയർക്കീസ് (714–728) ഭാരതത്തിലെ സഭ യുടെ മെത്രാപ്പോലീത്താസ്ഥാനം അംഗീകരിച്ചു.

തിമോത്തി പാത്രിയർക്കീസ് (778–823) ഇന്ത്യയിലെ സഭയ്ക്ക യച്ച കത്തിൽ ഇവിടുത്തെ മെത്രാഭിഷേകരീതി സൂചിപ്പിക്കുന്നു: മെത്രാപ്പോലീത്തയുടെ തിരഞ്ഞെടുപ്പിന്റേയും അഭിഷേകത്തി ന്റെയും കാര്യത്തിൽ ജനങ്ങൾ രാജാവിന്റെ ഉപദേശമല്ല, പാത്രി യാർക്കീസിന്റെ ഉപദേശമാണു ശ്രദ്ധിക്കേണ്ടത്. പാത്രിയാർക്കീ സിന്റെ അംഗീകാരത്തിനുശേഷം മാത്രമേ മെത്രാപ്പോലീത്തായുടെ നിയമനക്കാര്യം രാജാവിനെ അറിയിക്കേണ്ടതുള്ളൂ എന്ന് പാത്രി യാർക്കീസ് ഉപദേശിക്കുന്നു. തിമോത്തിയുടെ ഒരു കത്ത് ഇന്ത്യ യിലെ സഭയുടെ നേതാവായ അർക്കന് (ആർച്ചുഡീക്കന്) ഉള്ള താണ്.

എല്ലാമെത്രാന്മാരും പേർഷ്യൻ സൂനഹദോസുകളിൽ സംബന്ധി ക്കണം എന്ന നിയമത്തിൽ നിന്ന് തിയഡോഷ്യസ് (853–8) ഭാര തത്തെ ഒഴിവാക്കി. പകരം കൂട്ടായ്മക്കത്തുകളും പിരിവുകളും ആറു വർഷത്തിലൊരിക്കൽ അയച്ചാൽ മതി എന്നു കല്പിച്ചു.

ഒൻപതാം നൂറ്റാണ്ടിലും ഭാരതസഭ പേർഷ്യൻ സഭയെപ്പോലെ ഉൾഭരണസ്വാതന്ത്ര്യമുള്ള സഭയായിരുന്നു. ആ നൂറ്റാണ്ടിൽ സാപോർ പ്രോത് എന്നീ മെത്രാന്മാരുടെ പട്ടികയിൽ ഇന്ത്യ പത്താം സ്ഥാന ത്തായിരുന്നു. ചില പട്ടികകളിൽ പതിമൂന്നാം സ്ഥാനത്തും ചൈന

യുടേയും ഇന്ത്യയുടെയും മെത്രാപ്പോലീത്താമാർ അടുത്തടുത്താണു വന്നത് തിമോത്തിയുടെ കാലത്തെ മെത്രാന്മാർ ഭാരതീയരായിരുന്നു എന്നു വ്യക്തമാണ്. സഫ്രഗൻമെത്രാന്മാരുടെ സാന്നിദ്ധ്യത്തിൽ ജനങ്ങൾ മെത്രോപ്പോലീത്തായെ തിരഞ്ഞെടുത്തിരുന്നു.

മിഷണറിമാർ വരുന്നതിനു തൊട്ടുമുൻപുള്ള കാലഘട്ടത്തിൽ ഇവിടെയുണ്ടായിരുന്നു മെത്രാന്മാർ പൗരസ്ത്യസുറിയാനി സഭയിൽപെട്ടവരായിരുന്നു. 1301-ൽ മാർ യാക്കോബ് എന്നുപേരായ ഒരു മെത്രാൻ ഇവിടെ ഉണ്ടായിരുന്നു എന്നതിന് രേഖയുണ്ട്. 1490-ൽ മാർ യോഹന്നാനും മാർതോമായും ഒന്നിച്ചു പശ്ചിമേഷ്യയിൽ നിന്ന് ഇവിടെ വന്നു. യോഹന്നാൻ 1504-ൽ മരിച്ചു. തോമാ 1492-ൽ തിരികെ പോയി. 1504 ൽ  മറ്റു മൂന്നു മെത്രാന്മാരോടുകൂടി വീണ്ടും വന്നു. ഈ മൂന്നു മെത്രാന്മാർ 1503-ൽ ഈജിപ്തുകാരൻ മാർ യോഹന്നാന്റെ ആശ്രമത്തിൽ വച്ച് അഭിഷേകം ചെയ്യപ്പെട്ടവരാണ്. മാർ യാക്കോബ്, മാർ യാബാസാഹാ, മാർ ദനഹാ എന്നിവരായിരുന്നു ആ മെത്രാന്മാർ. അവരിൽ യാബാസാഹയും ദനഹായും പെട്ടെന്ന് മരിച്ചുപോയി. മാർ യാക്കോബ് മാത്രം അവശേഷിച്ചു. മാർ തോമായും മാർ യാക്കോബും കൊടുങ്ങല്ലൂരും കൊല്ലവും ആ സ്ഥനമാക്കി ഭരണം നടത്തി. 1549-ൽ ഫ്രാൻസിസ് സേവ്യർ ഈ യാക്കോബിനെപ്പറ്റി വളരെ നന്നായി പോർച്ചുഗീസ് രാജാവിന് എഴുതിയിട്ടുണ്ട്. മാർ യാക്കോബ് 1550-ലോ 1552-ലോ മരിച്ചു. തുടർന്ന് മാർ ജോസഫ് (1556-69) മാർ തോമാ ക്രിസ്ത്യാനികളുടെ മെത്രാനായി. കൽദായ കത്തോലിക്കാ പാത്രിയാർക്കീസ് മാർ സൂലാക്കായുടെ സഹോദരനായിരുന്നു ഈ മാർ ജോസഫ്. മാർ അബ്ദീശോ എന്ന കത്തോലിക്കാ പാത്രിയാർക്കീസാണ് അദ്ദേഹത്തെ മലബാറിലേക്കയച്ചത്. മാർ ഏലിയാസ് എന്ന മെത്രാന്റെ കൂടെയാണ് അദ്ദേഹം ഇവിടെ വന്നത്. എന്നാൽ ഏലിയാസിനപ്പറ്റി നമുക്ക് പിന്നീട് ഒരു വിവരവും ലഭിച്ചിട്ടില്ല. 1558-ൽ മാർ അബ്രാഹം എന്ന മെത്രാനും വന്നു ചേർന്നു. 1567-ൽ മാർ അബ്ദീശോ പാത്രിയാർക്കീസ്, മാർ ജോസഫിനും മാർ അബ്രഹാമിനും മാർതോമാക്രിസ്ത്യാനികളുടെ ഇടയിലുള്ള ശുശ്രൂഷ പങ്കിട്ടു കൊടുത്തു. മാർ ജോസഫിനെ പാശ്ചാത്യ മിഷണറിമാർ റോമിലേയ്ക്കു നാടുകടത്തി. 1569-ൽ അവിടെവെച്ചു മരിച്ചു. 1597-ൽ മരിക്കുന്നതുവരെ മാർ അബ്രഹാം മാർത്തോമാ ക്രിസ്ത്യാനികളുടെ മെത്രാനായിരുന്നു.

പേർഷ്യൻ സഭയിൽ നിന്നുള്ള മെത്രാന്മാർ ഇവിടെ വരാൻ തുടങ്ങിയത് എന്നു മുതലാണെന്ന് ഖണ്ഡിതമായി പറയാൻ സാധ്യമല്ല. മാർതോമാശ്ലീഹായുടെ കാലം മുതൽ ഇടതടവില്ലാതെ പേർഷ്യയിൽ നിന്ന് പൗരസ്ത്യസഭാ മെത്രാന്മാർ കേരളത്തിൽ വന്നു എന്നും തെളിയിക്കപ്പെട്ടിട്ടില്ല. നാട്ടുകാരാരും മെത്രാന്മാരായില്ല എന്നും അനുമാനിക്കാൻ സാധിക്കില്ല.

മലങ്കരസഭയിലെ മെത്രാന്മാർ ദൈവജനത്തിന്റെ ആധ്യാത്മികാചാര്യന്മാരായിരുന്നു. സഭയുടെ ലൗകിക ഭരണം ആർച്ചുഡീക്കൻ (അർക്കദിയാക്കോൻ) നിർവഹിച്ചിരുന്നു. ആർച്ചു ഡീക്കന്മാരുടെ ഭരണം എന്നു മുതലാണ് തുടങ്ങിയതെന്നു വ്യക്തമല്ല. ഓരോ പള്ളിക്കും പള്ളിയോഗവും സഭയ്ക്കു മൊത്തത്തിൽ പൊതുയോഗവും ഉണ്ടായിരുന്നു. ഇന്ത്യ മുഴുവന്റെയും മെത്രോപ്പോലീത്ത മാർതോമയുടെ സിംഹാസനത്തിന്റെയും ഇന്ത്യ മുഴുവനുമുള്ള ക്രിസ്ത്യാനികളുടെ സഭയുടെയും മെത്രാപ്പോലീത്ത എന്നിങ്ങനെയായിരുന്നു മലങ്കരസഭാധ്യക്ഷന്മാർ അറിയപ്പെട്ടിരുന്നത്. ഇന്ത്യാ മുഴുവന്റെയും ആർച്ചുഡീക്കൻ എന്നായിരുന്നു ആർച്ചുഡീക്കന്റെ സ്ഥാനനാമം. ഇന്ത്യ മുഴുവനുമുള്ള സഭയുടെ മെത്രാപ്പോലീത്തായും വാതിലും എന്നും കാണുന്നു.

## ചില സന്ദർശകർ

മറ്റു സഭകളിൽപ്പെട്ട ചില നേതാക്കന്മാർ മലങ്കരസഭയെ സന്ദർശിച്ചിട്ടുണ്ട്. പന്തേസൂസ്, ദാവീദ്, തെയോഫിലസ്, കോസ്മാസ്, ബോധ് എന്നിവർ ഇത്തരത്തിൽപ്പെട്ടവരാണ്. അതുപോലെ ദാനിയേൽ എന്നൊരിന്ത്യക്കാരൻ ഒരു വലിയ സുറിയാനി പണ്ഡിതനായിരുന്നു എന്ന് ഒരു പുരാതനരേഖ സൂചന നൽകുന്നു: സുറിയാനിപ്പുസ്തകങ്ങൾ ഇന്ത്യയിലേക്കയച്ച മാനായെപ്പറ്റിയും ഈ പുരാതന രേഖ സൂചിപ്പിക്കുന്നു. ഈ കാര്യങ്ങളെല്ലാം ഇവിടെ വിവരിക്കുന്നു.

**1. പന്തേനൂസ് (190):** അലക്സാണ്ട്രിയൻ ദൈവശാസ്ത്ര കലാലയസ്ഥാപകനാണു പന്തേനൂസ്. അദ്ദേഹം ഇന്ത്യ സന്ദർശിക്കുകയും ബ്രാഹ്മണ പണ്ഡിതരുമായി വാദപ്രതിവാദങ്ങളിൽ ഏർപ്പെടുകയും ചെയ്തു. അലക്സാണ്ട്രിയൻ മെത്രാൻ ദിമെത്രിയൂസാണ് പന്തേനൂസിനെ ഇന്ത്യയിലേക്കയച്ചത്. എവുസെബീയൂസും(+339) ജറോമും (+420) ഇതിനു സാക്ഷ്യം നൽകുന്നു.

എവുസേബിയസിന്റെ സാക്ഷ്യം ഇപ്രകാരമാണ്: പന്തേനൂസ് എന്ന പേരോടുകൂടി പ്രശസ്തനും ഉന്നത സാസ്കാരിക നിലവാരം പുലർത്തിയിരുന്നവനുമായ ഒരാളായിരുന്നു അലക്സാണ്ട്രിയയിലെ ക്രിസ്തീയ കലാലയാധ്യക്ഷൻ. പന്തേനൂസ് അക്കാലത്തെ ഏറ്റം പ്രമുഖ വ്യക്തിയായിരുന്നു. സ്റ്റോയിക് തത്ത്വശാസ്ത്രത്തിൽ അദ്ദേഹത്തിനു പരിശീലനം സിദ്ധിച്ചിരുന്നു. ദൈവവചനത്തിലുള്ള സജീവ തീക്ഷണതയാലും ആത്മധൈര്യത്താലും അദ്ദേഹം പൗരസ്ത്യ ദേശങ്ങളിൽ ക്രിസ്തുവിന്റെ ദൗത്യവാഹകനായും ഇന്ത്യവരെ അയക്കപ്പെടുകയും ചെയ്തു എന്നു പറയപ്പെടുന്നു. ശ്ലീഹന്മാരെപ്പോലെ ദൈവവചന പ്രചരണത്തിനും സമൂഹങ്ങളെ രൂപപ്പെടുത്തുന്നതിനും തീക്ഷണതാപൂർവ്വം യത്നിച്ചിരുന്ന

അനേകം സുവിശേഷകർ അന്നും ഉണ്ടായിരുന്നു. അവരിൽ ഒരാളായിരുന്നു പന്തേനൂസ്. അദ്ദേഹം ഇന്ത്യവരെ പോയി എന്നു പറയപ്പെടുന്നു. അവിടെ ക്രിസ്തുവിനെ അറിഞ്ഞവരുടെയിടയിൽ അദ്ദേഹം മത്തായിയുടെ സുവിശേഷം കണ്ടു എന്നും പറയപ്പെടുന്നു.

ജറോം ഇപ്രകാരം പറയുന്നു: സ്റ്റോയിക് വിഭാത്തിൽപ്പെട്ട തത്വജ്ഞാനിയായിരുന്നു പന്തേനൂസ്. വിവേകിയും വിജ്ഞാനിയും വി. ഗ്രന്ഥത്തിലും സാഹിത്യത്തിലും വിശ്രുതനുമായ അദ്ദേഹത്തെ അലക്സാണ്ട്രിയായിലെ ദിമെത്രിയൂസ് മെത്രാൻ ഇന്ത്യയിലേക്കയച്ചു.

പന്തേനൂസ് കേരളത്തിലാണ് വന്നതെന്ന് അസന്ദിഗ്ദ്ധമായി പറയാൻ സാധ്യമല്ല. ഇന്ത്യ എന്നത് ദക്ഷിണേന്ത്യയോ, വടക്കുപടിഞ്ഞാറൻ ഇന്ത്യയോ ആകാം എന്നു കരുതുന്നവരുമുണ്ട്.

**2. ദാവീദ് (295)**: ബസ്രാ (പേരാത്-മൈശാൻ) മെത്രാനായിരുന്ന ദാവീദ് തന്റെ രൂപത വിട്ട് ഇന്ത്യയിൽ വന്നു എന്ന് സേർത് ക്രോണിക്കിൾ പറയുന്നു: ശഹാലൂപ്പായുടെയും പാപ്പായുടെയും ഭരണകാലത്ത് (295–300) പ്രശസ്തപണ്ഡിതനും പേർഷ്യൻ ഉൾക്കടലിനടുത്തുള്ള ബസ്രാ രൂപതാധ്യക്ഷനുമായ ദാവീദ് എപ്പിസ്കോപ്പാ തന്റെ രൂപത വിട്ട് ഇന്ത്യയിൽ പോയി അനേകരെ മാനസാന്തരപ്പെടുത്തി സെർത് ക്രോണിക്കിൾ രേഖയിലാണ് ഈ വിവരണം. ഇത് ഒരു പില്ക്കാല രേഖയണെങ്കിലും പുരാതന ചരിത്രരേഖകളെ ആധാരമാക്കി രചിച്ചിട്ടുള്ളതിനാൽ ഇത് വിശ്വാസ്യമായി തോന്നുന്നു.

**3. തെയോഫിലസ് (354):** മാലിദ്വീപുകാരനായ തെയോഫിലസ് എന്നൊരു മിഷനറിയുടെ നേതൃത്വത്തിൽ ഒരു സംഘം മിഷനറിമാരെ കോൺസ്റ്റാൻസ്യൂസ് ചക്രവർത്തി മിഷൻ പ്രവർത്തനത്തിനായി എത്യോപ്യാ, ഇന്ത്യ, സിലോൺ ആദിയായ നാടുകളിലേക്കയച്ചതായി പറയപ്പെടുന്നു. തെയോഫീലസ് തെക്കേ അറേബ്യ, മാലിദ്വീപ് എന്നിവിടങ്ങളിൽ മിഷൻ പ്രവർത്തനം നടത്തി. ഇന്ത്യ എന്നാണിവിടെ പറഞ്ഞിരിക്കുന്നത്. തെക്കേ ഇന്ത്യ ആണോ എന്നു സംശയിക്കുന്നവരുണ്ട്. തെക്കൻ അറേബ്യയോ ആഫ്രിക്കയോടു ചേർന്നു കിടക്കുന്ന ഭാഗങ്ങളോ ആയിരിക്കാം എന്ന് അവർ കരുതുന്നു. സുവിശേഷവായനാവസരം ആളുകൾ ഇരുന്നുകൊണ്ടു സുവിശേഷം ശ്രവിക്കുന്ന പതിവ് ഇന്ത്യയിലുണ്ടെന്നും ഇതും ഇതുപോലെ അവരുടെ ഇടയിലുള്ള മറ്റു ചില പതിവുകളും തെയോഫിലസ് നിർത്തലാക്കി എന്നും കാണുന്നു. ഭാരതത്തിൽ വളർന്നു വികസിച്ച ഒരു ക്രൈസ്തവസഭ ഉണ്ടായിരുന്നു എന്നതിന്റെ സൂചനയായിട്ടാണ് മെഡ്ലിക്കോട്ടും മിംഗാനയും ഈ കാര്യം വിവരിക്കുന്നത്.

എന്നാൽ ഈ പരാമർശങ്ങൾ തെക്കൻ അറേബ്യൻ പ്രദേശങ്ങളിലെ സ്ഥിതിയായിരിക്കും വിവരിക്കുന്നത് എന്നു കരുതുന്നതാകും ഉചിതം.

**4. ദാനിയേൽ (425):** ഇന്ത്യക്കാരനായ ദാനിയേൽ ഗ്രീക്കു ബൈബിൾ സുറിയാനിയിലേയ്ക്കു ഭാഷാന്തരം ചെയ്യാൻ സഹായിച്ചു. മേർവിലെ ഈശോദാദിന്റെ (9th c) ഒരു കൃതിയിലാണ് ഈ സൂചന. റോമക്കാർക്കുള്ള ലേഖനത്തിന്റെ ഭാഷ്യത്തിൽ ആണിത്. ഇന്ത്യക്കാരൻ ദാനിയേൽ എന്ന പ്രെസ്ബിറ്റർ റോമാലേഖനം ഗ്രീക്കിൽ നിന്നു സുറിയാനിയിലേക്കു ഭാഷാന്തരം ചെയ്യാൻ മാർകൂമിയെ (5 th c) സഹായിച്ചു. ഇന്ത്യാക്കാരൻ എന്നു പറഞ്ഞിരിക്കുന്നതിൽനിന്നു മാത്രം അദ്ദേഹം കേരളീയനായിരുന്നു എന്ന് അസന്ദിഗ്ദ്ധമായി അനുമാനിക്കാൻ വഴിയില്ല.

**5. മാനാ (470):** റിവർദശീറിലെ മാനാ എപ്പിസ്കോപ്പാ 470–ഓടുകൂടി ദിയദോറിന്റെയും തിയോഡോറിന്റെയും കൃതികൾ ഗ്രീക്കിൽ നിന്നു സുറിയാനിയിലേക്ക് വിവർത്തനം ചെയ്ത് ഇന്ത്യയിലേക്കയച്ചു എന്ന് ഒരു രേഖയിൽ കാണുന്നു.

**6. കോസ്മാസ്:** അലക്സാണ്ട്രിയക്കാരനായ കോസ്മാസ് (522) തെക്കേ ഇന്ത്യ സന്ദർശിച്ച് സാർവത്രികക്രൈസ്തവ സ്ഥലവിവരങ്ങൾ എന്ന ഗ്രന്ഥമെഴുതി. അദ്ദേഹം പറയുന്നു: തപ്രൊബെയിൻ ദ്വീപിൽ (ശ്രീലങ്ക) വൈദികരും വിശ്വാസികളുമുള്ള ഒരു ക്രിസ്തീയ സഭയുണ്ട്. അതിനപ്പുറം ക്രിസ്ത്യാനികൾ ഉണ്ടോ എന്ന് എനിക്ക് നിശ്ചയമില്ല. അതുപോലെതന്നെ കുരുമുളകു വിളയുന്ന മാലേ എന്ന സ്ഥലത്തും ഒരു സഭയുണ്ട്. പേർഷ്യയിൽ നിന്നു നിയമിതനായ ഒരു മെത്രാൻ കല്യാണയിലും മറ്റൊരാൾ ഇന്ത്യൻ സമുദ്രത്തിലെ ദേയസ്ഖോറൂസിലും (സൊക്കോട്രായിലും) ഉണ്ട്... പേർഷ്യയിൽ നിന്ന് അഭിഷിക്തരായി അയയ്ക്കപ്പെടുന്ന വൈദികരും അവിടെയുണ്ട്. അവിടെ ധാരാളം ക്രിസ്ത്യാനികളുമുണ്ട്.. മറ്റിന്ത്യക്കാരുടെ ഇടയിലും ധാരാളം പള്ളികളും മെത്രാന്മാരും ക്രിസ്തീയ വിശ്വാസികളുടെ വലിയ സമൂഹവുമുണ്ട്...

**7. ബോധ് (6th c):** ബോധ് എന്നൊരു വൈദികൻ ഇക്കാലത്ത് ഇന്ത്യ സന്ദർശിക്കുകയുണ്ടായി. പ്രബോധകനും സന്ദർശകനുമായി സെലൂഷ്യൻ കാതോലിക്കോസ് എസക്കിയേൽ (557–81) അയച്ചതാണിദ്ദേഹത്തെ.

## ചില കുടിയേറ്റങ്ങൾ

കേരളത്തിലേക്ക് കാലാകാലങ്ങളിൽ മറ്റിടങ്ങളിൽ നിന്നുള്ള ക്രൈസ്തവ കുടിയേറ്റം ഉണ്ടായി. ഇതിൽ പ്രധാനപ്പെട്ട മൂന്നു കുടിയേറ്റങ്ങളെപ്പറ്റി ചർച്ച ചെയ്യാം.

## 1. കൊല്ലത്തെ കുടിയേറ്റം

ഭാരതത്തിൽ കിഴക്കൻ കടൽത്തീരത്തുനിന്ന് മൂന്നാം നൂറ്റാണ്ടിൽ കൊല്ലത്തേയ്ക്ക് ഒരു കുടിയേറ്റമുണ്ടായി. 293-ൽ ഉണ്ടായ മതപീഡനമാണ് കാരണം. കാവേരിപ്പൂപട്ടണത്തിൽ നിന്ന് (പൂഹാർ) 72 കുടുംബങ്ങൾ കൊല്ലത്തു കുടിയേറി. കേരളത്തിലെ മാർഗ്ഗവഴിയുടെ അവസ്ഥ എന്ന താളിയോലഗ്രന്ഥത്തിലാണ് ഈ കുടിയേറ്റത്തെപ്പറ്റി പ്രതിപാദിക്കുന്നത്. കൊല്ലത്തുള്ള ക്രൈസ്തവരിൽ ഒരു വിഭാഗത്തെ ഏതോ ഹൈന്ദവ പണ്ഡിതൻ ഹൈന്ദവമതത്തിലേയ്ക്കു കൊണ്ടുപോയതായി ഒരൈതിഹ്യം ഉണ്ട്. മാണിക്കവചകർ എന്നയാളാണ് 315-ൽ ഇപ്രകാരം ചെയ്തത്. എന്നു മേല്പറഞ്ഞ താളിയോല ഗ്രന്ഥത്തിൽ കാണാം. മാണിക്കവചകർ എന്ന പേരിൽ പലയാളുകൾ ഉണ്ടായിരുന്നിരിക്കാം.

കൊല്ലത്തും കായംകുളത്തും മണിഗ്രാമക്കാർ എന്ന പേരിൽ ഒരു കൂട്ടർ ഉണ്ട്. ചിലർ ഇവരെ കരമുക്കുവവർ എന്നു വിളിക്കുന്നു. ഇവരിലെ മുതിർന്ന തലമുറ, തങ്ങളുടെ പൂർവികന്മാർ ക്രിസ്ത്യാനികളായിരുന്നു എന്നു സമ്മതിക്കുന്നുണ്ട്. കേണൽ മൺറോ ഇവരെ സുറിയാനി മെത്രാന്റെ കീഴിൽ കൊണ്ടുവരാൻ ശ്രമിച്ചു. എന്നാൽ തങ്ങൾ നായന്മാരാണെന്ന് പ്രഖ്യാപിച്ച് 1873-ൽ ഇക്കൂട്ടർ അകന്നുനിന്നു. മണിഗ്രാമക്കാർ എന്ന പേരിൽ കുറെ ക്രിസ്ത്യാനികളും ഉണ്ട്. ഒരു കാര്യം സ്പഷ്ടം കൊല്ലത്തും പരിസരത്തുമുള്ള ക്രിസ്ത്യാനികളിൽ പലരും കേരളത്തിന്റെ മറ്റിടങ്ങളിൽനിന്നുള്ള നസ്രാണി ക്രിസ്ത്യാനികളിൽ നിന്ന് പലതുകൊണ്ടും വ്യത്യസ്തരാണ്. ശാരീരിക രൂപത്തിൽ പോലും ഈ വ്യത്യാസം പ്രകടമാകുന്നു.

## മാർ സാബാറീശോയുടെ കുടിയേറ്റം (9th c)

ഒൻപതാം നൂറ്റാണ്ടിൽ പേർഷ്യയിൽനിന്നു മാർ സാബാറിശോയുടെ നേതൃത്വത്തിൽ വലിയൊരു കുടിയേറ്റമുണ്ടായി സാബാറീശോ മെത്രാനായിരുന്നു എന്നു ചിലരും അല്ല ഒരു കച്ചവടപ്രമാണിയായിരുന്നു എന്ന് വേറെ ചിലരും പറയുന്നു. പ്രോത്ത് എന്ന മെത്രാനും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. സാബാർ (സാപ്പോർ) ഉദയംപേരൂരും പ്രോത്ത് കൊല്ലത്തും താമസിച്ചു. ഇവരെ മലങ്കരസഭ വിശുദ്ധരായി പരിഗണിച്ച് ഇവരുടെ നാമത്തിൽ പല പള്ളികളും പണിയിച്ചു. ഉദയം പേരൂർ സൂനഹദോസ് (1599) ആ പള്ളികളെല്ലാം സകല വിശുദ്ധരുടെയും നാമത്തിലാക്കി. മേല്പറഞ്ഞവർ നെസ്തോറിയന്മാരായിരുന്നു എന്നായിരുന്നു ആർച്ചുബിഷപ്പ് മെനേസിന്റെ വാദം. ഈ കുടിയേറ്റക്കാർക്ക് 849-ൽ ലഭിച്ചതാണ് തരീസ്സാപ്പള്ളി ചെപ്പേട് എന്നറിയപ്പെടുന്ന രേഖ.

## ചെപ്പേടുകൾ

സമൂഹത്തിൽ ഉന്നതസ്ഥാനീയരായിരുന്ന മലങ്കര നസ്രാണികൾക്ക് ഇവിടുത്തെ ഭരണാധികാരികൾ കല്പിച്ചനുവദിച്ച സ്ഥാനങ്ങളാണ് ചെപ്പേടുകളിലുള്ളത്. ചെമ്പുപട്ടയങ്ങൾ (താമ്രശാസനങ്ങൾ) എന്ന് ഇവ അറിയപ്പെടുന്നു. ചെമ്പു തകിടുകളിൽ എഴുതപ്പെട്ടവയാകയാൽ ചെപ്പേടുകൾ എന്നറിയപ്പെടുന്നു. പ്രധാനമായി നാലെണ്ണമാണ് ചെപ്പേടുകൾ. ചെപ്പേടുകളൊക്കെ ഒൻപതാം നൂറ്റാണ്ടിലേതോ അതിനുശേഷമോ ഉള്ളവയവയാണ് എന്ന് ചിലർ കരുതുന്നു.

## തരിസാപ്പള്ളി ചെപ്പേട് (രണ്ടെണ്ണം)

കൊല്ലത്തെ തരീസാപ്പള്ളിക്ക് അവിടുത്തെ നാടുവാഴിയിൽ നിന്നു കിട്ടിയ അവകാശങ്ങളും ആനുകൂല്യങ്ങളുമാണ് ഇവയിലെ ഉള്ളടക്കം. രണ്ടു ചെപ്പേടുകളിൽ ഒന്നിന് മൂന്ന് തകിടുണ്ട്. എന്നാൽ ഒടുവിലേത്തത് നഷ്ടമായിപ്പോയി. ഒന്നാമത്തെ തകിട് തിരുവല്ലാ മാർതോമാ മെത്രാപ്പോലീത്തായുടെ അരമനയിലും രണ്ടാമത്തേത് കോട്ടയം ദേവലോകം അരമനയിലും സൂക്ഷിച്ചിരിക്കുന്നു. രണ്ടാം ചെപ്പേടിനു നാലു തകിടുള്ളതിൽ ആദ്യത്തേതു നഷ്ടപ്പെട്ടു. രണ്ടും മൂന്നും തകിടുകൾ കോട്ടയം ദേവലോകം അരമനയിലും നാലാമത്തേത് മാർതോമാ മെത്രാപ്പോലീത്തായുടെ അരമനയിലും ഉണ്ട്. കൊല്ലത്തുള്ള ക്രൈസ്തവർക്ക് കൊടുത്തതാണ് ഇത് രണ്ടും. കാലം ക്രി. വ 849 - ആണ് എന്ന് കരുതപ്പെടുന്നു. വേണാട്ടുരാജാവായ അയ്യനടികൾ, സാബാറീശോയോടുകൂടി കുടിയേറിയ സുറിയാനിക്കാർക്ക് തരീസാപ്പള്ളിയുടെ നാമത്തിൽ നൽകിയതാണിവ. അന്നത്തെ ക്രൈസ്തവരെപ്പറ്റി ഏകദേശജ്ഞാനം ലഭിക്കാൻ ഇവ സഹായിക്കും. ക്രിസ്ത്യാനികൾക്ക് 72 പദവികൾ രാജാവ് കല്പിച്ചനുവദിക്കുകയുണ്ടായി.

## ഇരവികോർത്തൻ ചെപ്പേട്

വീരരാഘവപട്ടയം എന്നും അറിയപ്പെടുന്നു. കോട്ടയം പഴയസെമിനാരിയിൽ സൂക്ഷിച്ചിരിക്കുന്നു. ഒരു ചെമ്പുതകിടിന്റെ ഇരുവശങ്ങളിലായിട്ടുമാണ് എഴുത്ത്. വീരരാഘവ ചക്രവർത്തി ഇരവികോർത്തൻ എന്ന വ്യാപാരിക്ക് മണിഗ്രാമപട്ടം (ഉന്നത വ്യാപാരിസംഘമായ മണിഗ്രാമത്തിൽ അംഗത്വം) നൽകുന്നതാണ് ഉള്ളടക്കം. കച്ചവടസംബന്ധിയായി ക്രിസ്ത്യാനികൾക്കു നൽകിയിട്ടുള്ള ഈ രേഖ പ്രധാനപ്പെട്ട ഒന്നാണ്. 13-14 നൂറ്റാണ്ടുകളിലെ ഭാഷയാണ് ഈ ചെപ്പേടിലുള്ളത്. കേരളത്തിലെയും ഭാരതത്തിലെയും സാസംക്കാരിക ജീവിതത്തിൽ സ്തുത്യർഹമായ സംഭാവനകൾ

ക്രിസ്ത്യാനികൾ നൽകിയിരുന്നുവെന്ന് ഈ ചെപ്പേട് തെളിയിക്കുന്നു.

## മാർ യാക്കോബിന്റെ ചേപ്പേട്

ഈ ചെപ്പേട് എവിടെയാണെന്ന് ആർക്കുമറിഞ്ഞുകൂടാ. മാർ യാക്കോബിന്റെ കൈവശം 1597-ൽ ഈ ചെപ്പേടുണ്ടായിരുന്നു. ബ്രിട്ടീഷ് മ്യൂസിയത്തിൽ അതിന്റെ പോർച്ചുഗീസ് ഭാഷയിലുള്ള ഒരു പരിഭാഷയുണ്ട്. ഈ രേഖവഴി മഹാദേവർ പട്ടണവും അതിലെ പള്ളിയും ചില പ്രത്യേക പദവികളും ക്നായിത്തോമ്മയ്ക്കും സന്തതികൾക്കും നൽകിയിരിക്കുന്നു. അതുപോലെ തോമായുടെ ബന്ധുക്കൾക്കും മതാനുയായികൾക്കും ചില പ്രത്യേകവകാശങ്ങൾ അനുവദിക്കുന്നുണ്ട്. ചിലരുടെ നിഗമനമനുസരിച്ച് ഈ രേഖ ഒൻപതാം നൂറ്റാണ്ടിലേതാണ്.

## വില്ലാർവട്ടം നാടുവാഴികൾ

ചേരമാൻ പെരുമാക്കന്മാർക്കുശേഷം കേരളം നാട്ടുരാജാക്കന്മാരുടെയും ഇടപ്രഭുക്കന്മാരുടെയും ഭരണത്തിൻ കീഴിലായി. ഇത്തരത്തിൽപ്പെട്ട ഒന്നാണു വില്ലാർവട്ടം രാജവംശം ഉദയംപേരൂർ കേന്ദ്രമാക്കി ഈ നാടുവാഴികൾ ഭരിച്ചു. 15-ാം നൂറ്റാണ്ടിൽ പോർട്ടുഗീസുകാർ ഇവിടെവന്നപ്പോഴേയ്ക്കും ഈ രാജവംശം അന്യംനിന്നുപോയി. അവിഞ്ഞോണിൽ നിന്ന് ജോൺ 22-ാമൻ മാർപാപ്പ (1316 -34) കേരളത്തിലെ ക്രൈസ്തവ രാജാവിനു കത്തെഴുതുകയുണ്ടായി. അതുപോലെ എവുജിൻ നാലാമൻ പാപ്പാ 1439-ൽ ഒരു കത്തെഴുതിയിട്ടുണ്ട്. മർത്തോമ്മാ നസ്രാണികൾ മതപരമായി മാത്രമല്ല രാഷ്ട്രീയമായും ഒരു വലിയ ശക്തിയായിരുന്നുവെന്ന് ഇത് തെളിയിക്കുന്നു. ഈ നാടുവാഴിയെപ്പറ്റി വളരെ ഖണ്ഡിതമായി അഭിപ്രായം പറയാൻ വളരെ ബുദ്ധിമുട്ടാണ്. ഏതായാലും കൊല്ലത്തും കൊടുങ്ങല്ലൂരുമുള്ള ക്രിസ്ത്യാനികൾ സമൂഹത്തിൽ വളരെ ഉന്നതനിലവാരം പുലർത്തിയിരുന്നു എന്നു വേണം കരുതാൻ.

### ആരാധനക്രമം

ഭാരതസഭയിലെ പൗരാണികമായ ആരാധനാക്രമം എപ്രകാരമായിരുന്നെന്നു ഖണ്ഡിതമായി പറയാൻ വളരെ പ്രയാസമാണ്. പാശ്ചാത്യമിഷനറിമാർ പതിനാറാം നൂറ്റാണ്ടിൽ ഇവിടെ വന്നപ്പോൾ പൗരസ്ത്യസുറിയാനി ആരാധനക്രമമാണ് ഇവിടെ നടപ്പിലായിരുന്നത്. എന്നാൽ എന്നുമുതലാണ് പൗരസ്ത്യ സുറിയാനി ആരാധന ക്രമത്തിന്റെ വികസിതരൂപം ഭാരത്തിലെ ക്രൈസ്തവ സഭയിൽ നടപ്പായത് എന്നു പറയാൻ സാധിക്കയില്ല. പൗരസ്ത്യസുറിയാനി ആരാധന ക്രമം യൂദയോ - ക്രൈസ്തവ പശ്ചാത്തലത്തിൽ

രൂപീകൃതമാണ്. ഏതാണ്ട് ഒന്നാം നൂറ്റാണ്ടിൽത്തന്നെ പേർഷ്യൻ സാമ്രാജ്യത്തിൽ ശ്ലീഹന്മാരുടെ പേരിൽ അനാഫറ നടപ്പായി. കാലാകാലങ്ങളിൽ അതിന്റെ വികസിത രൂപങ്ങൾ ഉണ്ടായപ്പോൾ അവയൊക്കെ പൗരസ്ത്യസുറിയാനി ഭാഷ ഉപയോഗിച്ചിരുന്ന സഭകളൊക്കെ സ്വീകരിച്ചിരിക്കാം. അങ്ങനെ ഭാരതത്തിലെ ക്രൈസ്തവ സഭയിലും പ്രചരിച്ചിരിക്കാം. ഭാരതവും പശ്ചിമേഷ്യയും തമ്മിലുള്ള വ്യാപാരബന്ധവും മറ്റു ബന്ധങ്ങളും ഇതിനു സഹായകരമായിരുന്നിട്ടുണ്ട്.

## കേരള ക്രിസ്ത്യാനികളുടെ നാമധേയങ്ങൾ

**1. നസ്രാണികൾ:** നസ്രായനായ യേശുവിന്റെ അനുയായികൾ എന്നർത്ഥത്തിൽ നസ്രാണികൾ എന്നു പുരാതന കാലം മുതൽ ഇവിടുത്തെ ക്രിസ്ത്യാനികൾ വിളിക്കപ്പെട്ടിരുന്നു. നസ്രാണി മാപ്പിള എന്നു ബഹുമാനസൂചകമായും അവർ വിളിക്കപ്പെട്ടു.

**2. മാർതോമ ക്രിസ്ത്യാനികൾ അഥവാ മാർത്തോമാ നസ്രാണികൾ:** മാർതോമാശ്ലീഹായുടെ ശിഷ്യർ എന്ന അർത്ഥത്തിലാണ് ഈ പേര്.

**3. സുറിയാനി ക്രിസ്ത്യാനികൾ:** പാശ്ചാത്യരായ മിഷനറിമാരുടെ വരവിനുശേഷമാണ് ഈ പേര് സാർവത്രികമായത്. റോമൻ ക്രിസ്ത്യാനികളിൽനിന്നു തിരിച്ചറിയാനാണ് അവർ അതുപയോഗിച്ചത്. ആരാധനാക്രമത്തിൽ സുറിയാനിഭാഷ ഉപയോഗിച്ചതുകൊണ്ടും സുറിയാനി മെത്രാന്മാർ പശ്ചിമേഷ്യയിൽ നിന്നു വന്നതുകൊണ്ടും സുറിയാനി കുടിയേറ്റക്കാർ മൂലവുമാണ് ഈ പേര് ഉളവായത്.

**ഡോ. പ്ലാസിഡ് പൊടിപാറ**

# 03

## പോർത്തുഗീസുകാരും ഭാരതസഭയും

പോർത്തുഗീസ് അഡ്മിറൽ വാസ്ക്കോ ഡി ഗാമ 1498-ൽ കോഴിക്കോട് വന്നിറങ്ങി. കോഴിക്കോട്ടു ഭരണാധികാരിയായ സാമൂതിരിയുമായി സ്നേഹബന്ധം സ്ഥാപിച്ചു. ഗാമയെത്തുടർന്ന് കബ്രാൾ വന്നു. അദ്ദേഹത്തോടുകൂടി സാധാരണ വൈദികരും ഫ്രാൻസിസ്കൻ സന്യാസ വൈദികരും ഉണ്ടായിരുന്നു. 1500-ൽ കോഴിക്കോട്ട് അവർ ഒരു പ്രാർത്ഥനാലയം സ്ഥാപിക്കുകയും, മതപരിവർത്തനം ചെയ്ത ഒരു ബ്രാഹ്മണനായ മൈക്കൾ മരിയായുടെ സഹായത്തോടെ മാനസാന്തരവേല ആരംഭിക്കുകയും ചെയ്തു. മുഹമ്മദീയർ നിമിത്തമുണ്ടായ ഒരു ലഹളയിൽ അവരിൽ ചിലർ കൊല്ലപ്പെട്ടു. ബാക്കിയുണ്ടായിരുന്നവർ കബ്രാളിനോടുകൂടി കൊച്ചിയിലേക്കു പോയി. അവിടെ സാമൂതിരിയുടെ ആജന്മശത്രുവായ കൊച്ചി രാജാവ് അവർക്ക് ഹൃദ്യമായ ഒരു സ്വീകരണം നൽകി. സുവിശേഷവേല കൊച്ചിയിലും സമീപസ്ഥമായ വൈപ്പിൻ ദ്വീപിലും ഉടനെ തന്നെ ആരംഭിച്ചു. സാമൂതിരിയെ തോല്പിച്ച ശേഷം ചില ഫ്രാൻസിസ്കരെ കൊച്ചിയിൽ വിട്ടു

കൊണ്ട് കബ്രാൾ കണ്ണൂരേയ്ക്കു പോയി. സുവിശേഷവേല കണ്ണൂരും ആരംഭിച്ചു. അവിടെ അതിനുപുറമേ ഒരു ഫാക്ടറിയും സ്ഥാപിച്ചു. അനന്തരം കബ്രാൾ പോർത്തുഗലിലേക്കു മടങ്ങിപ്പോയി. അദ്ദേഹത്തെ തുടർന്ന് ജോവോ ദാനോവാ നാലു ഫ്രാൻസിസ്കൻമാരോടുകൂടി ഇവിടെയെത്തി. ഗാമാ 1502-ൽ തിരിച്ചുവന്നു. അദ്ദേഹത്തെ തുടർന്ന് അൽഫോൻസോ ഡി അൽബൂക്കർക്കും ഫ്രാൻസിസ്-കോ- ഡി അൽബുക്കർക്കും എത്തി. 1505-ൽ കൊച്ചിയിൽ ഒരു കോട്ട കെട്ടി. 1530-ൽ ഗോവയിലേയ്ക്കു മാറ്റുന്നതുവരെ 1505 മുതൽ പോർച്ചുഗീസ് വൈസ്രോയിമാരുടെ ആസ്ഥാനം കൊച്ചിയായിരുന്നു. ചാലിയും കൊടുങ്ങല്ലൂരും കൊല്ലവും പോർത്തുഗീസ് ശാസനത്തിൽ കീഴിലായി. എന്നാൽ കോഴിക്കോട് അത്രയ്ക്കായില്ല.

## സുവിശേഷവേല

എല്ലാ സ്ഥലത്തും സുവിശേഷവേല ആരംഭിച്ചിരുന്നു. തങ്ങളുടെ പ്രജകളെ ക്രിസ്തുമതത്തിലേക്കു മാനസാന്തരപ്പെടുത്തുന്നതിനു ഹിന്ദുരാജാക്കൻമാർ പ്രത്യേകിച്ചു കൊച്ചി രാജാവ് എതിരായിരുന്നു. മതപരിവർത്തനം ചെയ്യപ്പെടുന്നവർ നിയമപ്രകാരം സർക്കാരുദ്യോഗത്തിനും സ്വത്തവകാശത്തിനും അനർഹരായിരുന്നു. എന്നാൽ ഈ ശിക്ഷ ദരിദ്രരെയും അധഃകൃതവർഗ്ഗക്കാരെയും ബാധിച്ചിരുന്നില്ല. എന്നുമാത്രമല്ല പീറ്റർ ദി ജാറിക്ക് എസ്.ജെ. പറയുന്നതുപോലെ നിയമം ഉണ്ടായിരുന്നിട്ടും അദ്ദേഹത്തിന്റെ (കൊച്ചി രാജാവിന്റെ) സാരസൻമാരും അക്രൈസ്തവരുമായ പ്രജകളിൽ പലരും യഹൂദൻമാരിൽനിന്നുള്ളവരും ക്രിസ്തുമതത്തിലേക്കു മാനസാന്തരപ്പെട്ടു. എന്നു മാത്രമല്ല, നായൻമാരും പ്രഭുവർഗ്ഗക്കാരും മാനസാന്തരപ്പെടുകയുണ്ടായി. ക്രിസ്തുമതത്തിലേയ്ക്കുള്ള മാനസാന്തരത്തെ തടഞ്ഞുകൊണ്ടുള്ള നിരോധനം 1560-നടുത്തു മാത്രമേ നീക്കം ചെയ്യപ്പെട്ടുള്ളൂ. എന്നാൽ 1527-നു മുൻപുതന്നെ കൊച്ചിയിലും സമീപപ്രദേശങ്ങളിലും നിന്നുമാത്രമായി ഉദ്ദേശം പത്തുപന്തീരായിരം അക്രൈസ്തവർ ക്രിസ്തുമതത്തിലേയ്ക്കു മാനസാന്തരപ്പെടുകയുണ്ടായി. മിഷനറിമാർ പ്രധാനമായും ഇടവക വൈദികരും ഫ്രാൻസിസ്കൻമാരും ഡോമിനിക്കൻമാരുമായിരുന്നു. 1559 മുതൽ ഈശോസഭക്കാരും അവരുടെ കൂടെച്ചേർന്നു. വിശുദ്ധ ഫ്രാൻസിസ് സേവ്യർ 1542-ൽ തന്നെ വന്നിരുന്നു. ഈശോസഭക്കാരുടെ പ്രവർത്തനരംഗം (കേരളത്തിൽ) കൊച്ചി മുതൽ കൊല്ലം വരെയും കൊല്ലം മുതൽ കന്യാകുമാരി വരെയുമായിരുന്നു. അവർക്കു കൊച്ചിയിലും കൊല്ലത്തും കോളേജുകളുമുണ്ടായിരുന്നു. ഫ്രാൻസിസ്കൻമാർ 1540/41-ൽ കൊടുങ്ങല്ലൂരിൽ ഒരു സെമിനാരി ആരംഭിക്കുകയുണ്ടായി.

## പോർത്തുഗീസ് വൈദികഭരണം

പോർത്തുഗൽ കണ്ടുപിടിക്കുന്ന രാജ്യങ്ങളിൽ ഭരണാധികാരമുള്ള ഒരു വികാരി അപ്പസ്തോലിക്കയോടു കൂടിയ ക്രിസ്തൂസ് ഓർഡോ തോമാറിൽ (ടോമർ) ഉണ്ടായിരുന്നു. 1451-ൽ ഈ ഭരണാധികാരം ബൊജദോർ മുതൽ ക്രിസ്തുനാമം ആരാധിക്കുന്ന ഇൻന്ത്യാക്കാർ വരെയുള്ള എല്ലാ പ്രദേശങ്ങളിലും എന്നു നിർവചിക്കപ്പെട്ടു. 1514-ൽ തോമാർ നിർത്തലാക്കപ്പെടുകയും അതിന്റെ സ്ഥാനത്തു പോർത്തുഗീസു രാജാവിന്റെ പദ്രുവാദോയുടെ (രക്ഷാധികാരത്വത്തിൽ) കീഴിൽ ഫുഞ്ചൽ രൂപത സ്ഥാപിക്കപ്പെടുകയും ഇൻഡ്യയിലേയ്ക്കു വികാരിമാരെ അയയ്ക്കുകയും ചെയ്തു. 1533-ൽ ഫുഞ്ചൽ ഒരു അതിരൂപതയായി ഉയർത്തപ്പെട്ടു. 1534-ൽ ഫുഞ്ചലിന്റെ സമാന്തരരൂപതായി ഗോവ (ഇൻന്ത്യയിൽ) സ്ഥാപിതമായി. ഗോവായുടെ ഭരണാധികാരം സുപ്രതീക്ഷാമുനമ്പു മുതൽ ചൈനാ വരെ നീണ്ടുകിടന്നിരുന്നു. അനന്തരം 1558-ൽ ഗോവ ഒരു അതിരൂപതയായി. അതേ കൊല്ലത്തിൽ ഗോവായുടെ സാമന്തരൂപതയായി കൊച്ചി രൂപത സ്ഥാപിക്കപ്പെട്ടു. കൊച്ചിയുടെ ഭരണാധികാരം കണ്ണൂർ മുതൽ തെക്കോട്ടും തെക്കുകിഴക്കോട്ടുമായിരുന്നു. ഇതെല്ലാം പോർത്തുഗീസു രാജാവിന്റെ പാദ്രുവാദോ അധികാരത്തിൻ കീഴിലായിരുന്നു. ഈ അധികാരത്തിന് അതിന്റേതായ ചുമതലകളും ആനുകൂല്യങ്ങളുമുണ്ടായിരുന്നു. ഈ രൂപതകളിലേയ്ക്കുള്ള മെത്രാൻ സ്ഥാനാർത്ഥികളെ മാർപ്പാപ്പായ്ക്കു സമർപ്പിക്കുവാനുള്ള അവകാശം ആനുകൂല്യങ്ങളിൽപ്പെടുന്നു.

## മാർത്തോമ്മാ ക്രിസ്ത്യാനികൾ: രണ്ടു മെത്രാൻമാർ

1489/90-ൽ ജോർജ്, ജോസഫ്, മത്യാസ് എന്നീ മൂന്നു മാർത്തോമ്മാ ക്രിസ്ത്യാനികൾ കേരളത്തിലേയ്ക്കു മെത്രാൻമാരെ കൊണ്ടുവരുന്നതിനായി പാത്രിയർക്കീസ് മാർ ശിമയോൻ നാലാമന്റെ പക്കലേയ്ക്കു പോയി. മത്യാസ് (അഥവാ ജോർജ്) മാർഗ്ഗമദ്ധ്യേ മരിച്ചു. മറ്റേ രണ്ടുപേരെയും പാത്രിയർക്കീസ് വൈദികരായി അഭിഷേചിക്കുകയും മാർ യോഹന്നാൻ, മാർ തോമ്മാ എന്ന രണ്ടു മെത്രാൻമാരോടുകൂടി തിരിച്ചയയ്ക്കുകയും ചെയ്തു. കുറേക്കാലത്തിനുശേഷം മാർത്തോമ്മാ, പാത്രിയർക്കീസിന്റെ പക്കലേക്കു തിരിച്ചുപോയി. ഇതിനിടയിൽ, മുകളിൽ പറഞ്ഞതുപോലെ പോർച്ചുഗീസുകാർ കേരളത്തിലെത്തി. 1502-ൽ മുകളിൽപ്പറഞ്ഞ ജോർജും (അഥവാ മത്യാസ്) ജോസഫും കബ്രാളിനോടുകൂടി പോർത്തുഗലിലേയ്ക്കു പോയി. ജോർജ് മാർഗ്ഗമദ്ധ്യേ മൃതനായി. ജോസഫ് റോമായും വെനീസും സന്ദർശിക്കുകയുണ്ടായി. റോമായിൽ വെച്ചു റോമൻ പരമാധികാരത്തിലുള്ള തന്റെ വിശ്വാസം അദ്ദേഹം ഏറ്റു

പറയുകയുണ്ടായി. ഇൻന്ത്യക്കാരനായ ജോസഫ് എന്നറിയപ്പെടുന്ന ജോസഫ് ഇദ്ദേഹമാണ്.

## പോർത്തുഗീസ് സഹായം

1502-ൽ വാസ്കോ ഡി ഗാമ കൊച്ചിയിൽ ആയിരുന്നപ്പോൾ, കൊടുങ്ങല്ലൂരിൽ നിന്നുള്ള മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പ്രതിനിധികൾ അദ്ദേഹത്തെ വന്നുകാണുകയും പോർത്തുഗീസു രാജാവിന്റെ സംരക്ഷണം അഭ്യർത്ഥിക്കുകയും വെള്ളികൊണ്ടുള്ള അഗ്രത്തോടും മൂന്നു വെള്ളിമണികളോടും കൂടിയ ഒരു ചുവന്ന ദണ്ഡ് (ചെങ്കോൽ) അദ്ദേഹത്തിനു സമ്മാനിക്കുകയും ചെയ്തു. അവരുടെ മതത്തേയും ജീവിതരീതിയേയുംപറ്റി ബോദ്ധ്യപ്പെട്ടതിനുശേഷം വാസ്കോ ഡി ഗാമ അവരുടെ അഭ്യർത്ഥന സ്വീകരിച്ചു. 1503-ൽ അൽഫോൻസാ അൽബുക്കർക്ക് കൊല്ലത്തെ മാർത്തോമ്മാ ക്രിസ്ത്യാനികൾക്കു സ്ഥലത്തെ ഹിന്ദു ഭരണാധികാരിയിൽനിന്ന് അവരുടെ പ്രാചീനപദവികൾ പുനഃസ്ഥാപിച്ചു കൊടുക്കുകയുമുണ്ടായി. അദ്ദേഹം അവർക്കു മതപരമായ സമ്മാനങ്ങൾ കൊടുക്കുകയും, അവരിൽനിന്നു ഒരു കുരിശു സ്വീകരിക്കുകയും അവരെ പഠിപ്പിക്കുന്നതിനും ജ്ഞാനസ്നാനപ്പെടുത്തുന്നതിനുമായി ഒരു ഡോമിനിക്കൽ വൈദികനെ അവരുടെയിടയിൽ വിടുകയും ചെയ്തു.

## കൂടുതൽ മെത്രാൻമാർ

1504-ൽ പാത്രിയർക്കീസിന്റെ അടുക്കലേയ്ക്കു മടങ്ങിപ്പോയിരുന്ന 1489/90-ലെ മാർത്തോമ്മാ, മാർ യാബാലാഹ്, മാർ ദനഹാ, മാർ യാക്കോബ് എന്നിവരോടു കൂടി കേരളത്തിലേയ്ക്കു തിരിച്ചു വന്നു. ഈ മൂന്നു മെത്രാൻമാരെ മാർ ഏലിയാ അഞ്ചാമൻ എന്ന പാത്രിയർക്കീസ് ഇൻഡ്യയിലെ രാജ്യങ്ങളിലേയ്ക്കും ദാബാഗു (സാബാഗ്) സിൻ, മാസിൻ എന്നിവയ്ക്കു മദ്ധ്യേ സമുദ്രത്തിലുള്ള ദ്വീപുകളിലേയ്ക്കും അയച്ചതായിരുന്നു. ഈ മെത്രാൻമാർ കണ്ണൂരിൽവച്ചു പോർത്തുഗീസുകാരെ കാണുകയും രണ്ടരമാസക്കാലം അവരോടുകൂടി താമസിക്കുകയും തങ്ങളുടെ സ്ഥാനവും പദവിയും അവർക്കു വിവരിച്ചുകൊടുക്കുകയും പോർത്തുഗീസ് പ്രാർത്ഥനാലയത്തിൽ പോർത്തുഗീസുകാർ കുർബാന അർപ്പിച്ചുകഴിഞ്ഞപ്പോൾ കുർബാന ചൊല്ലുകയും പോർത്തുഗീസുകാരിൽ നിന്നു വിലയേറിയ സമ്മാനങ്ങൾ സ്വീകരിക്കുകയും ചെയ്തു. ഇരുകൂട്ടരുടെ ഇടയിലും കൂദാശകളിലുള്ള സഹകരണമുണ്ടായി. 1489/90-ലെ മാർ യോഹന്നാൻ അപ്പോഴും ജീവിച്ചിരിപ്പുണ്ടായിരുന്നു. നവാഗതരിൽ മാർ യാക്കോബ് 1550-52 വരെ ജീവിച്ചിരുന്നു. 1533-ൽ പോർത്തുഗീസുകാർ മൈലാപ്പൂരിൽ കണ്ടുമുട്ടിയ മെത്രാൻ ബാക്കിയുള്ളവരിൽ ഒരാളായിരിക്കണം.

## സുഹൃദ്ബന്ധം തുടരുന്നു: മാർ യാക്കോബ്

പോർത്തുഗീസുകാരും മാർത്തോമ്മാ ക്രിസ്ത്യാനികളും തമ്മിലുള്ള സുഹൃദ്ബന്ധങ്ങൾ തുടർന്നുപോന്നു. പോർത്തുഗീസുകാർക്കു ഒന്നും മാർത്തോമ്മാ ക്രിസ്ത്യാനികൾക്കു മൂന്നു പള്ളികളും ഉണ്ടായിരുന്ന കൊടുങ്ങല്ലൂരാണ് മാർത്തോമ്മാ ക്രിസ്ത്യാനികളുടെ മെത്രാൻമാർ താമസിച്ചിരുന്നത്. 1510-ൽ ആൽബുക്കർക്ക് മെത്രാൻമാർക്ക് അവരുടെ പള്ളി പുനരുദ്ധരിക്കുന്നതിനായി 1000 പണം നൽകുകയുണ്ടായി. 1516-ൽ കൊല്ലത്തെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പള്ളി വീണ്ടും പണിയുവാൻ കൊല്ലത്തെ റാണിയെ ഗവർണർ ലോപ്പോ സോരസ് നിർബന്ധിക്കുകയുണ്ടായി. മാർ യാക്കോബ്, കൊടുങ്ങല്ലൂരെ പോർത്തുഗീസുകാരുടെ ചാപ്ലിൻ ആയിരുന്നു. അദ്ദേഹം അവർക്കുവേണ്ടി ലത്തീനിൽ കുർബാന ചൊല്ലുകയും അവരുടെ കുമ്പസാരം കേൾക്കുകയും ചെയ്തു.

## ഉരസ്സലുകൾ

മാർത്തോമ്മാ ക്രിസ്ത്യാനികൾ തങ്ങളുടെ വൈദികാധികാരത്തിൻ കീഴിലാണെന്നു പോർത്തുഗീസുകാർ കരുതി. മാർത്തോമ്മാ ക്രിസ്ത്യാനികളെ ലത്തീനികരിക്കുന്നതിനും, കേരളത്തിലും ഇൻഡ്യയുടെ ഇതരഭാഗങ്ങളിലും സെലൂക്കിയൻ പാത്രിയർക്കീസിനുള്ള അധികാരം നിർമ്മാർജ്ജനം ചെയ്യുന്നതിനും അവർ ആഗ്രഹിച്ചു. പോർത്തുഗീസ് രാജാവ് അയച്ച എ. പെന്റീഡോ എന്നൊരാൾ 1512-നടുത്ത് കൊടുങ്ങല്ലൂരെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പ്രധാന പള്ളിയിൽ ചെന്നു താമസിക്കുകയും കുർബാന ചൊല്ലുകയും പള്ളിയുടെ റെക്ടറിന്റെ (ഒരുപക്ഷേ ഇൻഡ്യക്കാരനായ ജോസഫിന്റെ) അസാന്നിദ്ധ്യത്തിൽ ലത്തീനികരണം ആരംഭിക്കുകയും ചെയ്തു. റെക്ടർ അതിനെ എതിർത്തു. തൻമൂലം പെന്റീഗോയ്ക്കു പള്ളി വിട്ടുപോകേണ്ടിവന്നു. പെന്റീഗോ മാർത്തോമ്മാ ക്രിസ്ത്യാനികളെ മാമ്മോദീസാ മുക്കുവാൻ ശ്രമിച്ചു. അവർക്കാകട്ടെ മാർ യാക്കോബ് അത് ചെയ്യണമെന്നായിരുന്നു. മാർ യാക്കോബ് നൽകുന്ന ജ്ഞാനസ്നാനം അസാധുവാണെന്ന നാട്യത്തിൽ പോർത്തുഗീസുരാജാവിന്റെ മുൻപാകെ അദ്ദേഹം കുറ്റപ്പെടുത്തപ്പെട്ടു. ആകയാൽ മാർ യാക്കോബു തന്നെത്തന്നെ നീതികരിച്ചുകൊണ്ട് 1523-ൽ (പോർത്തുഗീസ്) രാജാവിന് എഴുതി. ബാബിലോണിലെ പാത്രിയർക്കീസ് ഏതൊന്നിനായി തന്നെ തെരഞ്ഞെടുത്തയച്ചിരിക്കുന്നുവോ ആ ദൈവത്തിന്റെ കാര്യങ്ങളിൽ മാർത്തോമ്മാ ക്രിസ്ത്യാനികളെ ഭരിക്കുന്നതു താനാണെന്ന് ആ കത്തിൽ മാർ യാക്കോബു പറയുന്നു: മാർപ്പാപ്പാമാരുടെ പഴക്കങ്ങളിലും റോമാസഭയുടെ വഴക്കങ്ങളിലും താൻ ശിക്ഷിതനല്ലെങ്കിലും

ജ്ഞാനസ്നാന പ്രശ്നത്തെ സംബന്ധിച്ചു വേദപുസ്തകപഠനം തനിക്കറിയാമെന്ന് അദ്ദേഹം പറഞ്ഞിരിക്കുന്നു. ഇൻഡ്യായുടെ മെത്രാൻ ആയിട്ടാണ് അദ്ദേഹം ഈ കത്തിൽ ഒപ്പുവച്ചിരിക്കുന്നത്. അദ്ദേഹം പറയുന്ന പാത്രിയർക്കീസ് റോമായുമായി യാതൊരു ബന്ധവും ഇല്ലാതിരുന്നയാളാണ്. എന്നിട്ടും മാർ യാക്കോബ് ഒരു കത്തോലിക്കനെപോലെ പെരുമാറുകയും അങ്ങനെതന്നെ പോർത്തുഗീസുകാരാൽ അംഗീകരിക്കപ്പെടുകയും ചെയ്തു. 1553-ൽ മൂന്നാം ജൂലിയസ് മാർപാപ്പാ സുലക്കായെ പാത്രിയർക്കീസായി അവരോധിക്കുന്നതിനുമുമ്പ് കത്തോലിക്കാ സംസർഗ്ഗം സംബന്ധിച്ചു സെലൂക്കിയൻസഭ സ്വീകരിച്ചിരുന്ന നിലപാടിൽ കുറെ വെളിച്ചം വീശുന്ന മാതൃകപരമായ ഒരു സംഭവമാണിത്.

1530-ൽ പോർത്തുഗീസ് രാജാവിന് എഴുതിയ മറ്റൊരു കത്തിൽ റോമാസഭയുടെ ആചാരങ്ങൾ സ്വീകരിക്കുവാൻ സൻമനസ്സുള്ളവരെ അവരുടെ ശത്രുക്കൾ പ്രതിബന്ധപ്പെടുത്തുന്നുവെന്നും പള്ളിയുടെ വാതിക്കൽവെച്ചു വിവാഹം നടത്തുന്നുവെന്നും ജനങ്ങളുടെ ഇടയിൽ പുരോഗതിക്കുവേണ്ടിയുള്ള സൻമനസ്സുണ്ടെന്നും ഏഴു കുട്ടികളെ കൊച്ചിയിലേക്ക് അവിടെ പഠിപ്പിക്കുന്നതിനായി താൻ കൊണ്ടുവന്നിട്ടുണ്ടെന്നും മാർ യാക്കോബു പറയുന്നു.

പോർത്തുഗലിൽ ഉണ്ടായിരുന്ന വിദ്യാർത്ഥികളിൽ നിന്നു ലഭിച്ച അറിവിനെ ആധാരമാക്കി ബാറോസ് പറയുന്നത് 1504-ലെ നാലു മെത്രാൻമാരിൽ രണ്ടുപേർ കേരളത്തെ തങ്ങൾക്കായി ഭാഗിച്ചുവെന്നും പ്രായം കുറഞ്ഞയാൾ കൊല്ലത്തും പ്രായം കൂടിയ ആൾ കൊടുങ്ങല്ലൂരും താമസിച്ചുവെന്നുമാണ്. പ്രായം കൂടിയ ആൾ പണത്തിനു വേണ്ടി ക്രൈസ്തവമാർഗ്ഗം ചേർക്കുന്ന ദുർനടപടി അവസാനിപ്പിച്ചുവെന്നും, റോമൻ റീത്തിലെ മതകർമ്മങ്ങളോടു വളരെ അനുഭാവമുള്ളയാളാണെന്നും ബാറോസ് പ്രസ്താവിക്കുന്നു. ഈ പ്രായം കൂടിയയാൾ മാർ യാക്കോബു ആണെന്നു തോന്നുന്നു. പ്രായം കുറഞ്ഞ ആൾ ആരായിരുന്നു? അദ്ദേഹം യഥാർത്ഥത്തിൽ 1504-ൽ വന്ന നാലുപേരിൽ ഒരാളായിരുന്നോ? വേറെ ഒരാളായിരുന്നോ? പ്രായം കുറഞ്ഞ ഒരാൾ പാഷണ്ഡോപദേശങ്ങൾ സ്വീകരിച്ചിരുന്നെന്നും, എന്നാൽ പശ്ചാത്തപിച്ചു പാപസങ്കീർത്തനം ചെയ്തുവെന്നും ഫ്രാൻസിസ്കൻമാരെ സഹായത്തിനു വിളിച്ചുവെന്നും പറയപ്പെടുന്നു. പെന്റിഡോയുമായി അദ്ദേഹം വഴക്കിടുകയുണ്ടായി. അദ്ദേഹത്തെ ഒരിക്കൽ ഗോവയിലേക്കു നാടുകടത്തിയെങ്കിലും അവിടെനിന്നു രക്ഷപ്പെടുകയുണ്ടായി...

പോർത്തുഗലിൽവച്ച് പട്ടം സ്വീകരിച്ച ഒരു കേരളീയനായ മത്തേവൂസ്ഡയസ് 1550 ജനുവരി 22-ാം തീയതി പോർത്തുഗൽ രാജാവിന് എഴുതിയ കത്തിൽ ബാബിലോൺ പാത്രിയർക്കീസ്

മെത്രാൻമാരെ അയച്ചിരുന്നതു മാർത്തോമ്മാ ക്രിസ്ത്യാനികളെ കത്തോലിക്കാ വിശ്വാസം പഠിപ്പിക്കുന്നതിനായിരുന്നെന്നും, പ്രമാദങ്ങൾ കൂടാതെയല്ലെങ്കിലും അത് അവർ നിർവഹിച്ചിരുന്നെന്നും പെന്റിഡോ അവരെ പരിശുദ്ധമാതാവായ സഭയുടെ അനുസരണത്തിൽ കൊണ്ടുവരികയും അവർക്കായി ഒരു വേതനം സമ്പാദിക്കുകയും ചെയ്യുന്നതുവരെ എല്ലാക്കാര്യങ്ങളും ബാബിലോണിലെ സമ്പ്രദായത്തിൽ ചെയ്തിരുന്ന രണ്ടുപേർ (മെത്രാൻമാർ) ഉണ്ടെന്നും പറയുന്നു. അന്യായപ്പലിശ വാങ്ങുന്ന പാപത്തിൽനിന്ന് അനുതാപികളെ മോചിപ്പിക്കുന്നതിനുള്ള അധികാരവും മത്തേവൂസ് ഡയസ് ആവശ്യപ്പെട്ടിരിക്കുന്നു. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഇടയിൽ ഇതൊരു പിടിക്കപ്പെട്ട പാപമായിരുന്നു.

## മുട്ടുചിറ ശാസനം

കേരളത്തിൽ മുട്ടുചിറയിൽ മലയാളത്തിലുള്ള ഒരു ശിലാശാസനമുണ്ട്. 1528-ൽ മാർ താനായും മാർ ആവുവും ഫാദർ ജോർജും കൂടി ഒരു കുരിശു സ്ഥാപിച്ചുവെന്നും ഫാദർ ജോർജ്ജ് അനന്തിരവൻ മത്തായിയോടുകൂടി പോർത്തുഗലിനു പോയെന്നും അതിൽ പറയുന്നു. ഈ മാർ താനാ 1504-ലെ മാർദനഹാ ആയിരിക്കും. മുകളിൽപ്പറഞ്ഞ പ്രായം കുറഞ്ഞ മെത്രാൻ ഇദ്ദേഹമായിരിക്കുമോ? ആരാണ് മാർ ആവു? കത്തോലിക്കാ എൻസൈക്ളോപീഡിയായിലെ (ന്യൂയോർക്ക് 1913) മൈലാപ്പൂർ (രൂപതയിൽ) മാർ തോമ്മാ ശ്ലീഹാ എന്ന ലേഖനത്തിന്റെ കർത്താവു പറയുന്നുണ്ട്: 1520-ൽ ഒരു അംബ്രോസ് ഒ.പി. കൊടുങ്ങല്ലൂരേയും മൈലാപ്പൂരേയും ഡൊമിനിക്കൻ മിഷനുകളുടെ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടുവെന്ന്. പല മാർത്തോമ്മാ ക്രിസ്ത്യാനികളേയും റോമാസഭയുമായി ഐക്യപ്പെടുത്തിയെന്നു പറയപ്പെടുന്ന മാർ ആവു ഈ അംബ്രോസാണോ? ശാസനത്തിൽ പറയുന്ന മത്തായി മുകളിൽപ്പറഞ്ഞ മത്തേവൂസ് ഡയസ് ആയിരിക്കാം.

## ഉരസ്സലുകൾ ശക്തിപ്പെടുന്നു

പോർത്തുഗീസുകാർ പ്രത്യേകിച്ച് ഫ്രാൻസിസ്കൻമാരും പിന്നീട് കൊടുങ്ങല്ലൂർ സെമിനാരിയിൽ അവരാൽ ശിക്ഷണം ചെയ്യപ്പെട്ട മാർത്തോമ്മാ ക്രിസ്ത്യൻ വൈദികരും (ലത്തീൻ അല്ലാത്ത എന്തും അവർക്കു ശീശ്മയും പാഷണ്ഡതയും ആയിരുന്നു). അമ്പതു നോമ്പു വിഭൂതി ബുധനാഴ്ച ആരംഭിക്കുവാനും, അമ്പതു നോമ്പിൽ മത്സ്യം ഭക്ഷിക്കുവാനും വീഞ്ഞു കുടിക്കുവാനും, കുർബാനയക്കു പുളിക്കാത്ത അപ്പം മാത്രം ഉപയോഗിക്കുവാനും മാർത്തോമ്മാ ക്രിസ്ത്യാനികളെ നിർബന്ധിച്ചു തുടങ്ങി. വിവാഹിതരായ വൈദികർ, കൊടുങ്ങല്ലൂരിൽ പ്രത്യേകിച്ചും കുർബാന ചൊല്ലുന്നതിൽ

അവർ തടസ്സങ്ങളുണ്ടാക്കി. ഈ ശല്യങ്ങളുടെ ഫലമായി മെത്രാൻമാരുൾപ്പെടെ പലരും കൊടുങ്ങല്ലൂരിൽനിന്നും (കൊല്ലത്തുനിന്നും) വിട്ടുപോയി. മാർ യാക്കോബു 1543-നടുത്തു കൊടുങ്ങല്ലൂർ വിട്ടു പോന്നു കൊച്ചിയിൽ ഫ്രാൻസിസ്കൻമാരുടെ കൂടെ താമസമാക്കി. വിശുദ്ധ ഫ്രാൻസിസ് സേവ്യർ അവിടെവെച്ചാണ് അദ്ദേഹത്തെ കണ്ടത്. മാർ യാക്കോബിന്റെ ജീവിതവിശുദ്ധിയെ പ്രശംസിച്ചു കൊണ്ടും എല്ലാ പോർത്തുഗീസുദ്യോഗസ്ഥൻമാരും അദ്ദേഹത്തെ പരിത്യജിച്ചുവെന്ന് പരാതിപ്പെട്ടുകൊണ്ടും വിശുദ്ധൻ 1549-ൽ പോർത്തുഗൽ രാജാവിന് എഴുതി. ഫ്രാൻസിസ്കൻമാർ മാത്രമാണ് മാർ യാക്കോബിനെ അന്വേഷിക്കുന്നതെന്നും, മാർ യാക്കോബിനെ പോർത്തുഗീസുദ്യോഗസ്ഥൻമാർക്കു രാജാവു ശുപാർശ ചെയ്യണമെന്നും മാർ യാക്കോബ് അദ്ദേഹത്തിന്റെ വാർദ്ധക്യകാലത്തു പോലും പരിശുദ്ധമാതാവായ റോമാസഭയുടെ ആചാരങ്ങൾക്ക് അനുസരണമുള്ളവനാണെന്നും 45 കൊല്ലമായി (അതായത് അദ്ദേഹത്തിന്റെ ആഗമനം മുതൽ) മാർ യാക്കോബ് ദൈവത്തെയും രാജാവിനെയും സേവിച്ചുവരുന്നുവെന്നും വിശുദ്ധൻ പോർത്തുഗീസു രാജാവിനെ ധരിപ്പിക്കുന്നുണ്ട്. മാർ യാക്കോബ് കൊച്ചിയിൽ തീർത്തും ദാരിദ്യത്തിലായിരുന്നു. തൻമൂലം പിയറോ ഡി സെക്വീരായോട് വളരെയധികം ലജ്ജയോടുകൂടി, അത്യാവശ്യത്തിന്റെയും ദാരിദ്യത്തിന്റെയും പേരിൽ കേരളത്തിൽ ജീവിക്കുന്ന ഒരാൾക്ക് താൻ പണയം വച്ചിട്ടുള്ള ചെപ്പേടുകൾ കടം വീട്ടി എടുക്കുന്നതിനായും തനിക്കും കൊടുങ്ങല്ലൂർ പട്ടണത്തിലെ എല്ലാ ക്രിസ്ത്യാനികൾക്കുമായും 20 ക്രൂസദോയുടെ ധർമ്മവും അദ്ദേഹം അഭ്യർത്ഥിക്കുകയുണ്ടായി.

കൊടുങ്ങല്ലൂരിനു ചുറ്റും സമീപത്തുള്ള 60 ഗ്രാമങ്ങളിലായി താമസിക്കുന്നുവെന്നു വിശുദ്ധൻ പറയുന്ന മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഭക്തി വർദ്ധിപ്പിക്കുന്നതിനായി വിശുദ്ധ ഫ്രാൻസിസ് സേവ്യർ രണ്ടുതവണ കൊടുങ്ങല്ലൂരെ പള്ളികൾക്ക് ദണ്ഡവിമോചനങ്ങൾ അഭ്യർത്ഥിച്ചകാര്യം ഇവിടെ സ്മർത്തവ്യമാണ്. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഇടയിലെ പ്രധാനികളുടെ മക്കളായ നൂറുകുട്ടികൾ കൊടുങ്ങല്ലൂരെ ഫ്രാൻസിസ്കൻമാരുടെ വക സെമിനാരിയിൽ ഉണ്ടെന്നു വിശുദ്ധൻ തുടർന്നു പറയുന്നു.

ഗുവയാ പറയുന്നതുപോലെ, ലത്തീൻ റീത്തിൽ പട്ടമേറ്റ മുകളിൽപ്പറഞ്ഞ ചെറുപ്പക്കാർ, മാർത്തോമ്മാ ക്രിസ്ത്യൻ ദേവാലയങ്ങളിൽ ലത്തീനിൽ കുർബാന ചൊല്ലുന്നതിന് അവരുടെ സ്വന്തം മാതാപിതാക്കൻമാർപോലും അനുവദിച്ചിരുന്നില്ല. ഗുവായുടെ അഭിപ്രായത്തിൽ, ഈ ചെറുപ്പക്കാരുടെ മാതാപിതാക്കൻമാർ തങ്ങളുടെ ഈ മക്കൾ പഠിപ്പിക്കുന്ന സിദ്ധാന്തങ്ങൾ ഗ്രഹിക്കുവാൻ ഇഷ്ടപ്പെ

ടുകയോ തങ്ങളുടെ സ്വന്തം റീത്തിൽ എന്തെങ്കിലും വ്യതിയാനം വരുത്തുവാൻ അവരെ അനുവദിക്കുകയോ ചെയ്തിരുന്നില്ല. വിവാദ ചെറുപ്പക്കാർ മാർത്തോമ്മാ ക്രിസ്ത്യൻദേവാലയങ്ങളിൽ (പൗരസ്ത്യ) സുറിയാനിയിലും കൊച്ചിയിലും ചുറ്റുപാടുള്ള സ്ഥലങ്ങളിലും ലത്തീനിലും കുർബാന ചൊല്ലിയിരുന്നുവെന്ന് ഡിസൂസാ നമ്മെ മനസ്സിലാക്കുവാൻ ശ്രമിക്കുന്നു. പോർത്തുഗലിൽവെച്ചു പട്ടം സ്വീകരിച്ച പറവൂരെ  രണ്ടുപേർ കൊടുങ്ങല്ലൂരിൽ വിപ്രവാസികളായി കഴിയേണ്ടിവന്നുവെന്നും അവരിൽ ഒരാൾ 1599 വരെ ജീവിച്ചിരുന്നുവെന്നും ഗുവെയാ പറയുന്നു. ലത്തീൻ റീത്തിൽ പട്ടമേറ്റ മാർത്തോമ്മാ ക്രിസ്ത്യൻ യുവാക്കളിൽ ഒരാൾപോലും മാർത്തോമ്മാ ക്രിസ്ത്യാനികളുടെയിടയിൽ ജോലി ചെയ്യുന്നില്ലെന്നും പ്രത്യുത പോർത്തുഗീസുകാരോടുകൂടി അവർക്കു ഭക്ഷിക്കുവാൻ സാധിച്ചിരുന്നതിനാൽ അവർ സന്തോഷപൂർവ്വം കൊച്ചിമെത്രാനോടുകൂടി താമസിച്ചുവെന്നും 1592 ജനുവരി 2 ലെ ഒരു കുറിപ്പിൽ കാണുന്നു. ബിഷപ്പ് റോസ് എസ്.ജെ. (മുകളിൽ ഉദ്ധരിച്ച) 1604-ലെ അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ പറയുന്നത് അവരിൽ ഒരാൾ പോലും ഇന്നുവരെ കേരളത്തിൽ (അതായത് മാർത്തോമ്മാ ക്രിസ്ത്യാനികളുടെയിടയിൽ) ജോലി ചെയ്തിട്ടില്ലായെന്നാണ്.

കൊടുങ്ങല്ലൂരിൽ മൂന്നു ദൈവാലയങ്ങൾ ഉണ്ടായിരുന്ന മാർത്തോമ്മാ ക്രിസ്ത്യാനികൾ ക്രമേണ ആ സ്ഥലം വിട്ടുപോകയാൽ 1601 ആയപ്പോഴേക്കും അവിടെ പതിനാറോ പതിനേഴോ മാർത്തോമ്മാ ക്രിസ്ത്യൻ കുടുംബങ്ങൾ മാത്രമേ ശേഷിച്ചിരുന്നുള്ളൂ. 1619 ആയപ്പോഴേക്കും കൊടുങ്ങല്ലൂർ വെള്ളക്കാരോ കറുത്തവരോ ആയ ഇരുപതോ മുപ്പതോ കുടുംബങ്ങളുള്ള ഒരു ഗ്രാമമായി തീർന്നിരുന്നു. 1600-നു ശേഷവും അവരുടെ വൈദികമേലദ്ധ്യക്ഷൻമാർ കൊടുങ്ങല്ലൂരിൽ താമസിച്ചിരുന്നെങ്കിലും അവർക്ക് ഒരുകാലത്ത് അവിടെ ഉണ്ടായിരുന്ന പ്രാചീനപദവിയും നിലയും പുനഃസ്ഥാപിക്കപ്പെടുകയുണ്ടായില്ല. 1654-ൽ എഴുതപ്പെട്ട Nomi di terre e villagi dove stanno le chiese degli christiani di S. Tommaso Apostolo എന്ന രേഖയിൽ (Jesuit Archives, Rome, Goa, 68ft. 63,65) കൊടുങ്ങല്ലൂരിൽ ഏതെങ്കിലും പള്ളി ഉള്ളതായി പറയുന്നില്ല.

**മാർ യാക്കോബിന്റെ മരണശേഷം**

മാർ യാക്കോബു 1550/52-ൽ നിര്യാതനായി.അതേത്തുടർന്ന് മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം ആരംഭിച്ചു. പരമ്പരാഗതമായ പാത്രിയാർക്കൽ പരമ്പരയ്ക്ക് എതിരായി 1558-ൽ സുലാക്കായും അദ്ദേഹത്തിന്റെ പരമ്പരയിൽപ്പെട്ട പാത്രിയർക്കീസുമാരും രംഗത്തുവന്ന കാര്യം നാം മുക

ളിൽ കണ്ടുവല്ലോ.കാലിക്കുത്തിലും (Calicuth) ഇൻഡ്യ മുഴുവനിലുമുള്ള സ്ഥലങ്ങളുടെ മേലും സന്യാസാശ്രമങ്ങളുടെമേലും സുലാക്കായ്ക്കുള്ള അധികാരം 1553-ൽ മൂന്നാം ജൂലിയസ് മാർപ്പാപ്പാ അംഗീകരിക്കുകയുണ്ടായി. ഈ കാലമായപ്പോഴേക്കും പോർത്തുഗീസുകാർ അതിശക്തരായിത്തീർന്നു. അവരുടെ മിഷനറി പ്രവർത്തനങ്ങൾ, ഈശോസഭക്കാരുടെ ആഗമനശേഷം പ്രത്യേകിച്ചും, വർദ്ധിക്കുകയും ചെയ്തിരുന്നു. 1558-ൽ കൊച്ചി ഗോവയുടെ കീഴിലുള്ള ഒരു മെത്രാസനമായി ഉയർത്തപ്പെട്ടു.

മാർ യാക്കോബിന്റെ മരണാനന്തരം കുറെ കൊല്ലക്കാലത്തേയ്ക്കു മാർത്തോമ്മാ ക്രിസ്ത്യാനികൾക്കു ഒരു മെത്രാനും ഉണ്ടായിരുന്നില്ല. സെലൂക്കിയൻ പാത്രിയർക്കീസിൽ നിന്നുള്ള മെത്രാൻമാരെ കാത്തിരുന്നു നിരാശരായ അവർ പോർത്തുഗീസുകാരോട് അനുഭാവം കാണിച്ചു തുടങ്ങി. ഫ്രാൻസിസ്കൻമാരും ഡോമിനിക്കൻമാരും മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ചില പള്ളികൾ ഏറ്റെടുക്കുകയും ചെയ്തു. എന്നാൽ ഇതാ! 1556-ൽ ഒരു മെത്രാൻ ആഗതനാകുന്നു. ഉടനെ എല്ലാവരും അദ്ദേഹത്തിന്റെ പിന്നാലെ പോയി. ഈ മെത്രാൻ ആരായിരുന്നെന്നു നമുക്കു തീർച്ചയായി പറഞ്ഞുകൂടാ. സുലാക്കായുടെ എതിരാളിയുടെ പക്കൽനിന്നു വന്നതായിരിക്കാം അദ്ദേഹം. താഴെ പറയുവാൻ പോകുന്ന മാർ അബ്രാഹമായിരുന്നുവോ അദ്ദേഹം?

## പുതിയ മെത്രാൻമാർ: മാർ ജോസഫ്

1556-ൽ സുലാക്കയുടെ പിൻഗാമിയായ അബ്ദീശോ പാത്രിയർക്കീസ് സുലാക്കായുടെ സഹോദരനായ മാർ ഏലിയാസിനോടുകൂടി കേരളത്തിലേയ്ക്കയച്ചു. മാൾട്ടായിൽനിന്നുള്ള ഡോമിനിക്കൻ മെത്രാനായ അംബ്രോസും, സുലാക്ക തന്നോടുകൂടി റോമയിലേയ്ക്കു കൊണ്ടുപോയിരുന്ന ഫാദർ അന്റോണിനയും ഇവരെ അനുഗമിച്ചിരുന്നു. മാർ ഏലിയാസ് പാത്രിയർക്കീസിന്റെ പ്രതിനിധിയും, ബിഷപ്പ് അംബ്രോസ് പൗരസ്ത്യദിക്കിലെ പേപ്പൽ നൂൺഷിയോയും ആയിരുന്നു. കേരളത്തിലേയ്ക്കു പോകുന്നതിനു മുമ്പ് മാർ ജോസഫിനേയും മാർ ഏലിയാസിനെയും റോമായിലേക്കു കൊണ്ടുപോകാൻ ബിഷപ്പ് അംബ്രോസ് ഉദ്ദേശിച്ചിരുന്നതായി കാണുന്നു. പോർത്തുഗീസുകാർ അവരെയെല്ലാം അറസ്റ്റ് ചെയ്ത് 18 മാസം തടവിൽ പാർപ്പിച്ചു. ഡോമിനിക്കൻമാരെ ഗോവയിലും മറ്റുള്ളവരെ ആദ്യം മൊസാംബിക്കിലും പിന്നീടു ബാസിന (Bascin) ലുമാണ് തടവിലിട്ടിരുന്നത്. ഇൻഡീസിലെ പോർത്തുഗീസ് വൈസ്രോയിക്കു റോമായിൽനിന്നു സുലാക്കാ കൊണ്ടുവന്നിരുന്ന കത്തുകൾ ഇവരുടെ പക്കൽ ഉണ്ടായിരുന്നു.

ഇന്ത്യ മുഴുവന്റെയും ഏക അധികാരി തങ്ങളാണെന്നായിരുന്നു പോർത്തുഗീസുകാരുടെ വിചാരം. അബ്ദീശോ പാത്രിയർക്കീസ് ത്രെന്തോസുസൂനഹദോസിനയച്ച വിശ്വാസ സത്യപ്രഖ്യാപനത്തിൽ ഗോവയും കൊച്ചി മെത്രാപ്പൊലീസും കോഴിക്കോടു രൂപതയും ക്രിൻഗോളും തനിക്കധീനപ്പെട്ടതാണെന്ന് അവകാശപ്പെട്ടിരുന്നു. എന്നാൽ പോർത്തുഗീസു പ്രതിനിധി അതിനെ എതിർത്തു. ഇൻഡ്യയൊക്കെയുടെയും പ്രീമാസ് (totius Indiae Primes) ആയ ഗോവാ വൈദികമേലദ്ധ്യക്ഷനു വിധേയമായ മെത്രാസനങ്ങളാണിവയെന്നായിരുന്നു അദ്ദേഹത്തിന്റെ വാദം.

പതിനെട്ടു മാസങ്ങൾക്കുശേഷം മാർ ജോസഫും മറ്റുള്ളവരും സ്വതന്ത്രരാക്കപ്പെട്ടു. ഗോവയുടെയും കേരളത്തിന്റെയും അഖിലേന്ത്യായുടെയും മെത്രാനായ് ഗോവാ മെത്രാന്റെ അനുവാദം കൂടാതെ യാതൊരു അംഗീകാരവും പ്രയോഗിക്കുകയില്ല എന്ന വ്യവസ്ഥയിലായിരുന്നു ഈ മോചനം. ലത്തീനിൽ കുർബാന ചൊല്ലുവാൻ മാർ ജോസഫിനെയും മാർ ഏലിയാസിനെയും പഠിപ്പിക്കുകയും, പോർത്തുഗീസുകാരിൽ നിന്നു തെന്നിമാറിക്കഴിയുന്ന ഒരു മെത്രാനെ (മുകളിൽ പറഞ്ഞ ആളോ?) തിരിച്ചയയ്ക്കണമെന്ന് അവരോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. മാർത്തോമ്മാ ക്രിസ്ത്യാനികൾക്കു പൗരസ്ത്യ സുറിയാനി മെത്രാൻമാരെ വളരെ താല്പര്യമായിരുന്നതിനാൽ, (ലത്തീൻ റീത്തിലുള്ള) നമ്മുടെ മെത്രാൻമാർ ചെയ്യുന്നതുപോലെ എല്ലാം ചെയ്ത് ഈ രണ്ടുപേർ വളരെ നൻമ പുറപ്പെടുവിക്കുമെന്നു പോർത്തുഗീസുകാർ കരുതി. ബിഷപ്പ് അംബ്രോസ് 1558 ജനുവരി മാസത്തിൽ കൊച്ചിയിൽവച്ചു നിര്യാതനായി. മാർ ഏലിയാസ്, പാത്രിയർക്കീസിന്റെ അടുക്കലേയ്ക്കു തിരിച്ചു പോകുകയും അനന്തരം റോമായിലെത്തി ഒരു റിപ്പോർട്ടു സമർപ്പിക്കുകയും ചെയ്തു. ആ റിപ്പോർട്ടിൽ മറ്റു കാര്യങ്ങളുടെ കൂട്ടത്തിൽ മാർത്തോമ്മാ ക്രിസ്ത്യാനികൾക്കു പൗരസ്ത്യ സുറിയാനി (കൽദായ) മെത്രാൻമാരെ അയച്ചുകൊടുക്കണമെന്നു അഭ്യർത്ഥിക്കുകയും, പോർത്തുഗീസുകാരുടെ ആശങ്കകളെ ശമിപ്പിക്കുന്നതിനുള്ള ഒരു മാർഗ്ഗം നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

മാർ ജോസഫും, ഫാദർ ആന്റോണിനസും കേരളത്തിൽ വളരെയേറെ പ്രവർത്തിക്കുകയും മുകളിൽപ്പറഞ്ഞ മെത്രാനെ മാനസാന്തരപ്പെടുത്തി തിരിച്ചയയ്ക്കുകയും അദ്ദേഹത്തിന്റെ സ്ഥാനത്തു സത്യവിശ്വാസിയായ ഒരാളെ ആക്കുകയും ചെയ്തു. ഈ സത്യവിശ്വാസിയായ ആൾ മാർ ജോസഫു തന്നെയൊ വേറൊരാളോ? മെൽക്കിയോർ ന്യൂനസ് എസ്.ജെ. 1569 ഡിസംബർ 6-ാം തീയതി മാർ അബ്രാഹത്തെപ്പറ്റി പ്രസ്താവിക്കുമ്പോൾ പറയുന്നത് അദ്ദേഹം അതിനു പതിനൊന്നുകൊല്ലം മുൻപ്, അതാ

യത് 1558-ൽ കേരളത്തിലുണ്ടായിരുന്നുവെന്നാണ്. ആകയാൽ മാന സാന്തരപ്പെടുത്തി തിരിച്ചയയ്ക്കപ്പെട്ടയാൾ മാർ അബ്രാഹമായി രുന്നിരിക്കാം. എന്നാൽ മാർ അബ്രാഹത്തെ മാനസാന്തരപ്പെടു ത്തിയതു അബ്ദീശോ പാത്രിയർക്കീസാണെന്നു കാണുന്നു. എപ്പോൾ എങ്ങനെ, ഇതു സംഭവിച്ചുവെന്നു നമുക്കറിഞ്ഞുകൂടാ. മുകളിൽപ്പറഞ്ഞ സത്യവിശ്വാസിയായ മെത്രാനെ പിന്നീടു പോർത്തുഗലിലേക്ക് നാടുകടത്തിക്കളഞ്ഞു.

മാർ ജോസഫിനും ഫാദർ അന്റോണിനസിനും മാർത്തോമ്മാ ക്രിസ്ത്യാനികൾ നൽകിയ ഹാർദ്ദവമായ സ്വാഗതം കാണിക്കുന്നത് എതിർ പാത്രിയർക്കീസുമാരുടെ അസ്തിത്വം അവർക്കു ബാധക മായിരുന്നില്ലെന്നും, റോമായുമായി സംസർഗ്ഗത്തിലേർപ്പെട്ടിരുന്ന വർ (മാർ ജോസഫും ഫാദർ അന്റോണിനസും തീർച്ചയായും അങ്ങ നെയായിരുന്നല്ലോ) അവർക്കു സ്വീകാര്യമായിരുന്നെന്നുമാണ്. അധികം താമസിയാതെ ഫാദർ അന്റോണിനസ് റോമായിലേയ്ക്കു തിരിച്ചുവിളിക്കപ്പെട്ടു. 1562-ൽ മാർ ജോസഫ് പോർത്തുഗലിലേയ്ക്ക് പോയി (അഥവാ പാഷണ്ഡത ആരോപിക്കപ്പെട്ടു നാടു കടത്തപ്പെ ട്ടു) എല്ലാ സ്ഥലത്തും അദ്ദേഹം കത്തോലിക്കനായും വിശുദ്ധചരി തനായും ആദരിക്കപ്പെട്ടു. പക്ഷേ, അദ്ദേഹം ആഗ്രഹിച്ചതുപോലെ റോമായിലേക്കു പോകുന്നതിനു അദ്ദേഹത്തെ അനുവദിച്ചില്ല. 1564-ൽ ഒരു പേപ്പൽ കത്തോടുകൂടി അദ്ദേഹം തിരികെവന്നു. ഈ കത്തിൽ തിരുസിംഹാസനത്തോടുള്ള അദ്ദേഹത്തിന്റെ ഭക്തിയെ പ്പറ്റി പ്രസ്താവിക്കുകയും, നിനവെയുടെ മെത്രാനും കേരളത്തിന്റെ വിസിറ്ററുമെന്ന് അദ്ദേഹത്തെ വിളിക്കുകയും, അബ്ദീശോ പാത്രി യർക്കീസ് റോമായിൽ എറ്റുപറഞ്ഞ സിദ്ധാന്തങ്ങൾ പഠിപ്പിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്തുകൊണ്ടാണ് ആ കത്തിൽ അദ്ദേഹത്തെ നിനവെയുടെ മെത്രാനും കേരളത്തിന്റെ വിസിറ്ററു മെന്നു പറഞ്ഞിരിക്കുന്നത്? പാത്രിയർക്കീസ് റോമയിൽ ഏറ്റുപ റഞ്ഞ സിദ്ധാന്തങ്ങൾ പഠിപ്പിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തി രിക്കുന്നു. എന്തുകൊണ്ടാണ് ആ കത്തിൽ അദ്ദേഹത്തെ നിനവെ യുടെ മെത്രാനും കേരളത്തിന്റെ വിസിറ്ററുമെന്നു പറഞ്ഞിരിക്കുന്നത്? പാത്രിയർക്കീസ് അദ്ദേഹത്തെ മാർത്തോമ്മാക്രിസ്ത്യാനികളുടെ ഭരണാധികാരിയായിട്ടല്ലേ അയച്ചത്? ഇന്ത്യ മുഴുവനും തങ്ങൾക്കു മാത്രമുള്ള ഭരണാധികാരരംഗമായി അവകാശപ്പെട്ടിരുന്ന പോർത്തു ഗീസുകാരുടെ എതിർപ്പിനെ ശമിപ്പിക്കുവാൻ വേണ്ടിയായിരിക്കണം വിവാദസ്ഥാനപ്പേരുകൾ ഉപയോഗിച്ചിരിക്കുന്നത്.

### മാർ ജോസഫും മാർ അബ്രാഹവും

മാർ ജോസഫിന്റെ അസാന്നിദ്ധ്യത്തിൽ, കൊച്ചി മെത്രാൻ പറ വൂർവെച്ചു പല മാർത്തോമ്മാ ക്രിസ്ത്യൻ തീർത്ഥ സഞ്ചാരികളെ

കാണുകയും, തന്നെ അവരുടെ മെത്രാനായി സ്വീകരിക്കുവാൻ അവരെ നിർബന്ധിക്കുകയും ചെയ്തു. മാർത്തോമ്മാ ക്രിസ്ത്യൻ ദൈവാലയങ്ങൾക്കു വികാരിമാരെ നിയമിക്കുന്നതിന് അദ്ദേഹം അനന്തരം ആലോചിച്ചു. കേരളത്തിലെ നാടുവാഴികളുടെ ഇടയിലുണ്ടായ യുദ്ധംമൂലം ഒന്നും സംഭവിച്ചില്ല. അദ്ദേഹം അനന്തരം ചില മാർത്തോമ്മാ ക്രിസ്ത്യൻ ദൈവാലയങ്ങൾ സന്ദർശിക്കുകയും അവരുടെ വൈദികരുടെയും അൽമായരുടെയും സൻമനോഭാവം നേടുകയും ചെയ്തു. മാർത്തോമ്മാ ക്രിസ്ത്യാനികൾക്കുവേണ്ടി ഒരു കോളേജ് സ്ഥാപിക്കുന്നതിനു പ്ലാനിടുകയുണ്ടായി. ആ അവസരത്തിൽ ഒരു പൗരസ്ത്യ സുറിയാനി മെത്രാൻ ആഗതനാകുകയും, മാർത്തോമ്മാ ക്രിസ്ത്യാനികൾ ഉടനടി അദ്ദേഹത്തെ അനുഗമിക്കുകയും ചെയ്തു. ഈ മെത്രാൻ മുകളിൽപ്പറഞ്ഞ മാർ യൗസേപ്പു തന്നെയൊ, അതോ മാർ അബ്രാഹമോ? മാർ ജോസഫിന്റെ അസാന്നിദ്ധ്യത്തിൽ അബ്ദീശോ പാത്രിയർക്കീസിനാൽ മാർ അബ്രാഹം നിയുക്തനായതായി പറയപ്പെടുന്നു.

അതെങ്ങനെയായാലും മാർ അബ്രാഹം കേരളത്തിലുണ്ടായിരുന്നു. പോർത്തുഗീസുകാർ അദ്ദേഹത്തെ തടവിലാക്കി, പോർത്തുഗലിലേക്കു നാടു കടത്തി. മാർ ജോസഫും ഫാദർ അന്റോണിനസും മാനസാന്തരപ്പെടുത്തി തിരിച്ചയച്ച മെത്രാൻ മാർ അബ്രാഹമാണെങ്കിൽ, ഈ നാടുകടത്തൽ സംഭവിച്ചതു അദ്ദേഹം തന്റെ രാജ്യത്തിലേയ്ക്കു മടങ്ങിപ്പോകുമ്പോഴോ, മാർ ജോസഫിന്റെ അസാന്നിദ്ധ്യത്തിൽ അബ്ദീശോ പാത്രിയർക്കീസിനാൽ അയയ്ക്കപ്പെട്ട പ്രകാരം കേരളത്തിലെത്തിയപ്പോഴോ? പോർത്തുഗലിലേയ്ക്കുള്ള യാത്രാമദ്ധ്യേ മൊസാംബിക്കിൽവെച്ചു അദ്ദേഹം രക്ഷപ്പെട്ടതായോ, തന്റെ രാജ്യത്തിലേയ്ക്ക് പോകുവാൻ അനുവദിക്കപ്പെട്ടതായോ പറയുന്നുണ്ട്. മൊസാംബിക്കിൽ നിന്ന് അദ്ദേഹം കേരളത്തിൽ തിരിച്ചെത്തി. എങ്ങനെയായാലും അദ്ദേഹം പോർത്തുഗലിൽ പോയില്ല. അദ്ദേഹം അബ്ദീശോ പാത്രിയർക്കീസിന്റെ അടുക്കൽ ചെല്ലുകയും, പാത്രിയർക്കീസിന്റെ കത്തുകളോടുകൂടി മാർപാപ്പായുടെ പക്കൽ എത്തുകയും ചെയ്തു. അദ്ദേഹത്തോടു നല്ലതുപോലെ പെരുമാറുവാനും, പാത്രിയർക്കീസിന്റെ അധികാരത്തെ ആദരിക്കുവാനും ഗോവയിലേക്കും കൊച്ചിയിലേയും വൈദികമേലദ്ധ്യക്ഷൻമാരോട് ആവശ്യപ്പെട്ടുകൊണ്ട് മാർപാപ്പാ അദ്ദേഹത്തെ കേരളത്തിലേക്കയച്ചു.

മാർപാപ്പായുടെ കല്പന അനുസരിച്ച് 1567-ൽ അബ്ദീശോ പാത്രിയർക്കീസ് അങ്കമാലി സിംഹാസനം മാർ അബ്രാഹത്തിനും ഗാമിലാ യ്ക്കടുത്തുള്ള സിംഹാസനം (ഏതെന്ന് ഇനിയും വ്യക്തമാക്കപ്പെട്ടിട്ടില്ല) മാർ ജോസഫിനും നിശ്ചയിച്ചു കൊടുത്തു. ഈ

രണ്ടുപേരിൽ അവിശേഷിക്കുന്ന ആൾ ഇൻഡ്യയിലുള്ള തന്റെ എല്ലാ ജനങ്ങളെയും ഭരിച്ചുകൊള്ളണമെന്നും പാത്രിയർക്കീസ് കല്പിച്ചു. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഒരു വൈദിക മേലേദ്ധ്യക്ഷന് നിശ്ചയിച്ചുകൊടുത്തിട്ടുള്ള ഒരു ആസ്ഥാന സിംഹാസനത്തെപ്പറ്റി നാം ഇവിടെ ആദ്യമായി കേൾക്കുകയാണ്. തന്റെ മെത്രാൻമാരെ നിയമിക്കാത്ത പ്രദേശങ്ങളിലേയ്ക്ക് പാത്രിയർക്കീസിന് മെത്രാൻമാരെ നിയമിക്കാമെന്ന് 1562-ൽ മാർപാപ്പാ ഉത്തരവായിരുന്നു. അങ്കമാലി മെത്രാപ്പൊലീത്താ മാർ അബ്രാഹത്തെ, എല്ലാ മെത്രാൻമാരുടെയും മെത്രാപ്പൊലീത്താമാരുടെയും സുപ്പീരിയറായി അബ്ദീശോ പാത്രിയർക്കീസ് നിയമിച്ചിരുന്നു.

മാർ അബ്രാഹം റോമയിൽനിന്ന് ഗോവയിലെത്തി. മാർപാപ്പായുടെ കത്തുകൾ ഉണ്ടായിരുന്നിട്ടും, തന്റെ പാഷണ്ഡത ഗോപനം ചെയ്യുന്നതിനായി ദ്വയാർത്ഥമുള്ള പാഷണ്ഡപദങ്ങൾ ഉപയോഗിച്ചു പേപ്പൽകോടതിയെ അദ്ദേഹം വഞ്ചിച്ചിരിക്കുന്നുവെന്ന നാട്യത്തിൽ പോർത്തുഗീസുകാർ അദ്ദേഹത്തെ അവിടെ തടങ്കലിൽവെച്ചു. പക്ഷേ, രാത്രി അദ്ദേഹം അവിടെനിന്നു രക്ഷപ്പെട്ടു തന്റെ സിംഹാസനത്തിൽ എത്തിച്ചേർന്നു. ഈശോസഭക്കാരും കൊച്ചിമെത്രാനും ഈ പാലായനത്തിൽ അദ്ദേഹത്തെ സഹായിക്കുകയുണ്ടായി.

പലപ്പോഴും കൊച്ചിയിൽ താമസിക്കുകയും, അവിടെയും കൊടുങ്ങല്ലൂരും കൊച്ചി മെത്രാന് അനിഷ്ടകരമായ വിധം തന്റെ അധികാരം പ്രയോഗിക്കുകയും ചെയ്ത മാർ ജോസഫിന്റെ മേൽ പാഷണ്ഡത ആരോപിക്കപ്പെടുകയും വിസ്താരത്തിനായി അദ്ദേഹത്തെ റോമായിലേയ്ക്ക് കൊണ്ടുപോവുകയും ചെയ്തു. അദ്ദേഹം പാഷണ്ഡിയാണെന്ന് കുറ്റം വിധിക്കപ്പെട്ടിട്ടില്ല. പക്ഷേ 1569-ൽ അദ്ദേഹം അവിടെവച്ച് മരിച്ചു. വിശുദ്ധ കുർബാനയുടെ അനുഷ്ഠാനത്തിൽ ലത്തീൻ രീതിയിലുള്ള തിരുവസ്ത്രങ്ങളും പുളിക്കാത്ത അപ്പവും അദ്ദേഹം നടപ്പാക്കിയെന്നു പറയപ്പെടുന്നു. ചില ലത്തീൻ കർമ്മാനുഷ്ഠാനക്രമങ്ങളെ അദ്ദേഹം പൗരസ്ത്യ സുറിയാനിയിലേയ്ക്ക് പരിഭാഷപ്പെടുത്തുകയുണ്ടായി.

മാർ ജോസഫിന്റെ മരണത്തെത്തുടർന്ന് പാത്രിയർക്കീസിന്റെ അജഗണങ്ങളായി ഇൻഡ്യയിലുള്ള എല്ലാ ജനങ്ങളുടെയും ഏകഭരണാധികാരി മാർ അബ്രാഹമായിത്തീർന്നു. 1597-ൽ മരിക്കുന്നതുവരെ അദ്ദേഹം അവരെ ഭരിക്കുകയും ചെയ്തു.

## ഗോവാ സൂനഹദോസ്, 1575

മാർ അബ്രാഹം അദ്ദേഹത്തിന്റെ ഭരണം സമാധാനത്തിൽ ആരംഭിച്ചു. 1575-ലെ ഗോവ പ്രാദേശിക സൂനഹദോസിലേയ്ക്കു മാർ അബ്രാഹത്തെ ഒരു സാമന്ത മെത്രാനെന്ന നിലയിൽ

(അദ്ദേഹം സാമന്തമെത്രാൻ ആയിരുന്നില്ല) പോർത്തുഗീസുകാർ ക്ഷണിക്കുകയുണ്ടായി. അദ്ദേഹം പോയില്ല. പകരം തന്റെ വിശ്വാസസത്യ പ്രഖ്യാപനം റോമിലേയ്ക്കയച്ചു കൊടുത്തു. പോർത്തുഗീസുകാർ തന്നെ രണ്ടു പ്രാവശ്യം തടവിലാക്കിയിട്ടുള്ളതാകയാൽ, തന്റെ സുരക്ഷിതത്വത്തിന് മാർപ്പാപ്പാ ഉറപ്പു നൽകുന്നപക്ഷം ഭാവിയിൽ ഇത്തരം സൂനഹദോസുകളിൽ താൻ സംബന്ധിക്കുന്നതാണെന്ന് അദ്ദേഹം പ്രസ്താവിച്ചിരുന്നു. മാർ അബ്രാഹത്തിന്റെ സാന്നിദ്ധ്യമില്ലാതെ തന്നെ മാർത്തോമ്മാ ക്രിസ്ത്യാനികളെ ഭരിക്കേണ്ടതു പോർത്തുഗീസു രാജാവ് അയയ്ക്കുന്ന മെത്രാൻമാർ ആയിരിക്കണമെന്നും, അല്ലാത്തപക്ഷം ഭാവിയിലെ സൂനഹദോസുകളിൽ മാർ അബ്രാഹം അവശ്യം സംബന്ധിക്കണമെന്നും സൂനഹദോസു തീരുമാനം ചെയ്തു.

ഒരു സൂനഹദോസ് നടത്തത്തക്കവണ്ണം അദ്ദേഹത്തിനു സഫ്രഗൻമാരില്ലാത്തതുകൊണ്ടും, വളരെ വിദൂരസ്ഥലമാകയാൽ അദ്ദേഹത്തിന്റെ പാത്രിയർക്കീസ് വിളിച്ചുകൂട്ടുന്ന സൂനഹദോസിൽ സംബന്ധിക്കുക സാദ്ധ്യമല്ലാത്തതുകൊണ്ടും ഭാവിയിലെ ഗോവാ സൂനഹദോസുകളിൽ സംബന്ധിക്കണമെന്നും മാർപ്പാപ്പാ മാർ അബ്രാഹത്തോട് ആവശ്യപ്പെട്ടു.മാർ അബ്രാഹത്തോടു കാരുണ്യപൂർവ്വം പെരുമാറുവാൻ ഗോവയിലെ വൈദിക മേലദ്ധ്യക്ഷനു മാർപാപ്പാ എഴുതുകയും ചെയ്തു. ഇക്കാര്യത്തിൽ ഇടപെടുവാൻ പോർത്തുഗൽ രാജാവിനോടും മാർപാപ്പാ ആവശ്യപ്പെട്ടു. ഇതു രാജാവ് തന്റെ വൈസ്രോയി മുഖാന്തരമാണ് ചെയ്തത്.

### മാർ അബ്രാഹത്തിന്റെ മറ്റു ചില പ്രവർത്തനങ്ങൾ

പോർത്തുഗീസുകാരുടെ ദുഷിച്ച പെരുമാറ്റങ്ങളിൽ നിന്നു തന്നെ രക്ഷിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 1578 ജനുവരി 3-ന് മാർ അബ്രാഹം മാർപ്പാപ്പായ്ക്ക് ഒരു കത്തയച്ചു. തന്റെ കീഴിൽ ജോലി ചെയ്യുവാൻ ഈശോസഭക്കാരെ അദ്ദേഹം ക്ഷണിച്ചു. ഈശോസഭക്കാർ പള്ളികളിൽ പ്രസംഗിക്കുകയും ചെയ്തു. മാർ അബ്രാഹത്തിന്റെ അർക്കദിയാക്കോനായ (ക്രിസ്തുവിന്റെ) ഗീവർഗീസിനെ, സിംഹാസനത്തിൽ ഒഴിവുണ്ടാകുന്ന പക്ഷം, അങ്കമാലിയുടെ അഡ്മിനിസ്ട്രേറ്ററായി മാർപാപ്പാ സ്ഥിരീകരിച്ചു. ഇതേ അർക്കദിയാക്കോൻതന്നെ പാലയൂരിന്റെ മെത്രാനായി തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. പക്ഷേ അഭിഷേകം ചെയ്യപ്പെട്ടിട്ടില്ല. അനധികൃതനായി വന്ന മാർ ശെമയോനെ റോമാ വഴി പോർത്തുഗലിലേയ്ക്ക് നാടുകടത്തിയപ്പോൾ. അദ്ദേഹം പിന്നിൽ വിട്ടിട്ടുപോയ വികാരി ജനറാൾ 1599 വരെ ജീവിച്ചിരിക്കുകയുണ്ടായി. മാർ ശിമയോൻ നിമിത്തമുണ്ടായ കുഴപ്പങ്ങളുടെ കാലത്തു മാർ അബ്രാഹത്തിനും പാലയൂർ മെത്രാൻ ജോർജിനും അനുസരണമുള്ളവരായിരിപ്പാൻ

മാർപാപ്പാ മാർത്തോമ്മാ ക്രിസ്ത്യാനികളെ ഉദ്ബോധിപ്പിക്കുകയുണ്ടായി. അർക്കദിയാക്കോൻ വിനയംമൂലം മെത്രാൻ പട്ടാഭിഷേകം സ്വീകരിക്കുവാൻ ശങ്കിച്ചേക്കാമെന്നു ഒരു കത്തിൽ മാർപാപ്പാ സൂചിപ്പിക്കുന്നുണ്ടെന്നതു രസകരമായ ഒരു വസ്തുതയാകുന്നു. മാർ അബ്രാഹം 1553-ൽ ഈശോ സഭക്കാരുടെ സഹായത്തോടുകൂടി അങ്കമാലിയിൽ ഒരു സൂനഹദോസു വിളിച്ചുകൂട്ടുകയും ഗ്രന്ഥങ്ങൾ തിരുത്തുകയും വൈദികർ വിവാഹം ചെയ്യരുതെന്നു വിലക്കുകയും മറ്റും ചെയ്തു. വൈപ്പിക്കോട്ട (ചേനോട്ട) യിൽ ഒരു പുതിയ സെമിനാരി ആരംഭിക്കുകയും അതു ഈശോസഭക്കാരെ ഏല്പിക്കുകയും ചെയ്തു. റോമായിൽ നിന്നു ദണ്ഡവിമോചനങ്ങൾ ലഭിക്കുകയുണ്ടായി. മാർ അബ്രാഹത്തിനു പാലിയം കൊടുക്കുവാൻ ഈശോസഭക്കാർ അഭ്യർത്ഥിച്ചു. എന്നാൽ മാർ അബ്രാഹം റോമായിൽനിന്നു നേരിട്ടു നിയമിച്ചിട്ടുള്ള ഒരു മെത്രാപ്പോലീത്താ അല്ലായ്കയാൽ അതു നൽകപ്പെടുകയുണ്ടായില്ല. ഇതിനിടയിൽ, 1578-ൽ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പ്രതിനിധികൾ തങ്ങൾ പോർത്തുഗീസു വൈസ്രോയിക്കു ശുപാർശ ചെയ്യുന്നതിനും അഞ്ചു മെത്രാൻമാരെ അവർക്കയച്ചുകൊടുക്കുവാൻ പാത്രിയർക്കീസിനെ പ്രേരിപ്പിക്കുന്നതിനും മാർപ്പാപ്പായോടു അഭ്യർത്ഥിക്കുകയുണ്ടായി. ആരാധനക്രമ കർമ്മങ്ങളിൽ പൗരസ്ത്യ സുറിയാനി ഭാഷ നിലനിർത്തുന്നപക്ഷം കുറേയൊക്കെ തന്റെ ജനങ്ങളെ ലത്തീനികരിക്കുന്നതിനു മാർ അബ്രാഹം ഈശോസഭക്കാരെ അനുവദിച്ചു. എന്നാൽ ഇതേപ്പറ്റി അദ്ദേഹം പിന്നീടു പശ്ചാത്തപിക്കുകയുണ്ടായി.

## ഗോവാ സൂനഹദോസ് 1585

മാർപ്പാപ്പാ നിർദ്ദേശിച്ചതനുസരിച്ച് മാർ അബ്രാഹം 1585-ലെ ഗോവാ പ്രാദേശിക സൂനഹദോസിൽ സംബന്ധിക്കുകയുണ്ടായി. ഇതിലേയ്ക്കും അദ്ദേഹം ഒരു സാമന്തര മെത്രാനായിട്ടാണ് ക്ഷണിക്കപ്പെട്ടിരുന്നത്. ഗോവാ മെത്രാപ്പൊലീത്തായെ തന്റെ സാക്ഷിപത്രങ്ങൾ കാണിക്കാത്ത യാതൊരു വൈദികാദ്ധ്യക്ഷനെയും അങ്കമാലിയിൽ സ്വീകരിച്ചുകൂടെന്നു മറ്റു കാര്യങ്ങളുടെ കൂട്ടത്തിൽ സൂനഹദോസ് തീരുമാനിക്കുകയുണ്ടായി. ഈ സാക്ഷിപത്രങ്ങൾ ഒന്നുകിൽ മാർപാപ്പായിൽ നിന്നുള്ളതോ അല്ലെങ്കിൽ നാലാം പീയൂസ് മാർപാപ്പാ മുൻപു മാർ അബ്രാഹത്തെ അങ്കമാലി മെത്രാപ്പൊലീത്താ ആയി നിയമിച്ചപ്പോഴത്തെപ്പോലെ കത്തോലിക്കാനായ ഒരു പാത്രിയാർക്കീസിൽ നിന്നുള്ളതോ ആയിരിക്കണം. മാർ അബ്രാഹം മുതലായവരുടെ ഉപയോഗത്തിനായി റോമൻ കർമ്മസംഹിതയും റോമൻ പൊന്തിഫിക്കലും (പൗരസ്ത്യ) സുറിയാനി ഭാഷയിലേയ്ക്കു തർജ്ജമ ചെയ്യണമെന്നും സൂനഹദോസ് ഉത്തരവായി.

ഈ തർജ്ജിമയ്ക്കു മാർ അബ്രാഹത്തിനു സഹായിയായി ഫാ. റോസ് എസ്. ജെ. യെ നൽകി. മാർത്തോമ്മാ ക്രിസ്ത്യാനികളെപ്പറ്റി മുൻ ഗോവാ സൂനഹദോസുകൾ ചെയ്തിട്ടുള്ള തീരുമാനങ്ങളെ ഈ സൂനഹദോസ് സ്ഥിരീകരിച്ചു. മെത്രാൻമാരാൽ മാർത്തോമ്മാ ക്രിസ്ത്യാനികൾ ഭരിക്കപ്പെടണമെന്നും അല്ലാത്ത പക്ഷം മാർ അബ്രാഹം ഭാവി ഗോവാ സൂനഹദോസുകളിൽ സംബന്ധിക്കണമെന്നും 1575-ലെ ഗോവാ സൂനഹദോസ് തീരുമാനിച്ചിരുന്നതായി നാം കണ്ടുവല്ലോ. ഗോവയിലെ ഇൻക്വിസിഷന്റെ അധികാരപരിധിയിൽ അങ്കമാലിയേയും ഉൾപ്പടുത്തി.

### മാർ അബ്രാഹത്തിനെതിരായ കുറ്റാരോപണങ്ങൾ

താൻ സംബന്ധിച്ച ഗോവാ സൂനഹദോസിന്റെ എല്ലാ തീരുമാനങ്ങളേയും മാർ അബ്രാഹം നടപ്പിൽ വരുത്തുകയോ അടുത്ത സൂനഹദോസിൽ സംബന്ധിക്കുകയോ ഉണ്ടായില്ല. പാഷണ്ഡതയും മറ്റു കുറ്റങ്ങളും സംബന്ധിച്ച ഗുരുതരമായ ആരോപങ്ങൾ മാർ അബ്രാഹത്തിന്റെമേൽ ചുമത്തപ്പെട്ടു. ഫാദർ റോസ് എസ്.ജെയും ഫാദർ അബ്രാഹം ഡി ജോർജിയോ എസ്. ജെയും (ജാതിയിൽ ഒരു മാറോനീത്താക്കാരനായ ഇദ്ദേഹം എതോപ്യായിൽ വെച്ചു വേദസാക്ഷിയായി മരിച്ചു. കുറെക്കാലം ഇദ്ദേഹം കേരളത്തിലുണ്ടായിരുന്നു) പ്രത്യേകിച്ചും ഇങ്ങനെയുള്ള ആരോപണം നടത്തി. മാർ അബ്രാഹം ഒഴികെയുള്ള മാർത്തോമ്മാ ക്രിസ്ത്യാനികൾ റോമൻ കത്തോലിക്കാ വിശ്വാസം ഏറ്റുപറഞ്ഞിരുന്നുവെന്നും, അവരുടെ ഗ്രന്ഥങ്ങളിൽ നെസ്തോറിയൻ പ്രമാദങ്ങൾ ഉൾപ്പെട്ടിരുന്നുവെങ്കിലും പരിശുദ്ധ കന്യകാമറിയം ദൈവമാതാവാണെന്ന് അവർ പരസ്യമായി പ്രസംഗിച്ചിരുന്നുവെന്നും, യാമപ്രാർത്ഥനകൾ ചൊല്ലുകയോ പാടുകയോ ചെയ്തിരുന്നപ്പോൾ അവർ നെസ്തോറിയസിന്റെയും മറ്റും പേരുകൾ ഉപേക്ഷിച്ചുകളഞ്ഞിരുന്നുവെന്നും കഴിഞ്ഞ അദ്ധ്യായത്തിൽ സൂചിപ്പിച്ച 1586/7-ലെ തന്റെ പ്രബന്ധത്തിൽ റോസ് എസ്.ജെ. പറയുന്നതായി നാം കണ്ടുവല്ലോ. കാർണിറോ, ഫെർഡിനാൻസ് പാസ്, ന്യൂനസ് സാറെറ്റോ, ഡയോനിഷ്യാ, റോസു മുതലായവർ സാക്ഷീകരിക്കുന്ന പോലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ വിശ്വാസത്തെയും സംസർഗ്ഗത്തെയുംപറ്റി കഴിഞ്ഞ അദ്ധ്യായത്തിൽ പറഞ്ഞ കാര്യങ്ങൾ ഇവിടെ അനുസ്മരിക്കേണ്ടിയിരിക്കുന്നു.

### രണ്ടു തിരുവെഴുത്തുകൾ

മാർ അബ്രാഹത്തിനെതിരായി നടപടികൾ ആരംഭിക്കുന്നതിനും കുറ്റക്കാരനെന്നു കണ്ടാൽ അദ്ദേഹത്തെ തടങ്കലിൽ വയ്ക്കുന്നതിനും, മാർ അബ്രാഹത്തിന്റെ തടങ്കൽ കാലത്തേയ്ക്കു ഒരു വികാരി

അപ്പസ്തോലിക്കയെ നിയമിക്കുന്നതിനും, പാഷണ്ഡത ഉണ്ടെന്നു സംശയിക്കപ്പെടുന്നവരുണ്ടെങ്കിൽ അവരെപ്പറ്റി നേരിട്ടോ വികാരി അപ്പസ്തോലിക്കവഴിയോ അന്വേഷണം നടത്തുന്നതിനും, മാർ അബ്രാഹം സന്നിഹിതനായിരുന്ന ഗോവ സൂനഹദോസിന്റെ ഡിക്രി യനുസരിച്ചു തിരുസിംഹാസനത്തിൽ നിന്നു നിർദ്ദേശിക്കപ്പെടുന്ന ഒരു മെത്രാനല്ലാതെ മറ്റൊരു മെത്രാനും മാർത്തോമ്മാ ക്രിസ്ത്യാനികളെ ഭരിക്കുവാൻ അനുവദിക്കാതിരിക്കുന്നതിനും (അങ്ങനെയൊരു ഡിക്രി ഉണ്ടായിരുന്നോ?) 1595 ജനുവരി 27-ാം തീയതി എട്ടാം ക്ലെമെന്റ് മാർപാപ്പാ ഗോവാ മെത്രാപ്പൊലീത്തായ്ക്ക് (അന്നു ഗോവ അതിമെത്രാസനം ഒഴിവായി കിടക്കുകയായിരുന്നതിനാൽ ആരുടെയും പേരു പറഞ്ഞിട്ടില്ല) ഒരു തിരുവെഴുത്തയച്ചു. വികാരി അപ്പസ്തോലിക്ക ഒരു ലത്തീൻകാരനായിരിക്കണം; സുറിയാനി അറിയാവുന്ന ആളായിരുന്നാൽ നന്ന്. അദ്ദേഹം പട്ടം കൊടുക്കുവാൻ പാടില്ല, ഗോവാ മെത്രാപ്പോലീത്തായ്ക്കു ഉചിതമെന്നു തോന്നുമ്പോൾ ആ ആളെ മാറ്റുകയും പകരം നിയമിക്കുകയും ആകാം. ഈ തിരുവെഴുത്തു പുറപ്പെടുവിച്ച് അധികം കഴിയുന്നതിനു മുമ്പ് ഡോം (അലക്സിസ്) മെനേസിസ് ഒ.ഇ.എസ്.എ. ഗോവാ മെത്രാപ്പോലീത്തായായി നിയമിതനായി.

ഈ തിരുവെഴുത്തു പുറപ്പെടുവിക്കുന്നതിനു മുമ്പുതന്നെ മാർ അബ്രാഹം ഈശോസഭക്കാരുമായി സൗഹാർദ്ദത്തിലായിക്കഴിഞ്ഞിരുന്നു. തന്റെ അർക്കദിയാക്കോനെ (മുൻ പറഞ്ഞയാളല്ല. അദ്ദേഹം ഇതിനകം മരിച്ചുപോയി. പക്ഷ, രണ്ടു പേരുടെയും പേരു ഗീവറുഗീസ് എന്നായിരുന്നു.) സഹായ മെത്രാനായി നിയമിച്ചുകിട്ടുന്നതിനു 1594 ഡിസംബർ 17-ാം തീയതി അദ്ദേഹം ഈശോസഭാ ജനറാലിനു എഴുതിയിരുന്നു. താൻ തന്റെ ജനങ്ങളെ തിരുസിംഹാസനത്തിനും, ഈശോസഭക്കാർക്കും ഭരമേല്പിച്ചിരിക്കുന്നുവെന്ന് ആ കത്തിൽ അദ്ദേഹം പ്രസ്താവിക്കുന്നുണ്ട്. ഈ കത്തിന് യാതൊരു മറുപടിയും ലഭിച്ചില്ല. ഈശോസഭക്കാർ പേപ്പൽ തിരുവെഴുത്തു നടപ്പിൽ വരുത്തുന്നതു നീട്ടിവയ്ക്കുവാൻ ഡോം മെനേസിസിനോട് അഭ്യർത്ഥിച്ചു. എന്നാൽ കുറച്ചു കാലതാമസത്തിനുശേഷം ഒരു സ്വകാര്യാന്വേഷണം നടത്തി അതിന്റെ ഫലം റോമായിലേക്കയച്ചു കൊടുത്തു. മാർ അബ്രാഹം കുറ്റക്കാരനായി കണ്ടുവെന്നും, എന്നാൽ അദ്ദേഹത്തിന്റെ പ്രായം പരിഗണിച്ചും, അദ്ദേഹം ഒരു പർവതപ്രദേശത്തിൽ ജീവിച്ചിരുന്നതിനാൽ അദ്ദേഹത്തെ പിടിക്കുക സാദ്ധ്യമല്ലാതിരുന്നതുകൊണ്ടും അദ്ദേഹത്തെ തടവിലാക്കുക ഉണ്ടായില്ലെന്നും പറയപ്പെടുന്നു.

1597 ജനുവരി 21-ാം തീയതി അതേ എട്ടാം ക്ലമന്റു മാർപ്പാപ്പാ തന്നെ (ഇതു ശ്രദ്ധേയമാണ്) ഗോവാ മെത്രാപ്പോലീത്തായ്ക്കു

മറ്റൊരു തിരുവെഴുത്തയച്ചു. ഒരു പിൻഗാമിയെ നിയമിക്കുന്നതിനു മുൻപു (ഇതു പ്രാധാന്യമർഹിക്കുന്നു) മാർ അബ്രാഹം മരിക്കുന്ന പക്ഷം അങ്കമാലിക്കു ഒരു വികാരി അപ്പസ്തോലികയെ നിയമിക്കുവാനാണ് ഈ എഴുത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത്. വികാരി അപ്പസ്തോലിക്ക യോഗ്യനായ ഒരാൾ ആയിരിക്കണമെന്നതിനെക്കവിഞ്ഞ് (ഇതും പ്രാധാന്യമർഹിക്കുന്നു) അദ്ദേഹത്തിന്റെ യോഗ്യതകളേയും അധികാരങ്ങളേയും പറ്റി തിരുവെഴുത്തു മൗനം പാലിക്കുന്നു. മാർ അബ്രാഹത്തിനു ഒരു പിൻഗാമിയെ നിയമിക്കുന്ന കാര്യത്തിൽ റോമാ അനന്തരം ഏർപ്പെട്ടു. പല പേരുകളും നിർദ്ദേശിക്കപ്പെട്ടു. അക്കാലത്തു മാർത്തോമ്മാ ക്രിസ്ത്യാനികളുടെമേൽ പോർത്തുഗീസു രാജാവിനു യാതൊരു പദ്രുവാദോ അധികാരവുമില്ലായിരുന്നതിനാൽ അദ്ദേഹത്തിന് ഇടപെടാൻ അധികാരമില്ലെന്ന് തീരുമാനിച്ചു. മാർ അബ്രാഹം ജീവിച്ചിരിക്കുന്നുവെന്നും അദ്ദേഹത്തിന്റെ ആരോഗ്യം മെച്ചമായിരിക്കുന്നുവെന്നും അറിവു കിട്ടുകയാൽ 1597 മേയ് 8-ാം തീയതി ഈ പ്രശ്നം നീട്ടിവച്ചു.

### മാർ അബ്രാഹത്തിന്റെ പിൻഗാമി

മാർ അബ്രാഹത്തിന്റെ മരണശേഷം (1597-ൽ അദ്ദേഹം മരിച്ചു) അദ്ദേഹത്തിന്റെ പിൻഗാമിയായി 1599 നവംബർ 5-ാം തീയതി റോസ് എസ്.ജെ. നിയമിതനായി. മാർ അബ്രാഹം ഒരു പാഷണ്ഡിയായി മരിച്ചു എന്നു പോർത്തുഗീസുകാർ പറയുന്നു. റോമായിലെ നടപടികൾ മറ്റു വിധത്തിലാണ് തെളിയിക്കുന്നത്. കേരളത്തിലുണ്ടായിരുന്ന ഫ്രാൻസിസ്കൻമാർ മാർ അബ്രാഹത്തെ അനുകൂലിച്ചിരുന്നു. മാർ അബ്രാഹത്തിന്റെ സാഹസികമായ ജീവിതത്തിന്റെ മുഴുവൻ വിശദാംശങ്ങളും ഇനിയും വ്യക്തമാക്കപ്പെടേണ്ടതായിട്ടാണിരിക്കുന്നത്.

അബ്രാഹം ഡി ജ്യോർജിയോ എസ്.ജെ. 1593 ഡിസംബർ 15-ാം തീയതി ഈശോസഭാ ജനറലിന് എഴുതിയ കത്തിൽ, മാർത്തോമ്മാ ക്രിസ്ത്യാനികളുടെ മെത്രാൻ ഒരു നല്ല കത്തോലിക്കനും, കഴിയുന്നിടത്തോളം ഈശോസഭക്കാരനും ഒരു കരണവശാലും പോർത്തുഗീസുകാരൻ അല്ലാത്തവനും, സുറിയാനിയോ, കൽദായയോ അറിയാവുന്ന സിറിയായിൽ നിന്നുള്ളവനുമായിരിക്കണമെന്നു എഴുതിയിരുന്നു. റോസ് ഒരു ഈശോസഭക്കാരനും സ്പെയിൻകാരനുമായിരുന്നു. അക്കാലത്തു പോർത്തുഗലും സ്പെയിനും ഒറ്റരാജ്യമായിരുന്നു.

ഒരു സ്പെയിൻകാരനായ മോൺസെറാത്തെ എസ്.ജെ 1579-ൽ ഇങ്ങനെ നിർദ്ദേശിച്ചിരുന്നു:

സർവ്വോപരി പരിശുദ്ധ പിതാവ് ഒരു നൂൺഷിയോയെ അയയ്ക്കുന്നത് വലിയൊരു പ്രതിവിധിയായിരിക്കുമെന്ന് എനിക്കു തോന്നുന്നു. ഈ നൂൺഷിയോ ഈ ക്രിസ്ത്യാനികളുടെ കാര്യങ്ങളുടെ നാഡിസ്പന്ദനങ്ങൾ മനസ്സിലാക്കിയശേഷം എല്ലാ കാര്യങ്ങളിലും, പ്രത്യേകിച്ച് അവർ മാർപാപ്പായ്ക്ക് നേരിട്ടുള്ള കീഴിലായിരിക്കണമോ അഥവാ സിറിയായിലെ പാത്രീയർക്കീസിനു കീഴിലായിരിക്കണമോ, അതോ കേരളത്തിലെ മെത്രാന്മാരെ ഗോവാ മെത്രാപ്പൊലീത്തായുടെ സഫ്രഗൻമാരാക്കി ഗോവയിലെ പ്രാദേശിക സൂനഹദോസുകളിൽ സംബന്ധിക്കുവാൻ നിർബന്ധിക്കണമോ എന്ന കാര്യത്തിൽ, നമ്മുടെ കർത്താവിനെ സേവിക്കുന്നതിന് ഉത്തമമായിട്ടുള്ളതെന്തെന്ന് അദ്ദേഹം തീരുമാനിക്കണം. എന്നാൽ ഈ ഓരോ പക്ഷാന്തരങ്ങളിലും പല സംഗതികളും ആലോചിക്കേണ്ടതായുണ്ട്. അവയെല്ലാം ഇവിടെ എഴുതാവുന്നവയല്ല. നൂൺഷിയോ ഒരു അപരിചിതനും പോർത്തുഗീസുകാരനല്ലാത്തവനുമായിരിക്കുന്നതു നന്നായിരിക്കും. ഈ വാക്കുകൾ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ കത്തോലിക്കാ സംസർഗ്ഗത്തെ മാത്രമല്ല, അക്കാലത്തെ വൈദിക രാജ്യതന്ത്രജ്ഞതയേയും വ്യക്തമാക്കുകയാണു ചെയ്യുന്നത്.

## ഡോ മെനേസിസ്: അദ്ദേഹത്തിന്റെ പദ്ധതികൾ

ഡോം മെനേസിസിന്റെ പക്കൽ മുകളിൽപ്പറഞ്ഞ പേപ്പൽ, തിരുവെഴുത്തുകൾ ഉണ്ടായിരുന്നു. മാർ അബ്രാഹത്തിന്റെ മരണശേഷം കീഴ്‌വഴക്കമനുസരിച്ചും, മാർ അബ്രാഹം നടത്തിയ നിയമനത്തിന് അനുസൃതമായും അർക്കദിയാക്കോൻ അങ്കമാലിയുടെ ഭരണച്ചുമതല ഏറ്റെടുത്തു. ഒഴിവായ അങ്കമാലി സിംഹാസനത്തെപ്പറ്റിയുള്ള ഒരു വിവരണം വത്തിക്കാൻ പുരാവസ്തു ശേഖരത്തിൽ ഉണ്ട്. പ്രസ്താവിത അങ്കമാലിപ്പട്ടണത്തിൽ ഒരു മെത്രാപ്പോലീത്തൻ പള്ളിയും അതിനൊരു അർക്കദിയാക്കോനും ഉണ്ട്. മെത്രാപ്പോലീത്തൻ ഭരണാധികാരം സാധാരണയായി അർക്കദിയാക്കോനാണ് വഹിച്ചിരുന്നത് എന്ന് അതിൽ പറഞ്ഞിരുന്നു.

1597 ഡിസംബർ 19–ാം തീയതി ജറുസലേമിലെ ലത്തീൻ പാത്രിയർക്കീസിനു ഡോം മെനേസിസ് അയച്ച കത്തിൽ താൻ കേരളത്തിലേയ്ക്കു പോകുന്നതിനും, പള്ളികൾ സന്ദർശിക്കുന്നതിനും ഒരു സൂനഹദോസു വിളിച്ചു കൂട്ടുന്നതിനും മറ്റും ഉദ്ദേശിക്കുന്നതായി പറഞ്ഞിരിക്കുന്നു. മാർപ്പാപ്പാ നിർദ്ദേശിക്കുന്ന മെത്രാൻ ഒരു സുറിയാനിക്കാരനാണെങ്കിൽ എന്തു നടപടി സ്വീകരിക്കണമെന്ന് ആലോചിക്കുന്നതിനും മാർത്തോമ്മാ ക്രിസ്ത്യാനികളും അർക്കദിയാക്കോനും തീരുമാനിച്ചിരിക്കുന്നുവെന്നും അദ്ദേഹം പറയുന്നുണ്ട്. (ഇതേ കാര്യം റോസ് എസ്.ജെ ഇങ്ങനെയാണ് രേഖപ്പെടുത്തിയി

രിക്കുന്നത്. പരിശുദ്ധ പിതാവ് തങ്ങളുടെ വൈദിക മേലദ്ധ്യക്ഷ നായി തങ്ങളുടെ അർക്കദിയാക്കോനെയല്ലാതെ ഒരു ലത്തീൻകാരനെ അയയ്ക്കുന്ന പക്ഷം തങ്ങളുടെ കാര്യം പരിശുദ്ധ പിതാവിന്റെ അടുക്കൽ വാദിക്കുന്നതിനു എല്ലാവരും ശപഥം ചെയ്തിരിക്കുന്നു). ഒരു പള്ളിയിൽ മാർപ്പാപ്പായുടെ പേരു പറയുന്നതിനെ ഒരു വൈദികൻ പരസ്യമായി നിരോധിച്ചതായി താൻ കേട്ടരിക്കുന്നുവെന്നു ഡോം മെനേസിസ് തുടർന്നു പറയുന്നു. താൻ ഈശോ സഭക്കാരെ ആശ്രയിക്കുന്നുവെന്നും അവരിൽ ഒരാളെ തന്റെ സഫ്രഗനായി മാർത്തോമ്മാ ക്രിസ്ത്യാനികളുടെ മെത്രാനാക്കുവാൻ താൻ ഉദ്ദേശിക്കുന്നുവെന്നും ഡോം മെനേസിസ് പറഞ്ഞു. രാജ്യത്തിൽ താൻ രണ്ടാമനാണെന്നുള്ള തന്റെ ശക്തിയിലും കേരളത്തിലെ രാജാക്കൻമാർ തന്നെ പിന്താങ്ങുമെന്നുള്ളതിലും അദ്ദേഹം ആശ്രയിക്കുന്നു. പാത്രിയർക്കീസ് അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഒരു പാഷണ്ഢിയാണ്. പാഷ്ണഢത പ്രവഹിക്കുന്ന സ്രോതസ്സായ സുറിയാനി ഭാഷ നിരോധിക്കപ്പെടണമെന്നും അദ്ദേഹം പറയുന്നു. മാർത്തോമ്മാ ക്രിസ്ത്യാനികളും അർക്കദിയാക്കോനും തോമ്മായുടെ നിയമം - കഴിഞ്ഞ അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നതു പോലെ അവർക്ക് അതു സുറിയാനി റീത്തുതന്നെയായിരുന്നു - കാത്തുസൂക്ഷിക്കുവാൻ തീരുമാനിച്ചിരിക്കുന്നതായും പറയുന്നു.

**ഡോം മെനേസിസ് കേരളത്തിൽ**

മുകളിൽപ്പറഞ്ഞ രണ്ടു പേപ്പൽ തിരുവെഴുത്തുകളെയും കിഴക്കിന്റെ പ്രൈമറ്റ് എന്ന തന്റെ നിലയേയും ആശ്രയിച്ചുകൊണ്ട് ഡോം മെനേസിസ് ഫാദർ റോസ് എസ്.ജെ യെ അങ്കമാലിയുടെ അഡ്മിനിസ്ട്രേറ്റർ ആയി (അതോ വികാരി അപ്പസ്തോലിക്കയോ?) നിയമിച്ചു. കേരളത്തിലെ സ്ഥിതിഗതികൾ അറിഞ്ഞുകൊണ്ട് ഈ നിയമനത്തെ അർക്കദിയാക്കോന് അനുകൂലമായി അദ്ദേഹം റദ്ദ് ചെയ്തു. അർക്കദിയാക്കോന് ഉപദേഷ്ടാക്കളെ നൽകുകയും താൻ നിശ്ചയിച്ച രീതിയിൽ അദ്ദേഹത്തിൽ നിന്ന് ഒരു വിശ്വാസസത്യ പ്രഖ്യാപനം ആവശ്യപ്പെടുകയും ചെയ്തു. തനിക്കു നേരത്തെ ഉണ്ടായിരുന്നതുതന്നെ സ്വീകരിക്കുകയാണെന്നു പറഞ്ഞുകൊണ്ട് അർക്കദിയാക്കോൻ നിയമനം സ്വീകരിച്ചു. എന്നാൽ വിശ്വാസസത്യ പ്രഖ്യാപനം ചെയ്യുന്ന കാര്യം അദ്ദേഹം നീട്ടിക്കൊണ്ടുപോയി. സെലുക്കിയായിൽ നിന്നുള്ള ഒരു മെത്രാനെ പ്രതീക്ഷിച്ചിരുന്നതിനാലാണ് അദ്ദേഹം ഇങ്ങനെ ചെയ്തത് എന്നു പോർട്ടുഗീസുകാർ പറയുന്നു. എന്നാൽ സെലൂക്കിയായിൽ നിന്ന് മെത്രാന്മാർ കേരളത്തിലേക്കു വരുന്നതിനെ തടയുന്നതിനായി തുറമുഖങ്ങളിൽ മേനേസിസ് കാവൽക്കാരെ നിർത്തിയിരുന്നു. കേരളത്തിലേയ്ക്ക് യാത്ര ചെയ്തുകൊണ്ടിരുന്ന ഒരു മെത്രാനെ തിരിച്ചയച്ചതായും പറയ

പ്പെടുന്നുണ്ട്. ഇതിനിടയിൽ കൊച്ചിയിലുണ്ടായിരുന്ന വൈദികരും സിവിൽപരവുമായ പോർത്തുഗീസ് അധികാരികൾ വികാരിജന റാളോടും (മെത്രാൻ കൊച്ചിയിൽ ഉണ്ടായിരുന്നില്ല) അർക്കദി യാക്കോനും കൂടി വൈപ്പിൽ സമ്മേളിച്ച് അർക്കദിയാക്കോൻ ഒരു ഉത്തമ കത്തോലിക്കനാണെന്നു പ്രഖ്യാപിച്ചു. തന്നെ വായിച്ചു കേൾപ്പിച്ച ഒരു വിശ്വാസസത്യ പ്രഖ്യാപനത്തിന് അർക്കദിയാക്കോൻ വാചികമായ സമ്മതം നൽകി. സമ്മേളനത്തിൽനിന്നു ഒഴിവാക്കി നിർത്തിയിരുന്ന ഈശോസഭക്കാർ ഈ സംഭവവികാസങ്ങളെപ്പറ്റി ഡോം മെനേസിസിന് അറിവു നൽകി. അദ്ദേഹം ഉടനെതന്നെ കേര ളത്തിലേക്ക് യാത്രതിരിച്ചു. അദ്ദേഹം കൊച്ചിയിൽ വന്നിറങ്ങിയ പ്പോൾ അർക്കദിയാക്കോൻ ഭടൻമാർ സഹിതം അവിടെച്ചെന്ന് അദ്ദേ ഹത്തെ കണ്ടു. മാർത്തോമ്മാ ക്രിസ്ത്യാനികൾക്കു വേണ്ടി ഈശോ സഭക്കാർ സെമിനാരി നടത്തിയിരുന്ന വൈപ്പിക്കോട്ടയിലാണ് രണ്ടു പേരുടെയും ഔദ്യോഗിക സന്ദർശനം നിശ്ചയിച്ചിരുന്നത്.

വൈപ്പിക്കോട്ടയിൽ ഡോം മെനേസിസ് ശീശ്മയ്ക്കും സെലു ക്കിയൻമാർക്കുമെതിരായി പ്രസംഗിക്കുകയും, കുർബാനയിലും യാമ പ്രാർത്ഥനയിലും പാത്രിയർക്കീസിന്റെ പേരുചൊല്ലരുതെന്ന മഹ റോൻശിക്ഷയിൻ കീഴിൽ വൈദികരോടും അർക്കദിയാക്കോനോടും കല്പിക്കുകയും ചെയ്തു. അങ്ങനെ, ആരംഭം തൊട്ടുതന്നെ ഡോം മെനേസിസ് മഹറോൻ എന്ന ആയുധം – മാർത്തോമ്മാ ക്രിസ്ത്യാ നികൾ മറ്റൊന്നും ഇതിനോളം ഭയപ്പെട്ടിരുന്നില്ല – എടുത്തു പ്രയോ ഗിച്ചു തുടങ്ങി. അർക്കദിയാക്കോനും വൈദികരും കീഴടങ്ങി.

തുടർന്നു ഡോം മെനേസിസ്, ഈശോസഭക്കാരാൽ പ്രേരിത നായി, ശക്തിയായ എതിർപ്പുണ്ടായിരുന്നിട്ടും പള്ളികൾ സന്ദർശിച്ചു തുടങ്ങി. ബലം പ്രയോഗിച്ചു പള്ളികൾ തുറക്കുകയും, സ്ഥൈര്യലേപനം നൽകികൊണ്ട് അവയിൽ അധികാരം പ്രയോ ഗിക്കുകയും ചെയ്തു. സംഗതികൾ വിശദീകരിക്കുന്നതിനും (പോർത്തുഗീസുകാർ പറയുന്നതുപോലെ) കത്തോലിക്കാ വിശ്വാസം വ്യക്തമാക്കുന്നതിനുമായി ഒരു സൂനഹദോസു വിളിച്ചു കൂട്ടുവാൻ അർക്കദിയാക്കോൻ നിർദ്ദേശിക്കുകയും, ഒരു വിദേശ മെത്രാൻ എന്ന നിലയിൽ പള്ളികൾ സന്ദർശിക്കുവാൻ ഡോം മെനേ സിസിനെ അനുവദിക്കുകയും ചെയ്തു. ഡോം മെനേസിസ് സമ്മ തിച്ചു. എന്നാൽ അർക്കദിയാക്കോൻ സൂനഹദോസു വിളിച്ചുകൂട്ടി യില്ലന്നുള്ള ഒഴികഴിവു പറഞ്ഞുകൊണ്ട് പള്ളികളുടെമേൽ അധി കാരം പ്രയോഗിച്ചുപോന്നു. അർക്കദിയാക്കോൻ തന്നെ മഹറോൻ ചൊല്ലിയത് അദ്ദേഹം കൂട്ടാക്കിയില്ല. പള്ളികൾ സന്ദർശിച്ചുകൊണ്ടു മൂന്നുതവണ അദ്ദേഹം പട്ടം കൊടുക്കുകയും കുറഞ്ഞപക്ഷം ഒരു

നൂറുപേരെ പൗരോഹിത്യത്തിലേയ്ക്കുയർത്തുകയും ചെയ്തു. അപ്പോൾ തന്നെ നെസ്തോറിയൻ വിശ്വാസത്തെ ശപിക്കുവാൻ അവരെ നിർബന്ധിച്ചു. അങ്ങനെ പട്ടം കിട്ടിയവരെയും അവരുടെ ബന്ധുക്കളെയും തനിക്ക് അനുകൂലികളായി അദ്ദേഹം സമ്പാദിച്ചു. കേരളത്തിലെ രാജാക്കൻമാരെ പ്രത്യേകിച്ച് കൊച്ചി രാജാവിനെ, ഭീഷണിപ്പെടുത്തി വശത്താക്കി. പിന്നീടു സ്ഥാനഭ്രഷ്ഠനാക്കി മറ്റൊരാളെ അർക്കദിയാക്കോനാക്കുമെന്ന ഭീഷണിയോടുകൂടി, അർക്കദിയാക്കോനോടു കീഴടങ്ങുവാൻ ആവശ്യപ്പെട്ടു. അർക്കദിയാക്കോൻ കീഴടങ്ങി. (ഭീരുത്വം കൊണ്ടോ? ഉൽക്കർഷേച്ഛ കൊണ്ടോ? ശീശ്മ ഭയന്നോ?)

ഡോം മെനേസിസ് അനന്തരം അർക്കദിയാക്കോനെ കൊണ്ടു പത്തു സംഗതികൾ ഒപ്പുവെപ്പിച്ചു. അവ:

1. നെസ്തോറിയനിസത്തെ ശപിക്കുക. നെസ്തോറിയസ്, തിയൊഡോർ, ദിയോഡോർ ഇവർ നരകാഗ്നിയിലാണെന്നു അംഗീകരിക്കുക.
2. തോമ്മായുടെ നിയമം പത്രോസിന്റെ നിയമം തന്നെയാണെന്നു ഏറ്റുപറയുക.
3. താൻ നിശ്ചയിക്കുന്ന രീതിയിൽ വിശ്വാസസത്യ പ്രഖ്യാപനം നടത്തുക.
4. തെറ്റു തിരുത്തുന്നതിനോ കത്തിച്ചുകളയുന്നതിനോ ആയി എല്ലാ ഗ്രന്ഥങ്ങളും ഏല്പിച്ചു കൊടുക്കുക.
5. മാർപ്പാപ്പായുടെ പരമാധികാരം സ്വീകരിക്കുക.
6. പാത്രിയർക്കീസിനെ ഒരു ശീശ്മക്കാരനും പാഷ്ണഡിയുമായി കുറ്റം വിധിക്കുകയും അദ്ദേഹവുമായി ബന്ധം പുലർത്തുകയില്ലെന്നു പ്രതിജ്ഞയെടുക്കുകയും ചെയ്യുക.
7. റോമ്മാ അയയ്ക്കുകയും റോമ്മാ അംഗീകരിക്കുകയും ചെയ്യാത്ത യാതൊരു മെത്രാനേയും സ്വീകരിക്കുകയില്ലെന്നു സത്യം ചെയ്യുക.
8. ഒരു പുതിയ മെത്രാൻ വരുന്നതുവരെ ഡോം മെനേസിസിനെ തന്റെ മേലാവായി അനുസരിക്കുക.
9. ഡോം മെനേസിസ് നിശ്ചയിക്കുന്ന സ്ഥലത്ത് ഒരു സൂനഹദോസു വിളിച്ചുകൂട്ടാമെന്നും അവിടെ തീരുമാനിക്കപ്പെടുന്നവ എല്ലാം സ്വീകരിച്ചുകൊള്ളാമെന്നും അതിലേയ്ക്കു വൈദികരേയും അൽമായ പ്രതിനിധികളെയും ക്ഷണിച്ചുകൊള്ളാമെന്നും വാഗ്ദാനം ചെയ്യുക.

10. യോദ്ധാക്കളാൽ പരിസേവിതനായി ഒരിടത്തും പോകാതെ, ഡോം മെനേസിസിനോടുകൂടി അദ്ദേഹത്തിന്റെ വാഹനത്തിൽതന്നെ സഞ്ചരിക്കുക. ഇവയിലേതെങ്കിലുമൊന്നു സ്വീകരിക്കുവാൻ വിസമ്മതിക്കുന്നതു എല്ലാം സമ്മതിക്കുന്നതിനു തുല്യമായിരുന്നു. ഇവിടെയും അർക്കദിയാക്കോൻ കീഴടങ്ങി.

## ഉദയംപേരൂർ സൂനഹദോസ്

ഡോം മെനേസിസ് ഉടനെതന്നെ സൂനഹദോസിനു വേണ്ട അടിയന്തര സന്നാഹങ്ങൾ ആരംഭിച്ചു. അതിലേക്കു മഹറോൻ ശിക്ഷയിൽ കീഴ് എല്ലാ വൈദികരേയും മറ്റു വൈദികസ്ഥാനികളേയും താൻ സന്ദർശിച്ചിട്ടില്ലാത്തവ ഉൾപ്പെടെ എല്ലാ പള്ളികളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട നാലു അൽമേനികളെയും ക്ഷണിച്ചു. കൊച്ചി രാജാവിന്റെ സംസ്ഥാനത്തിൽപെട്ട ഉദയംപേരൂർ എന്ന സ്ഥലത്തു എല്ലാവരും, 130 വൈദികരും 660 അൽമേനികളും (തിരഞ്ഞെടുക്കപ്പെട്ടവരും പ്രത്യേകം ക്ഷണിക്കപ്പെട്ടവരും) സമ്മേളിച്ചു. 1599 ജൂൺ മദ്ധ്യത്തിൽ നടത്തപ്പെട്ട ഉദയംപേരൂർ സൂനഹദോസ് ഇതാണ്. ഇവിടെ വച്ച് പാത്രിയർക്കീസിനെ ഒരു ശീശ്മക്കാരനും പാഷണ്ഡിയുമായി കുറ്റംവിധിക്കുന്നതിനും റോമയിൽനിന്നു നേരിട്ടു നിയമിക്കുന്ന മെത്രാനെയല്ലാതെ മറ്റാരെയും സ്വീകരിക്കുന്നതല്ലെന്നു പ്രതിജ്ഞ ചെയ്യുന്നതിനും മാർത്തോമ്മാ ക്രിസ്ത്യാനികളുടെമേൽ സമ്മർദ്ദം ചെലുത്തപ്പെട്ടു. നേരിട്ട് എന്ന പദം ശ്രദ്ധിക്കുക. വിശുദ്ധ പാലിയംവഴി ബഹുമാനിതനായി, റോമായുമായി പ്രകടമായ സംസർഗ്ഗത്തിലായിരുന്ന ദനഹാ-ശിമയോൻ ആണ് ഇങ്ങനെ ശപിക്കപ്പെട്ട പാത്രിയർക്കീസ്.

സൂനഹദോസ് മാർത്തോമ്മാ ക്രിസ്ത്യാനികളുടെ വൈദിക നിയമങ്ങളിലും റീത്തിലും മൗലികമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. മതവിശ്വാസം, സൻമാർഗ്ഗം ശിക്ഷണം, ദുരുപയോഗങ്ങൾ, അന്ധവിശ്വാസങ്ങൾ, ആചാരങ്ങൾ മുതലായവയെപ്പറ്റി തീരുമാനങ്ങളെടുത്തു. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഇടയിൽ അവയുടെ അർത്ഥവും പ്രയോഗവും സംബന്ധിച്ചിടത്തോളം ഡോം മെനേസിസിന്റെ ആശയങ്ങൾക്കനുരൂപമായിട്ടാണ് അവ കൈകാര്യം ചെയ്യപ്പെട്ടത്. ചില ഡിക്രികൾ പരസ്പര വിരുദ്ധങ്ങളായിരുന്നു; മറ്റു ചിലത് വസ്തുനിഷ്ഠമായി ശരിയായിരുന്നില്ല; പലതിലും കാണപ്പെട്ട അതിവർണ്ണനകളും സാമാന്യവൽക്കരണങ്ങളും പറയാനില്ല. എന്നാൽ പല ഡിക്രികളും നല്ലതും ഉപയോഗപ്രദങ്ങളുമായിരുന്നു.

പരിശുദ്ധ കാനോനകൾ അനുസരിച്ചുള്ള ഒരു രൂപതാ സൂനഹദോസ് എന്ന് അദ്ദേഹം തന്നെ വിശേഷിപ്പിച്ച ഈ സൂനഹദോസ്

നടത്തുന്നതിനും ഡോം മെനേസിസിന് എന്തെങ്കിലും അർഹത ഉണ്ടായിരുന്നോ എന്നതാണ് പ്രശ്നം. സൂനഹദോസിനുള്ള അദ്ദേഹത്തിന്റെ ക്ഷണക്കത്തനുസരിച്ചു ഈ സൂനഹദോസ് നടത്തുന്നതിന് അദ്ദേഹത്തിനുള്ള ആധാരം എട്ടാം ക്ലമന്റു മാർപ്പാപ്പായുടെ രണ്ടു തിരുവെഴുത്തുകളും പൗരസ്ത്യദിക്കിന്റെ പ്രൈമറ്റ് എന്ന തന്റെ സ്വന്തം നിലയും, ഒഴിവായിക്കിടക്കുന്ന അങ്കമാലി ഭദ്രാസനത്തിനു ഒരു കത്തീഡ്രൽ ചാപ്പൽ ഇല്ലെന്നുള്ള വസ്തുതയുമാണ്. സൂനഹദോസു നടപടികളിൽ അങ്കമാലി തന്റെ ഒരു സഫ്രഗൻ ഭദ്രാസനമല്ലാതിരുന്ന അങ്കമാലി മെത്രാപ്പോലീത്തൻ എപ്പാർക്കിയിൽ ഒരു രൂപതാ സൂനഹദോസു നടത്തുന്നതിനു മുകളിൽപ്പറഞ്ഞ സംഗതികൾ യാതൊന്നും, അവ എല്ലാം കൂടിയായാലും, ഡോം മെനേസിസിനു എന്തെങ്കിലും അധികാരം നൽകുവാൻ പര്യാപ്തമാകുന്നില്ല. അക്കാലത്ത് അങ്കമാലി പോർത്തുഗൽ രാജാവിന്റെ പദ്രുവാദോയുടെ കീഴിലുമായിരുന്നില്ല. അക്കാലത്തെ ലത്തീൻ ഹയരാർക്കിയിലും അങ്കമാലി ഉൾപ്പെട്ടിരുന്നില്ല.

സൂനഹദോസിൽ സന്നിഹിതരായിരുന്ന റോസ് എസ്.ജെയും ക്യാം പോറി എസ്.ജെയും ഈശോ സഭാ ജനറലിനും പോർത്തുഗലിലുള്ള അദ്ദേഹത്തിന്റെ അസിസ്റ്റന്റിനും അയച്ച കത്തുകളിൽ സൂനഹദോസ് വ്യവസ്ഥാപിതമായ രീതിയിൽ ആയിരുന്നില്ലെന്നു വ്യക്തമായി പ്രസ്താവിക്കുന്നുണ്ട്. ഈ കത്തുകൾ അനുസരിച്ച്:

1. സൂനഹദോസിൽ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ അഭിപ്രായം ആരാഞ്ഞിരുന്നില്ല.
2. അവിടെ തീരുമാനിക്കപ്പെട്ടവ യാതൊന്നും അവർക്കു മനസ്സിലായിരുന്നില്ല.
3. യാതൊരു സൂനഹദോസും ഉണ്ടായിരുന്നില്ല; ബന്ധപ്പെട്ടവർക്കു യാതൊന്നും മനസ്സിലാകാതിരുന്ന നിയമങ്ങളുടെ വായന മാത്രമാണു അവിടെ നടന്നത്.
4. സന്നിഹിതരായവർക്കു രക്ഷാമാർഗ്ഗം യാതൊരു പ്രതിബന്ധവും കൂടാതെ കാണിച്ചു കൊടുക്കുന്നതിനു മാത്രമാണ് താൻ അങ്ങനെ ചെയ്തതെന്നു മെനേസിസ് പറഞ്ഞു.
5. മാർത്തോമ്മാ ക്രിസ്ത്യാനികൾക്കു പിന്താങ്ങുക സാദ്ധ്യമല്ലാത്ത പല കാര്യങ്ങളും ഡിക്രികളിൽ ഉണ്ടായിരുന്നു.
6. റോസ് എസ്.ജെ യുടെ നിർബന്ധംകൊണ്ടു മാത്രമാണ് സന്നിഹിതരായിരുന്നവർ നടപടികൾക്ക് ഒപ്പുവച്ചത്.
7. ഡോം മെനേസിസിന്റെ ശുഷ്കാന്തി യുക്തി ശൂന്യമായതായിരുന്നു.

8. സൂനഹദോസു കഴിഞ്ഞതിനുശേഷം ഡോം മെനേസിസ് നടപടികളിൽ പലതും കൂട്ടിച്ചേർത്തു.

9. സന്നിഹിതരായിരുന്നവരുടെ ഒപ്പ് മൂലരേഖയിൽനിന്ന് റോസ് എസ്. ജെ. യെക്കൊണ്ടു വേർപെടുത്തി വാങ്ങി, ഡോം മെനേസിസ്, അംഗീകാരത്തിനായി റോമായിലേയ്ക്ക് അയയ്ക്കുവാൻ താൻ തയ്യാറാക്കിയ പ്രതിയിൽ കൂട്ടിച്ചേർത്തു.

10. ഈ സൂനഹദോസ് മാർപ്പാപ്പാ അംഗീകരിക്കരുതെന്നും എഴുത്തുകളുടെ കർത്താക്കൾ അഭ്യർത്ഥിക്കുന്നു. അതിലെ തെറ്റു തിരുത്തുന്നതായി റോസ് എസ്. ജെ. (മെത്രാനെന്ന നിലയിൽ) എല്ലാവർക്കും തൃപ്തികരമായ വിധം അങ്കമാലിയിൽ നിയമാനുസൃതം ഒരു സൂനഹദോസുകൂടിയെന്നും ഉദയംപേരൂർവെച്ചു ഡോം മെനേസിസ് കല്പിച്ച ചില കാര്യങ്ങൾ റദ്ദാക്കിയിരിക്കുന്നു എന്നും വ്യക്തമാക്കിയിരിക്കുന്നു.

11. ഡോം മെനേസിസ് നടത്തിയതല്ല, താൻ നടത്തിയ സൂനഹദോസു മാർപ്പാപ്പാ അംഗീകരിക്കണമെന്നു റോസ് എസ്. ജെ അപേക്ഷിക്കുന്നു.

ഇതാണ് ഉദയംപേരൂർ സൂനഹദോസ് അകകത്തോലിക്കാ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പുനരൈക്യത്തിന് ഒരു വ്യവസ്ഥയായി. പിൽക്കാലത്ത് ഇതിന്റെ സ്വീകരണം നിർബന്ധിതമാക്കിയിരിക്കുന്നു.

ഉദയംപേരൂർ സൂനഹദോസ് എന്നെങ്കിലും തിരുസിംഹാസനം അംഗീകരിച്ചുവെന്നു പറയുന്ന യാതൊരു രേഖയും ഉണ്ടായിരിക്കുന്നില്ല. തിരുസിംഹാസനം അത് അംഗീകരിച്ചുവെന്നു സങ്കല്പിച്ചാൽതന്നെ, തിരുസിംഹാസനം അതിലെ ക്രമക്കേടുകളെല്ലാം തിരുത്തുകയും നിയമാനുസൃതമാക്കുകയും ചെയ്യാതെ, അത്തരമൊരു സൂനഹദോസിനു എന്തൊരു ബന്ധനശക്തിയാണുണ്ടാകുകയെന്നു ചോദിക്കേണ്ടിവരുന്നു. സൂനഹദോസിന്റെ ക്രമക്കേടുകൾക്കും അതിൽ ചെയ്തിട്ടുള്ള മയത്തരങ്ങൾക്കും പുറമെ, 1606-ലെ നിയമസംഹിതയിൽ നിന്നു കാണാവുന്നതുപോലെ ലത്തീനികരണവും മറ്റു ചില കാര്യങ്ങളും സംബന്ധിച്ച സൂനഹദോസു നടപടികളിലുണ്ടായിരുന്നവയ്ക്കെല്ലാം റോസ് എസ്. ജെ പൊതുവേ അനുകൂലിയായിരുന്നു. രൂപതാസൂനഹദോസുകൾക്കു റോമായുടെ അംഗീകാരം ആവശ്യമില്ലാതിരിക്കേ, ആ അംഗീകാരം ലഭിക്കുവാൻ ഡോം മെനേസിസ് ശ്രമിച്ചതെന്തുകൊണ്ടാണ്? റോസ് എസ്. ജെ എന്തുകൊണ്ടാണ് അതിന് എതിരായ നിലപാട് എടുത്തത്? തന്റെ സൂനഹദോസിനു റോസ് എസ്. ജെ. യും റോമായുടെ അംഗീകാരം ആവശ്യപ്പെടുകയുണ്ടായി.

1606-ൽ ഗുവയാ പ്രസിദ്ധപ്പെടുത്തിയ രീതിയിലുള്ള ഈ സൂന ഹദോസിന്റെ കഥയും നടപടികളും മുഖേന ഉദയംപേരൂർ സൂന ഹദോസിൽ വച്ചോ അതിനല്പം മുൻപോ, തങ്ങൾ മാർത്തോമ്മാ ക്രിസ്ത്യാനികളെ ശീശ്മയിൽ നിന്നും പാഷണ്ഡതയിൽ നിന്നും മാനസാന്തരപ്പെടുത്തിയെന്ന ആശയം എല്ലായിടത്തും, റോമാ യിൽപ്പോലും പോർത്തുഗീസുകാർ പ്രചരിപ്പിച്ചു. എന്നാൽ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഗ്രന്ഥങ്ങളിൽ പ്രമാദങ്ങൾ ഉണ്ടാ യിരുന്നുവെങ്കിലും അവർ ശീശ്മക്കാരോ, പാഷണ്ഡികളോ അല്ലാ യിരുന്നെങ്കിൽ, അതിനു മുൻപ് എന്നെങ്കിലും അവർ അങ്ങനെയാ യിരുന്നെന്നു പറയാവതല്ല. എന്നിരുന്നാലും പോർത്തുഗീസുകാ രുടെ പ്രിയപ്പെട്ട പ്രസ്താവമനുസരിച്ചു ഉദയംപേരൂർവച്ചോ അതി നല്പം മുൻപോ അവരെ (മർത്തോമ്മാ ക്രിസ്ത്യാനികളെ) റോമാ യുടെ അനുസരണത്തിലേയ്ക്കു കൊണ്ടുവന്നിരിക്കുന്നു. പോർത്തു ഗീസ് രാജാവ് നിർദ്ദേശിക്കുകയും മാർപാപ്പാ നേരിട്ടു നിയമിക്കു കയും ചെയ്യുന്ന മെത്രാൻമാരുടെ കീഴിൽ കൊണ്ടുവരുന്നതിനായി അവരെ പാത്രിയർക്കീസിന്റെ ഭരണാധികാരത്തിൽ നിന്നു വേർപെ ടുത്തിയെന്നും അവരെ ലത്തീനികരിച്ചുവെന്നും അവരുടെ ഗ്രന്ഥ ങ്ങളിലെ പ്രമാദങ്ങൾ തിരുത്തിയെന്നും മറ്റുമാണ് ഈ പ്രസ്താവം അതിന്റെ ആന്തരികഭാവത്തിൽ, അർത്ഥമാക്കുന്നത്.

## അർക്കദിയാക്കോനും സൂനഹദോസും

സൂനഹദോസു കഴിഞ്ഞപ്പോൾ അർക്കദിയാക്കോൻ മാർപ്പാ പ്പായ്ക്കു ലത്തീനിൽ രചിക്കപ്പെട്ട ഒരു എഴുത്തിൽ ഒപ്പുവച്ചു അഥവാ ഒപ്പുവയ്ക്കുവാൻ നിർബന്ധിതനായി. മാർത്തോമ്മാ ക്രിസ്ത്യാനി കൾ ശീശ്മക്കാരായിരുന്നുവെന്നും ഡോം മെനേസിസ് അവരെ മാന സാന്തരപ്പെടുത്തിയെന്നും ആദ്യമൊക്കെ അവർ അതിനെ എതിർത്തി രുന്നെന്നും മറ്റും ആ എഴുത്തിൽ അദ്ദേഹം (അർക്കദിയാക്കോൻ) പറയുകയും ആവശ്യമായ ഭേദഗതികളോടുകൂടി ഉദയംപേരൂർ സൂ നഹദോസ് മാർപ്പാപ്പാ അംഗീകരിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്യുന്നു. ആ കത്തിൽ തന്നെ ഡോം മെനേസിസിനെയോ, റോസ് എസ്.ജെയോ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ മെത്രാനായി നിയ മിക്കണമെന്ന് അദ്ദേഹം അപേക്ഷിക്കുകയും ചെയ്യുന്നുണ്ട്. സൂനഹ ദോസ് കഴിഞ്ഞു നാലു മാസത്തിനുശേഷം അങ്കമാലി രൂപതയുടെ വികാരി അപ്പസ്തോലിക്കയും ഗവർണരുമുണ്ടായി. അർക്കദിയാ ക്കോന്റെ കൈയക്ഷരത്തിൽ ഉള്ള സുറിയാനിയിലാകട്ടെ അദ്ദേഹം ഇൻഡ്യയുടെ ഗവർണ്ണരായ അർക്കദിയാക്കോനാണ്. ഈ കത്തിൽ ഒപ്പുവയ്ക്കുവാൻ അദ്ദേഹം നിർബന്ധിതനായതാണെന്നുള്ളതു വ്യക്തമത്രെ. ഗുവായുടെ മുൻപറഞ്ഞ പുസ്തകത്തെപ്പറ്റി പിന്നീട് അറിഞ്ഞപ്പോൾ 1624 ഡിസംബർ മാസത്തിൽ അദ്ദേഹം അതിനെ

പ്രതിഷേധിച്ചു പറഞ്ഞു: പ്രമാദങ്ങൾ ഒരുപക്ഷേ ഉണ്ടായിരുന്നിരിക്കാം. ദുശ്ശാഠ്യത്തോടുകൂടി സ്ഥീരികരിച്ചിരുന്ന പാഷണ്ഡതകൾ ഉണ്ടായിരുന്നില്ല. ഈ സഭ പാഷ്ണഡതയാൽ ഗ്രസിക്കപ്പെട്ടതായിരുന്നെങ്കിൽ ഈശോസഭാ വൈദികരും മറ്റു കത്തോലിക്കാ സന്യാസ വൈദികരും അതിൽ സ്വീകരിക്കപ്പെടുമായിരുന്നില്ല.

### ബിഷപ്പ് റോസ് എസ്. ജെ. ലത്തീൻ ഭരണം

കേരളത്തിൽ ഡോം മെനേസിസ് സാധിച്ചതിനെപ്പറ്റി റോമാ എന്തെങ്കിലും അറിയുന്നതിനു മുൻപ് റോസ് എസ്.ജെ. 1599 നവംബർ 5-ാം തീയതി, മാർ അബ്രാഹത്തിന്റെ പിൻഗാമിയായി അങ്കമാലി ഭദ്രാസനത്തിലേയ്ക്കു നിർദ്ദേശിക്കപ്പെട്ടു. 1599 ഡിസംബർ 20-ാം തീയതി അദ്ദേഹം ഗോവയുടെ സഫ്രഗനായി നിയമിതനായി. അങ്ങനെ അങ്കമാലിയുടെ മെത്രാപ്പോലീത്തൻ പദവി തടയുകയും നിർത്തലാക്കുകയും ചെയ്തു. 1600 ആഗസ്റ്റ് 4-ാം തീയതി പോർത്തുഗീസു രാജാവിന്റെ പാദ്രുവാദോ അങ്കമാലിയുടെമേലും ബാധകമാക്കി. അങ്ങനെ (പൗരസ്ത്യ) സുറിയാനി ഭാഷ നിർത്തലാക്കുകയും മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ആരാധനക്രമ റീത്തു പൂർണ്ണമായി ലത്തീനികരിക്കുകയും ചെയ്യുക എന്നതൊഴിച്ച് പോർത്തുഗീസുകാർ എന്തിനെല്ലാംവേണ്ടി പരിശ്രമിച്ചുകൊണ്ടിരുന്നോ, അവയെല്ലാം അവർ നേടി. സാധുക്കളായ മാർത്തോമ്മാ ക്രിസ്ത്യാനികൾ അവരുടെ ദുർബ്ബലസ്വരം റോമായിൽ കേൾപ്പിക്കുന്നതിന് മാർഗ്ഗമൊന്നും അവർക്കില്ലായിരുന്നു.

## പോർത്തുഗീസ് ലത്തീൻ ഭരണം: അസ്വസ്ഥത, നിയമലംഘനം, ശീശ്മ (17-ാം നൂറ്റാണ്ട്)

### റോസ് (ഫ്രാൻസിസ്) എസ്.ജെ. (1599-1624)

മാർ അബ്രാഹത്തിന്റെ പിൻഗാമിയായി റോസ് എസ്.ജെ. 1599 നവംബർ 5-ാം തീയതി നാമനിർദ്ദേശം ചെയ്യപ്പെട്ടു. 1599 ഡിസംബർ 20-ാം തീയതി ഒരു മെത്രാപ്പോലീത്തായുടെ (പ്രൈമറ്റിന്റെ) ഭദ്രാസനമായ അങ്കമാലി, ഗോവയുടെ ഒരു സാമന്തരരൂപതയായി തരംതാഴ്ത്തപ്പെട്ടു; 1600 ആഗസ്റ്റ് 4-ാം തീയതി അതിനെ പോർത്തുഗീസു രാജാവിന്റെ പദ്രുവാദോ അധികാരത്തിൻ കീഴിലാക്കി. 1601 ജനുവരി 25-ാം തീയതി റോസ് എസ്.ജെ. മെത്രാനായി അഭിഷേചിക്കപ്പെട്ടു.

ഒരു സാമന്ത രൂപതയുടെ പദവിയിലേക്കു അങ്കമാലി തരംതാഴ്ത്തപ്പെട്ടുവെന്ന വാർത്ത മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഇടയിൽ വലിയ അസ്വസ്ഥതയ്ക്കു കാരണമായി. തന്റെ ഭദ്രാസനം ഇന്ത്യയിൽ ഒന്നാമത്തേതാക്കി തീർക്കുവാൻ ആഗ്രഹിച്ചിരുന്ന

ഡോം മെനേസിസിന്റെ പണിയാണിതെന്ന് അവർ പറഞ്ഞു. തങ്ങളുടെ ഭദ്രാസനത്തിന്റെ നഷ്ടപ്പെട്ട പദവി പുനഃസ്ഥാപിക്കണ മെന്നു കണ്ണുനീർ വാർത്തുകൊണ്ടു അവർ മുറവിളി കൂട്ടി. റോസ് എസ്.ജെ. അവർക്കുവേണ്ടി വാദിച്ചു. കൊടുങ്ങല്ലൂർ എന്ന സ്ഥാന പ്പേരോടുകൂടി തന്റെ ആസ്ഥാനം കൊടുങ്ങല്ലൂർക്കു മാറ്റിക്കിട്ടുവാൻ അദ്ദേഹം പരിശ്രമിക്കുകയും ചെയ്തു. സ്ഥാനപ്പേരിലും ആസ്ഥാ നത്തിലുമുള്ള ഈ മാറ്റം ആവശ്യപ്പെട്ടുകൊണ്ടു മാർത്തോമ്മാ ക്രിസ്ത്യാനികൾ (അങ്കമാലിയിലുള്ളവർപോലും) ലത്തീനിൽ എഴുതിയിട്ടുള്ള ഹർജികൾക്ക് ഒപ്പുവെച്ചു. ഈ ഹർജികളിൽ ചില തിൽ മാർ അബ്രാഹം ഒരു നെസ്തോറിയൻ ആയിരുന്നെന്നു പറ ഞ്ഞിട്ടുണ്ട്. റോസ്. എസ്.ജെ. ഇതിനകം കൊടുങ്ങല്ലൂർ തന്നെ താമ സമാക്കിക്കഴിഞ്ഞിരുന്നു. കൊടുങ്ങല്ലൂർ ഉൾപ്പെടെയുള്ള ചില പ്രദേ ശങ്ങളുടെ മേലുള്ള അധികാരത്തെ പ്രതി റോസ് എസ്.ജെ.യും കൊച്ചിയിലെ ഫ്രാൻസിസ്കൻ മെത്രാനും തമ്മിൽ തർക്കമുത്ഭവി ച്ചു. കൊച്ചി മെത്രാൻ, കൊച്ചിയിലേയും മട്ടാഞ്ചേരിയിലേയും (കൊ ച്ചിയിലേതിനു പകരമായി നിർമ്മിച്ചത്) പള്ളുരുത്തിയിലേയും മാർത്തോമ്മാ ക്രിസ്ത്യൻ പള്ളികൾ പോലെയുള്ള ചില പള്ളി കൾ ബലമായി പിടിച്ചടക്കി. കൊച്ചി മെത്രാൻ ആയുധങ്ങളെടുക്കു വാൻ കൂടി മടിച്ചില്ല.

ഒരിക്കലും നിർത്തലാക്കപ്പെട്ടിയിരുന്നില്ലായെന്നപോലെ, 1608 ഡിസംബർ 22-ാം തീയതി അങ്കമാലിയുടെ മെത്രാപ്പോലീത്തൻ പദവി പുനഃസ്ഥാപിക്കപ്പെട്ടു. എന്നാൽ 1609 ഡിസംബർ 3-ാം തീയതി അങ്കമാലി എന്ന സ്ഥാനപ്പേരു കൊടുങ്ങല്ലൂർ എന്നായി മാറ്റപ്പെട്ടു. കൊടുങ്ങല്ലൂരും പോർത്തുഗൽ രാജാവിന്റെ പദ്രുവാദോ അധികാരത്തിൻ കീഴിലായിരുന്നു. റോസ്. എസ്.ജെ.ക്കു 1609 ജനു വരി 26-ാം തീയതി വിശുദ്ധ പാലിയം നൽകപ്പെട്ടു. അത് അദ്ദേ ഹത്തെ ധരിപ്പിക്കുവാനുള്ള ബഹുമതി നൽകപ്പെട്ടതു അർക്കദി യാക്കോനായിരുന്നു. 1610 ഡിസംബർ 22-ാം തീയതി കൊച്ചി, കൊടു ങ്ങല്ലൂർ, മൈലാപ്പൂർ (ഇതൊരു പദ്രുവാദോ ഭദ്രാസനമായി 1606-ൽ സ്ഥാപിക്കപ്പെട്ടു) എന്നിവയുടെ അതിർത്തികൾ ഡോം മെനേസിസ് നിർണ്ണയിക്കുകയുണ്ടായി. അദ്ദേഹത്തെയായിരുന്നു അതിലേയ്ക്ക് നിയോഗിച്ചിരുന്നത്. കോഴിക്കോട്, കൊടുങ്ങല്ലൂർ, പള്ളിപ്പുറം തുടങ്ങി ചുരുക്കം ലത്തീൻപള്ളികൾ കൊടുങ്ങല്ലൂരിനു കിട്ടി; കൊച്ചി, മട്ടാഞ്ചേരി, പള്ളുരുത്തി, പുറക്കാട് എന്നീ മാർത്തോമ്മാ ക്രിസ്ത്യൻ പള്ളികൾ നഷ്ടപ്പെടുകയും ചെയ്തു. യാതൊരു റീത്തു വ്യത്യാ സവും കൂടാതെ ഇവ കൊച്ചിക്കു ലഭിക്കുകയും ചെയ്തു. ഈ പരിധി നിർണ്ണയംമൂലം കൊടുങ്ങല്ലൂർ വൈദിക സംസ്ഥാനത്തിൽ കേരള ത്തിന്റെ ഏതാനും ഭാഗങ്ങളും കേരളത്തിനു പുറത്ത് (മൈസൂരിലും

മധുരയിലും) ഒറ്റപ്പെട്ട ചില പള്ളികളും സ്ഥലങ്ങളും മാത്രമായി. ഈ പരിധിക്കു പുറത്തുള്ള മാർത്തോമ്മാ ക്രിസ്ത്യാനികൾ അതാതു സ്ഥലത്തെ മെത്രാന്മാരുടെ കീഴിലായി. ആകയാൽ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഈ കൊടുങ്ങല്ലൂർ (അതിന്റെ കീഴിൽ ചുരുക്കം ലത്തീൻകാരോടുകൂടി) മുൻപിലത്തെ അങ്കമാലി യിൽനിന്നും തികച്ചും ഭിന്നമായിരുന്നു. ആ അങ്കമാലിയുടെ അധി കാരം ഇന്ത്യ മുഴുവനിലുള്ള എല്ലാ മാർത്തോമ്മാ ക്രിസ്ത്യാനിക ളുടെമേലുമായിരുന്നു. എന്നുതന്നെയല്ല, കൊടുങ്ങല്ലൂർ മിക്കവാറും ഒരു ലത്തീൻ രൂപതയായിട്ടാണ് പോർത്തുഗീസുകാർ ഗണിച്ചുപോ കുന്നത്. അതു പൂർണ്ണമായി മാർത്തോമ്മാ ക്രിസ്ത്യാനികൾക്കു മാത്രമുള്ളതുമായിരുന്നില്ല. ഈ വിധത്തിൽ മാർത്തോമ്മാ ക്രിസ്ത്യാ നികളുടെ വൈദികമേലദ്ധ്യക്ഷന്മാർക്കു അവകാശപ്പെട്ടിരുന്ന അഖി ലേന്ത്യാ പദവി നിലവിലില്ലാത്തതും അർത്ഥശൂന്യവുമായിത്തീർന്നു. ഇന്ത്യ മുഴുവൻ വിവിധ പദ്രുവാദോ രൂപതകൾക്കായി പങ്കുവയ്ക്ക പ്പെട്ടു. കൊച്ചി മെത്രാനും റോസ് എസ്.ജെ.യും തമ്മിലുള്ള ശണ്ഠ കൾ തുടർന്നുകൊണ്ടിരുന്നു. എല്ലായിടത്തും എല്ലാ കാര്യങ്ങളിലും ഈശോസഭക്കാരും ഫ്രാൻസിസ്കൻമാരും പരസ്പരം പൊരുതുന്ന ഒരു പ്രതീതിയുളവായി.

റോസ് എസ്.ജെ. ഒരു ലത്തീനീകരണക്കാരൻ ആയിരുന്നു. കുർബാന ആരാധനാക്രമം, യാമപ്രാർത്ഥനകളുടെ ചില ഭാഗങ്ങൾ ഇവയെല്ലാം അദ്ദേഹം ലത്തീനീകരിച്ചു. പ്രാചീന ആരാധനാക്രമ ത്തിനു പകരം, ബ്രാഗാ (പോർത്തുഗൽ) രൂപതയിൽ നടപ്പിലിരുന്ന തരത്തിലുള്ള റോമൻ ആരാധനാക്രമത്തിന്റെ പരിഭാഷ നടപ്പാക്കി. റോസ്. എസ്.ജെ. ക്രിസ്തീയ സിദ്ധാന്തങ്ങളെപ്പറ്റി മലയാളത്തിൽ ഒരു ഗ്രന്ഥമെഴുതി. ലത്തീൻ (റോമൻ) പൊന്തിഫിക്കലിന്റെ ഭഗ ങ്ങൾ (പൗരസ്ത്യ) സുറിയാനി ഭാഷയിലേക്കു തർജ്ജമ ചെയ്തു. റോമൻ തക്സായുടെ അടിസ്ഥാനത്തിൽ തക്സായുടെ ഉള്ളടക്ക ങ്ങൾ ക്രമീകരിച്ചു. അദ്ദേഹം പള്ളികൾ സന്ദർശിക്കുകയും, മറ്റുള്ള വർ സന്ദർശിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്തു. 1603-ൽ അങ്ക മാലിയിൽ ഒരു സൂനഹദോസു വിളിച്ചുകൂട്ടി, ഉദയംപേരൂർ നടപടി കളിലെ തെറ്റുകൾ തിരുത്തുകയും 1606-ൽ തന്റെ രൂപതാ നിയമ സംഹിത ക്രോഡീകരിക്കുകയും ചെയ്തു. അർക്കദിയാക്കോന്റെ അധികാരങ്ങൾ മിക്കവാറും ഇല്ലാതാക്കിക്കൊണ്ട് എല്ലാ അധികാ രങ്ങളും തന്നിലേക്കു കേന്ദ്രീകരിച്ചു. ഇതെല്ലാം അദ്ദേഹവും അർക്ക ദിയാക്കോനും തമ്മിൽ അലോസരങ്ങൾക്ക് വഴി തെളിയിച്ചു. ഇതിൽ കൊച്ചി മെത്രാനും ഫ്രാൻസിസ്കന്മാരും അർക്കദിയാക്കോനെ പല പ്പോഴും സഹായിക്കാതിരുന്നിട്ടില്ല. 1608-ൽ അർക്കദിയാക്കോൻ തന്റെ പരാതികൾ ലിസ്ബണിലുള്ള പേപ്പൽ നൂൺഷിയോയെ എഴുതി അറിയിച്ചു. പക്ഷേ, അതിനു യാതൊരു മറുപടിയും ഉണ്ടാ

യില്ല. അർക്കദിയാക്കോനെ മഹറോൻ ചൊല്ലുകപോലും ചെയ്തു. എന്നാൽ 1615-ൽ അദ്ദേഹത്തെ അതിൽനിന്നു മോചിപ്പിച്ചു. ഇതിനിടയിൽ മറ്റൊരാൾ അർക്കദിയാക്കോനായി നിർദ്ദേശിക്കപ്പെട്ടു. റോസ് എസ്.ജെ. ഗോവയിലേയ്ക്കു പോയ അവസരത്തിൽ അർക്കദിയാക്കോനെ അഡ്മിനിസ്ട്രേറ്റർ ആയി നിയമിക്കാത്തതുമൂലമാണെന്നു പറയപ്പെടുന്നു, 1618-ൽ വീണ്ടും ശണ്ഠ പൊട്ടിപ്പുറപ്പെട്ടു. അർക്കദിയാക്കോന്റെ ചെയ്തികൾ നിരോധിക്കുന്നതിനായി റോസ് എസ്.ജെ. ആയുധസഹായംപോലും ആശ്രയിക്കുകയുണ്ടായി. റോസ് എസ്. ജെയുമായി ബന്ധപ്പെട്ടിരുന്ന ഫെനീച്യോ എസ്.ജെ. റോസിന്റെ വിശുദ്ധിയെ അഭിനന്ദിക്കെത്തന്നെ അദ്ദേഹത്തിന് ഇങ്ങനെ എഴുതി: "ജനങ്ങൾ നമ്മെ പരിഹസിക്കുന്നു.... ഈ രൂപതയാണ് ഇന്ത്യയിൽ ഏറ്റവും മോശമായി ഭരിക്കപ്പെടുന്നതെന്ന് അവർ പറയുന്നു. മാർത്തോമ്മാ വൈദികർക്ക് ഈശോ സഭക്കാരെ അവരുടെ പള്ളികളിൽ ആവശ്യമില്ല... തങ്ങൾ ഇനി ഒരിക്കലും ഒരു ഈശോസഭാ മെത്രാന് വിധേയരാകയില്ലെന്ന് അവർ പ്രതിജ്ഞയെടുത്തിരിക്കുന്നു. അതിപ്രധാനമായ കാര്യങ്ങൾ മെത്രാപ്പോലീത്തായുടെ കൈയിൽത്തന്നെ ഇരുന്നുകൊള്ളട്ടെ. ബാക്കിയുള്ളവ അർക്കദിയാക്കോന്റെ കൈയിലും..." മാർ അബ്രാഹം തന്റെ പിൻഗാമിയായി നിർദ്ദേശിച്ചിരുന്നയാളും പാലയൂരെ നിയുക്ത മെത്രാനുമായിരുന്ന (ഈശോയുടെ) ഗീവറുഗീസ് അർക്കദിയാക്കോന്റെ അനന്തിരവനായ (കുരിശിന്റെ) ഗീവർഗീസായിരുന്നു ഈ അർക്കദിയാക്കോൻ. ഇദ്ദേഹം തന്നെയായിരുന്നു ഉദയംപേരൂർ സൂനഹദോസിൽ തന്റെ ഭാഗം അഭിനയിച്ചിരുന്നത്.

റോസ് എസ്.ജെ. 1624 ഫെബ്രുവരി 16-ാം തീയതി നിര്യാതനായി. സ്റ്റീഫൻ ബ്രിട്ടോ എസ്.ജെ. അദ്ദേഹത്തിന്റെ അനന്തരീയനായി.

## ബ്രിട്ടോ (സ്റ്റീഫൻ) എസ്.ജെ. (1624-1641)

ആരംഭത്തിൽ ബ്രിട്ടോ എസ്.ജെയും അർക്കദിയാക്കോനും സുഹൃത്തുക്കളായിരുന്നു; പക്ഷേ വളരെവേഗം അവർ ശത്രുക്കളായിത്തീർന്നു. ബ്രിട്ടോ എസ്.ജെ. 1627-ൽ ഇടപ്പള്ളിയിൽ ഒരു സമ്മേളനം നടത്തുകയും, പൗരോഹിത്യത്തിലേയ്ക്കു സ്വീകരിക്കപ്പെടുന്ന കുട്ടികളെ സംബന്ധിച്ച ചട്ടങ്ങളുണ്ടാക്കുകയും ചെയ്തു. 1628-ൽ തന്നെ ഡോമിനിക്കന്മാർ കടുത്തുരുത്തിയിൽ ഒരു സെമിനാരി ആരംഭിച്ചു. തന്റെ രൂപതയിൽ അവരുടെ സാന്നിദ്ധ്യം ബ്രിട്ടോ എസ്.ജെ. ഇഷ്ടപ്പെട്ടിരുന്നില്ലെങ്കിലും, അവർ മാർത്തോമ്മാ ക്രിസ്ത്യാനികളുമായി ഇഷ്ടത്തിലായിരുന്നു. 1608-ലെ തന്റെ അപേക്ഷയ്ക്കു യാതൊരു മറുപടിയും ലഭിച്ചിട്ടില്ലായെന്നു പരാതിപ്പെട്ടുകൊണ്ട് അർക്കദിയാക്കോൻ വീണ്ടും ലിസ്ബണിലെ പേപ്പൽ നൂൺഷിയോയ്ക്കെഴുതി. മറ്റു സന്യാസസഭക്കാർ കേരളത്തിൽ പ്രവേശിക്കുന്ന

തിനു ഈശോസഭക്കാർ തടസ്സമായിരിക്കുന്നുവെന്നും ഈശോസ ഭക്കാർക്കു രക്തസാക്ഷികളാരുമില്ലെന്നും, അവർക്ക് അക്രൈസ്ത വരെ മാനസാന്തരപ്പെടുത്തുക സാദ്ധ്യമല്ലെന്നും ഡോമിനിക്കൻ സഭാംഗമായ ഡൊനാത്തോയെ ബ്രിട്ടോ എസ്.ജെ.യുടെ സഹായ മെത്രാനായി നിയമിക്കണമെന്നും ആ കത്തിൽ അദ്ദേഹം നിർദ്ദേ ശിച്ചിരുന്നു. നൂൺഷിയോ ഈ അപേക്ഷയെ ശുപാർശ ചെയ്യുകയും റോമാ ഡൊനാത്തോയെ ബ്രിട്ടോ എസ്.ജെയുടെ സഹായമെത്രാ നായി നാമനിർദ്ദേശം ചെയ്യുകയും ഉണ്ടായി. പക്ഷേ കേരളത്തി ലേക്കുള്ള യാത്രാമദ്ധ്യേ കടൽക്കള്ളന്മാരാൽ ഡൊനോത്തോ വധി ക്കപ്പെട്ടു. മാർത്തോമ്മാശ്ലീഹായുടെ സന്യാസസഭ എന്നപേരിൽ വൈദികർക്കായി ബ്രിട്ടോ എസ്.ജെ. ഇടപ്പള്ളിൽ ഒരു സന്യാസാ ശ്രമം സ്ഥാപിക്കുകയുണ്ടായി. അതിലെ അംഗങ്ങൾ അർക്കദിയാ ക്കോന്റെ പക്ഷം ചേരുകയും ചട്ടങ്ങളനുസരിക്കുന്നതിൽ കണിശ മില്ലാത്തവരായിത്തീരുകയും ചെയ്തു. ബ്രിട്ടോയുടെ സുറിയാനി ഭാഷാജ്ഞതമൂലം തങ്ങളുടെ റീത്തിൽ പ്രമാദങ്ങൾ കടന്നുകൂടി യിരിക്കുന്നുവെന്നും ഒരു (പൗരസ്ത്യ) സുറിയാനി മെത്രാനാൽ ഭരിക്കപ്പെടണമെന്നായിരുന്നു ഉദയംപേരൂരെയും അങ്കമാലിയി ലെയും തങ്ങളുടെ അഭ്യർത്ഥനയെന്നും, അവർക്ക് ഇഷ്ടപ്പെട്ട സ്ഥല ങ്ങളിലല്ലാതെ ഈശോസഭക്കാർ സുറിയാനി പഠിപ്പിക്കുന്നില്ലെന്നും, രാജാവ് വൈദികർക്കു അയച്ചുകൊടുത്തിരുന്ന കുർബാനപ്പണം മുഴു വനായി ഈശോസഭക്കാർ അവർക്കു നൽകുന്നില്ലെന്നും അർക്ക ദിയാക്കോനോട് ആലോചിക്കാതെ ബ്രിട്ടോ പള്ളികൾക്കു വികാ രിമാരെ നിയമിച്ചുവരുന്നെന്നും, 1632-ൽ അർക്കദിയാക്കോൻ പോർത്തുഗൽ രാജാവിനോടു പരാതിപ്പെടുകയുണ്ടായി. 1636-നും 1637-നുമിടയ്ക്കു കേരളത്തിലുണ്ടായിരുന്ന കർമ്മലീത്താ സുപ്പീരി യർ സാക്ഷ്യപ്പെടുത്തുന്നത്, അതു സുറിയാനി റീത്തിനെ നിഷ്ഠൂ രമായവിധം ലത്തീനികരിക്കുന്ന ഒരു കാലഘട്ടമായിരുന്നുവെന്നാ ണ്. പ്രക്ഷുബ്ധാവസ്ഥ വർദ്ധിച്ചു. അർക്കദിയാക്കോന്റെ സമ്മതം കൂടാതെ ഏതെങ്കിലും വികാരിയെ നിയമിക്കുകയോ നീക്കം ചെയ്യു കയോ, സസ്പെൻഡു ചെയ്യുകയോ, ആരെയെങ്കിലും മഹറോൻ ചൊല്ലുകയോ ചെയ്യുന്നതല്ലെന്നു ഒരു രേഖയിൽ ബ്രിട്ടോ എസ്. ജെ. ഒപ്പുവയ്ക്കേണ്ടി വന്നു. ഈ രേഖ മാറ്റിക്കൊടുക്കുവാൻ 1636-ൽ പോർത്തുഗീസ് വൈസ്രോയി, നിർബന്ധിച്ചു നോക്കിയെങ്കിലും അർക്കദിയാക്കോൻ കൗശലത്തിൽ അതു ഒളിച്ചുവെച്ചതായി പറ യപ്പെടുന്നു.

അർക്കദിയാക്കോൻ (കുരിശിന്റെ) ഗീവറുഗീസ് 1637-ൽ നിര്യാ തനായി. തോമ്മാ അർക്കദിയാക്കോൻ അദ്ദേഹത്തിന്റെ പിൻഗാമി യായി. ബ്രിട്ടോ എസ്.ജെ. 1641-ൽ മരണം പ്രാപിച്ചു. ഫ്രാൻസിസ്

ഗാർസ്യാ എസ്.ജെ. അദ്ദേഹത്തെ പിന്തുടർന്നു. ബ്രിട്ടോ എസ്.ജെ. ഇന്ത്യയുടെ മെത്രാപ്പോലീത്താ എന്നാണ് ഒപ്പുവച്ചിരുന്നത്.

## ഗാർസ്യാ (ഫ്രാൻസീസ്) എസ്.ജെ. (1641-1659)

പുതിയ മെത്രാപ്പോലീത്തായും (ഗാർസ്യാ എസ്.ജെ. യും) പുതിയ അർക്കദിയാക്കോനും (തോമ്മായും) തമ്മിൽ ശരിയായ ഒരു സമരം തന്നെ ആരംഭിച്ചു. തന്റെ സമ്മതം കൂടാതെ മെത്രാപ്പോലീത്തായ്ക്കു യാതൊന്നും ചെയ്യാനാവില്ലെന്നും അർക്കദിയാക്കോൻ വൻപുപറഞ്ഞിരുന്നു. പല കാര്യങ്ങളിലും ഗാർസ്യാ എസ്.ജെ. അർക്കദിയാക്കോനു കീഴടങ്ങേണ്ടിവന്നു. നെസ്തോറിയൻ, കോപ്ടിക് തുടങ്ങിയ പാത്രിയർക്കീസുമാരുമായി അർക്കദിയാക്കോനു രഹസ്യ കത്തിടപാടുകളുണ്ടായിരുന്നുവെന്നു പറയപ്പെടുന്നു. എന്നാൽ ചിലരുടെ അഭിപ്രായത്തിൽ അദ്ദേഹം (കത്തോലിക്ക) പൗരസ്ത്യ സുറിയാനി (കൽദായ) പാത്രയർക്കീസിനു മാത്രമേ എഴുതിയിരുന്നുള്ളൂ. 1656-ൽ പോർത്തുഗലിലേയ്ക്ക് അദ്ദേഹം അയച്ച കത്തിൽ കഴിഞ്ഞ അൻപതുകൊല്ലമായി താൻ ബാബിലോണിലേയ്ക്കോ മറ്റേതെങ്കിലും സ്ഥലത്തേക്കോ എഴുതിയിട്ടില്ലെന്ന് അർക്കദിയാക്കോൻ പറഞ്ഞിട്ടുണ്ട്. ഇതു നാം പിന്നാലെ പറയാൻ പോകുന്ന അദ്ദേഹത്തിന്റെ മെത്രാപ്പോലീത്തായായുള്ള കപടാഭിഷേകത്തിനുശേഷമാണ്. അതിനാൽ പ്രത്യക്ഷത്തിൽതന്നെ അതു അസ്വീകാര്യമായിരുന്നു. റോമായിലെ പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ പുരാവസ്തു ശേഖരത്തിൽ കാണപ്പെടുന്ന ഈ കാലഘട്ടത്തിലെ രേഖകൾ തെളിയിക്കുന്നതു തിരുസിംഹാസനവുമായി ഇടപാടു നടത്തുന്നതിനു തന്റെ പ്രൊക്കുറേറ്റർ ആയി റോമായിലെ സാന്താ മറിയാ ഡെല്ലാ സ്കാള നിഷ്പാദുക കർമ്മലീത്താ ആശ്രമത്തിന്റെ പ്രിയോരെ അർക്കദിയാക്കോൻ നിയമിച്ചിരുന്നുവെന്നാണ്.

## മാർ അഹത്തള്ളാ

1652-ൽ ഒരു അഹത്തള്ളാ മൈലാപ്പൂരിലെത്തി. വന്നയുടനെ താൻ "അഖിലേന്ത്യായുടെയും ചൈനായുടെയും പാത്രിയാർക്കീസാണെ"ന്നും "നമ്മുടെ നാഥനായ മാർപ്പാപ്പായിൽനിന്നും എല്ലാ അധികാരങ്ങളും തനിക്കു ലഭിച്ചിട്ടുണ്ടെ"ന്നും അദ്ദേഹം മാർത്തോമ്മാ ക്രിസ്ത്യാനികളെ അറിയിച്ചു. തനിക്കുചുറ്റും അണിനിരക്കുവാൻ "ദൈവമാതാവായ കന്യാമറിയത്തിന്റെ നാമത്തിൽ" അദ്ദേഹം മാർത്തോമ്മാ ക്രിസ്ത്യാനികളെ ക്ഷണിച്ചു. മാർത്തോമ്മാ ക്രിസ്ത്യൻ സമുദായം ഒന്നാകെ ഉത്തേജിതമായി; എല്ലാ സ്ഥലത്തും മത്സരങ്ങൾ പൊട്ടിപ്പുറപ്പെട്ടു. അഹത്തള്ളായുടെ ഗതിവിഗതികളെക്കുറിച്ചു മൈലാപ്പൂരിൽനിന്നു ഫാദർ മാനുവൽ ഡി ലീറാ എസ്.

ജെ. പോർത്തുഗീസ് അധികാരികൾക്കു രഹസ്യ അറിവു നൽകി. പോർത്തുഗീസ് അധികാരികൾ കാലവിളംബമെന്യേ അദ്ദേഹത്തെ കൊച്ചിവഴി ഗോവയിലേക്കു നാടുകടത്തി.

### കൂനൻകുരിശു സത്യം

അർക്കദിയാക്കോൻ ഒരു സംഘം പടയാളികളോടുകൂടി കൊച്ചിയിലെത്തി പാത്രിയർക്കീസിനെ (അഹത്തള്ളായെ) കാണണമെന്നും അദ്ദേഹത്തിന്റെ സാക്ഷ്യപത്രങ്ങൾ പരിശോധിക്കണമെന്നും ആവശ്യപ്പെട്ടു. സാക്ഷ്യപത്രങ്ങൾ കൃത്രിമങ്ങളാണെന്നു തെളിഞ്ഞാൽ പാത്രിയർക്കീസിനെ മോചിപ്പിക്കണമെന്ന് ആവശ്യപ്പെടുകയില്ലെന്നു അദ്ദേഹം പറഞ്ഞു. പോർത്തുഗീസുകാർ ആദ്യം സമ്മതിച്ചു. എന്നാൽ ഉടനെതന്നെ അർക്കദിയാക്കോനെയോ അദ്ദേഹത്തിന്റെ അനുഗാമികളെയോ, അദ്ദേഹത്തെയോ, അദ്ദേഹത്തിന്റെ അധികാരപത്രങ്ങളോ കാണിക്കാതെ അഹത്തള്ളായെ ഗോവയിലേക്കു നാടുകടത്തി. മെത്രാപ്പോലീത്താ ഗാർസ്യാ എസ്.ജെ.യുടെ പെരുമാറ്റം ധിക്കാരപരമായിരുന്നുവെന്നു പറയപ്പെടുന്നു. പോർത്തുഗീസ് രാജസ്ഥാനത്തിന്റെ അറിവു കൂടാതെ യാതൊരു മെത്രാനും നിയമാനുസൃതമായി മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പക്കൽ വരിക സാദ്ധ്യമല്ലെന്നായിരുന്നു പോർത്തുഗീസുകാരുടെ വാദം.

കൊച്ചി കടൽതീരത്തു പോർത്തുഗീസുകാർ അഹത്തള്ളയെ മുക്കിക്കൊന്നുവെന്ന തെറ്റായ ഒരു കിംവദന്തി പരന്നു. അപ്പോൾ അർക്കദിയാക്കോൻ പോർത്തുഗീസ് കപ്പിത്താന് ഇങ്ങനെ എഴുതി: എന്നുമാത്രമല്ല, കപ്പിത്താനേ, പൗലീസ്തരായ പാതിരിമാർ (ഈശോസഭക്കാർ) ഞങ്ങളിൽനിന്നു എടുത്തുകളഞ്ഞ പാത്രിയർക്കീസിനെ, സത്യമെന്തെന്നറിയുന്നതിനും, ഈ ക്രിസ്തീയ സമുദായം മുഴുവൻ അതു അനുസരിക്കുന്നതിനും വേണ്ടി, തിരികെ കൊണ്ടുവരുന്നതിനു തീക്ഷ്ണമായി പരിശ്രമിക്കണമെന്നു ദൈവസ്നേഹത്തെപ്രതിയും, ക്രിസ്തീയ സമുദായത്തിന്റെ സേവനത്തെ പ്രതിയും അങ്ങേ ബഹുമാന്യതയോടു ഞാൻ അഭ്യർത്ഥിക്കുന്നു. എന്നാൽ പൗലീസ്ത്യരാൽ വധിക്കപ്പെടുകമൂലം പാത്രിയർക്കീസിനെ ഹാജരാക്കുക സാധ്യമല്ലെങ്കിൽ (ഡോമിനിക്കൻ, അഗസ്തീനിയൻ. പ്രാൻസിസ്കൻ, കർമ്മലീത്താ എന്ന) നാലു സന്യാസ സഭയിൽപെട്ട മറ്റാരെങ്കിലും മാർപാപ്പായുടെ കല്പനപ്രകാരം ഇവിടെ വരട്ടെ, സുറിയാനി ഭാഷാജ്ഞാനവും ഞങ്ങളെ പഠിപ്പിക്കുവാനും സഹായിക്കുവാനും കഴിവുമുള്ള ഒരാൾ ആയിരിക്കണം. എന്നാൽ പൗലീസ്തർ വേണ്ടാ. അവരെ ഞങ്ങൾ അല്പവും ആഗ്രഹിക്കുന്നില്ല. കാരണം അവർ ഞങ്ങളുടെയും പരിശുദ്ധമാതാവായ റോമാസഭയുടെയും ശത്രുക്കളാകുന്നു. ഇവരൊഴികെ മറ്റാരെങ്കിലും

വരട്ടേ, യാതൊരു ആശങ്കയും കൂടാതെ അവരെ അനുസരിക്കുവാൻ ഞങ്ങൾ തയ്യാറാണ്.

പിന്നീട് സന്നിഹിതരായിരുന്നവരെല്ലാം കൊച്ചിക്കടുത്തുള്ള മട്ടാഞ്ചേരിയിലേയ്ക്കു നീങ്ങി. അവിടെ പാരമ്പര്യം പറയുന്നതുപോലെ വെളിമ്പ്രദേശത്തുണ്ടായിരുന്ന കൂനൻകുരിശ് എന്നു വിളിക്കപ്പെടുന്ന കുരിശിൽ നീളമുള്ള ഒരു കയർകെട്ടി, കയറിൽ പിടിച്ചുകൊണ്ട്, മേലാൽ ഒരിക്കലും പൗലീസ്ത്യരുടെ (അതായത് ഈശോസഭക്കാരുടെ) കീഴിൽ ആയിരിക്കുന്നതല്ലെന്നു സത്യം ചെയ്തു. 1653 ജനുവരി 3-ാം തീയതി നടന്ന ഈ സത്യപ്രതിജ്ഞയോടു ചുരുക്കം ചിലരൊഴികെ (400-ഓ. 500-ഓ 4000 ഓ?) എല്ലാ മാർത്തോമ്മാ ക്രിസ്ത്യാനികളും യോജിച്ചുനിന്നു. ഈ സത്യം റീത്തിനെ സംബന്ധിക്കുന്ന ഒരു പ്രശ്നത്തിൽ നിന്നുമാത്രം രൂപം പൂണ്ടതല്ല. പ്രത്യുത പ്രാദേശിക സ്വയംഭരണത്തിന് അർക്കദിയാക്കോനുണ്ടായിരുന്ന അവകാശം തിരസ്കൃതമായിരിക്കുന്നുവെന്നുള്ള ദൃഢബോധ്യത്തിൽനിന്നു കൂടിയാണ്.

### അർക്കദിയാക്കോൻ, കപട മെത്രാപ്പോലീത്താ

അസംതൃപ്തർ ഇടപ്പള്ളിയിൽ ഒരു യോഗം കൂടി. അനന്തരം 1653 മേയ് 22-ാം തീയതി ആലങ്ങോട്ടു സമ്മേളിച്ച് ഗാർസ്യാ എസ്. ജെ.യെ അനുസരിക്കുന്നതല്ലെന്നു സുവിശേഷം പിടിച്ചു സത്യം ചെയ്തു. പന്ത്രണ്ടു വൈദികർ തോമ്മാ അർക്കദിയാക്കോന്റെ തലയിൽ കൈവച്ചു അദ്ദേഹത്തെ ഒന്നാം മാർത്തോമ്മാ മെത്രാപ്പോലീത്താ എന്നു വിളിച്ചു. അഹത്തള്ളായുടെ കല്പന അനുസരിച്ച് തങ്ങൾ ഇതിനു അധികാരപ്പെടുത്തപ്പെട്ടിട്ടുണ്ടെന്നു സന്നിഹിതരായവരെ വിശ്വസിപ്പിച്ചു. അഹത്തള്ളായുടെ കത്ത് (അതു കൃത്രിമമായിരുന്നു) ഉറക്കെ വായിക്കുകയും ചെയ്തു. കുറവിലങ്ങാട്ടുക്കാരൻ പറമ്പിൽ ചാണ്ടി (ഡി ക്യാം പോ എന്നു യൂറോപ്യൻമാർ അദ്ദേഹത്തെ വിളിക്കുന്നു) കടുത്തുരുത്തിക്കാരൻ കടവിൽ ചാണ്ടി, അങ്കമാലിക്കാരൻ വെണ്ടൂർ ഗീവറുഗീസ്, കല്ലിശ്ശേരിക്കാരൻ ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ എന്നി നാലു വൈദികരെ ഈ കപട മെത്രാപ്പോലീത്തായ്ക്കു ഉപദേഷ്ടാക്കളായി നൽകപ്പെട്ടു. കപട മെത്രാപ്പോലീത്തായുടെ സെക്രട്ടറി ഡയാസ് എന്നൊരു ലത്തീൻ വൈദികനും നിയമിതനായി. ആ പന്ത്രണ്ടു വൈദികർ അർക്കദിയാക്കോന്റെ മേൽ തങ്ങളുടെ കൈകൾ വച്ചപ്പോൾ അവരുടെ ഉദ്ദേശ്യം യഥാർത്ഥ അഭിഷേകമായിരുന്നോ എന്നു ഇവിടെ ഒരു ചോദ്യമുണ്ടാകാം. അതെങ്ങനെയായിരുന്നാലും അർക്കദിയാക്കോൻ, നിയമാനുസൃതമായ മെത്രാൻ പട്ടാഭിഷേകം ലഭിക്കുവാൻ പരസ്യമായി ശ്രമിച്ചിരുന്നെങ്കിലും മെത്രാനടുത്ത അധികാരങ്ങൾ പ്രയോഗിച്ചുകൊണ്ടിരുന്നു.

പലരും ഈ നടപടിയെ അംഗീകരിച്ചില്ല. അവരുടെ അഭിപ്രായം റോമായുടെ തീരുമാനമനുസരിച്ചു പ്രവർത്തിക്കാമെന്നായിരുന്നു. അതൃപ്തന്മാരുടെ നേതാക്കന്മാർ ഒരു മാനിഫെസ്റ്റോയിൽ എല്ലാം നിയമാനുസൃതമായിരുന്നെന്നു പ്രഖ്യാപിക്കുകയുണ്ടായി. ആ മാനിഫെസ്റ്റോ പറയുന്നു: "സാൻതോമിലേക്കു പോകുകയും പ്രസ്തുത പാത്രിയർക്കീസിനെ സന്ദർശിക്കുകയും ചെയ്ത നമ്മുടെ ആളുകൾ (അവരിൽ രണ്ടു പേർ മൈലാപ്പൂരെ സാൻതോമിൽ വച്ച് അഹത്തുള്ളായെ സന്ദർശിക്കുകയും, മുകളിൽ പറഞ്ഞ അദ്ദേഹത്തിന്റെ കത്ത് അദ്ദേഹത്തിൽ നിന്നു സ്വീകരിക്കുകയും ചെയ്തിരുന്നു.) അദ്ദേഹത്തിൽനിന്ന് ഒരു കത്തും അധികാരപത്രവും സ്വീകരിച്ചു നമ്മുടെ പക്കലേയ്ക്കു കൊണ്ടുവന്നിരുന്നു. അവയാണ് നമ്മെ നയിക്കുന്നത്. ആകയാൽ മാർപ്പാപ്പായുടെയും പരിശുദ്ധ മാതാവായ റോമാസഭയുടെയും കല്പന അനുസരിച്ചുവന്ന പാത്രീയർക്കീസിന്റെ ഉത്തരവും കല്പനയും അടിസ്ഥാനമാക്കി നാം ഒരു മെത്രാപ്പോലീത്തായെ അവരോധിച്ചിരിക്കുന്നു. അതിനെപ്പറ്റി പൗലീസ്തരായ പാതിരിമാർ അവരുടെ പ്രസംഗപീഠങ്ങളിൽനിന്നു പ്രസംഗിക്കുകയും നാം ശീശ്മക്കാരാണെന്നു പറയുകയും ചെയ്താലും നാം പ്രസ്തുത മെത്രാപ്പോലീത്തായോടുകൂടി ജീവിക്കുന്നതാണ്. കൊച്ചിയിൽ വെച്ചു തങ്ങൾ ഉന്നയിച്ച പരാതികൾ കേൾക്കപ്പെട്ടില്ലായെന്നു പറഞ്ഞശേഷം മാനിഫെസ്റ്റോ തുടരുന്നു: "ആകയാൽ, അവർ പരിശുദ്ധ പിതാവിന്റെയും പരിശുദ്ധ മാതാവായ റോമാസഭയുടെയും ശാസനങ്ങൾക്ക് യാതൊരു പരിഗണനയും നൽകാത്തതിനാലും, പൗലീസ്തരായ പാതിരിമാർ (= ഈശോ സഭാ വൈദികർ) നമ്മുടെയും പരിശുദ്ധ മാതാവായ റോമാ സഭയുടെയും ശത്രുക്കളാകയാലും, പാത്രിയർക്കീസിനെ നാം നമ്മുടെ കണ്ണുകൊണ്ടു കാണുന്നതുവരെ, അവരുമായി നമുക്ക് യാതൊരു സൗഹാർദ്ദബന്ധവും ഉണ്ടായിരിക്കുന്നതല്ലെന്നും ആ സന്യാസ സഭയിൽപ്പെട്ട മെത്രാപ്പോലീത്തായെ ഒരു വിധത്തിലും അനുസരിക്കുന്നതല്ലെന്നും ഇവിടെ സന്നിഹിതരായിരിക്കുന്ന നാം തീരുമാനിക്കുന്നു.

പലരും വേഗം കപടമെത്രാപ്പോലീത്തായെ വിട്ടുപോയി. അക്കൂട്ടത്തിൽ ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാരൊഴികെയുള്ള എല്ലാ ഉപദേഷ്ടാക്കളും ഉൾപ്പെടുന്നു. ഇട്ടിത്തൊമ്മൻ കത്തനാർ ഒരു മന്ത്രവാദിയും അർക്കദിയാക്കോന്റെ മെത്രാൻ സ്ഥാനാഭിഷേകം മാർപ്പാപ്പാ അംഗീകരിച്ചിരിക്കുന്നുവെന്നു ജനങ്ങളെ വിശ്വസിപ്പിക്കുന്നതിനായി പേപ്പൽ രേഖകൾ കൃത്രിമമായി ഉണ്ടാക്കുന്നതിൽ ഏർപ്പെട്ടിരുന്നയാളുമായിരുന്നു. അദ്ദേഹത്തിന്റെ കൈകളിൽ അർക്കദിയാക്കോൻ വെറുമൊരു പാവ മാത്രമായിരുന്നു.

## കർമ്മലീത്താ കമ്മിസ്സറിമാർ

നിഷ്പാദുക കർമ്മലീത്താക്കാർ ഇതിനു മുൻപുതന്നെ മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് അറിയപ്പെട്ടിരുന്നു. കപട മെത്രാപ്പോലീത്താ ആകുന്നതിനു മുൻപും പിൻപും, അർക്കദിയാക്കോൻ റോമായിലെ സാന്താ മറിയ ഡെല്ലാസ്കാല നിഷ്പാദുക കർമ്മലീത്താ സന്യാസാശ്രമത്തിന്റെ പ്രീയോരുമായി എഴുത്തുകുത്തിലേർപ്പെട്ടിരുന്നു. തിരുസിംഹാസനവുമായി ഇടപെടുന്നതിനു അദ്ദേഹത്തെ തന്റെ പ്രൊക്കുറേറ്റർ ആയി, മുകളിൽ പറഞ്ഞതുപോലെ അർക്കദിയാക്കോൻ നിയമിച്ചിരുന്നു. ആകയാൽ മാർത്തോമ്മാ ക്രിസ്ത്യാനികൾ, തങ്ങളെ സഹായിക്കുന്നതിനു കർമ്മലീത്താക്കാരെ അയച്ചുതരുവാൻ പ്രീയോർ വഴി മാർപാപ്പായോടു അഭ്യർത്ഥിച്ചു. ഇവിടത്തെ പരിതഃസ്ഥിതികളെക്കുറിച്ച് ഈശോസഭക്കാരും പോർത്തുഗീസ് ഗവൺമെന്റും റോമായെ അറിയിച്ചിട്ടുണ്ടായിരുന്നു.

പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ കീഴിൽ, ജോസഫ് മറിയാ സെബസ്ത്യാനിയുടെയും ഹയാസിന്ത് ഓഫ് സെന്റ് വിൻസെന്റിന്റെയും നേതൃത്വത്തിൽ – ഇവർ രണ്ടുപേരും കമ്മിസറി അപ്പസ്തോലിക്കുമാരായിരുന്നു – രണ്ടു ഗ്രൂപ്പുകളായി കർമ്മലീത്താക്കാരെ മാർപ്പാപ്പാ കേരളത്തിലേക്കയച്ചു. ആദ്യമായി 1655-ൽ സെബസ്ത്യാനി എത്തിച്ചേർന്നു. അദ്ദേഹം തന്നോടുകൂടി ഗോവയിൽ നിന്നു മത്തയോ എന്ന ഒരു കർമ്മലീത്താക്കാരനെയും കൊണ്ടുവന്നിരുന്നു. അദ്ദേഹം, ഗർസ്യാ എസ്. ജെ. യുമായി കൂടിയാലോചിക്കാതെ അർക്കദിയാക്കോനുമായി നേരിട്ട് ഇടപെട്ടു തുടങ്ങി. മാർപ്പാപ്പായുടെ നിർദ്ദേശം അവരെ പരസ്പരം രഞ്ജിപ്പിക്കുവാനായിരുന്നു. അഹത്തള്ളായെ മാർപ്പാപ്പാ അയച്ചതാണെന്നു വിശ്വസിച്ചതിൽ അവർക്കു തെറ്റിപ്പോയെന്നും അർക്കദിയാക്കോന്റെ നിലപാടിനെ റോമാ അംഗീകരിച്ചിട്ടില്ലെന്നും ജനങ്ങളെ മനസ്സിലാക്കുക മാത്രമേ അദ്ദേഹം ചെയ്യേണ്ടിയിരുന്നുള്ളൂ. കർമ്മലീത്താക്കാർ കർമ്മലീത്താ വേഷമണിഞ്ഞിട്ടുള്ള ഈശോസഭക്കാരാണെന്നുള്ള പ്രചാരണം മൂലവും, അർക്കദിയാക്കോന്റെ കക്ഷിക്കാരിൽ ചിലർ ഇതിനകം മതഭ്രാന്തരായി തീർന്നിരുന്നതിനാലും അദ്ദേഹത്തിന്റെ യത്നം ചിലപ്പോഴെക്കെ അത്യന്തം പ്രയാസകരമായി തീർന്നിരുന്നു. പലരുടേയും പ്രത്യേകിച്ചു പറമ്പിൽ ചാണ്ടിയുടേയും കടവിൽ ചാണ്ടിയുടേയും മുട്ടം പള്ളി വികാരിയുടെയും സമ്പൂർണ്ണ പിന്തുണമൂലം അനേകരെ തിരികെ കൊണ്ടുവരുന്നതിനു സെബസ്ത്യാനിക്കു സാധിച്ചു. അനന്തരം മത്തേയോയെ ഇവിടെ നിർത്തിക്കൊണ്ട് തന്റെ റിപ്പോർട്ടു സമർപ്പിക്കുന്നതിനായി സെബസ്ത്യാനി റോമിലേക്കു പോയി. അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ, ഹയാ

സിന്ത് ഓഫ് സെന്റ് വിൻസെന്റിന്റെ നേതൃത്വത്തിലുള്ള മറ്റേ ഗ്രൂപ്പ് ഇവിടെയെത്തി അർക്കദിയാക്കോനുമായി കൂടിയാലോചന നടത്തി. അർക്കദിയാക്കോൻ തന്റെ വടിയും മുടിയും പോലും ഉപേക്ഷിച്ചു. എന്നാൽ ഗർസ്യാ എസ്.ജെ. നിയമിച്ചിരുന്ന അർക്കദിയാക്കോൻ തന്റെ സ്ഥാനം ഉപേക്ഷിക്കുവാൻ വിസമ്മതിക്കുകയാൽ അദ്ദേഹം (അദ്ദേഹം കപട മെത്രാപ്പോലീത്താ) തന്റെ പഴയ നിലയിലേയ്ക്കു പിന്തിരിഞ്ഞു.

സെബസ്ത്യാനി 1661-ൽ ഹീറോപ്പോലീസിന്റെ സ്ഥാനിക മെത്രാനും കൊടുങ്ങല്ലൂരിന്റെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററുമായി തിരിച്ചെത്തി. 1659-ൽ ഗാർസ്യാ എസ്. ജെ നിര്യാതനായിരുന്നു.

**പറമ്പിൽ മാർ ചാണ്ടി മെത്രാൻ**

1662-ൽ ഡച്ചുകാർ പോർത്തുഗീസുകാരെ തോൽപിച്ചു കൊച്ചി പിടിച്ചെടുത്തു. മറ്റെല്ലാ യൂറോപ്യൻമാരും കേരളം വിട്ടുപോകുവാൻ അവർ നിർബന്ധിച്ചു. സെബസ്ത്യാനി അപ്പോൾ പറമ്പിൽ ചാണ്ടിയെ മെഗാറായുടെ സ്ഥാനിക മെത്രാനും മലബാർ പ്രൊവിൻസിന്റെ വികാരി അപ്പസ്തോലിക്കയുമായി (അദ്ദേഹത്തിന് ഒരു സഹായ മെത്രാനെ നിയമിക്കുന്നതു സംബന്ധിച്ച ബൂളയിൽ പറഞ്ഞിരിക്കുന്നതുപോലെ "Commissario (Commissarius) seu Vicario (Vicarius) Apostolico (Apostolicus) Provinciae Serrae Malabariae seu. S. Thomae" വാഴിച്ചു. ഈ മാർ ചാണ്ടി കപട മെത്രാപ്പോലീത്തായുടെ ആലോചനക്കാരിൽ ഒരാളും അദ്ദേഹവുമായി അടുത്ത രക്തബന്ധമുള്ളയാളുമായിരുന്നു. കപട മെത്രാപ്പോലീത്താ പരസ്യമായി മഹറോൻ ചൊല്ലപ്പെട്ടു.

ഒരു സസ്യശാസ്ത്രജ്ഞനായിരുന്ന ഫാദർ മത്തേയോ ഡച്ചു ഗവർണറുടെ പ്രീതി സമ്പാദിക്കുകയും, കേരളത്തിൽതന്നെ നിൽക്കുകയും ചെയ്തു. 1673-ൽ അദ്ദേഹം ചാത്യാത്ത് ഒരു പള്ളി പണിതു. വളരെ വേഗം തിരിച്ചുവരുമെന്ന പ്രതീക്ഷിക്കപ്പെട്ടിരുന്ന കർമ്മലീത്താക്കാർക്കുവേണ്ടി ചാണ്ടി മെത്രാൻ ആ പള്ളിയെ മെത്രാന്റെ ഭരണാധികാരത്തിൽ നിന്ന് ഒഴിവാക്കി. ഈ ഒഴിവാക്കൽ അനുവദിച്ചുകൊണ്ടുള്ള രേഖയിൽ മാർ ചാണ്ടി തന്നെപ്പറ്റി പറഞ്ഞിരിക്കുന്നത് അഖിലേന്ത്യായുടെ മെത്രാപ്പോലീത്തായെന്നാണ്. അനേകം അസംതൃപ്തരെ അദ്ദേഹം തന്റെ പക്ഷത്തേയ്ക്കു കൊണ്ടുവന്നു.

**പുത്തൻകൂറ്റുകാരും പഴയകൂറ്റുകാരും**

കപട മെത്രാപ്പോലീത്താ തന്റെ നില ദുർബലപ്പെട്ടുവരുന്നുവെന്നു കണ്ടുകൊണ്ട് 1665-ൽ മാർ ഗ്രിഗോറിയോസ് എന്നു

പേരായ ഒരു വിദേശ യാക്കോബായ മെത്രാനെ, നിയമാനുസൃത മായ മെത്രാൻ പട്ടാഭിഷേകം അദ്ദേഹത്തിൽ നിന്നു സ്വീകരിക്കാ മെന്നുള്ള ഉദ്ദേശ്യത്തോടുകൂടി കേരളത്തിലേയ്ക്കു വരുത്തി. മാർ ഗ്രിഗോറിയോസ് എപ്പോഴെങ്കിലും അദ്ദേഹത്തിന് അഭിഷേകം നൽകിയോയെന്ന കാര്യം സംശയാസ്പദമാണ്. മാർ ഗ്രിഗോറി യോസ്, നേരെമറിച്ച്, അസംതൃപ്തരെ യാക്കോബായ വിശ്വാസം പഠിപ്പിക്കുകയും, റോമൻ പരമാധിപത്യം നിഷേധിക്കുവാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്തു. പക്ഷേ ആരംഭഘട്ടത്തിൽ ഒരു കത്തോലിക്കനെപ്പോലെ വർത്തിക്കുവാൻ അദ്ദേഹം നിർബന്ധി തനായിരുന്നു.

പുതിയ വിശ്വാസം (യാക്കോബായ വിശ്വാസം) സ്വീകരിച്ചവരെ പുത്തൻകൂറ്റുകാർ (പുതിയ കക്ഷിക്കാർ) എന്നു വിളിച്ചിരുന്നു. ഇന്നും അങ്ങനെതന്നെ വിളിക്കുന്നു. നാം ഇതിനുമുൻപു മുകളിൽ സൂചിപ്പിച്ച പൗലീനോസ് ഓഫ് സെന്റ് ബർത്തലോമ്യാ, അദ്ദേഹ ത്തിന്റെ അപ്രകാശിത കൈയെഴുത്തു പ്രതികളിൽ ഒന്നിൽ പറയു ന്നത് ആ രണ്ടുപേരുകളും മാർ ഗ്രിഗോരിയോസിന്റെ ആഗമനത്തിനു മുൻപുതന്നെ ഉത്ഭവിച്ചുവെന്നും, റോമായിലേയ്ക്കു അതിനു മുൻപു തന്നെ നിവേദനങ്ങളയച്ചിരുന്നുവെന്നും, റോമായുടെ തീരുമാനങ്ങ ളനുസരിച്ചു പ്രവർത്തിക്കുവാൻ തീരുമാനിച്ചവരെ പഴയകൂറ്റുകാർ എന്നും അല്ലാത്തവരെ പുത്തൻകൂറ്റുകാരെന്നും വിളിച്ചുവന്നു എന്നു മാണ്.

**റഫായേൽ ഫിഗ്വേറേദോ**

പറമ്പിൽ ചാണ്ടി മെത്രാൻ ഒരു സഹായ മെത്രാനെ ആവശ്യ പ്പെട്ടു. തന്റെ അനന്തിരവൻ മത്തായിയെ ആ സ്ഥാനത്തേയ്ക്കു നിർദ്ദേശിക്കുകയും ചെയ്തു. ഡച്ചുകാരുടെ പ്രത്യേക പാസ്പോർട്ടു വഴി 1676-ൽ കേരളത്തിലെത്തിച്ചേർന്നിരുന്ന കർമ്മലീത്താക്കാരെ, ഒരു സഹായ മെത്രാനെ തിരഞ്ഞെടുക്കുന്നതിനു റോമാ അധികാ രപ്പെടുത്തി. കഴിയുന്നത്ര ഒരു ഇൻഡ്യാക്കാരനെത്തന്നെ തിരഞ്ഞെ ടുക്കുവാൻ അവരോട് ആവശ്യപ്പെട്ടിരുന്നു. ഈ കല്പനയെ അക്ഷ രാർത്ഥം സ്വീകരിച്ചുകൊണ്ട് തിരഞ്ഞെടുപ്പുകാർ 1677-ൽ ഇൻഡ്യ യിൽ ജനിച്ച - ഒരു പോർത്തുഗീസുകാരന് ഇൻഡ്യൻ സ്ത്രീയിൽ ജനിച്ച - ഒരു റഫായേൽ ഫിഗ്വേറേദോയെ തിരഞ്ഞെടുത്തു. അങ്ങനെ ചെയ്യുന്നതിനു അവർക്ക് അവരുടെ സ്വന്തമായ കാരണ ങ്ങൾ ഉണ്ടായിരുന്നിരിക്കാം. ഈ സഹായ മെത്രാൻ മാർ ചാണ്ടിയെ അനുസരിക്കാതിരിക്കുകയും, അദ്ദേഹത്തെ തിരഞ്ഞെ ടുത്ത കർമ്മ ലീത്താക്കാർക്കു തന്നെയും വളരെയേറെ സങ്കടങ്ങളുണ്ടാക്കി ത്തീർക്കുകയും ചെയ്തു. റഫായേൽ ഫിഗ്വേറേദോയുടെ തിരഞ്ഞെ

ടുപ്പുമൂലം മാർ ചാണ്ടിയുടെ പുനരൈക്യശ്രമങ്ങൾ പ്രതിബന്ധിക്കപ്പെട്ടു. 1687-ൽ പക്ഷേ അദ്ദേഹം നിര്യാതനായി. റഫായേൽ ഫിഗ്വറേദോയുടെ കാര്യം റോമായിലേക്കു റിപ്പോർട്ടു ചെയ്യപ്പെട്ടു. മാർത്തോമ്മാ ക്രിസ്ത്യാനികൾക്കു കർമ്മലീത്താക്കാരിലുണ്ടായിരുന്ന വിശ്വാസത്തെ അദ്ദേഹത്തിന്റെ തിരഞ്ഞെടുപ്പ് താറുമാറാക്കി.

### കസ്റ്റോഡിയസ് ഡി പിഞ്ഞോ

റഫായേൽ ഫിഗ്വറേദോയുടെ കാര്യത്തിൽ അന്വേഷണം നടത്തുന്നതിനായി ഒരു യഥാർത്ഥ ഇൻഡ്യക്കാരനും (പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ കീഴിൽ) വലിയ മുഗളിന്റെ വികാരി അപ്പസ്തോലിക്കയുമായിരുന്ന കസ്റ്റോഡിയസ് ഡി പിഞ്ഞായെ റോമിൽ നിന്നു നിയോഗിച്ചു. അന്വേഷണശേഷം ഫിഗ്വറേദോയെ സസ്പെൻഡ് ചെയ്തു. അദ്ദേഹത്തിന്റെ സ്ഥാനത്തു വികാരി അപ്പസ്തോലിക്കയായി കസ്റ്റോഡിയസ് ഡി പിഞ്ഞോ നിയമിതനാകുകയും ചെയ്തു. പുതിയ വികാരി അപ്പസ്തോലിക്ക കേരളത്തിലേയ്ക്കു വരിക ഉണ്ടായില്ല. സസ്പെൻഷൻ ഉത്തരവു നടപ്പാക്കുന്നതിനു മുൻപ് 1695-ൽ റഫായേൽ ഫിഗ്വറേദോ നിര്യാതനായി പള്ളിപ്പുറം പള്ളിയിൽ സംസ്കരിക്കപ്പെട്ടു.

ചില വിവരണങ്ങളനുസരിച്ചു വലിയ മുഗളിന്റെ വികാരി അപ്പസ്തോലിക്കയായിരുന്ന പീറ്റർ പോൾ ഒ.സി.ഡി. 1696 മുതൽ 1700 വരെ കേരളത്തിലെ വികാരി അപ്പസ്തോലിക്കാ കൂടിയായിരുന്നു.

### ഗർസ്യായുടെ പിൻഗാമികൾ: മത്തായി അർക്കദിയാക്കോൻ

(പദ്രുവാദോ കീഴിൽപ്പെട്ട) കൊടുങ്ങല്ലൂർ അതിരൂപത നിർത്തലാക്കപ്പെട്ടിട്ടില്ലാതിരുന്നതിനാൽ, ഗർസ്യാ എസ്.ജെയുടെ മരണത്തെത്തുടർന്ന് പോർത്തുഗീസ് ഗവൺമെന്റ് ആ ഭദ്രാസനത്തിലേയ്ക്ക് സ്ഥാനികളെ നിർദ്ദേശിച്ചുകൊണ്ടിരുന്നു. അങ്ങനെ നിർദ്ദേശിക്കപ്പെട്ടവർ ഒന്നുകിൽ ആ സ്ഥാനം നിഷേധിച്ചു. അല്ലെങ്കിൽ അത് സ്വീകരിക്കുവാൻ അവർക്കു സാദ്ധ്യമല്ലാതെ വന്നു. അവസാനം ദിദാക്കൂസ് എന്നു പേരായ ഒരു ഓററ്റോറിയൻ ആ സ്ഥാനം സ്വീകരിച്ചു. പോർത്തുഗലിൽ തന്നെ താമസിച്ചുകൊണ്ട് ചാണ്ടി മെത്രാന്റെ ഒരു അനന്തിരവനായ മത്തായിയെ 1694-ൽ തന്റെ അർക്കദിയാക്കോനായി നിയമിച്ചു. ദിദാക്കൂസ് 1701-ൽ നിര്യാതനായി. മാർ ചാണ്ടി മെത്രാന്റെ ചരമത്തിനുശേഷം വികാരി അപ്പസ്തോലിക്കന്മാർ ഉണ്ടായിരുന്നിട്ടും മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സഹാനുഭൂതി മത്തായി അർക്കദിയാക്കോനോടു കൂടിയായിരുന്നുവെന്നതു സ്വഭാവികം മാത്രമാണല്ലോ. അദ്ദേഹം ഭരണകർത്താവായിരുന്ന കൊടുങ്ങല്ലൂരിന്റെ കീഴിലും മാർത്തോമ്മാ ക്രിസ്ത്യാനികളുണ്ടായിരുന്നു.

**പദ്രുവാദോ, പ്രാപ്പഗന്താ അധികാരങ്ങൾ**

കൊടുങ്ങല്ലൂരിന്റെ കീഴിലുണ്ടായിരുന്ന മാർത്തോമ്മാ ക്രിസ്ത്യാനികൾ പദ്രുവാദോ അധികാരത്തിൽ കീഴിലായിരുന്നു. സെബസ്ത്യാനി, മാർ ചാണ്ടി, റഫായേൽ ഫിഗ്വറേദോ, കസ്റ്റോഡിയസ് ഡി പിഞ്ഞോ, (പീറ്റർ പോൾ ഒ. സി. ഡി) എന്നിവരെ പ്രൊപ്പഗാന്താ തിരുസംഘം നിയമിച്ചിട്ടുള്ളതാകയാൽ അവർക്കു കീഴുണ്ടായിരുന്ന മാർത്തോമ്മാ ക്രിസ്ത്യാനികൾ പ്രൊപ്പഗാന്താ അധികാരത്തിൽ കീഴിലായിരുന്നു. അവർ ഭരിച്ചിരുന്ന ഭൂഭാഗം കൊടുങ്ങല്ലൂർ അതിരൂപതയിൽ പെട്ട ഭൂഭാഗം തന്നെയായിരുന്നു. അതിനെ സീറാ (Serra) (മലബാർ, കേരളം) എന്നു കൂടി വിളിച്ചിരുന്നു.

**സെമിനാരികൾ**

വൈപ്പിക്കോട്ടയിൽ ഈശോസഭക്കാർ നടത്തിയിരുന്ന സെമിനാരി, ഡച്ചു സ്വാധീന മേഖലയ്ക്കു പുറത്തു അമ്പഴക്കാട്ടേയ്ക്കു മാറ്റി സ്ഥാപിച്ചു. അവിടെ ഈശോ സഭക്കാർ തന്നെ അതു തുടർന്നു നടത്തിക്കൊണ്ടിരുന്നു.

1673-ൽ കർമ്മലീത്താക്കാർ വരാപ്പുഴ ഒരു പള്ളി സ്ഥാപിച്ചു. 1682-ൽ അതിനോടനുബന്ധിച്ചു ഒരുതരം സെമിനാരിയും തുടങ്ങി. മാർത്തോമ്മാ ക്രിസ്ത്യാനികളെ ഉദ്ദേശിച്ചു സ്ഥാപിച്ചതായിരുന്നു അത്. കർമ്മലീത്താക്കാരോടു കൂടി വന്നിരുന്ന ആലിപ്പോയിൽ നിന്നുള്ള പാശ്ചാത്യ സുറിയാനിക്കാരനായ ഒരു ബർത്തലോമ്യു ഹന്നാ ഈ സെമിനാരിയിൽ സുറിയാനി മല്പാനായി നിയമിക്കപ്പെട്ടു. പൗരസ്ത്യ സുറിയാനി ആരാധനക്രമഭാഷയായി സ്വീകരിച്ചിരുന്ന മാർത്തോമ്മാ ക്രിസ്ത്യാനികൾ ഈ മല്പാനെ ഇഷ്ടപ്പെട്ടിരുന്നില്ല.

**കർമ്മലീത്താക്കാർ**

നയതന്ത്ര മാർഗ്ഗങ്ങളിലൂടെ / കേരളത്തിൽ പ്രവേശനം ലഭിക്കുവാൻ കർമ്മലീത്താക്കാർ പരിശ്രമിച്ചു. ഇറ്റാലിയൻമാരോ, ബൽജിയംകാരോ, ജർമ്മൻകാരോ, ആയിരിക്കുന്ന പക്ഷം ഒരു കർമ്മലീത്താ മെത്രാനും പന്ത്രണ്ടു മിഷനറിമാരും കേരളത്തിൽ വന്നു കൊള്ളുന്നതിനു 1698-ൽ ഡച്ചു ഗവൺമെന്റ് ഔപചാരികമായി അനുവാദം നൽകി.

**ശീശ്മ**

1653-ലെ കൂനൻകുരിശു സത്യം സ്ഥലത്തെ മെത്രാപ്പോലീത്തയായ ഗാർസ്യാ എസ്. ജെ യ്ക്കും ഈശോസഭക്കുമെതിരായ ഒരു അനുസരണക്കേട് അഥവാ എതിർപ്പ് ആയിരുന്നു. ആകയാൽ അത്

പദത്തിന്റെ വേദശാസ്ത്രപരമായ അർത്ഥത്തിൽ ഒരു ശീശ്മ ആയിരുന്നില്ല. എന്നുതന്നെയല്ല ജനങ്ങളിലും വൈദികരിലും മഹാഭൂരിപക്ഷവും കരുതിയിരുന്നത് അഹത്തള്ളാ മാർപാപ്പായാൽ അയയ്ക്കപ്പെട്ടതാണെന്നായിരുന്നു. ആകയാൽ അഹത്തള്ളാ, കൃത്രിമമായ ഒരു അപ്പസ്തോലിക്ക് ദൗത്യം വഴി അവരുടെ സരളസ്വഭാവത്തെ വഞ്ചിക്കുകയായിരുന്നെന്നു സെബസ്ത്യാനി വഴി മാർപാപ്പായ്ക്ക് അവരെ ബോധ്യപ്പെടുത്തേണ്ടിവന്നു. തോമ്മാ അർക്കദിയാക്കോനെ, അദ്ദേഹത്തിന്റെ കപടാഭിഷേകത്തിനുശേഷവും, അനുകൂലിച്ചിരുന്ന മാർത്തോമ്മാ ക്രിസ്ത്യാനികളിലും വൈദികരിലും മഹാഭൂരിപക്ഷവും അങ്ങനെ ചെയ്തിരുന്നതു തങ്ങളും മാർപ്പാപ്പായുടെ കീഴിലാണെന്നുള്ള ഉത്തമവിശ്വാസത്തിലാണ്. അവരുടെ നേതാക്കൻമാർ കപടവിശ്വാസത്തിലായിരുന്നു. എല്ലാറ്റിനും മാർപാപ്പായുടെ അംഗീകാരമുണ്ടെന്നു ഉറക്കെപ്പറഞ്ഞുകൊണ്ട് ആ കപടതയെ അവർ ഗോപനം ചെയ്തിരുന്നു. 1659 ജനുവരി 3-ാം തീയതി ഗാർസ്യാ എസ്.ജെ. എഴുതിയിട്ടുള്ള ഒരു കത്തിൽ നിന്ന് ഇതെല്ലാം വ്യക്തമാണ്. നേതാക്കൻമാരുടെ വഞ്ചന അറിയാതിരുന്ന ജനസാമാന്യം (Vulgus tamen plerique sacerdotum et Christianorum doli ignario) മൂന്നു ഗണമായി തിരിഞ്ഞിരിക്കുകയാണെന്നും അവരിൽ ഒരു ഭാഗം തന്നോടുകൂടെയും മറ്റൊരു ഭാഗം ആരെയും അനുസരിക്കാതെയും മൂന്നാമത്തെ ഭാഗം കപട മെത്രാപ്പോലീത്തായുടെ കൂടെയുമാണെന്നും ആ കത്തിൽ അദ്ദേഹം പറയുന്നു. 1599-നുശേഷം കലഹക്കാരുടെ നേതാക്കൻമാർ ഉൾപ്പെടെയുള്ള മാർത്തോമ്മാ ക്രിസ്ത്യാനികൾ മാർപാപ്പായ്ക്ക് എതിരായി എപ്പോഴെങ്കിലും എന്തെങ്കിലും പറയുകയോ പ്രവർത്തിക്കുകയോ ചെയ്തിട്ടില്ലെന്നും അവർ എപ്പോഴും മാർപാപ്പായ്ക്ക് അനുസരണയുള്ളവരായിരുന്നെന്നും (s....usque ad presentem diem summo pontifical semper obedientes se perhibuere, neque unquam quidquam Scriptis, verbis, aut operibus contraistum... molitos fuisseo) നേതാക്കൻമാർ ചെയ്തിരുന്നതെല്ലാം മാർപാപ്പായുടെ അംഗീകാരമുണ്ടെന്നുള്ള നാട്യത്തിലായിരുന്നുവെന്നും അദ്ദേഹം പറയുന്നു. (Quinimo ipse archidiaconus qui nunc falso et instlentor omina perurbando pontificia munera exercet, fatetur sibi hanc dignitatem collatam auctoritate summi pontificis, cujus diploma ei tradita fuisse ab Adeodato Armeno (Ahatallah) ab eodem summo pontifice, ut hic dictitavit et aliis ficte suasit, misso ad hanc provinciam Christianorum S.Thommae moderandamo) മാർത്തോമ്മാ ക്രിസ്ത്യാനികൾ മാർപാപ്പായെ അനുസരിച്ചുതുടങ്ങിയത് 1599-ലാണെന്നുള്ള തന്റെ തെറ്റായ ബോദ്ധ്യം ഗാർസ്യാ

എസ്.ജെ. തന്റെ കത്തിൽ പ്രകടമാക്കുന്നുണ്ട്. റോമയിൽ പ്രൊപ്പ ഗാന്താ തിരുസംഘത്തിന്റെ പുരാവസ്തുശേഖരത്തിൽ അദ്ദേഹ ത്തിന്റെ കത്തു കാണാവുന്നതാണ്. (Scritii ri-feriti Congr. General Vol. 232, fol 297 sq)

വിദേശ യാക്കോബായ മെത്രാനായ മാർ ഗ്രിഗറിയോസ് 1664-നു ശേഷം കപടമെത്രാപ്പോലീത്തായുടെ അനുഗാമികളെ കുത്തിത്തി രുകുകയുണ്ടായി. സെബസ്ത്യാനിയുടെ രണ്ടാമത്തെ വരവിനു ശേഷം കപടമെത്രാപ്പോലീത്താ പരസ്യമായി മഹറോൻ ചൊല്ല പ്പെട്ടതോടെ അവരുടെ ഉത്തമ വിശ്വാസത്തിനു ഇളക്കം തട്ടിയിരു ന്നു. ഇങ്ങനെയാണ് 1653-ലെ വിപ്ലവം, കപടമെത്രാപ്പോലീത്തായെ പരിത്യജിക്കാത്തവരെ സംബന്ധിച്ചിടത്തോളം അത് ശീശ്മയായി ത്തീർന്നു. അവർ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഇടയിൽ ഒരു ന്യൂനപക്ഷമായിരുന്നു. ഭൂരിപക്ഷമാകട്ടെ പഴയകുറ്റുകാരായി കത്തോ ലിക്കാസഭയിൽത്തന്നെ നിലനിന്നു. കൂനൻകുരിശുസത്യം മാർത്തോമ്മാ ക്രിസ്ത്യാനികളെ വിഘടനവാദികളാക്കിയെന്നും സെബസ്ത്യാനിയും സുഹൃത്തുക്കളും അവരെ ശീശ്മയിൽനിന്നു രക്ഷിച്ചുവെന്നും പറയുന്നത് (അങ്ങനെയാണു സാധാരണ പറഞ്ഞു വെന്നതും വരുന്നതും). തെറ്റാണെന്ന് ഇതിൽനിന്നു വ്യക്തമാണ്. സെബസ്ത്യാനിയുടേയും മറ്റും ആഗമനത്തിൽ മുൻപുതന്നെ കപട മെത്രാപ്പോലീത്തായുടെ മൂന്നു ഉപദേഷ്ടാക്കൾ ഉൾപ്പെടെ അനേ കർ ഗാർസ്യാ എസ്. ജെയുമായി രഞ്ജിപ്പിലായെന്നും സെബസ്ത്യാ നിയും കൂട്ടരും ഗാർസ്യാ എസ്. ജെയുമായി യോജിച്ചുകൊണ്ടു പ്രവർത്തിച്ചിരുന്നുവെങ്കിൽ കാര്യങ്ങൾക്കു കൂടുതൽ മെച്ചമായ ഒരു മാറ്റമുണ്ടാകുമായിരുന്നെന്നും ഈശോസഭക്കാരുടെ വിവരണ ങ്ങൾതന്നെ വ്യക്തമായി കാണിക്കുന്നു. മുകളിൽ ഉദ്ധരിച്ച ഗാർസ്യാ യുടെ കത്തിലും ഈ ആശയം അടങ്ങിയിട്ടുണ്ട്. അഹത്തള്ളാ ഒരു കപട അപ്പസ്തോലിക്ക് ദൗത്യവുമായി വരികയായിരുന്നെന്നും കർമ്മലീത്താ കമ്മീസറിമാർ പ്രഖ്യാപിച്ചിരുന്നുവെങ്കിൽ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ തെറ്റിദ്ധാരണകൾ നീങ്ങുമായി രുന്നെന്നുകൂടി ഗാർസ്യ എസ്.ജെ (Ibid) പറയുന്നുണ്ട്.... ("..Ex quo patet quod si Comissari (Carmelitani) declararent Armenum (Ahatallah) falso dictitasse quod a Roma missus fuerat, Certum est eorum falsam opinionem obliterandam...").

**ഡോ. സേവ്യർ കൂടപ്പുഴ**

04

# ലത്തീൻ സഭയുടെ ആവിർഭാവം ഭാരതത്തിൽ

ഈസ്റ്റ് ഇൻഡീസ് (East Indies) എന്ന അപര നാമത്തിൽ അറിയപ്പെട്ടിരുന്ന ഇന്ത്യൻ ഉപ ഭൂഘണ്ഡത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്ഥകാലങ്ങളിലും സാഹചര്യങ്ങളിലുമാണ് ലത്തീൻസഭ ഉടലെടുത്ത തെന്ന വസ്തുത ആദ്യമേ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഓരോ പ്രദേശങ്ങളിലും നടന്ന മിഷനറി പ്രവർത്തനങ്ങളെപറ്റിയും സുവിശേഷവത്കരണ പ്രക്രിയയെപ്പറ്റിയും ഇവിടെ പ്രതിപാദിക്കുക സാദ്ധ്യമല്ല. ഭാരതത്തിലെ ലത്തീൻ സഭയുടെ ആദ്യ ഉറവിടങ്ങളെ പരിഗണനാവിഷയമാക്കിയശേഷം അതിന്റെ വളർച്ചയുടെ പൊതുവായ ഒരുചിത്രം നല്കാൻ മാത്രമേ ഇവിടെ ഉദ്ദേശമുള്ളൂ. പോർച്ചുഗീസ് പദ്രോ വാദോ (portugeuse padroado), റോമൻ തിരുസംഘമായ പ്രൊപ്പഗാന്ത ഫീദേ (Propaganda Fide) എന്നീ സ്ഥാപനങ്ങളുമായി അഭേദ്യം ബന്ധപ്പെട്ട താണ് ഭാരതത്തിലെ ലത്തീൻസഭയുടെ ചരിത്രം. തന്മൂലം ഈ രണ്ടു മിഷനറി ഏജൻസികളുടെ സ്വഭാവം,

പ്രവർത്തനശൈലി എന്നിവയും അവതമ്മിലുള്ള പരസ്പര ഇട പെടലുകളും അധികാരവടംവലികളും വ്യക്തമാക്കുക ആവശ്യമാണ്. കാരണം ഈ സ്ഥാപനങ്ങളെ ശരിക്കു മനസ്സിലാക്കാതെ ഭാരതത്തിലെ ലത്തീൻസഭയുടെ ഉത്ഭവവും പുരോഗതിയും മനസ്സിലാക്കാൻ കഴിയുകയില്ല. തുടർന്ന് പ്രൊപ്പഗാന്താ ഫീദേയുടെ കീഴിൽ ഇന്ത്യയിലെ ലത്തീൻ ഹയരാക്കിസ്ഥാപിതമായ പശ്ചാത്ത ലവും സാഹചര്യങ്ങളും ചുരുക്കമായി വിശകലനം ചെയ്തശേഷം നാളിതുവരെയുള്ള ഭാരതലത്തീൻ സഭയുടെ പുരേഗതിയെ നാം പരിഗണനാ വിഷയമാക്കും.

## 1 പോർച്ചുഗീസ് സംരക്ഷണാധികാരവും (Patronage) ഭാരതത്തിലെ ലത്തീൻസഭയുടെ ഉത്ഭവവും

പോർച്ചുഗീസ് സംരക്ഷണാധികാരം നിലവിൽ വന്നത് 15-ാം നൂറ്റാണ്ടിലാണ് 15-ാം നൂറ്റാണ്ടിന്റെ ആരംഭം മുതലുള്ള ചില പേപ്പൽ രേഖകളിൽ ഇതിനെക്കുറിച്ചുള്ള ചില സൂചനകൾ കാണാമെങ്കിലും നിക്കൊളാസ് അഞ്ചാമൻ മാർപ്പാപ്പയുടെ കാലത്താണ് (1447-1455) ഇതിന് സഭാപരമായ സാഘോഷ സ്ഥിരീകരണം ലഭിക്കുന്നത്. 1452 ൽ ജൂൺ 18 ന് അദ്ദേഹം പുറപ്പെടുവിച്ച പ്രഖ്യാപനത്തിൽവഴി, അവിശ്വാസികളുടെ എല്ലാ രാജ്യങ്ങളെയും പ്രദേശങ്ങളെയും ആക്രമിച്ചു കീഴടക്കാനും സ്വന്തം അധീനതയിലാക്കാനും, കത്തോലിക്കാ വിശ്വാസത്തിന്റെ വിജയത്തിന്റെ അടയാളമെന്ന നിലയിൽ ഈ ജനതകളെയെല്ലാം ശാശ്വതമായ അധീനതയിൽ നിലനിറുത്താനും പോർച്ചുഗൽ രാജാവിനും അദ്ദേഹത്തിന്റെ പിൻഗാമികൾക്കും പാപ്പാ സമ്പൂർണ്ണ അധികാരം നല്കി.[1] നിക്കൊളാസ് V-ാം മൻ മാർപ്പാപ്പയുടെതന്നെ "Romanus Pontifix" എന്ന ബൂളയും കലിസ്റ്റസ് മൂന്നാമൻ മാർപ്പാപ്പയുടെ (1455-1458) "Inter Caetera" എന്ന ബൂളയും ഈ സംരക്ഷണാധികാരത്തിന് സഭയെ സംബന്ധിച്ചുള്ള നിശ്ചിതമായ അർത്ഥം എന്തെന്നു വ്യക്ത മാക്കി. വാസ്തവത്തിൽ, കീഴടക്കിക്കഴിഞ്ഞതും കീഴടക്കാനി രിക്കുന്നതുമായ എല്ലാ രാജ്യങ്ങളുടേയുംമേൽ സഭാത്മക അധികാരം (Ecclesiastical Juridiction) പോർച്ചുഗൽ രാജാക്കന്മാർക്ക് ഈ മാർപ്പാപ്പമാർ നല്കി.[2] സിക്സ്റ്റസ് നാലാമൻ മാർപ്പാപ്പ (1471-1484) 1481 ജൂൺ 21-ാം തിയ്യതി പുറപ്പെടുവിച്ച "Aeterma Regis" എന്ന ബൂളയിൽ, ബോജദോർ (Bojador), നാം (Nam) മുനമ്പുകൾ മുതൽ ഇഡീസ് (Indies) വരെയുള്ള പ്രദേശങ്ങളുടെമേൽ പോർച്ചുഗൽ രാജാവിനുള്ള സാധാരണ സഭാത്മകാധികാരം സംശയാതീതമാം വിധം ഉറപ്പിച്ചു പ്രഖ്യാപിച്ചു. പള്ളികൾ തുടങ്ങാനും ആശ്രമങ്ങൾ സ്ഥാപിക്കാനും മറ്റു സഭാ സ്ഥാപനങ്ങൾ പടുത്തുയർത്താനും ശുശ്രൂഷികളെ നിയമിക്കാനും

മറ്റുമുള്ള അവകാശവും പോർച്ചുഗീസ് ഭരണാധികൾക്കു നല്കപ്പെട്ട ആത്മീയധികാരത്തിന്റെ ഭാഗമായിരുന്നു.[3]

പോർച്ചുഗൽ രാജാവായിരുന്ന ഡിനിസ്(Dimiz) 1317ൽ സ്ഥാപിക്കുകയും 1319 മാർച്ച് 15-ാം തിയ്യതി ജോൺ ഇരുപത്തി രണ്ടാമൻ മാർപ്പാപ്പ അംഗീകരിക്കുകയും ചെയ്ത ക്രിസ്തുവിന്റെ സൈനിക സന്യാസ സമൂഹത്തിന്റെ (Militiae Jesu Christi ) തലവൻ (Grand Master) ആയിരുന്നു ഈ അധികാരം ആരംഭത്തിൽ കൈകാര്യം ചെയ്തിരുന്നത്. ഈ സൈനിക സന്യാസ സമൂഹത്തിന്റെ ആസ്ഥാനം തോമാർ (Tomar) ആയിരുന്നു. എമ്മാനുവൽ ഒന്നാമൻ രാജാവിന്റെ അഭ്യർത്ഥനയനുസരിച്ച് ലെയോ പത്താമൻ മാർപ്പാപ്പ (1513-1521) 1514 ജൂൺ 7-ാം തിയതി Dum Fidei എന്ന ബൂളവഴി ഈ അധികാരം നേരിട്ടു കൈകാര്യം ചെയ്യാനുള്ള അവകാശം രാജാവിനും അദ്ദേഹത്തിന്റെ പിൻഗാമികൾക്കും നല്കി.[4] ഇതോടെ, കീഴടക്കിക്കഴിഞ്ഞതും കീഴടക്കാനിരിക്കുന്നതുമായ എല്ലാ പോർട്ടുഗീസ് പ്രദേശങ്ങളുടെ മേലും പോർച്ചുഗൽ രാജാവ് സഭാപരമായ അധികാരം (Ecclesiastical Jurisdiction) നടപ്പിലാക്കാൻ തുടങ്ങി.

ഈ അവകാശാധികാരങ്ങളുടെ പരിണിതഫലങ്ങൾ വലുതായിരുന്നു. ഇതുവഴി ഏഷ്യൻ - ആഫ്രിക്കൻ രാജ്യങ്ങളിൽ പോർച്ചുഗലിന് മതാത്മകമായ ഒരുതരം കുത്തവകാശം കൈവന്നു. പോച്ചുഗലിനാൽ അയക്കപ്പെടാത്ത, മറ്റുരാജ്യങ്ങളിൽനിന്നുള്ള, മിഷനറിമാർക്ക് ഈ പ്രദേശങ്ങളിലേക്ക് പ്രവേശനം നിഷേധിക്കപ്പെട്ടു. ഏഷ്യയിലേക്കും ആഫ്രിക്കയിലേക്കുമുള്ള മിഷനറിമാർ പോർച്ചുഗല്ലിന്റെ തലസ്ഥാനമായ ലിസ്ബണിൽ നിന്ന് കപ്പൽ കയറണമെന്ന വ്യവസ്ഥപോലും ക്ലെമന്റ് എട്ടാമൻ മാർപ്പാപ്പ (1592-1605) അംഗീകരിച്ചു കൊടുത്തു. അമേരിക്കയിൽ നിന്നോ ഫിലിപ്പിൻസിൽ നിന്നോ ജപ്പാൻ, ചൈന, ഇന്ത്യ എന്നിവിടങ്ങളിലേക്കു നേരിട്ടു പ്രവേശിക്കാൻ ശ്രമിക്കുന്ന മിഷനറിമാരെ സഭയിൽ നിന്നു പുറത്താക്കാനുള്ള മുൻ കരുതലുകൾ വരെ ചെയ്തിരുന്നു.[5] പില്ക്കാലത്ത് മിഷനറിമാർ താഴെ പറയുന്ന കാര്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു സത്യപ്രതിജ്ഞ ചെയ്യാൻ പോലും നിർബന്ധിക്കപ്പെട്ടു:

(1) പോർച്ചുഗിനാൽ കണ്ടുപിടിക്കപ്പെട്ടതോ കണ്ടുപിടിക്കപ്പെടാനിരിക്കുന്നതോ ആയ എല്ലാ രാജ്യങ്ങളിലും പോർച്ചുഗലിനോടു വിശ്വസ്തത പുലർത്തുക.

(2) പോർച്ചുഗലിനെതിരെ ആരെങ്കിലും നടത്താനാലോചിക്കുന്ന രാഷ്ട്രീയമോ അല്ലാത്തതോ ആയ ഏതൊരു പ്രവർത്തിയെക്കുറിച്ചും ഭരണാധികാരികൾക്കു മുന്നറിയിപ്പു നല്കുക.

(3) മാർപ്പാപ്പമാർ പോർച്ചുഗലിനു നല്കിയിട്ടുള്ള അവകാശങ്ങളെയും ഇളവുകളെയും സവിശേഷാധികാരങ്ങളെയും പിൻതാങ്ങുക.

(4) രാജാവിന്റെ നാമനിർദ്ദേശത്തെ തുടർന്നുമാത്രം മാർപ്പാപ്പയാൽ തിരഞ്ഞെടുക്കപ്പെടുന്ന പാത്രിയർക്കാമാർ, മെത്രാന്മാർ, സഭാമേലധികാരികൾ എന്നിവരെ അംഗീകരിക്കുക.

(5) പദ്രൊവാദോയുടെ അവകാശങ്ങൾ ഉൾകൊള്ളുന്ന എല്ലാ അപ്പസ്തോലിക ലേഖനങ്ങളും സ്വീകരിക്കുക.[6]

ചുരുക്കത്തിൽ, മിഷനറിമാരുടെ തെരെഞ്ഞെടുപ്പ്, യാത്ര, ജനതകളുടെ സുവിശേഷവത്കരണം, ക്രൈസ്തവവത്കരണം എന്നീ കാര്യങ്ങളിലെന്നപോലെ പള്ളികളുടെ പടുത്തുയർത്തൽ രൂപതകളുടെ സ്ഥാപനം എന്നിവയിലും മാർപ്പാപ്പമാർ പേർച്ചുഗലിന് അമിതമായ ആനുകൂല്യങ്ങളും കുത്തകാവകാശങ്ങളും നല്കി.

ചില പാശ്ചാത്യ മിഷനറിമാരുടെ ഒറ്റപ്പെട്ട സന്ദർശനങ്ങൾ 13-ാം നൂറ്റാണ്ടുമുതലേ നടന്നിട്ടുണ്ടെങ്കിലും ലത്തീൻ സഭയുടെ സംഘടിതമായ മിഷൻ പ്രവർത്തനം ആരംഭിക്കുന്നത് പോർച്ചുഗീസ് കോളനികളുടെ സ്ഥാപനത്തോടുകൂടെയാണ്.[7] ഇന്ത്യയിലേക്കു ള്ള കപ്പൽമാർഗം കണ്ടുപിടിച്ച വാസ്കോഡഗാമ (Vasco da Gama) 1498 മെയ് 21-ാം തിയതി കോഴിക്കോട് തുറമുഖത്ത് എത്തിച്ചേരുന്നതോടെ ഇന്ത്യയിലെ പോർച്ചുഗീസ് സംരംഭം ആരംഭിച്ചു. കോഴിക്കോടു രാജാവുമായി സൗഹൃദബന്ധങ്ങൾ സ്ഥാപിച്ചശേഷം അദ്ദേഹം ക്രാങ്കന്നൂർക്കു(Cranganore) പോവുകയും അവിടത്തെ രാജാവുമായി സമാധാന ഉടമ്പടിയിൽ ഏർപ്പെടുകയും ചെയ്തു. 1498 നവംബർ 20-ാം തീയതി അദ്ദേഹം ക്രാങ്കന്നൂർ വിടുകയും 1499 ജൂലായ് 10-ാം തിയതി ലിസ്ബങ്കിൽ എത്തിച്ചേരുകയും ചെയ്തു. ഈ ആദ്യപര്യടനത്തിന്റെ ലക്ഷ്യം സുവിശേഷവത്കരണം ആയിരുന്നില്ല; പ്രത്യുത ഇന്ത്യയെ കണ്ടുപിടിക്കലും പോലുഗലിന്റെ വ്യാപാരവ്യവസായ താല്പര്യങ്ങളെ പരിപോഷിപ്പിക്കലുമായിരുന്നു.[8] വാസ്കോഡ ഗാമയെ തുടർന്ന് പേദ്രോ അൽവാറസ് കബ്രാലും ( Pedro Alvarez Cabral) സംഘവും 1500 ഓഗസ്റ്റ് 30-ാം തിയതി കോഴിക്കോട്ട് എത്തിച്ചേർന്നു. എട്ട് ഫ്രാൻസിസ്കൻ സഹോദരന്മാരും ( Friars ) എട്ട് ചാപ്ലെയ്ൻമാരും ഒരു ചാപ്ലെയിൻ ജനറലും കബ്രാളിനെ അനുഗമിച്ചു. കബ്രാളിനോടൊപ്പം ഉണ്ടായിരുന്ന ഫ്രാൻസിസ്കൻ സഭാംഗങ്ങൾ താമസിയാതെതന്നെ സുവിശേഷവേല ആരംഭിക്കുകയും നിരവധി ഹിന്ദുക്കളെ മാനസാന്തരപ്പെടുത്തുകയും ചെയ്തു. കോഴിക്കോടു രാജാവുമായി ഉണ്ടായ ഒരു കലഹത്തെ തുടർന്ന് കബ്രാളും അദ്ദേഹത്തിന്റെ

പടയാളികളും കൊച്ചിയിലേക്കു കപ്പൽ കയറി ഡിസംബർ 24-ാം തിയതി അവിടെ എത്തി. ഉടൻതന്നെ മിഷനറിമാർ അവരുടെ പ്രവർത്തനം കൊച്ചിയിൽ ആരംഭിച്ചു. 1501 ൽ ജോസോ ദ നോവ (Joso da Nova) കബ്രാളിനെ പിൻതുടരുകയും കൂടുതൽ ഫ്രാൻസിസ്കൽ മിഷനറിമാരെ കൂടെ കൊണ്ടുവരികയും ചെയ്തു. സുവിശേഷവത്കരണ സൗകര്യാർത്ഥം അവരിൽ കുറെപ്പേർ കൊച്ചിയിലും ശേഷിച്ചവർ ക്രാങ്കന്നൂരുമായി വാസമുറപ്പിച്ചു. 1502 ൽ നടന്ന വാസ്കോഡ ഗാമയുടെ രണ്ടാം ആഗമനവും 1503 ലെ ഫ്രാൻചെസ്കോ അൽബർകൈർക്കിന്റെ (Francesco Alburguerue) വരവും മിഷനറി പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടി. ഈ കാലഘട്ടംമുതൽ ഒരു പോർച്ചുഗീസ് കപ്പൽ വ്യൂഹം (Fleet) വർഷം തോറും ഇന്ത്യയിലേക്ക് യാത്ര തിരിച്ചിരുന്നു.

1503 ൽ പോർച്ചുഗീസുകാർ കൊച്ചിയിൽ ഒരു കോട്ട നിർമ്മിച്ചു. ഇന്ത്യയിലെ ആദ്യത്തെ യൂറോപ്യൻ കോട്ടയാണ് ഇത്. 1504 ൽ അവർ ക്രാങ്കന്നൂർ കൈവശപ്പെടുത്തുകയും പിന്നീട് അവിടെ ഒരു കോട്ട നിർമ്മിക്കുകയും ചെയ്തു. 1513 ൽ കോഴിക്കോട്ടും ഒരു പോർച്ചുഗീസ് കോട്ട നിർമ്മിക്കപ്പെട്ടു. പിന്നീട് 1531 ൽ അത് കോഴിക്കോടിന് അടുത്ത ഒരു പട്ടണമായ ചാലിയത്തേക്കുമാറ്റി. കേരളത്തിലെ പോർച്ചുഗീസ് പ്രവർത്തനങ്ങളുടെയെല്ലാം കേന്ദ്രവും 1503 മുതൽ 1530 ൽ ഗോവയിലേക്കു മാറ്റപ്പെടുന്നതുവരെ പോർച്ചുഗീസ് വൈസ്റോയിയുടെ ആസ്ഥാനവും കൊച്ചി ആയിരുന്നു. അക്രൈസ്തവരുടെ മാനസാന്തരവും മിശ്രവിവാഹവും വഴി കൊച്ചിയിലും ക്രാങ്കന്നൂരും സമീപ പ്രദേശങ്ങളിലും ലത്തീൻ ക്രിസ്ത്യാനികളുടെ എണ്ണം ക്രമാനുഗതമായി വർദ്ധിച്ചുകൊണ്ടിരുന്നു. ജീവകാരുണ്യ സ്ഥാപനങ്ങളും സന്യാസശ്രമങ്ങളും പള്ളികളും നിർമ്മിക്കപ്പെട്ടു. അങ്ങനെ മൂന്നു ദശകങ്ങളോളം പോർച്ചുഗീസ് ഭരണ കേന്ദ്രമായിരുന്ന കൊച്ചിയിലും ക്രങ്കന്നൂർ, കോഴിക്കോട്, കൊല്ലം തുങ്ങിയ മറ്റുസ്ഥലങ്ങളിലുമായി കേരളത്തിലെ ലത്തീൻ ക്രിസ്ത്യാനികളുടെ ആദ്യ ന്യൂക്ലിയസ് രൂപമെടുത്തു.

തമിഴ്നാട്ടിലെ മൈലാപ്പൂരിലേക്കുള്ള (Meliapore) പോർച്ചുഗീസുകാരുടെ രേഖപ്പടുത്തപ്പെട്ട ആദ്യ സന്ദർശനം 1517 ൽ ആയിരുന്നു. ഈ കാലയളവുമുതൽ ശക്തമായ പോർച്ചുഗീസ് സാന്നിദ്ധ്യം കിഴക്കൻ തീരത്തു നിലവിൽ വന്നു. അവിടുത്തെ കാര്യങ്ങൾ നോക്കാനായി ഒരു പ്രത്യേക ക്യാപ്റ്റൻ നിയമിക്കപ്പെടുകയും ചെയ്തു. ക്രമേണ മൈലാപ്പൂരിലും പരിസര പ്രദേശങ്ങളിലുമായി ഒരു പോർച്ചുഗീസ് കോളനി രൂപമെടുക്കുകയും ഒട്ടേറെ അക്രൈസ്ഥവർ മാനസാന്തരപ്പെടുകയും ചെയ്തു. 1536/37 ൽ പേൾ ഫിഷനറി (Pearl Fishery) തീരത്ത് മുക്കുവരുടെ ഒരു കൂട്ടമാനസാ

ന്തരം നടന്നു.[9] ആയിരക്കണക്കിന് ആളുകൾ മാമ്മോദിസ സ്വീകരിച്ചു. 16-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മിഷൻ രംഗത്ത് പോർച്ചുഗീസുകാർ കൈവരിച്ച ഏറ്റവും വലിയ നേട്ടമായിരുന്നു ഇത്. മേൽപറഞ്ഞ ക്രൈസ്തവരും തിരുവനന്തപുരം മുതൽ കൊറോമാൻഡൽ (Coromandel) വരെയുള്ള തീരപ്രദേശങ്ങളിൽ നിന്നു മാനസാന്തരപ്പെടുത്തപ്പെട്ട മുക്കുവരും ചേർന്ന സമൂഹം 16-ാം നൂറ്റാണ്ടിലെ തമിഴ് ക്രൈസ്തവികതയുടെ നട്ടെല്ലാണെന്നു പറയാം. ഈ കാലഘട്ടത്തിൽ തമിഴ്നാട്ടിലെ മുഖ്യ ക്രൈസ്തവ സമൂഹം മൈലാപ്പൂരിൽ ആയിരുന്നു.[10]

കാലക്രമേണ ഫ്രാൻസിസ്കൻസ് അല്ലാത്ത മറ്റു പ്രധാന സന്യാസ സഭകളിലെ അംഗങ്ങളും-ഈശോ സഭക്കാർ (1542 മുതൽ) ഡൊമിനിക്ൻസ് (ആദ്യ ആശ്രമം 1548), അഗസ്റ്റീനിയൻസ് (1572 മുതൽ) - ഇന്ത്യയിൽ എത്തുകയും അവരുടെ ഭവനങ്ങളും പ്രോവിൻസുകളും സ്ഥാപിക്കുകയും ചെയ്തു. ഇത് സുവിശേഷ വത്കരണത്തിന് ആക്കംകൂട്ടി.[11] കന്യാകുമാരി മുതൽ (Cape Comerin) പമ്പൻ അഥവാ രാമേശ്വരം ദ്വീപുവരെ നീണ്ടുകിടക്കുന്ന പേൾ ഫിഷറി (Pearl Fishery) തീരത്തെ ക്രിസ്ത്യാനികൾ വി. ഫ്രാൻസിസ് സേവ്യറിന്റെ നിസ്വാർത്ഥ സേവനങ്ങൾ വഴി ധന്യരാക്കപ്പെട്ടു. (1542 മെയ് ആരംഭത്തിലാണ് അദ്ദേഹം ഗോവയിൽ എത്തിച്ചേർന്നത്.) 1542 ഒക്ടോബറിൽ അദ്ദേഹം ഫിഷറി തീരത്തുള്ള മണ്ണപ്പാട്ട് (Mannappad) എത്തിച്ചേരുകയും, ചില ഇടവേളകളോടുകൂടിയാണെങ്കിലും, 1544 അവസാനം വരെ അവിടെ പ്രവർത്തിക്കുകയും ചെയ്തു. മാമ്മോദിസ സ്വീകരിച്ചവരെ അദ്ദേഹം വിശ്വാസത്തിൽഉറപ്പിച്ചു; നിരവധി ആയിരങ്ങളെ മാനസാന്തരപ്പെടുത്തുകയും ചെയ്തു. അദ്ദേഹം തമിഴ് ഭാഷ പഠിക്കുകയും ചിലസഹപ്രവർത്തകരുടെ സഹായത്തോടെ മതബോധനഗ്രന്ഥങ്ങളുടെ പ്രാർത്ഥനാ പുസ്തകങ്ങളും തമിഴിലേയ്ക്ക് വിവർത്തനം ചെയ്യുകയും ചെയ്തു.[12]

1544 ൽ ഫ്രാൻസിസി സേവ്യർ അന്ന് തിരുവിതാംകൂർ തീരം എന്നറിയപ്പെടുന്ന കന്യാകുമാരി ജില്ല സന്ദർശിച്ചു. പൂവാർ, കൊല്ലങ്കോട്, വല്ലവിളയ്, തുത്തൂർ, പൂത്തൂർതുറൈ, തെങ്ങപട്ടണം, ഏനയം, മിദളം, വാണിയക്കുടി, കൊളച്ചേൽ, കഡിയപട്ടണം, മുട്ടം, പള്ളം, മനക്കുടി തുടങ്ങിയ നിരവധി ഗ്രാമങ്ങൾ പൂർണ്ണമായും ക്രിസ്തീയ വിശ്വാസം സ്വീകരിച്ചു[13] വെറും ഒരുമാസക്കാലം കൊണ്ട് (നവംബർ-ഡിസംബർ 1544) തിരുവിതാംകൂറിൽ പതിനായിരത്തിലധികം വ്യക്തികളെ അദ്ദേഹം മാനസാന്തരപ്പെടു ത്തി. ആദ്യത്തെ മൂന്നുവർഷങ്ങൾക്കുശേഷം (മെയ് 1542-മെയ് 1545) ഫ്രാൻസിസ് സേവ്യർ 1548 ജനുവരി മുതൽ 1549 ഏപ്രിൽവരെയും പിന്നീട് 1553

ജനുവരി മുതൽ ഏപ്രിൽവരെയും മാത്രമേ ഇന്ത്യയിൽ ചെലവഴിച്ചുള്ളൂ. മേൽപറഞ്ഞ സ്ഥലങ്ങൾക്കു പുറമേ, ഗോവ, കൊച്ചി, കൊല്ലം, മൈലാപ്പൂർ, ബാസ്സെൻ എന്നിവിടങ്ങളിലും ഇന്ത്യയിലായിരിക്കെ അദ്ദേഹം ജോലിചെയ്തു.

മഹത്തായ മുഗൽ സാമ്രാജ്യത്തിലേക്കുള്ള ഈശോസഭക്കാരുടെ പ്രവേശനവും പ്രവർത്തനങ്ങളുമാണ് 16-ാം നൂറ്റാണ്ടിലെ മറ്റൊരു പ്രധാന സംഭവം. അക്ബർ ചക്രവക്രവർത്തിയുടെ ക്ഷണത്തെ തുടർന്ന് (1556-1605) ഈശോസഭക്കാരുടെ മൂന്നു ദൗത്യസംഘങ്ങൾ രാജകീയാങ്കണത്തിലേക്കു പോവുകയുണ്ടായി. ഫാ. റുഡോൾഫ് അക്വാവിവ (Rudolf Aequaviva)യുടെ നേതൃത്വത്തിൽ മൂന്നു പേരടങ്ങുന്ന ഒരു സംഘമായിരുന്നു ആദ്യമായി അയയ്ക്കപ്പെട്ടത്. 1580 ൽ അവർ തലസ്ഥാന നഗരിയായ ഫത്തേപ്പൂർ സിക്രിയിൽ (Fathepur Sikri) എത്തിച്ചേരുകയും മൂന്നുവർഷക്കാലത്തേക്ക് കൊട്ടാരങ്കണത്തിൽ താമസിക്കുകയും ചെയ്തു. രണ്ടാമത്തെ ദൗത്യം ഏതാനും മാസങ്ങൾ മാത്രമേ ദീർഘിച്ചുള്ളൂ. 1595 ൽ ഫാ. ജെറോം സേവ്യറിന്റെ നേതൃത്വത്തിലുള്ള മൂന്നാംമിഷൻ ഇരുപതുകൊല്ലം ദീർഘിച്ചു. ഈ കാലയളവിൽ പലരും മാനസാന്തരപ്പെടുകയുണ്ടായി. ആഗ്ര, ഡൽഹി, ലാഹോർ, പാറ്റ്ന എന്നിവിടങ്ങളിൽ ഈശോസഭക്കാർ പള്ളികൾ നിർമ്മിച്ചു.[15]

1510 മുതൽ 1961 വരെ ഗോവ ഒരു പോർച്ചുഗീസ് കോളനി ആയിരുന്നു. 1510 ൽ അഫോൻസോ ദ് ആൽബുകെർക്ക് (Anonso de Allurguergue) ഗോവ കീഴടക്കി. 1529 മുതൽ 1538 വരെ ഗവർണർ ആയിരുന്ന നൂനോ ദ ക്കുഞ്ഞ (Nuno da Cunha) 1530 ൽ പോർച്ചുഗീസ് ഭരണ തലസ്ഥാനം കൊച്ചിയിൽനിന്നു ഗോവയിലേക്കു മാറ്റി. അന്നുമുതൽ വൈസ്റോയി അഥവാ ഗവർണർ, ചാൻസലർ, സെക്രട്ടറി, പ്രധാനജഡ്ജി എന്നിവരടങ്ങുന്ന കേന്ദ്രഭരണകൂടം ഗോവയിൽ ആയിത്തീർന്നു. മിശ്രവിവാഹത്തിന്റെ പ്രോത്സാഹനം വഴിയും ധാർമ്മിക സ്വാധീനം വഴിയും ഫലപ്രദമായ ജീവകാരുണ്യ-സാമൂഹികപ്രവർത്തനങ്ങൾ മൂലമുണ്ടായ അക്രൈസ്തവരുടെ മാനസാന്തരം വഴിയും ക്രിസ്ത്യാനികളുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരുന്നു.[16] ക്രമേണ കർണാടകതീരം, ചാവുൾ (Chaul), ഡിയു, ഡാമൻ എന്നിവയടങ്ങുന്ന സമീപപ്രദേശങ്ങളിലേക്കും ക്രിസ്തുമതം വ്യാപിച്ചു. സാവകാശം ഇന്ത്യയുടെ മാത്രമല്ല, പോർച്ചുഗീസ് പൗരസ്ത്യദേശത്തിന്റെ മുഴുവൻ സഭാത്മക കേന്ദ്രമായി ഗോവ പരിണമിച്ചു.

തമിഴ്നാട്ടിലെ ഉയർന്ന ജാതിയിൽപെട്ട പല ഹൈന്ദവരുടെയും മറ്റുപലരുടെയും മാനസാന്തരത്തിനുവഴിതെളിയിച്ച മറ്റൊരുപ്രധാന മിഷനറിസംരംഭം 17-ാം നൂറ്റാണ്ടിൽ ആരംഭിച്ച മധുരയ്മിഷൻ

(Madurai Mission)ആയിരുന്നു. 1606 ൽ മധുരയിലെത്തിയ ഈശോ സഭാംഗമായ റോബർട്ട് ഡിനോബിലിയായിരുന്നു (Robert de Nobili) ഇതിന്റെ തലവൻ. ആ കാലഘട്ടത്തിലെ മിഷൻ പ്രവർത്തന ശൈലിയിൽ അസംതൃപ്തനായ അദ്ദേഹം ഒരു ചെറിയ ആശ്രമത്തിൽ താമസമാക്കി. രാജവർഗ്ഗത്തിലെ (Rajah Carte) ഒരംഗത്തെപ്പോലെ അദ്ദേഹം ചരട്, കുടുമി (kudumi) മുതലായവ ധരിക്കുകയും അവരുടെ പെരുമാറ്റശൈലി അനുകരിക്കുകയും ചെയ്തു. ഇന്ത്യൻ ഭാഷകളായ തമിഴും തെലുങ്കും സംസ്കൃതവും അദ്ധേഹം പഠിച്ചു. രാജ്യത്തിന്റെ തനതായ ചൈതന്യത്തോടു കൂടുതൽ യോജിച്ച ശൈലിയിലും ചിന്താരൂപങ്ങളിലും അദ്ധേഹം ക്രിസ്തുമതത്തെ അവതരിപ്പിക്കുകയും അനേകായിരങ്ങളെ ക്രിസ്തുവിലേക്കു നയിക്കുകയും ചെയ്തു. മധുരെമിഷനിൽനിന്നും തിരുച്ചിറപ്പള്ളി, സേലം, തഞ്ചാവൂർ, സത്യമംഗലം - ധർമ്മപുരി പ്രദേശങ്ങൾ, ജിംഗീ രാജ്യം (the kingdom of Gingee) തുടങ്ങിയ തമിഴ്നാടിന്റെ മറ്റുഭാഗങ്ങളിലേക്കും ക്രിസ്തുമതം വ്യാപിച്ചു.[17] ചുരുക്കത്തിൽ, പലകേന്ദ്രങ്ങളിൽനിന്നും വിമർശനങ്ങൾ ഉയർന്നുവന്നെങ്കിലും ഡിനോബിലിയുടെ ശൈലി വളരെ ഫല പ്രദവും വിജയകരവുമായിരുന്നു.

## 2. ലത്തീൻ ഹയരാർക്കി പോർച്ചുഗീസ് സംരക്ഷണാധി കാരത്തിൻ കീഴിൽ (Portugese Patronage)

ഇന്ത്യയിലെ ലത്തീൻസഭയുടെ തുടക്കത്തെക്കുറിച്ച് ചുരുക്ക ത്തിൽ പ്രതിപാദിച്ചശേഷം പോർച്ചുഗീസ് പദ്രൊവാദോയുടെ കീഴിൽ സഭയ്ക്കുണ്ടായ ഹയരാർക്കൽ ക്രമീകരണത്തിലേക്ക് നാം ശ്രദ്ധതിരിക്കുകയാണ്. ഈ കാലയളവിൽ ഇന്ത്യയിൽ ലത്തീൻ രൂപതയോ ലത്തീൻ മെത്രാനോ ഇല്ലാതിരുന്നതുകൊണ്ട്, Dum fidei Confantiam എന്ന ബൂളവഴി 1514 ജൂൺ 7-ാം തീയതി ലെയോ ഒൻപതാമൻ മാർപാപ്പ (1513-1521) ഇന്ത്യയെ തോമാറിലെ (Tomar) വികാരിയുടെ അധികാരത്തിൽ കീഴാക്കുകയും എല്ലാ പള്ളികളും സഭാസ്ഥാപനങ്ങളും പോർച്ചുഗൽ രാജാവിന്റെ നിയന്ത്രണത്തിൻ കീഴിലാക്കുകയും ചെയ്തു.[18] എങ്കിലും 1514 ജൂൺ 12-ാം തീയതി (Pro-Exeellenti) എന്ന മറ്റൊരു അപ്പസ്തോലിക ലേഖനംവഴി ഇതേ മാർപാപ്പ തന്നെ ലിസ്ബൺ അതിരൂപതയുടെ സമാന്തര രൂപതയായി മെദെയ്‌രാ ദ്വീപിലെ (Protugal) ഫുഞ്ചൽ (Funchal) കേന്ദ്രമാക്കി ഒരു രൂപത സ്ഥാപിക്കുകയും ഇന്ത്യമുഴുവൻ ഫുഞ്ചലിലെ മെത്രാന്റെ അധികാരത്തിൻ കീഴിൽ കൊണ്ടുവരുകയും ചെയ്തു. വാസ്തവത്തിൽ ഇന്ത്യമാത്രമല്ല, പോർച്ചുഗീസ് സംരക്ഷണാധികാരത്തിൻ കീഴിലുള്ള മറ്റ് ആഫ്രിക്കൻ, ഏഷ്യൻ പ്രദേശങ്ങളും ഫുഞ്ചൽ രൂപതയുടെ ഭാഗമായിരുന്നു.[19]

പുതിയരൂപതാസ്ഥാപനത്തോടെ മേൽപറഞ്ഞപ്രദേശങ്ങളിൽ തോമാർ വികാരിയാത്തിന് ഉണ്ടായിരുന്ന അധികാരം റദ്ദാക്കപ്പെട്ടു. മുമ്പ് തോമാറിലെ വികാരിയായിരുന്ന ഡോൺ ദിയോഗോ പിഞ്ഞേയ്രോ (Don Diogo Pinheiro) ആയിരുന്ന ഫുഞ്ചലിലെ ആദ്യമെത്രാൻ. (1514–1526) ഇത്രവിശാല മായ ഒരു ഭൂപ്രദേശത്തെ ഫലപ്രദമായി ഭരിക്കാൻ ഒരു മെത്രാനുമാത്രം കഴിയുമായിരുന്നില്ല. അതുകൊണ്ട് പോർച്ചുഗൽ രാജാവ് വൈദികരിൽ ഒരാളെ വികാരിജനറാളായി നിയമിക്കുക പതിവായിരുന്നു. അദ്ദേഹം സ്ഥലത്തെ Ordinary ആയി പ്രവർത്തിക്കുകയും ഇന്ത്യയിലുള്ള ലത്തീൻ ക്രൈസ്തവരുടെമേൽ അധികാരം കയ്യാളുകയും ചെയ്തുപോന്നു.

**ഗോവ രൂപതയുടെ സ്ഥാപനം**

1533 ജനുവരി 31-ാം തീയതി ക്ലെമന്റ് ഏഴാമൻ മാർപാപ്പ (1523–1534) ഫുഞ്ചൽ രൂപതയെ അതിരൂപതയുടെ പദവിയിലേക്ക് ഉയർത്തുകയും അതിന്റെ സമാന്തരൂപതയും ഇന്ത്യയിലെ ആദ്യത്തെ ലത്തീൻരൂപതയുമായി ഗോവരൂപത സ്ഥാപിക്കാൻ നിശ്ചയിക്കുക യും ചെയ്തു. ഈ തീരുമാനം പ്രസിദ്ധീകരിക്കുന്നതിനുമുമ്പേ മാർപാപ്പ കാലം ചെയ്തതിനാൽ ഗോവ രൂപത സ്ഥാപിച്ചുകൊണ്ടു ള്ള Aeguum reputamus എന്ന അപ്പസ്തോലികലേഖനം 1534 നവംബർ 3-ാം തീയതി, അദ്ദേഹത്തിന്റെ പിൻഗാമിയായ പോൾ മൂന്നാമൻ മാർപാപ്പ (1534–1549) യാണ് പ്രസിദ്ധീകരിച്ചത്. എങ്കിലും ഗോവരൂപതയുടെ സ്ഥാപന തീയ്യതി തന്റെ മുൻഗാമി തീരുമാനി ച്ചിരുന്നതുപോലെ 1533 ജനുവരി 31 തന്നെ ആയിരിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി. പോർച്ചുഗീസ് രാജാവായ ജോൺ മൂന്നാമ ന്റെ ആഗ്രഹമനുസരിച്ചാണ് ഗോവരൂപത സ്ഥാപിതമായത്. രൂപ താസ്ഥാപനത്തിന്റെ സാഹചര്യങ്ങളും ലക്ഷ്യവും(Aeguum repr atamo) എന്ന അപ്പസ്തോലികലേഖനം വ്യക്തമാക്കുന്നുണ്ട്.[20]

ഗോവരൂപതയുടെ അതിർത്തികൾ സൗത്ത് ആഫ്രിക്കയിലെ ഗുഡ് ഹോപ്പ് മുനമ്പുമുതൽ (Cape of Good hope) കിഴക്കൻ ഏഷ്യയിലെ ചൈന, ജപ്പാൻ എന്നിവിടങ്ങൾവരെ വ്യാപിച്ചു കിടന്നിരുന്നു.[21] ഈ പ്രദേശങ്ങളുടെമേൽ മുഴുവൻ ഫുഞ്ചൽ മെത്രാപ്പോലീത്തയ്ക്ക് മെത്രാപ്പോലീത്തായ്ക്കടുത്ത അധികാരമു ണ്ടായിരുന്നു. ഡോൺ ഫ്രാൻചിസ്കോ ഡി മെല്ലോ ആണ് ഗോവയുടെ ആദ്യത്തെ മെത്രാനായി തെരെഞ്ഞെടുക്കപ്പെട്ടത്. എന്നാൽ ഇന്ത്യയിലേക്കു യാത്ര തിരിക്കും മുമ്പേ 1536 ൽ അദ്ദേഹം മരണമടഞ്ഞു. അതിനാൽ ജോൺ മൂന്നാമൻ രാജാവിന്റെ കുമ്പസാരക്കാരനായിരുന്നു ഡോൻ ജോൺ ദി അൽബ്യുകെർക്ക് (Don John de Albu fuergue) 1537 ഏപ്രിൽ 22-ാം തീയതി ഗോവ

മെത്രാനായി നാമനിർദ്ദേശം ചെയ്യപ്പെട്ടു. 1538 ജനുവരി 13-ാം തീയതി അദ്ദേഹം മെത്രാൻപട്ടം സ്വീകരിക്കുകയും 1539 ജൂൺമാസത്തിൽ സാഘോഷം ഗോവയിലെ കത്തീഡ്രലിൽ അവനേധിക്കപ്പെടുകയും ചെയ്തു. കിഴക്കൻ ആഫ്രിക്ക, മലാക്ക, മൊളുക്കാസ് (indomeria), ചൈന, ജപ്പാൻ എന്നീ പ്രദേശങ്ങളടങ്ങുന്ന വിശാലമായ ഒരു രൂപതയെ പടുത്തുയർത്തുകയായിരുന്നു അദ്ദേഹത്തിന്റെ ദൗത്യം. 1553 ഫെബ്രുവരി 23-ാം തീയതി മരണമടയുന്നതുവരെ ആൽബ്യുകെർക്ക് രൂപതയെ ഭരിച്ചു.[22]

## ഗോവ സഭയുടെ ഒരു പ്രൊവിൻസായി സ്ഥാപിക്കപ്പെടുന്നു

ആൽബുകെർക്ക് മെത്രാന്റെ മരണശേഷം ഗോവസിംഹാസനം ദീർഘകാലത്തേക്ക് ഒഴിവായി കിടന്നു. ഈ കാലയളവിൽ 1558 ഫെബ്രുവരി 4-ാം തീയതി Etsisaneta എന്ന അപ്പസ്തോലിക ലേഖനംവഴി പോൾ ഏഴാമൻ മാർപാപ്പ ഗോവയെ ഒരു സഭാ പ്രൊവിൻസായി പ്രഖ്യാപിക്കുകയും ഗോവ രൂപതയെ ഒരു മെട്രോപോളിത്തൻ അതിരൂപതയുടെ പദവിയിലേക്ക് ഉയർത്തുകയും ചെയ്തു. സാമന്തരൂപതകളായി ഇന്ത്യയിൽ കൊച്ചിരൂപതയും മലേഷ്യയിൽ മലാക്ക (Malacca) രൂപതയും സ്ഥാപിച്ചു.[23] പോർച്ചുഗലിലെ സെബാസ്റ്റ്യൻ രാജാവിന്റെ നിരന്തരവും ഫലപ്രദവുമായ അപേക്ഷയെ മാനിച്ചായിരുന്നു ഈ നടപടി.[24] മലബാർ തീരം (മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പ്രദേശങ്ങളൊഴികെ) കൊറോമാൻഡൽതീരം, മധുരമിഷൻ, കർണ്ണാടകമിഷൻ എന്നിവയ്ക്കുപുറമേ ബർമ്മാ സിലോൺ എന്നീപ്രദേശങ്ങളും കൊച്ചിരൂപതയുടെ ഭാഗമായിരുന്നു. ഇന്തോനേഷ്യയിലെ മൊളുക്കാസ് (Molucas), ചൈന,ജപ്പാൻഎന്നിവ ഉൾകൊള്ളുന്നവയായിരുന്നു മലാക്ക (Malacca) രൂപത. ഗോവയിലെ ആദ്യത്തെ മെത്രാപ്പോലീത്ത ഡോൺ ഗാസ്പർ ദ് ലെയാവോ പെരേയ്ര (Don Gasper de Leao Pereira). ആയിരുന്നു. 1560 ഡിസംബർ 1-ാം തിയതി അദ്ദേഹം ഗോവയിൽ എത്തി. ഡോൺ ജോർജ്ജ് തെമൂദോ (Don Jorge Temudo) ആയിരുന്നു കൊച്ചിയിലെ ആദ്യ മെത്രാൻ. 1567-ൽ ഗോവയിലേക്ക് സ്ഥലം മാറിപോകുന്നതുവരെ അദ്ദേഹം കൊച്ചി രൂപതയെ ഭരിച്ചു.

രൂപതയുടെ വ്യത്യസ്ഥ ഭാഗങ്ങൾ തമ്മിലുള്ള വലിയ അകലം മൂലം എല്ലായിടത്തുമുള്ള വിശ്വാസികൾക്ക് ഫലപ്രദമായ അജപാലന ശുശ്രൂഷ നല്കാൻ കൊച്ചി മെത്രാനു കഴിയുമായിരുന്നില്ല. അതിനാൽ പോർച്ചു പോർച്ചുഗലിലെ ഫിലിപ്പ് രാജാവിന്റെ ശുപാർശ പ്രകാരം പോൾ V-ാ മൻ മാർപ്പാപ്പ (1605-1625) കൊച്ചി രൂപത വിഭജിച്ച് മൈലാപ്പൂർ രൂപതയ്ക്കു രൂപം നൽകി. [25] കൊറോമാൻഡൽ തീരം, ഒറീസ, ബംഗാൾ, പെഗു അഥവാ ബർമ്മ എന്നീ

പ്രദേശങ്ങൾ ഉൾക്കൊള്ളുന്നതായിരുന്നു പുതിയ രൂപത[26] ഈ രൂപതയെയും വൈദികവൃന്ദത്തെയും വിശ്വാസികളെയും മാർപ്പാപ്പാ ഗോവമെത്രാപ്പോലിത്തയുടെ മെത്രാപ്പോലീത്തായ്ക്കടുത്ത അധികാരത്തിൻ കീഴിലാക്കി. 1886 സെപ്റ്റംബർ 1-ാം തിയതിവരെ ഇന്ത്യയിൽ മൂന്നു ലത്തീൻ രൂപതകളേ ഉണ്ടായിരുന്നുള്ളൂ - ഗോവഅതിരൂപതയും അതിന്റെ സമാന്ത രൂപതകളായ കൊച്ചിയും മൈലാപ്പൂരും. എങ്കിലും 18-ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ പ്രൊപ്പഗാന്തഫീദേ (Propaganda Fide) തിരു സംഘത്തിന്റെ കീഴിൽ കൂറെ അപ്പസ്തോലക വികാരിയാത്തുകൾ സ്ഥാപിക്കപ്പെടുകയുണ്ടായി. ഇതേക്കുറിച്ച് നാം പിന്നീട് പ്രതിപാദിക്കും.

കിഴക്കുള്ള പോർച്ചുഗീസ് സാമ്രാജ്യത്തിന്റെ രാഷ്ട്രീയവും സഭാപരവുമായ തലസ്ഥാനം ഗോവ ആയിരുന്നു. നാം മുകളിൽ കണ്ടതുപോലെ ഗോവ അതിരൂപതയുടെ അധികാര വ്യാപതി ഏഷ്യയിലും ആഫ്രിക്കയിലും പോർച്ചുഗിസുകാർ കീഴടക്കിയ പ്രദേശങ്ങളെല്ലാം ഉൾക്കൊണ്ടിരുന്നു. കാലക്രമത്തിൽ മലേഷ്യയിലെ മലാക്ക രൂപത (1558) കൂടാതെ, ഹോങ്കോങ്ങിന് അടുത്തുള്ള മക്കാവ്വ് (Macau) (1576), ജപ്പാനിലെ ഫൂണയ് (Funay) (1588), കിഴക്കൻ ആഫ്രിക്കയിലെ മൊസാമ്പിക്ക് (1612), എന്നിവയോടൊപ്പം ചൈനയിലെ നാങ്കിങ്ങ് (Nanking), പീക്കിങ്ങ് (Peking) (1690), എന്നീ രൂപതകളും ഗോവ അതിരൂപതയുടെ സാമന്തരൂപതകളായി ഇന്ത്യക്കു പുറമേ സ്ഥാപിക്കപ്പെട്ടു. രണ്ടു ഭൂഖണ്ടങ്ങളിലായി വ്യാപിച്ചു കുടക്കുന്ന ഈ പ്രദേശങ്ങളുടെ മേലെല്ലാം ഗോവാ മെത്രാപ്പോലിത്തയ്ക്ക് മെത്രാപ്പോലിത്തയ്ക്കടുത്ത അധികാരമുണ്ടായിരുന്നു.

### സംരക്ഷണാധികാരത്തിന്റെ (Patronage) അവകാശങ്ങളും ചുമതലകളും

ഗോവ, കൊച്ചി, മൈലാപ്പൂർ എന്നീ രൂപതകൾ സ്ഥാപിച്ചുകൊണ്ടുള്ള പ്രമാണരേഖകളിൽ ഇന്ത്യയിലും മറ്റു പോർച്ചുഗീസ് പ്രദേശങ്ങളിലും പോർച്ചുഗീസ് രാജാവിനുള്ള സഭാപരമായ അധികാരത്തിന്റെ സ്വഭാവവും വ്യാപതിയും വ്യക്തമായി നിർവ്വചിക്കപ്പെട്ടിട്ടുണ്ട്. ഈ രേഖകളനുസരിച്ച് സംരക്ഷണാധികാരം (Jus Patronatus) സ്വീകരിച്ചിട്ടുള്ള പോർച്ചുഗൽ രാജാവിന്റെ അവകാശങ്ങളും, പ്രത്യേകാനുകൂല്യങ്ങളും കടമകളും താഴെപ്പറയുന്നവയാണ്.

1. പുതിയ രൂപതകൾ സ്ഥാപിക്കുന്നതിലുള്ള പ്രയോജനവും ഔചിത്യവും നിശ്ചയിച്ച് അക്കാര്യം റോമാ മാർപ്പാപ്പയെ ധരിപ്പിക്കാനുള്ള അവകാശം. രാജാവിന്റെ സമ്മതം കൂടാതെ പോർച്ചു

ഗീസ് പ്രദേശങ്ങളിൽ രൂപത സ്ഥാപിക്കാൻ മാർപ്പാപ്പയ്ക്ക് കഴിയുമായിരുന്നില്ല.

2. പോർച്ചുഗീസ് ആധിപത്യത്തിൻ കീഴിലുള്ള സ്ഥലങ്ങളിൽ രൂപതാ സ്ഥാപന വേളയിലും മെത്രാന്റെ സിംഹാസനം ഒഴിഞ്ഞുകിടക്കുന്ന അവസരങ്ങളിലും മെത്രാന്മാരായി നിയമിക്കപ്പെടാൻ യോഗ്യരായ വ്യക്തികളെ റോമാ മാർപ്പാപ്പയുടെ മുമ്പിൽ നിയമനത്തിനായി സമർപ്പിക്കാനുള്ള അവകാശം. ഇങ്ങനെ സമർപ്പിക്കപ്പെടാത്ത വ്യക്തികളെ പോർച്ചുഗീസ് പ്രദേശങ്ങളിൽ നിയമിക്കാൻ പാപ്പായ്ക്കു കഴിയുമായിരുന്നില്ല.

3. ഇപ്രകാരം നിയമിക്കപ്പെടുന്ന മെത്രന്മാരുടെ മുമ്പിൽ, പ്രവിശ്യാധികാരികൾ (deans), കാനന്മാർ (Canons) ബഹുമാനസൂചകമായി കാനൻ പദവിയുള്ളവർ (honarary canons), ശ്രേഷ്ടന്മാർ (dignitaries), ജീവനാംശത്തിന് അവകാശികൾ (beneficiaries), ഇടവകവികാരിമാർ, ചാപ്ലെയ്ൻമാർ, മിഷനറിമാർ എന്നിവർക്കുപുറമേ സഭാപരമായ ഉദ്യോഗം വഹിക്കുന്ന മറ്റെല്ലാവരെയും നിയമനത്തിനായി സമർപ്പിക്കാനുള്ള അവകാശം. ഈ വകുപ്പ് ഇന്ത്യയിൽ ഒരു തരം പോർച്ചുഗീസ് കുത്തകയ്ക്കു വഴിതെളിക്കുന്നതായിരുന്നു. കാരണം ഈ അധികാരസ്ഥാനങ്ങളിലേക്ക് രാജാവ് നാമ നിർദ്ദേശം ചെയ്തത് പ്രധാനമായും പോർച്ചുഗീസ് പൗരന്മാരെയോ പോർച്ചുഗലിന്റെ രാഷ്ട്രീയവും വ്യാപാരവുമായ താല്പര്യങ്ങൾ സംരക്ഷിക്കുമെന്ന് ഉറപ്പുള്ളവരെയോ ആയിരുന്നു.

4. കത്തീഡ്രിലുകൾ, പള്ളികൾ, സന്യാസഭവനങ്ങൽ, മഠങ്ങൾ, ഓററ്ററികൾ (Orataries) വിദ്യാലയങ്ങൾ, അഭയകോന്ദ്രങ്ങൾ (hospices) എന്നിവയോടൊപ്പം ജീവകാരുണ്യപരവും സഭാപരവുമായ മറ്റെല്ലാസ്ഥാപനങ്ങളും സ്ഥാപിക്കാനും സംരക്ഷിക്കാനും കേടുപാടുകൾ തീർക്കാനുമുള്ള കടമ.

5. കത്തീഡ്രലുകൾ, പള്ളികൾ കപ്പേളകൾ എന്നിവയ്ക്ക് തിരുവസ്ത്രങ്ങൾ, അലങ്കാരവസ്തുക്കൾ, കാസകൾ, പീലാസകൾ, പാത്രങ്ങൾ, പുസ്തകങ്ങൾ, വിളക്കുകൾ, സംഗീതോപകരണങ്ങൾ, മണികൾ, കുർബ്ബാനയ്ക്കുള്ള വീഞ്ഞ്, ഓസ്തിക്കുള്ള മാവ് എന്നിങ്ങനെ ദൈവാരാധനയ്ക്ക് ആവശ്യമായവയെല്ലാം ഒരുക്കിക്കൊടുക്കാനുള്ള കടമ.

6.മെത്രാന്മാർ, കാനന്മാർ, പ്രവിശ്യാമേധാവികൾ, ഇടവകവികാരിമാർ, അദ്ധ്യാപകർ തുടങ്ങി സഭാപരമായ ഉദ്യോഗങ്ങൾ വഹിക്കുന്ന എല്ലാവർക്കും വേണ്ട ശമ്പളവും അലവൻസും ഈസ്റ്റ് ഇൻഡിസിൽനിന്നും രാജാവിനു കിട്ടുന്ന വരുമാനത്തിൽ നിന്നു കൊടുക്കുക.

7. പോർച്ചുഗൽ രാജാവിനു നൽകപ്പെട്ട സഭാത്മകാധികാരമായ Jus Patronatus പിൻവലിക്കാനോ അതിൽ മാറ്റം വരുത്താനോ അദ്ദേഹത്തിന്റെ വ്യക്തമായ സമ്മതം കൂടാതെ റോമൻ മാർപ്പാപ്പയ്ക്കു കഴിയുമായിരുന്നില്ല.[27]

പോർച്ചുഗീസ് പ്രദേശങ്ങളിൽ പോർച്ചുഗൽ രാജാവ് ഒരു രാഷ്ട്രീയധികാരി മാത്രമായിരുന്നില്ല, പ്രത്യുത സഭാകാര്യങ്ങളിലെ പരമാധികാരി കൂടി ആയിരുന്നു എന്ന് വ്യക്തമാണ്. അദ്ദേഹത്തിന്റെ അധികാരങ്ങൾ അധിവിപുലവും അപരിമിതവുമായിരുന്നു. രൂപതകളുടെ സ്ഥാപനം, മെത്രാന്മാരുടെ നിയമനം, വികരിമാരെയും മിഷനറിമാരെയും നാമനിർദ്ദേശം ചെയ്യൽ എന്നിങ്ങനെ സഭാഭരണപരമായ കാര്യങ്ങൾ മുഴുവൻ അന്തിമമായി അദ്ദേഹത്തെയാണ് ആശ്രയിച്ചിരിക്കുന്നത്.

## 3. റോമിലെ പ്രൊപ്പഗാന്ത ഫിദേ തിരുസംഘവും ഇന്ത്യയിലെ ലത്തിൻസഭയും

അക്രൈസ്തവ ലോകത്ത് മിഷൻപ്രവർത്തനങ്ങൾ നടത്താനുള്ള സംവിധാനമോ വിഭവശേഷിയോ പരിശുദ്ധ സിംഹാസനത്തിന് ഇല്ലാതിരുന്ന കാലത്താണ് മാർപ്പാപ്പമാർ പോർച്ചുഗൽ രാജാവിന് സംരക്ഷണാധികാരം (Jus Patronatus) നല്കിയത്. 16-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിമുതൽ, പുതുതായി "കണ്ടുപിടിക്കപ്പെട്ട" രാജ്യങ്ങളിലെ വിശ്വാസപ്രചാരണത്തിനുവേണ്ടി ഒരു കേന്ദ്ര ഓഫീസോ, ഒരു സംഘടന തന്നെയോ ആരംഭിക്കുന്നതിനെപ്പറ്റി പലരും ചിന്തിച്ചു തുടങ്ങിയിരുന്നു. വിവിധ സന്യാസ സമൂഹങ്ങളും രൂപതാവൈദികരും നടത്തിയിരുന്ന മിഷൻ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക ആവശ്യമായിരുന്നു. കാരണം അവർ പലപ്പോഴും പരസ്പരസംഘട്ടനത്തിലായിരുന്നു. വെലാസിയോമ് പാവൊളിസ് (Velasio de Paolis) നിരീക്ഷിച്ചതുപോലെ, സഭ ഈ കാലഘട്ടത്തിൽ പുതിയ ജനങ്ങളുടെ സുവിശേഷവത്ക്കരണത്തിലേക്ക് ശ്രദ്ധ തിരിച്ചു. പുതിയ രാജ്യങ്ങളുടെ സുവിശേഷവത്കരണത്തിൽ സ്പെയിനിലെയും പോർച്ചുഗലിലെയും രാജാക്കന്മാർ അവലംബിച്ച വിവാദപരമായ രീതികളെ തിരുത്താനുള്ള ആഗ്രഹവും ഇതിനു പിന്നിലുണ്ടായിരുന്നു.[28]

സുവിശേഷവത്കരണത്തിന് ഒരു കേന്ദ്രസംവിധാനം വേണമെന്ന നിരവധി പേരുടെ ആഗ്രഹം 1622 ജൂൺ 22-ാം തിയതി ഗ്രെഗറി XV-ാം മൻ മാർപാപ്പ Inscrutalili dirinae എന്ന പ്രമാണരേഖവഴി വിശ്വാസ പ്രചാരണത്തിനു വേണ്ടിയുള്ള തിരുസ്ഘം (Congregatio de propaganda tide) സ്ഥാപിച്ചതോടെ നിറവേറി.[29] ലോകം മുഴുവനിലുമുള്ള മിഷനറിപ്രവർത്തനങ്ങളുടെ മേൽനോട്ടം

വഹിച്ച് മാർഗ്ഗനിർദ്ദേശം നൽകുക, മിഷൻപ്രദേശങ്ങളിൽ സുവിശേഷം പ്രസംഗിക്കാനും പഠിപ്പിക്കുവാനുമായി ശുശ്രൂഷികളെ നിയോഗിക്കുക, കത്തോലിക്കാ വിശ്വാസസത്യങ്ങൾ സംരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുക എന്നിവയായിരുന്നു ഈ കാലഘട്ടത്തിൽ തിരുസംഘത്തിന്റെ ദൗത്യം. തങ്ങളെ ഭരമേൽപിച്ചിരിക്കുന്ന ദൗത്യം നിർവ്വഹിക്കുന്നതിന് - അതായത്, ലോകം മുഴുവനിലുമുള്ള സുവിശേഷപ്രവർത്തനങ്ങളെ സംബന്ധിച്ച് - ആവശ്യമായ എല്ലാ തീരുമാനങ്ങളും എടുക്കാനുള്ള സമ്പൂർണ്ണ അധികാരം ഇക്കാലയളവിൽ തിരുസംഘത്തിന് ഉണ്ടായിരുന്നു.[30] അതുകൊണ്ട് സാധാരണ സംസാര ഭാഷയിൽ ഇതിനെ "സർവ്വശക്തൻ" (omnipotant) എന്നാണ് വിശേഷിപ്പിച്ചിരുന്നത്.

പ്രൊപ്പഗാന്ത ഫിദേയുടെ സ്ഥാപനംവരെ ഇന്ത്യയിലെ സുവിശേഷവത്കരണ പ്രവർത്തനങ്ങൾ പോർച്ചുഗീസ് പദ്രൊവാദോയുടെ കുത്തകയായിരുന്നു. എന്നാൽ രാഷ്ട്രീയ ശക്തിയുടെ തളർച്ചയും സാമ്പത്തിക വിഭവശേഷിയുടെ അഭാവവും മൂലം പതിനേഴാം നൂറ്റാണ്ടിന്റെ ആദ്യംഘട്ടം മുതൽ, ഇന്ത്യപോലെ വിശാലമായ ഒരു രാജ്യത്തിന്റെ ക്രൈസ്തവ വത്കരണം നിർവ്വഹിക്കാനോ, സഭയെയും സഭാസ്ഥാപനങ്ങളെയും വേണ്ടവിധം സംരക്ഷിക്കാനോ, പോർച്ചുഗലിന് കഴിയാതായി. ഈ സാഹചര്യത്തിൽ പോർച്ചുഗലിന്റെ ഇടപെടൽ കൂടാതെ, റോമിൽ നിന്നു നേരിട്ട്, മിഷനറിമാരെ അയക്കാനുള്ള നടപടികൾ പ്രൊപ്പഗാന്ത ഫീദേ സ്വീകരിച്ചു. 1622 മുതൽ പോർച്ചുഗീസ് ഭരണകൂടത്തിന്റെയോ, ഗോവയിലെ സഭാ-രാഷ്ട്രീയ അധികാരികളുടെയോ മുൻകൂട്ടിയുള്ള അനുമതികൂടാതെ ഇന്ത്യയിൽ പ്രവർത്തിക്കാൻ എല്ലാ സന്യാസ സഭകളെയും സമൂഹങ്ങളെയും പ്രൊപ്പഗാന്ത ഫിദേ അനുവദിച്ചു.[31] 1633 ൽ ഉർബൻ VIII-ാം മൻ (UrbanVIII) മാർപാപ്പാ Ex debito pastoralis എന്ന ലേഖനം വഴി പോർച്ചുഗലിന്റെ മതപരമായ കുത്തകാവകാശം ഔദ്യോഗികമായി അവസാനിപ്പിക്കുകയും തങ്ങൾക്ക് യുക്തമെന്നു തോന്നുന്ന ഏതു മാർഗ്ഗത്തിലൂടെയും മിഷൻ പ്രദേശങ്ങളിലേക്കു പോകാൻ സുവിശേഷപ്രഘോഷകർക്ക് സമ്പൂർണ്ണ സ്വാതന്ത്ര്യം നൽകുകയും ചെയ്തു. അവരെ തടയുന്നവരെ സഭയിൽ നിന്നു പുറത്താക്കും എന്ന മുന്നറിയിപ്പും നൽകി.[32] ഇന്ത്യയിൽ നിലനിലുണ്ടായിരുന്ന സന്യാസ സഭകൾക്കുപുറമെ, 17-ാം നൂറ്റാണ്ടുകാലത്ത്, നിഷ്പാദുകകർമ്മലീത്തർ, കപ്പുച്ചിൻകാർ, തെയാറ്റിൻകാർ (Theatins) എന്നിവരും, പിന്നീട് പാരീസ് വിദേശ മിഷനറി സമൂഹവും ഇന്ത്യയിലെത്തി. ഈ മിഷനറിമാരിൽ മിക്കവരും പ്രൊപ്പഗാന്ത ഫീദേയുടെ കീഴിൽ ജോലിചെയ്തു. രണ്ടു സുവിശേഷവത്കരണ ഏജൻസികളും തമ്മിൽ കടുത്തു സംഘട്ടനങ്ങളുണ്ടായിരു

ന്നെങ്കിലും പ്രൊപ്പഗാന്ത ഫിദേയുടെ മേൽ നോട്ടത്തിൽ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ സുവിശേഷവത്കരണത്തിനു പുരോഗതിയുണ്ടായി.[33]

ഈ കാലഘട്ടത്തിൽ ഈസ്റ്റ്ഇൻഡീസിലെ (East Indies) ഭൂപ്രദേശങ്ങൾ മുഴുവൻ പോർച്ചുഗീസ് പദ്രൊവാദോയുടെ കീഴിലുള്ള ഗോവ അതിരൂപത, സാമന്തരൂപതകളായ കൊച്ചി, മൈലാപ്പൂർ, മാർതോമാ ക്രിസ്ത്യാനികൾക്കുവേണ്ടിയുള്ള അങ്കമാലി - ക്രാങ്കന്നൂർ എന്നീ നാലു രൂപതകളായി വിഭജിക്കപ്പെട്ടു കിടന്നിരുന്നു. [34] കാനോനികമായി ഈസ്റ്റ് ഇൻഡീസിലെ ഭൂപ്രദേശം മുഴുവൻ ഈ നാലു പോർച്ചുഗീസ് രൂപത അധികാരത്തിൻ കീഴ് ആയിരുന്നെങ്കിലും ചുരുക്കം കേന്ദ്രങ്ങൾ മാത്രമേ പോർച്ചുഗീസ് സഭാ - രാഷ്ട്രീയാധികാരികളുടെ ഫലപ്രദമായ അധീനതയിലും നിയന്ത്രണത്തിലും ആയിരുന്നുള്ളൂ. സംരക്ഷണാധികാരത്തിന്റെ (Jus Patronatus) വ്യവസ്ഥകളനുസരിച്ച് പുതിയതായി 'കണ്ടുപിടിക്കപ്പെട്ട' പ്രദേശങ്ങലിൽ രൂപതകൾ സ്ഥാപിക്കാൻ തീരുമാനിക്കുക, ഈ രൂപതകളിലേക്കും ഒഴിവായികിടക്കുന്ന മെത്രാസനങ്ങളിലേക്കും മെത്രന്മാരായി നിയമിക്കപ്പെടാൻ അനുയോജ്യരായ വ്യക്തികളെ നിയമനത്തിനായി മാർപ്പാപ്പയുടെ മുമ്പിൽ സമർപ്പിക്കുക എന്നീ കാര്യങ്ങൾ പോർച്ചുഗീസ് രാജാവിന്റെമാത്രം അവകാശമായിരുന്നു. ഈസ്റ്റ് ഈൻഡീസ് മുഴുവൻ മേൽപറഞ്ഞ നാലു പോർച്ചുഗീസ് രൂപതകളുടെ കീഴ്‌ലായിരുന്നതിനാൽ പോർച്ചുഗീസ് ഭരണകൂടത്തിന്റെ സമ്മതവും ഗോവമോത്രാപ്പോലീത്തയുടെ അറിവും കൂടാതെ ഇന്ത്യയിൽ രൂപതകൾ സ്ഥാപിക്കാനോ, മെത്രാന്മാരെ നിയമിക്കാനോ പരിശുദ്ധസിംഹാസനത്തിനു കഴിയുമായിരുന്നില്ല.

ഈ സാഹചര്യത്തിൽ പോർച്ചുഗീസ് രാജാവിനുള്ള സംരക്ഷണാധികാരം പിൻപലിക്കാതെ തന്നെ, മാർപ്പാപ്പയുടെ നേരിട്ടുള്ള അധികാരത്തിൻകീഴിൽ അപ്പസ്തോലിക വികാരിയത്തുകൾ സ്ഥാപിച്ച് അവയുടെ ഭരണം അപ്പസ്തോലിക് വികാരിമാരെ ഭരമേൽപിക്കുക എന്ന ഭരണപരമായ താൽകാലിക നടപടി പരിശുദ്ധസിംഹാസനം സ്വീകരിച്ചു. നിലവിലുള്ള പദ്രൊവാദോ രൂപതകൾക്കുള്ളിലുള്ള ചില പ്രവശ്യകളിൽ പ്രവർത്തിക്കാൻ പരിശുദ്ധസിംഹാസനത്തിൽ നിന്ന് നേരിട്ട് അധികാരം ലഭിച്ച സ്ഥാനീയ മെത്രാന്മാർ (Titular Bishops) ആയിരുന്നു അപ്പസ്തോലികവികാരിമാർ. അങ്ങിനെ ഇന്ത്യയിലും തെക്കൻ ഏഷ്യയിലും റോമിൽ നിന്നു നിയമനം ലഭിച്ച അപ്പസ്തോലിക് വികാരിമാർ തങ്ങളെ ഭരമേൽപിച്ച പ്രദേശങ്ങളിലെ അജപാലന - മിഷൻപ്രവർത്തനങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വം ഏറ്റെടുത്തു, കാനോനികമായി ഈപ്രദേശങ്ങൾ അപ്പോഴും പദ്രൊവാദോയുടെ കീഴിൽ ആയിരുന്നെങ്കിലും[35]

പ്രൊപ്പഗാന്ത ഫിദേ ആദ്യം സ്ഥാപിച്ച അപ്പസ്തോലിക വികാരിയത്ത് ബീജാപൂർ (Bijapur) അഥവാ ഇഡൽകൻ (Idalcan) ആയിരുന്നു (1637). 1669 ൽ അത് കൊൽകൊണ്ട (Colconda), പെഗു (Pegu) എന്നിവിടങ്ങളിലേക്കും. 1696 ൽ മുഗൾ സാമ്രാജ്യം മുഴുവനിലേക്കും വ്യാപിപ്പിച്ചു.[36] പിന്നീട് 1700 ൽ മലബാർ അപ്പസ്തോലിക് വികാരിയാത്ത് (പിന്നീട് വെരാപൊളി) സ്ഥാപിക്കപ്പെട്ടു. പ്രത്യേകിച്ച് മാർതേമ്മാ ക്രിസ്ത്യാനികൾക്കുവേണ്ടി ആയിരുന്നു ഇത്.[37]

പ്രൊപ്പഗാന്ത ഫരീദയുടെ ഇന്ത്യയിലെ ഇടപെടൽ, പ്രത്യേകിച്ച് വികാരിയാത്തുകളുടെ സ്ഥാപനം, ദീർഘമായ ഒരു അധികാരയുദ്ധത്തിനു കളമൊരുക്കി. പ്രൊപ്പഗാന്ത ഫിദെയുടെ മിഷനറിമാരും അപ്പസ്തോലിക് വികാരിമാരും ഒരുവശത്തും പോർച്ചുഗീസ് പദ്രൊവാദോയുടെ മിഷനറിമാരും മെത്രാന്മാരും മറുവശത്തും അണിനിരന്നു. പല റോമൻ മാർപ്പാപ്പമാരും അംഗീകരിക്കുകയും സ്ഥിരീകരിക്കുകയും ചെയ്ത പോർച്ചുഗീസ് രാജാവിന്റെ അവകാശങ്ങളുടെ മേൽ പരി - സിംഹാസനം ഏകപക്ഷീയമായും അനീതിപരമായും കയ്യേറ്റംനടത്തുന്നതായി പോർച്ചുഗീസ് പക്ഷം ആരോപിച്ചു. ഡോമിനിക്ക് പ്രസ്താവിക്കുന്നതുപോലെ, ''വികാരിയ''ത്തുകളുടെ സ്ഥാപനത്തെ സംബന്ധിച്ച് റോമും പോർച്ചുഗലും തമ്മിലുണ്ടായ വിയോജിപ്പ്, വികാരിയാലത്തുകളുടെ താൽക്കാലിക സ്വഭാവം, അപ്പസ്തോലിക വികാരിമാരുടെ അധികാരത്തെ സംബന്ധിച്ച അവ്യക്തത, മറുശക്തികൾ ചിലപ്പോൾ നടത്തിയ ഇടപെടലുകൾ, ഇവയെല്ലാം പൂരകസ്വഭാവത്തോടുകൂടിയ പ്രൊപ്പഗാന്തയുടെ ഇടപെടലിനെ പദ്രൊവാദോയുമായുള്ള ഒരു തരം സ്ഥിര സംഘട്ടനമാക്കിമാറ്റാൻ പ്രേരകമായിട്ടുണ്ട്.[38] ഇന്ത്യയിലെ ലത്തീൻ സഭയുടെ ഒരു ചരിത്രകാരനായ പ്രൊഫ. G.M. മോറെസ് (Moraes) ഈസംഘട്ടനത്തെ, ഒരേസഭയിലുള്ള രണ്ടു പാർട്ടികൾ തമ്മിലുള്ള, അഥവാ സഭാപരമായ കൊളോണിയലിസത്തിന്റെ രണ്ടു സംവിധാനങ്ങൾ തമ്മിലുള്ള (പോര്ച്ചുഗീസ് പദ്രൊപാദ്രേയും പ്രൊപ്പഗാന്തയുടെ പിൻബലമുള്ള ഇറ്റലിക്കാരും തമ്മിലുള്ള) നിലയ്ക്കാത്ത ഒരു ആഭ്യന്തരയുദ്ധമായി ചിത്രീകരിക്കുന്നുണ്ട്. 1637 ൽ ആദ്യവികാരിയാത്തിന്റെ സ്ഥാപനത്തോടെ തുടങ്ങിയ ഈ ആഭ്യന്തരയുദ്ധം 1953 ൽ മാത്രമാണ് അവസാനിക്കുന്നത്.[39]

പതിനേഴാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിമുതൽ മറ്റുയുറോപ്യൻ കൊളോണിയൽ ശക്തികളായ ഡച്ചുകാർ, ഇംഗീഷുകാർ, ഫ്രഞ്ചുകാർ, ഡാനിഷുകാർ തുടങ്ങിയവർ ഇന്ത്യയിലെ പ്രധാനകേന്ദ്രങ്ങൾ കയ്യടക്കിയതോടെ പോർച്ചുഗീസുകാരുടെ ഇന്ത്യയിലെ ശക്തി കൂടുതൽ ക്ഷയിക്കാൻ തുടങ്ങി. മറ്റു കൊളോണിയൽ ശക്തികളുടെ

അധീനതയിലുള്ള പ്രദേശങ്ങളിൽ സംരക്ഷണാധികാരം നൽകുന്ന അവകാശങ്ങൾ നടപ്പിലാക്കാൻ പോർച്ചുഗലിനു കഴിയാതെവന്നു. കൽക്കത്ത, ബോംബെ, മദ്രാസ് തുടങ്ങിയ നഗരങ്ങളെ കേന്ദ്രീകരിച്ച് ഇന്ത്യയിൽ ബ്രിട്ടീഷ് ആദിപത്യം സ്ഥാപിതമായതോടെ, പത്തൊൻമ്പതാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ, പോർച്ചുഗീസ് രാഷ്ട്രീയ ശക്തി ഗോവ, ഡാമൻ, ഡിയു തുടങ്ങിയ ഏതാനും സ്ഥലങ്ങളിലേക്കു ചുരുങ്ങി. രാഷ്ട്രീയരംഗത്തെ തളർച്ചയും സാമ്പത്തിക ബുദ്ധിമുട്ടുകളും മൂലം ഇന്ത്യപോലെ വിശാലമായ ഒരു പ്രദേശത്തിന്റെ സുവിശേഷവത്ക്കരണം നടത്താനോ സഭയെയും സഭാസ്ഥാപനങ്ങളെയും സംരക്ഷിച്ചുനടത്താനോ പോർച്ചുഗലിനു കഴിയാതെ വന്നു. മാത്രമല്ല, പോർച്ചുഗലിലെ രാഷ്ട്രീയാന്തരീക്ഷം മതവിരുദ്ധമായി മാറിക്കൊണ്ടിരുന്നതിനാൽ മിഷൻപ്രവർത്തനത്തിലുള്ള താത്പര്യവും കുറഞ്ഞുവന്നു. 1833 ൽ പരിശുദ്ധസിംഹാസനവുമായുള്ള നയതന്ത്രബന്ധം പോർച്ചുഗൽ വിഛേദിച്ചു. വിരളമായി ശേഷിച്ച മിഷൻ പ്രവർത്തനങ്ങൾ, 1833 മേയ് 30-ാം തീയതി പോർച്ചുഗീസ് സാമ്രാജ്യം മുഴുവനിലുമുള്ള സന്യാസ സഭകളെയെല്ലാം നിരോധിച്ചുകൊണ്ടുള്ള ഡിക്രി പുറത്തുവന്നതോടെ നിലയ്ക്കുകയും ചെയ്തു.[40] ഇന്ത്യയിലെ നാലു പോർച്ചുഗീസ് രൂപതകളെ സംബന്ധിച്ചുപോലും സംരക്ഷണാധികാരത്തിന്റെ കടമകൾ നിർവ്വഹിക്കുന്നതിൽ പോർച്ചുഗീസ് അധികാരം പരാജയപ്പെട്ടു. ദീർഘകാലത്തേക്ക് അവ ഒഴിവായികിടന്നു.

ഇന്ത്യയിലെ സഭ പരിതാപകരവും അപലനീയവുമായ ഒരു അവസ്ഥയിലായിരുന്നു. പരിശുദ്ധസിംഹാസനം ഇടപെട്ടില്ലെങ്കിൽ അതു നാമാവശേഷമാകും എന്നു പോലും  പൊതുവേകരുതപ്പെട്ടു.[41] അതിനാൽ പോർച്ചുഗീസ് ഭരണകൂടത്തിന്റെയും സഭാതികാരികളുടെയും ശക്തമായ പ്രതിഷേധത്തെ അവഗണിച്ച് മറ്റു നിരവധി വികാരിയാത്തുകൾ സ്ഥാപിക്കപ്പെട്ടു. തിരഞ്ഞെടുപ്പിനുമുമ്പ് പ്രൊപ്പഗാന്ത ഫിദെയുടെ തലവനായിരുന്ന ഗ്രിഗരി XVI-ാമൻ മാർപ്പാപ്പാ (1831-1846) താഴെപറയുന്ന വികാരിയാത്തുകൾ സ്ഥാപിച്ചു. കെൽക്കൊണ്ട (Calconda)യുടെ മിക്കഭാഗങ്ങളും ഉൾക്കൊള്ളുന്ന മദ്രാസ് വികാരിയാത്ത് (1832), വലിയ മൊഗുളിന്റെ (Great Mogul) ഒരു ഭാഗം ഉൾക്കൊള്ളുന്ന ബംഗാൾ വികാരിയാത്ത് (1834), ശ്രീലങ്കയിലെ സിലോൺ വികാരിയാത്ത് (1834), കൊറാമാണ്ടൽ വികാരിയാത്ത് (1834), എന്നിവയാണ് അവ. വലിയ മൊഗുളിന്റെ ശേഷിച്ചഭാഗം 1832 മുതൽ ബോംബെ വികാരിയാത്ത് എന്ന് അറിയപ്പെട്ടു.[42] ഈ വികാരിയാത്തുകളെല്ലാം നിലവിലുള്ള പദ്രൊവാദോ രൂപതകൾക്ക് ഉള്ളിലാണ് സ്ഥാപിക്കപ്പെട്ടതെന്ന് പറയേണ്ടതില്ലല്ലോ. ഇവയുടെ മേൽ പദ്രൊവാദോക്കുള്ള അധികാരം പ്രകടമായി പിൻവലിച്ചിരുന്നുമില്ല.

## 4. പോർച്ചുഗീസ് സംരക്ഷണാധികാരത്തിന്റെ ഭാഗികമായ താൽക്കാലിക നിരോധനവും അതിന്റെ പുന:സ്ഥാപനവും

പരിശുദ്ധ സിംഹാസനം നേരിട്ടു നിയമിച്ച അപ്പസ്തോലിക് വികാരിമാരും പോർച്ചുഗീസ് സഭാ - രാഷ്ട്രീയ അധികാരികളും തമ്മിലുണ്ടായ വിനാശകരവും ആക്ഷേപാർഹവുമായ അധികാര സംഘട്ടനങ്ങൾ ഇന്ത്യയിലെ കത്തോലിക്കാസഭയുടെ പുരോഗതിയെ സാരമായി ബാധിച്ചു. അവസാനം പല ചർച്ചകൾക്കു ശേഷം (പോർച്ചുഗീസ് രാജാധികാരവുമായി ആലോചിക്കാതെയായിരുന്നു ഈ ചർച്ചകൾ) 1838 ഏപ്രിൽ 24-ാം തിയതി, ഗ്രിഗരി XVI -ാമൻ പാപ്പാ Multa Praeclareഎന്ന അപ്പസ്തോലിക ലേഖനം വഴി, ഗോവ അതിരൂപതയൊഴികെ ഇന്ത്യയിലെ മറ്റുസ്ഥലങ്ങളിന്മേലുള്ള പദ്രോവാദോ ജുറിസ്ഡിക്ഷൻ നീക്കം ചെയ്തു.[43] വികാരിയാത്തുകളുടെ സ്ഥാപനത്തെയും ആത്മാക്കളുടെ നന്മക്കുവേണ്ടിചെയ്ത മറ്റുകാര്യങ്ങളെയും കുറിച്ച് പ്രതിപാദിച്ച ശേഷം മാർപാപ്പാ തുടർന്നു:

ഇൻഡീസ് പ്രദേശങ്ങളെപറ്റി നാം ഇതുവരെ പ്രഖ്യാപിച്ച കാര്യങ്ങൾ വഴി ആ ഉപഭൂഖണ്ഡത്തിന്റെ മിക്ക ഭാഗങ്ങളുടെയും മതപരമായ നമുക്ക് ആവശ്യമായവ നിർവ്വഹിക്കപ്പെടുന്നു എന്ന് നാം മനസ്സിലാക്കുന്നു. എന്നാരുന്നാലും, ഇതിനോടകം ഭരണത്തിനായി അപ്പസ്തോലിക് വികാരിമാർക്ക് ഏല്പിച്ചു കൊടുത്ത സ്ഥലങ്ങൾക്കു പുറമേ ആത്മീയ സുസ്ഥിതിക്ക് ആവശ്യമായവ ചെയ്തുകൊടുക്കേണ്ട മറ്റു പല സ്ഥലങ്ങളും ക്രാങ്കന്നൂർ, കൊച്ചിൻ, മൈലാപ്പൂർ അഥവാ മാത്തോമ്മ എന്നീ രൂപതാതിർത്തിക്കുള്ളിലുണ്ട് ദീർഘകാലത്തേയ്ക്ക് ഒരു ഇടയന്റെ സാന്നിദ്ധ്യം ഇല്ലാതിരുന്ന സ്ഥലങ്ങളിൽ സഭാപരമായ അച്ചടക്കം, ജനങ്ങളുടെ ധാർമ്മിക ജീവിതം, കത്തോലിക്കാ വിശ്വാസം തുടങ്ങിയ മേഖലകളിലെല്ലാം വലിയ വീഴ്ചകൾ ഉണ്ടായിട്ടുണ്ട് എന്ന് നാം അറിയുന്നു. അതുപോലെതന്നെ, രൂപതകളുടെ അവകാശങ്ങളെ സംരക്ഷിക്കാനെന്ന ഭാവേന, പരി. സിംഹാസനം നിയമിച്ച് അപ്പസ്തോലിക് വികാരിമാരെ എതിർക്കുകയും അവരുടെ അധികാരത്തെ ചോദ്യം ചെയ്യുകയും സഭയിൽ വിനാശകരമായ പിളർപ്പിനു വഴിതെളിയിക്കുകയും ചെയ്യുന്ന പലരും ഉണ്ടെന്ന കാര്യവും നമുക്ക് അറിയാം. പത്രോസിന്റെ പിൻഗാമി എന്ന നിലയിൽ ദൈവം നമ്മെ ഭരമേല്പിച്ചിരിക്കുന്ന ഉത്തരവാദിത്വത്തിന്റെ അടിസ്ഥാനത്തിൽ, വിദൂരദേശങ്ങളിലാണെങ്കിലും സഭാകാര്യങ്ങൾ ക്രമീകരിക്കാനും അതിന്റെ നന്മയ്ക്കു ആവശ്യമെന്നു തോന്നുന്ന കല്പനകൾ പുറപ്പെടുവിക്കാനും നാം കടപ്പെട്ടിരിക്കുന്നു എന്ന ഉത്തമബോധ്യവും നമുക്കുണ്ട്. അതിനാൽ,

പ്രൊപ്പഗാന്ത ഫൂദെയുടെ കാര്യങ്ങൾ നോക്കാനായി നിയുക്തരും നമ്മുടെ വന്ദ്യസഹോദരന്മാരുമായ, റോമൻ കത്തോലിക്കാസഭയുടെ കർദ്ദിനാളമാരുടെ അഭിപ്രായം ആരായുകയും പക്വമായ വിചിന്തനങ്ങൾ നടത്തുകയും ചെയ്തശേഷം, അപ്പസ്തോലി കാധികാരത്തിന്റെ പൂർണ്ണത ഉപയോഗിച്ച് താഴെ പറയുന്ന കാര്യങ്ങൾ കല്പിച്ചു നല്കേണ്ടതാണെന്ന് നാം തീരുമാനിച്ചു. അതായത്, ഒരു താല്കാലിക നടപടി എന്ന ന്ലയിലും അപ്പസ്തോ ലിക സിംഹാസനം പുതിയ ഒരു തീരുമാനം കൈക്കൊള്ളുന്നവ രെയും മൈലാപ്പൂർ അഥവാ മാർതേമ്മാ രൂപതയുടെ അതിർത്തി കൾക്കുള്ളിലുള്ളതും ഇതുവരെ ഒരു അപ്പസ്തോലിക് വികാരി കൾക്ക് ഭരമേല്പിക്കപ്പെടുന്നതുമായ പ്രദേശങ്ങളെല്ലാം മദ്രാസിലെ അപ്പസ്തോലിക് വികാരിയാത്തി നോടു ചേർക്കപ്പെടണം. ഈ പ്രദേശങ്ങളിന്മേലുള്ള സഭാപരമോ ആത്മീയമോ ആയ അധികാരാവകാശങ്ങൾ (Inrirdition and authority) സാൽഡി ത്താനിലെ (Salditan) മെത്രാനും മദ്രാസിന്റെ അപ്പസ്തോലിക് വി കാരിയുമായ നമ്മുടെ വന്ദ്യസഹോദരൻ ദാനിയേലിന്റെയും (Daniel) അദ്ദേഹത്തിന്റെ പിൻഗാമികളുടേതും ആയിരിക്കും. ഇതേകാരണ ത്താൽ നാം കൽപിക്കുന്നു: ക്രാങ്കന്നൂർ,കൊച്ചിൻ എന്നീ രൂപതക ളുടെ അതിർത്തികൾക്കുള്ളിലുള്ളതും ഇതുവരെ ഒരു അപ്പസ്തോ ലിക് വികാരിക്കു ഭരമേൽപിക്കപ്പെടാത്തതുമായ പ്രദേശങ്ങൾ, മല ബാറിൽ ല്ഥാപിക്കപ്പെട്ടതും, വെരാപൊളി (Verapoly) പട്ടണം അസ്ഥാനമാക്കിയിട്ടുള്ളതുമായ അപ്പസ്തോലിക വികാരിയാത്തി നോട് ചേർക്കപ്പെടണം. ഈ പ്രദേശങ്ങളിന്മേലുള്ള സഭാപരവും ആത്മീയവുമായ എല്ലാ അധികാരാവകാശങ്ങളും (Jurirdiction and Authority) അൽമാടയിലെ (Almata) മെത്രാനും വെരാപൊളിയിൽ ആസ്ഥാനമുറപ്പിച്ചിരിക്കുന്ന അപ്പസ്തോലിക വികാരിയുമായ നമ്മുടെ വന്ദ്യസഹോദരൻ ഫ്രാൻസിസ് സേവ്യറിന്റെയും അദ്ദേഹ ത്തിന്റെ പിൻഗാമികളുടേതും ആയിരിക്കും. അതുപോലെ, മലാ ക്കയ്ക്കും ഗംഗയ്ക്കും അപ്പുറമുള്ള പ്രദേശങ്ങൾക്കും നമ്മുടെ അപ്പ സ്തോലിക ഉത്സുകതയുടെ ഗുണഫലങ്ങൾ ലഭിക്കാനും അവി ടത്തെ മതപരമായ സുസ്ഥിതിക്കും വളർച്ചക്കും വേണ്ടി, മുൻപ റഞ്ഞ അതേ താൽകാലികസ്വഭാവത്തോടെ, ആപ്രദേശത്തെ, സാമാ യുടെ (Zama) മെത്രാനും ആവ (Ava), പെഗു (Pegu) എന്നിവിട ങ്ങളുടെ അപ്പസ്തോലിക് വികാരിയുമായ നമ്മുടെ വന്ദ്യസഹോദ രൻ ഫെദരിച്ചി കാവോ (Federiei Cao) യുടെ ഭരണാധികാരത്തിനു കീഴിലാക്കുന്നു. ഈ പ്രദേശങ്ങളുടെ സഭാപരവും ആത്മീയവുമായ ഭരണത്തെ സംബന്ധി ച്ചിടത്തോളം അപ്പസ്തോലിക് വികാരിമാർ നേരിട്ട് ആശ്രയി ക്കുന്നത് നമ്മെയും അപ്പസ്തോലിക സിംഹാസ നത്തെയും മാത്രമാണെന്ന് നാം പ്രഖ്യാപിക്കുന്നു. ഈ പ്രദേശങ്ങ

ളിലെ സഭയുടെ തലവന്മാരായി (Ordimaries). എല്ലാവരും അവരെ (അപ്പസ്തോലിക വികാരിമാരെ) മാത്രം പരിഗണിക്കുകയും സഭാ പരമായ അധികാര പത്രങ്ങളും മറ്റും അവരിൽനിന്നു സ്വീകരിക്കു കയും ചെയ്യേണ്ടതാണ്. ഇക്കാരണത്താൽ ക്രാങ്കന്നൂർ, കൊച്ചിൻ, മൈലാപ്പൂർ അഥവാ മാർതോമ്മാ എന്നീ രൂപതകളുടെ സ്ഥാപന ത്തെയും അതിർത്തി നിർണ്ണയത്തെയും സംബന്ധിച്ച് നമ്മുടെ മുൻഗാമികളെഴുതിയ മേൽപറഞ്ഞ അപ്പസ്തോലിക ലേഖനങ്ങളിൽ നിന്നും മലക്കാ രൂപതയുടെ സ്ഥാപനത്തെ സംബന്ധിച്ച് 1558 ഫെബ്രുവരി 4-ാം തിയതി പോൾ IV-ാമൻ പുറപ്പെടുവിച്ച Pro Excellenti എന്ന അപ്പസ്തോലിക ലേഖനത്തിൽ നിന്നും പ്രസക്ത ഭാഗങ്ങൾ നാം അസാധുവാക്കുന്നു, കൂടാതെ, ഭാഹ്യസ്മരണാർഹ നായ നമ്മുടെ മുൻഗാമി പോൾ IV-ാ മൻ പാപ്പാ 1558 ഫെബ്രുവരി 4-ാം തിയതി ഗോവ അതിരൂപത സ്ഥാപിച്ചുകൊണ്ടു പുറപ്പെടുവിച്ച Etsi Sancta എന്ന അപ്പസ്തോലിക ലേഖനത്തിൽനിന്നും പ്രസക്ത ഭാഗങ്ങൾ നാം പിൻവലിക്കുന്നു. ഭാവിയിൽ മേൽപറഞ്ഞ പ്രദേശങ്ങളുടെമേൽ ഒരു സ്ഥാനപ്പേരിന്റെ അടിസ്ഥാനത്തിലും ഒരധികാരവും (Juridiction) പ്രയോഗിക്കാൻ ഗോവ മെത്രാപ്പൊ ലീത്തായ്ക്ക് കഴിയുന്നതല്ല.[44]

ഗോവ, കൊച്ചിൻ, മൈലാപ്പൂർ, ക്രാങ്കന്നൂർ എന്നീ രൂപതകളുടെ സ്ഥാപനത്തെയും അവയുടെ അതിർത്തി നിർണ്ണയത്തേയും സംബന്ധിച്ച് തന്റെ മുൻഗാമികളെഴുതിയ അപ്പസ്തോലിക ലേഖനങ്ങളിൽനിന്ന് പ്രസക്തഭാഗങ്ങൾ മാർപാപ്പാ വ്യക്തമായി തന്നെ നീക്കം ചെയ്തു. പോർച്ചുഗീസ് രൂപതയായ മൈലാപ്പൂർ നിർത്തലാക്കി ആ പ്രദേശം മദ്രാസ് അപ്പസ്തോലിക് വികാരിയാത്തിന്റെ ഭാഗമാക്കി. പോർച്ചുഗീസ് പദ്രൊവാദേ രൂപതകളായ ക്രാങ്കന്നൂർ (മാർതോമ്മാ ക്രിസ്ത്യാനികൾ), കൊച്ചിൻ രൂപതകളുടെ പ്രദേശങ്ങൾ വെരാപൊളി വികാരിയാ ത്തിനോടു ചേർത്തു. മലാക്കയുടെ കീഴിലുള്ള പ്രദേശങ്ങൾ ആൽവാ-പെഗു അപ്പസ്തോലിക വികാരിയാത്തിനു നല്കി. പദ്രൊവാദോയുടെ അധികാരപരിധി ഗോവ അതിരൂപത യിലേക്ക് ഒതുക്കപ്പെട്ടു. ഗോവയെ സഭാ പ്രോവിൻസ് ആയി സ്ഥാപിക്കുന്ന Etsi Sancta എന്ന അപ്പസ്തോലിക ലേഖനം പിൻവലിക്കപ്പെ ടുകയും ഇന്ത്യയിലും പുറത്തും ഗോവ മെത്രാപ്പൊലീത്തായ്ക്ക് ഉണ്ടായിരുന്ന മെത്രാപ്പൊലീത്തായ്ക്കടു ത്ത അവകാശങ്ങൾ മാറ്റപ്പെടുകയും ചെയ്തു. ഈ പ്രദേശങ്ങളുടെ മേലുള്ള സഭാഭരണ അധികാരികൾ അപ്പസ്തോലിക വികാരിമാർ മാത്രമായിത്തീർന്നു.

ഈ അപ്പസ്തോലിക ലേഖനം സാഹചര്യം കൂടുതൽ വഷളാക്കാനും, ചില ഗ്രന്ഥകാരന്മാർ “ഗോവൻ ശീശ്മ” എന്നു

വിളിക്കുന്ന അവസ്ഥ സംജാതമാക്കാനുമേ ഉപകരിച്ചുള്ളു.[45] പരി. സിംഹാസനം നിയമിച്ച അപ്പസ്തോലിക വികാരിമാർ അപ്പസ്തോലിക ലേഖനം സർവ്വാത്മനാ സ്വീകരിച്ചു. പോർച്ചുഗീസ് ഭരണകൂടവും പോർച്ചുഗീസ് മെത്രാന്മാരും വൈദികരും Multa Praeelara എന്ന ഈ ലേഖനത്തെ ദൃഢനിശ്ചയത്തോടെ തിരസ്കരിക്കുകയും തങ്ങൾക്കു നല്കപ്പെട്ട അവകാശങ്ങളുടെ മേൽ അകാരണമായി നടത്തിയ കയ്യേറ്റമായി കരുതുകയും ചെയ്തു. പോർച്ചുഗീസ് മെത്രന്മാരും, വൈദികരും സന്യസ്ഥരും അവരുടെ കീഴിലുള്ള ക്രിസ്തീയ വിശ്വാസികളും ദൃഢനിശ്ചയത്തോടെ അപ്പസ്തോലികലേഖനത്തെ ധിക്കരിച്ചു പ്രവർത്തിക്കാൻ തുടങ്ങി.[46] മാർപാപ്പായുടെ പരമാധികാരത്തെ ധിക്കരിച്ചതിനാൽ പദ്രോവാദോയുടെ അനുയായികളെ ശീശ്മക്കാരായി പ്രൊപ്പ ഗാന്തഫിദേ മുദ്രകുത്തി. പദ്രോവാദോ വിഭാഗമാകട്ടെ, പ്രൊപ്പഗാന്ത മിഷനറിമാരെയും അപ്പസ്തോലിക് വികാരിമാരേയും കയ്യേറ്റ ക്കാരായി ചിത്രീകരിച്ചു. ഗൗരവമേറിയ ഈ സാഹചര്യത്തിന്റെ ഒരു സജീവചിത്രം പ്രൊഫസർ മോരെസ് വരച്ചുകാട്ടുന്നുണ്ട്.

“പദ്രോവാദോ അനുയായികളെ വിമതരും ശീശ്മക്കാരുമായി പ്രൊപ്പഗാന്ത മുദ്രകുത്തി. പദ്രോവാദോ പക്ഷമാകട്ടെ അവരുടെ അഭിപ്രായത്തിൽ ഉറച്ചു നിൽക്കുകയും പ്രൊപ്പഗാന്ത ഏജന്റുമാരെ ധിക്കാരികളായ കടന്നുകയറ്റക്കാരായി പരിഗണിക്കുകയും ചെയ്തു. ഈ കാലയളവുമുതൽ ദീർഘകാലത്തേക്ക് പ്രോപ്പഗാന്ത മിഷനറിമാരുടെ മുഖ്യജോലി ജനങ്ങളെ വിശ്വാസത്തിലേക്കു നയിക്കുക എന്നതിനേക്കാൾ പുതിയ അധികാരസംവിധാനത്തിൻ കീഴിലേക്ക് വിശ്വാസികളെ കൊണ്ടുവരിക എന്നതായിരുന്നു. ഈ ജോലിക്ക് ഒരു വിശുദ്ധ കർമ്മത്തിന്റെ പരിവേഷവും ഉണ്ടായിരുന്നു. വിമതരെ റോമിനു കീഴിൽ കൊണ്ടുവരിക എന്ന പവിത്രമായ ഒരു പ്രവർത്തിയായി അവർ ഇതിനെ കരുതി. എങ്കിലും കത്തോ ലിക്കരെ വീണ്ടും കത്തോലിക്കരാക്കാൻ ശ്രമിക്കുന്ന ഒരു പാഴ്വേലയാണ് ഇതെന്ന് ഉള്ളിന്റെ ഉള്ളിൽ അവർ അറിഞ്ഞി രിക്കണം.”[47]

പോർച്ചുഗൽ രാജാവിന് സഭാപരമായ അധികാരം (Ecclesiastical Juridiction) നല്കുന്ന നിരവധി അപ്പസ്തോലിക ലേഖനങ്ങൾ അനുസരിച്ച് ആ രാജാവിന്റെ വ്യക്തമായ സമ്മതം കൂടാതെ സംരക്ഷണാധികാരം നല്കുന്ന അവകാശങ്ങൾ പിൻവലിക്കാൻ മാർപാപ്പയ്ക്ക് അവകാശമില്ലെന്ന് പോർച്ചുഗീസ് പക്ഷം ചൂണ്ടിക്കാട്ടി. 1838 ഒക്ടോബർ 8-ാം തീയതി ഗോവയിലെ നിയുക്ത മെത്രാപ്പോലീത്തയായ അന്തോനിയോ ഫെലിച്ചിയാനേദ് സാന്ത റീത്ത കവാലോ (Antonio Feliciano de Santa Rita Cavalo)

ഗവർണർമാർക്കും, സാമന്തരൂപതകളിലെ മെത്രാന്മാർക്കും വൈദികർക്കും അൽമായർക്കുമായി ദീർഘമായ ഒരു ഇടയലേഖനം എഴുതി. ഈ ലേഖനത്തിൽ, പദ്രൊവാദോയുടെ കീഴിലുള്ളവർ മാർപാപ്പായുടെ ലേഖനം അനുസരിക്കാൻ കടപ്പെട്ടവരല്ല എന്നു മാത്രമല്ല, അനുസരിക്കാതിരിക്കാൻ ബാദ്ധ്യസ്ഥർ കൂടിയാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു.[48] ലേഖനം സമാപിക്കുന്നത് ഇപ്രകാരമാണ്.

“പരി. സിംഹാസനത്തോടുള്ള വിശ്വാസവും അനുസരണയും നാം പലപ്പോഴും ഏറ്റുപറഞ്ഞിട്ടുള്ളതാണ്. എന്നാൽ ഇത് തുല്യശക്തിയോടും ഭയഭക്തിയോടും കൂടി നാം എടുത്തിട്ടുള്ള മറ്റൊരു സത്യപ്രതിജ്ഞയ്ക്ക് എതിരല്ല. അതായത് നമ്മുടെ രാഷ്ട്രീയ പരമാധികാരിയോട് വിശ്വസ്തതയും വിധേയത്വവും പുലർത്താനും രാജാവിനു നല്കപ്പെട്ട സംരക്ഷണാധികാരത്തിന്റെ അവകാശങ്ങളും നമ്മുടെ അതിരൂപതയുടെ അവകാശങ്ങളും സംരക്ഷിക്കാനുള്ള പ്രതിജ്ഞ. നമുക്കു നല്കപ്പെട്ടിരിക്കുന്ന ലേഖനം ഈ രാജകീയ അവകാശങ്ങളെ കടന്നാക്രമിക്കുകയും നമ്മുടെയും നമ്മുടെ സാമന്ത രൂപതകളുടെയും ഭരണപരമായ അധികാരങ്ങൾ നിക്ഷേധിക്കുകയും ചെയ്യുന്നതിനാൽ, ഈ ലേഖനമോ ഇതുപോലുള്ള മറ്റു ലേഖനങ്ങളോ നടപ്പാക്കുന്ന തിനെതിരേ പ്രതിഷേധിക്കാനും നിയമപരമായി ചെറുക്കാനും നാം ബാധ്യസ്ഥരാണ്. രാജ്ഞിയുടെ രാജകീയ സമ്മതം ലഭിക്കാത്തപക്ഷം മേൽപറഞ്ഞ ലേഖനം സ്വീകരിക്കുകയോ നടപ്പാക്കുകയോ ചെയ്യരുതെന്ന് നമ്മുടെ അധികാരത്തിൻകീഴുള്ള എല്ലാവരോടും നാം കല്പിക്കുന്നു. റോമിനെ പ്രതിഷേധം അറിയിക്കാനും അനുയോജ്യമായ ഒരു പ്രഖ്യാപനം ഇതേപ്പറ്റി പുറപ്പെടുവിക്കാൻ മാർപാപ്പയോട് ആവശ്യപ്പെടാനും വേണ്ടി, പ്രൊപ്പഗാന്ത കുത്തിപ്പൊക്കിയ ഈ കയ്യേറ്റത്തിന്റെ ഒരു വിവരണം നാം രാജ്ഞിക്ക് നല്കിയിട്ടുണ്ട്.”[49]

രൂപതാതിർത്തികൾക്കുള്ളിൽ അധികാരവടംവലിയും സംഘട്ടനങ്ങളും നടന്നുകൊണ്ടിരിക്കെതന്നെ, ഗ്രിഗറി XVI-മൻ പാപ്പായും അദ്ദേഹത്തിന്റെ പിൻഗാമിയായ പീയൂസ് IX-ാമൻ മാർപാപ്പയും (1846-1878) പ്രൊപ്പഗാന്ത ഫിദെയുടെ ഉദ്യോഗസ്ഥരോടൊപ്പം അപ്പസ്തോലിക ലേഖനം നടപ്പിൽ വരുത്താനുള്ള ശ്രമങ്ങൾ തുടർന്നുകൊണ്ടിരുന്നു. പക്ഷേ അതു കാര്യമായി വിജയിച്ചില്ല. പുനഃക്രമീകണം വഴിയും വിഭജനം വഴിയും ക്രമേണ നിരവധി പുതിയ വികാരിയാത്തുകൾപോലും സ്ഥാപിക്കപ്പെട്ടു. താഴെപറയുന്നവ ഉദാഹരണങ്ങളാണ്. ആഗ്ര (1845), മംഗലാപുരം (1845), പാറ്റ്ന (1845), കൊല്ലം (1845), മദുരയ് (1846), ശ്രീലങ്കയിലെ ജാഫ്ന (1849), മൈസൂർ (1850), കൃഷ്ണനഗർ (1851), ഹൈദരബാദ്

(1851), പഞ്ചാബ് (1880), ശ്രീലങ്കയിലെ കാൻഡി (1883).[50] പദ്രോവാദോയുടെ താല്ക്കാലിക തിരോധാനത്തെയും തുടർന്നുണ്ടായ സംഭവങ്ങളെയുംപറ്റി ജി. മർത്തിന (G. Martina) നടത്തിയ വിലയിരുത്തൽ സന്തുലിതവും വസ്തുനിഷ്ഠവുമായി തോന്നുന്നു. അദ്ദേഹം പറയുന്നു: "ഗ്രെഗരി XVI-ാമന്റെ ലേഖനം (Brief) വിഭിന്ന ഫലങ്ങളാണ് ഉളവാക്കിയത്. ഒരുവശത്ത് നീണ്ടുനില്ക്കുന്ന ഒരു അധികാര സംഘടനപരമ്പരക്കുതന്നെ അതു കാരണമായി. വത്തിക്കാൻ അതിന് ശീശ്മ sehism എന്നാണു പേരിട്ടത്, അതിന്റെ ഔദ്യോഗിക രേഖകളിൽ മാത്രമല്ല, ലിസ്ബണിലെ ന്യൂൺഷോയുമായുള്ള നയതന്ത്രപരമായ കത്തിടപാടുകളിലും. മറുവശത്ത് വികാരിയാത്തുകൾ പെരുകാൻ അത് ഇടയാക്കുകയും എല്ലാം സിവൽ അധികാരികളിന്നു പ്രതീക്ഷിച്ചു കഴിഞ്ഞിരുന്ന സഭയെ പിടിച്ചു കുലുക്കി സ്വന്തം കാലിൽ നില്ക്കാൻ പ്രചോദിപ്പിക്കുകയും ചെയ്തു."[51]

കാലക്രമേണ, പോർച്ചുഗീസ് രാജാധികാരവും പരി. സിംഹാസനവും തമ്മിലും ഇന്ത്യയിലെ യുദ്ധഭൂമിയിലുള്ള അവരുടെ പ്രതിനിധികൾ തമ്മിലുമുള്ള സംഘർഷം, പദ്രോവാദോയുടെ ഏകപക്ഷീയമായ നിരോധനം വഴിയോ, പരസ്പര ഭീഷണികളും മുടക്കുകളും ശിക്ഷാനടപടികളും വഴിയോ പരിഹരിക്കപ്പെടുകയില്ലെന്ന് തികച്ചും വ്യക്തമായി. അതിനാൽ, 1841 ൽ നടന്ന നയതന്ത്രബന്ധത്തിന്റെ പുനഃസ്ഥാപനത്തെ തുടർന്ന്, പരി. സിംഹാസനവും പോർച്ചുഗീസ് ഭരണകൂടവും സന്ധി സംഭാഷണത്തിൽ ഏർപ്പെടാൻ തുടങ്ങി. ഇതിന്റെ ഫലമായി ഇന്ത്യയിലും ചൈനയിലും പോർച്ചുഗീസ് സംരക്ഷണാധികാരം തുടരാനനുവദിച്ചുകൊണ്ടുള്ള ഒരു ധാരണാപത്രം (Concordat) 1857 ഫെബ്രുവരി 21-ാം തീയതി ഒപ്പുവയ്ക്കപ്പെട്ടു. സംരക്ഷണാധികാരത്തെ പുന:സൃഷ്ടിക്കുകയും ക്രമീകരിക്കുകയും ചെയ്തുകൊണ്ടുള്ള ഈ ഉടമ്പടി 1860 ഫെബ്രുവരി 6-ാം തിയതി സ്ഥിരീകരിക്കപ്പെടുകയും 1860 മേയ് 30-ാം തിയതി പ്രസിദ്ധീകരിക്കപ്പെടുകയും ചെയ്തു. ഇതിലെ ചില പ്രധാന വകുപ്പുകൾ മാത്രം താഴെ കൊടുക്കുന്നു.

**ഘണ്ഡിക 1:** "പ്രസക്തമായ അപ്പസ്തോലിക ബൂളകളുടെ അടിസ്ഥാനത്തിലും പരിശുദ്ധ കാനോനുകൾ അനുസരിച്ചും ഇന്ത്യയിലും ചൈനയിലും താഴെ കൊടുത്തിരിക്കുന്ന കത്തീഡ്രലുകളിൽ പോർച്ചുഗീസ് രാജാവിനുള്ള സംരക്ഷണാധികാര ത്തിന്റെ അവകാശം (Right of Patronage) തുടരുന്നതാണ്."

**ഘണ്ഡിക 2:** "ഇന്ത്യയെ സംബന്ധിക്കുന്നവ: പ്രഥമസ്ഥാന മലങ്കരിക്കുന്ന ഗോവ മെത്രാപ്പോലീത്തൻ ദേവാലയം, ക്രാങ്കന്നൂരെ

അതിരൂപതാ ദേവാലയം ad honorem, കൊച്ചിയിലെ രൂപതാ ദേവാലയം, മൈലാപ്പൂരെ മാർതോമ്മാ രൂപതാ ദേവാലയം, മലാക്കയിലെ രൂപതാ ദേവാലയം.

**ഘണ്ഡിക 3:** ചൈനയിൽ മക്കാവുവിലെ രൂപതാ ദേവാലയം

**ഘണ്ഡിക 7:** ഗോവ അതിരൂപതയുടെ ഇപ്പോഴത്തെ അതിർത്തിക്കുള്ളിൽ എവിടെയെങ്കിലും ഒരു പുതിയ രൂപത സ്ഥാപിക്കുന്നതിലുള്ള മതപരമായ സൗകര്യത്തെപ്പറ്റി പരി. സിംഹാസനം മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ കണക്കിലെടുത്ത്, അത് യഥോചിതം നിർവ്വഹിക്കുന്നതിനുവേണ്ട സഹായം, സംരക്ഷകനെന്നനിലയിൽ കഴിവനുസരിച്ച് പോർച്ചുഗീസ് ഗവൺമെന്റ് നല്കുന്നതാണ്. സ്ഥലം ഭരണ സൗകര്യവും വിശ്വാസികളുടെ നന്മയും കണക്കിലെടുത്ത് പരി. സിംഹാസനവുമായി ആലോചിച്ചായിരിക്കും നിശ്ചയിക്കുക.

**ഘണ്ഡിക 14:** ഇന്ത്യയിലെ മേൽപറഞ്ഞ രൂപതകളുടെ അതിർത്തികൾക്കു പുറമേയുള്ള പ്രദേശങ്ങളിൽ, ആവശ്യമായ നടപടികളോടെ, പുതിയ രൂപതകൾ സ്ഥാപിക്കാവുന്നതാണ്. സ്ഥാപനത്തോടെ ഈ രൂപതകളിൽ പോർച്ചുഗീസ് കിരീടത്തിന്റെ സംരക്ഷണാവകാശം പ്രാബല്യത്തിൽ വരുന്നതാണ്.[52]

ഉടമ്പടി (concordat) ഗോവ മെട്രോപോലീത്തൻ അതിരൂപതയിലുള്ള പോർച്ചുഗീസ് സംരക്ഷണാധികാരം സ്ഥിരീകരിക്കുകയും ക്രാങ്കന്നൂർ (മാർത്തോമ്മാ ക്രിസ്ത്യാനികൾ), കൊച്ചിൻ, മൈലാപ്പൂർ, മലാക്ക എന്നീ പോർച്ചുഗീസ് രൂപതകളെ പുനഃസ്ഥാപിക്കുകയും ചെയ്തു. (ഇവ ചേർന്നതായിരുന്നു ഗോവ സഭാ പ്രോവിൻസ്). സംരക്ഷണാധികാരത്തിൻ കീഴിൽ പുതിയ രൂപതകൾ സ്ഥാപിക്കാനുള്ള അവകാശം പോലും ഉടമ്പടി പോർച്ചുഗലിനു നല്കി. ചുരുക്കത്തിൽ പോർച്ചുഗീസ് സംരക്ഷണാധികാരത്തിന്റെ അവകാശങ്ങൾ ഒരിക്കലും പിൻവലിക്കപ്പെടാതിരുന്നാലെന്നപോലെ പുനഃസ്ഥാപിക്കപ്പെട്ടു. പരി. സിംഹാസനത്തിന് അനുകൂലമായി തീരുമാനിക്കപ്പെട്ട ഏക കാര്യം ഇതായിരുന്നു: നിലവിലുള്ള തെറ്റിധാരണകളെയും വിശ്വാസികൾക്കിടയിൽ നിലനില്ക്കുന്ന അശാന്തിയെയും പരിഹരിക്കാൻ വേണ്ടി, മേൽപറഞ്ഞ രൂപതകളുടെ പരിധികൾ നിജപ്പെടുത്തുന്ന ഒരു ഒദ്യോഗിക രേഖയ്ക്ക് എത്രയും വേഗം രൂപം നല്കാൻ രാജാവും മാർപാപ്പായും തമ്മിൽ ധാരണയായി.[53] വാസ്തവത്തിൽ മേല്പറഞ്ഞ നാലു പോർച്ചുഗീസ് രൂപതകൾ ഇന്ത്യ മുഴുവൻ വ്യാപിച്ചുകിടന്നിരുന്നതിനാൽ സ്വതന്ത്ര പ്രദേശങ്ങൾ ശേഷിച്ചിരുന്നില്ല.

## 5. പ്രൊപ്പഗാന്ത ഫിദേയുടെ കീഴിൽ ഇന്ത്യയിൽ പുതിയ ലത്തീൻ ഹയരാർക്കി സ്ഥാപിക്കപ്പെടുന്നു

1860ൽ പോർച്ചുഗീസ് സംരക്ഷണാധികാരത്തിന്റെ പുനഃസ്ഥാപനവും അതു സംബന്ധിച്ച ക്രമീകരണങ്ങളും നടന്ന ശേഷവും പരി. സിംഹാസനവും പോർച്ചുഗീസ് ഭരണകൂടവും തമ്മിലുള്ള നയതന്ത്രബന്ധങ്ങളും കൂടിയാലോചനകളും തുടർന്നു പോന്നു. തൽഫലമായി, "ഈസ്റ്റ് ഇന്റീസിലെ ക്രിസ്തുമതത്തിന്റെ പുരോഗതിയെ ത്വരിതപ്പെടുത്താനും അവിടെ പോർച്ചുഗീസ് കിരീടത്തിനുള്ള സംരക്ഷണാധികാരത്തെ ശാശ്വതവും നിർണ്ണായകവുമായ വിധത്തിൽ ക്രമപ്പെടുത്താനും ആഗ്രഹിച്ചുകൊണ്ട്" പരി. പിതാവ് ലെയോ XIII-ാം മനും പോർച്ചുഗൽ രാജാവ് ഡോൺ ലൂയിസ് ഒന്നാമനും ഒരു ഉടമ്പടിക്കു (Contordet) രൂപം നൽകാൻ നിശ്ചയിച്ചു. 1886 ജൂൺ 23-ാം തീയതി ഒപ്പുവച്ച ഈ ഉടമ്പടിയുടെ പ്രസക്ത ഭാഗങ്ങൾ താഴെ കൊടുക്കുന്നു.

**ഖണ്ഡിക 1:** മാർപ്പാപ്പമാർ നല്കിയിട്ടുള്ള പുരാതനമായ ആനുകൂല്യങ്ങളുടെ അടിസ്ഥാനതിൽ, ഈസ്റ്റ് ഇന്റീസിലെ കത്തീഡ്രൽ ദേവാലയങ്ങളിൽ പരി. കാനോനകൾക്ക് അനുരൂപമായും, ഈ ഉടമ്പടിയിൽ കൊടുത്തിരിക്കുന്ന മാറ്റങ്ങൾ അനുസരിച്ചും, പോർച്ചുഗീസ് കിരീടത്തിന്റെ സംരക്ഷണാവകാശം തുടർന്നു പ്രവർത്തിക്കുന്നതാണ്.

**ഖണ്ഡിക 2:** ഗോവയിൽ മെട്രോപ്പൊളിത്തൻ ശ്രേഷ്ഠദേവാലയത്തെ സംബന്ധിച്ചിടത്തോളം, അതിന്റെ മെത്രാപ്പോലിത്തയ്ക്ക് തന്റെ സാമന്ത രൂപതകളിൽ, മെത്രാപ്പൊലീത്തയ്ക്കടുത്ത അവകാശങ്ങൾ തുടർന്നും ഉണ്ടായിരിക്കുന്നതാണ്. പരി. പിതാവ് മെത്രാപ്പോലിത്തായ്ക്ക് തല്ക്കാലത്തേക്കു നല്കുന്ന സൗജന്യ ആനുകൂല്യം എന്ന നിലയിൽ, ഈസ്റ്റ് ഇൻഡിസിന്റെ മുഴുവൻ ഓണററി പാത്രിയർക്ക് (Honorary Patriarch) എന്ന പദവിയിലേക്ക് അദ്ദേഹം ഉയർത്തപ്പെടുന്നതാണ്. ഈസ്റ്റ് ഇൻഡിസിന്റെ മുഴുവൻ ദേശീയ കൗൺസിലുകളിൽ അദ്ധ്യക്ഷത വഹിക്കാനുള്ള പ്രത്യേക അവകാശവും അദ്ദേഹത്തിന് ഉണ്ടായിരിക്കും. സാധാരണയായി ഗോവയിലായിരിക്കും ഈ സമ്മേളനങ്ങൾ നടത്തപ്പെടുക. പ്രത്യേക സാഹചര്യങ്ങളിൽ വ്യത്യസ്തമായ ഒരു തീരുമാനം എടുക്കാനുള്ള അവകാശം മാർപാപ്പായ്ക്ക ഉണ്ടായിരിക്കുന്നതാണ്.

**ഖണ്ഡിക 3:** മെത്രാപ്പോലിത്തൻ ആസ്ഥാനത്തോടൊപ്പം താഴെ പറയുന്ന മൂന്നു രൂപതകൾ ചേർന്നതായിരിക്കും ഗോവ പ്രോവിൻസ്=ക്രാങ്കന്നൂർ എന്ന സ്ഥാനപേരുകൂടിയുള്ള ഡാമൻ രൂപത, കൊച്ചിരൂപത, മൈലാപ്പൂരിലെ മാർതോമ്മാ രൂപത.

**ഘണ്ഡിക 4:** മെട്രോപോളിറ്റൻ രൂപതയായ ഗോവയിലെന്ന പോലെ അതിന്റെ മൂന്നു സമാന്ത രൂപതകളിലും പോർച്ചുഗീസ് കിരീടത്തിന്റെ സംരക്ഷണാധികാരം നിലനില്ക്കുന്നതാണ്. മേൽപറഞ്ഞ മൂന്നു രൂപതകളിൽപെട്ട പ്രദേശങ്ങളും അവയുടെ അതിർത്തികളും മറ്റൊരു ഷീറ്റിൽ നൽകുന്നതാണ്.

**ഘണ്ഡിക 7:** ഇൻഡീസിന്റെ ഹയരാർക്കി സ്ഥാപനത്തോടൊപ്പം സ്ഥാപിക്കാൻ പോകുന്ന ബോംബെ, മംഗാലാപുരം, കൊല്ലം, മദുരയ് എന്നീ രൂപതകൾക്കുവേണ്ടി, മെത്രാൻ സ്ഥാനം ഒഴിവാകുമ്പോൾ മെത്രാപോലിത്തമാരും സാമന്തമെത്രന്മാരും ചേർന്നു. അതുപോലെ മെത്രാപോലിത്തൻ സിംഹാസനം ഒഴിവാകുമ്പോൾ പ്രോവിൻസിന്റെ സാമന്ത രൂപതകളിലെ മെത്രാന്മാർ ചേർന്നും, അനുയോജ്യരായ മൂന്നു പേരുടെ ഒരു ലിസ്റ്റ് (terna) ഉണ്ടാക്കി ഗോവ മെത്രാപ്പോലിത്തക്കു നല്കുകയും അദ്ദേഹം അത് പോർച്ചുഗീസ് കിരീടത്തിനു സമർപ്പിക്കുകയും വേണം. കിരീടം ആറുമാസത്തിനകം ഈ ലിസ്റ്റിൽനിന്ന് ഒരാളെ നിയമനത്തിനായി പരി. സിംഹാസനത്തിനു സമർപ്പിക്കണം. സമയപരിധികഴിഞ്ഞാൽ ഇഷ്ടമുള്ളവരെ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം പരി. സിംഹാസനത്തിനു ഉണ്ടായിരിക്കുന്നതാണ്.

**ഘണ്ഡിക 8:** ഹയറാർക്കി സ്ഥാപനത്തോടെ സ്ഥാപിക്കപ്പെടാൻ പോകുന്നതും മുകളിലത്തെ ഘണ്ഡികയിൽ സൂചിപ്പിച്ചതുമായ നാലു രൂപതകളിലേക്കും ആദ്യമായി നിയമിക്കപ്പെടേണ്ട മെത്രാപ്പോലിത്തമാരെയും മെത്രാന്മാരെയും നാമനിർദ്ദേശം ചെയ്യുന്നത് പരി. പിതാവായിരിക്കും.

**ഘണ്ഡിക 10:** പോർച്ചുഗീസ് കിരീടത്തിന്റെ സംരക്ഷണാധികാരത്തെ ഇപ്രകാരം ക്രമീകരിച്ചിരിക്കയാൽ ഈസ്റ്റ് ഇൻഡിസിലെ ശേഷിച്ച പ്രദേശങ്ങളിൽ മെത്രാന്മാരെ നാമനിർദ്ദേശം ചെയ്യാനും വിശ്വാസികളുടെ നന്മയ്ക്ക് യുക്തമെന്നു തോന്നുന്ന കാര്യങ്ങളിൽ തീരുമാനമെടുക്കാനുള്ള പരിപൂർണ്ണ സ്വാതന്ത്ര്യം പരി. സിംഹാസനത്തിന് ഉണ്ടായിരിക്കുന്നതാണ്.[54]

കൊൺകോദാത്ത് (Concordat) അനുസരിച്ച് പുതിയ ലത്തീൻ ഹയരാർക്കിയുടെ സ്ഥാപനവേളയിൽ ഗോവ മെത്രാപ്പോലീത്ത ഈസ്റ്റ് ഇൻഡീസിന്റെ ഓണററി പാത്രിയാർക്കിസിന്റെ (Honorary Patriarch) പദവിയിലേക്ക് ഉയർത്തപ്പെടും. ദേശീയ പ്രൊവിൻഷ്യൽ കൗൺസിലുകളിൽ അദ്ധ്യക്ഷത വഹിക്കാനുള്ള സവിശേഷാവകാശവും അദ്ദേഹത്തിനു ലഭിക്കും. സാധാരണ ഗതിയിൽ ഈ കൗൺസിലുകൾ ഗോവയിൽ ആയിരിക്കും സമ്മേളിക്കുക. ഗോവ പ്രോവിൻസിന്റെ അതിർത്തികൾ വ്യക്തമായി നിർണ്ണയിക്കപ്പെടാൻ

പോകുന്നു. ഗോവയ്ക്കടുത്ത് ഡാമനിൽ പുതുതായിസ്ഥാപിക്കാൻ പോകുന്ന രൂപതയും, കൊച്ചി, മൈലാപ്പൂർ എന്നീ രൂപതകളും ഉൾക്കൊള്ളുന്നതായിരിക്കും ഗോവ പ്രോവിൻസ്. മാർതോമ്മാ ക്രിസ്ത്യൻ രൂപതയായ ക്രാങ്കന്നൂർ നിറുത്തലാക്കി, ആ പേര് പുതിയ ഡാമൻ രൂപതയ്ക്ക് നല്കപ്പെടും.

ഇന്ത്യയിലെ നാലു പദ്രോവാദോ രൂപതകളുടെയും മേൽ (ഗോവ, ഡാമൻ, കൊച്ചി, മൈലാപ്പൂർ) സംരക്ഷണാധികാരത്തിന്റെ അവകാശങ്ങളും ചുമതലകളും പോർച്ചുഗീസ് രാജാവ് പൂർണ്ണമായും നിലനിറുത്തും. കൂടാതെ, സ്ഥാപിക്കപ്പെടാൻ പോകുന്ന നാലു പ്രൊപ്പഗാന്ത രൂപതകളിലേക്ക് (ബോംബെ, മംഗലാപുരം, കൊല്ലം, മധുരയ്) മെത്രാൻ സ്ഥാനാർത്ഥികളെ നിയമനത്തിനു സമർപ്പിക്കാനുള്ള അവകാശംപോലും അദ്ദേഹത്തിനു ണ്ടായിരിക്കും.[55] ഈ കൊൺകോർഡാത്തിന്റെ പ്രധാന നേട്ടം ഇതാണ്: പദ്രോവാദോ രൂപതകൾ നാലിന്റെയും അതിർത്തികൾ കൃത്യമായി നിർണ്ണയിക്കാനും അങ്ങനെ ശേഷിച്ചസ്ഥലങ്ങൾ പദ്രോവാദോ അധികാര പരിധിക്ക് പുറത്തു കൊണ്ടുവരാനും അതു കളമൊരുക്കി. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ രൂപതകൾ സ്ഥാപിക്കാനും മെത്രാന്മാരെ നിയമിക്കാനും വിശ്വാസികളുടെ നന്മയ്ക്കുതകുന്ന തീരുമാനമെടുക്കാനുമുള്ള സംപൂർണ്ണ സ്വാതന്ത്ര്യം പരി. സിംഹാസനത്തിനു ലഭിക്കും.

കൊൻകോർദാത്തിലെ തീരുമാനങ്ങളനുസരിച്ച്, 1886 സെപ്തംബർ 1-ാം തിയതി ലെയോ XIII -ാമൻ മാർപാപ്പാ Humanae Salutis auetor എന്ന അപ്പസ്തോലിക ലേഖനം വഴി, പ്രൊപ്പഗാന്ത ഫീദെയുടെ അധികാരത്തിൻ കീഴിൽ ഇന്ത്യയിൽ പുതിയ ലത്തീൻ ഹയരാർക്കി സ്ഥാപിച്ചു.[56]

ലേഖനത്തിന്റെ ആദ്യഭാഗത്ത് പാപ്പാ ഇന്ത്യയിലെ ക്രിസ്തുമതത്തെക്കുറിച്ചും, തോമസ് അപ്പസ്തോലന്റെ സുവിശേഷ പ്രസംഗത്തെക്കുറിച്ചും, പാശ്ചാത്യമിഷനറിമാരുടെ ആഗമനത്തെക്കുറിച്ചും പദ്രോവാദോ രൂപതകളുടെയും വികാരിയാത്തുകളുടെയും സ്ഥാപനത്തെക്കുറിച്ചും ഹ്രസ്വമായ ഒരു വിവരണം നല്കി. അതിനുശേഷം അദ്ദേഹം താഴെകാണുന്ന പ്രഖ്യാപനം നടത്തി.

"അതിനാൽ വിഷയത്തിന്റെ ഗൗരവസ്വഭാവം ആവശ്യപ്പെട്ടതനുസരിച്ച്, ക്രിസ്തീയ നാമത്തിന്റെ പ്രചാരണത്തിനായുള്ള തിരുസംഘത്തിലേക്കു നിയമിക്കപ്പെട്ടവരും പരി. റോമൻ കത്തോലിക്കാ സഭയുടെ കർദ്ദിനാളന്മാരുമായ നമ്മുടെ വന്ദ്യ സഹോദരന്മാരുടെ അഭിപ്രായം ആരാഞ്ഞശേഷം, എളിമയോടെ ഉള്ളുരുകി സർവ്വശക്തനായ ദൈവത്തോടു പ്രാർത്ഥിച്ചശേഷം,

ദൈവത്തിന്റെ അമലോത്ഭവ മാതാവിന്റെയും വി. പത്രോസിന്റെയും വി. പൗലോസിന്റെയും വി. തോമസ് അപ്പസ്തോലന്റെയും, ഈ ജനതയുടെ പക്കലേക്ക് വളരെ വർഷങ്ങൾക്കുമുമ്പ് സുവിശേഷ വെളിച്ചവുമായി കടന്നുവരികയും ഇപ്പോൾ അവർക്കു സ്വർഗ്ഗീയ സംരക്ഷണം നല്കുകയും ചെയ്യുന്ന വി. ഫ്രാൻസീസ് സേവ്യറിന്റെയും സഹായം യാചിച്ചശേഷം, ഉറച്ച അറിവോടും പക്വമായ വിചിന്തനത്തിനുശേഷവും, നമ്മുടെ അപ്പസ്തോലിക അധികാരത്തിന്റെ പൂർണ്ണത ഉപയോഗിച്ച്, ഈ ആധികാരിക ലേഖനം വഴി, "മൊത്തു പ്രോപ്രിയോ" (Motn Proprio), ഈസ്റ്റ് ഇൻഡീസിലെ മിഷനുകൾ മുഴുവൻ ഉൾക്കൊള്ളുന്ന ഒരു മെത്രാസന ഹയരാർക്കി (episcopal hierarehy) കാനൻ നിയമത്തിലെ നിബന്ധനകൾക്കനുസരിച്ച്, ദൈവത്തിന്റെ ഉപരിമഹത്വത്തിനും കത്തോലിക്കാ സഭയുടെ വളർച്ചക്കുമായി സ്ഥാപിക്കുന്നു.

കൂടാതെ ഗോവാ അതിരൂപത ആദ്യമായി സ്ഥാപിക്കുകയും തുടർന്ന് കൊച്ചി, മൈലാപ്പൂർ, ക്രാങ്കന്നൂർ എന്നീ രൂപതകളെ അതിന്റെ സാമന്ത രൂപതകളാക്കുകയും ചെയ്ത നമ്മുടെ പിൻഗാമികളുടെ കാലടികളെ പിൻചെന്നുകൊണ്ടും, വിശ്രുതനും ഏറ്റം വിശ്വസ്ഥനുമായ പോർച്ചുഗൽ-അൽഗാർവ് രാജാവുമായി (Portugal and Algarvl) അടുത്തകാലത്ത് ഉണ്ടാക്കിയ ധാരണ അനുസരിച്ചും, നാം ഈ രൂപതകളെ സ്ഥിരീകരിക്കുകയും അവയെ ഒരു പ്രോവിൻസായി പുനർയോജിപ്പിക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ഇതിനും പുറമേ, നമ്മുടെ അപ്പസ്തോലിക അധികാരമുപയോഗിച്ച്, ഈ ലേഖനത്തിന്റെ അതേ ആധികാരികതയോടെ, ഇന്ത്യൻ ഉപഭൂഖണ്ഡം മുഴുവനിലും സീലോൺ ദ്വീപിലുമുള്ള എല്ലാ അപ്പസ്തോലിക വികാരിയാത്തുകളെയും ബംഗാൾ പ്രോവിൻസിനു മദ്ധ്യത്തിലുള്ള പ്രീഫെക്ചറിനെയും (prefeeture) രൂപതകളായി പ്രഖ്യാപിക്കുകയും സ്ഥാപിക്കുകയും ചെയ്യുന്നു. ഈ പുതിയ രൂപതകളിൽ, ആഗ്ര, ബോംബെ, വെരാപൊളി, കൽക്കത്ത, മദ്രാസ്, പോണ്ടിച്ചേരി, കോയമ്പത്തൂർ എന്നിവയെ അതിരൂപതയുടെ പദവിയിലേക്ക് നാം ഉയർത്തുന്നു. സാമന്ത രൂപതകൾ ഏതൊക്കെയാണെന്ന് നിർണ്ണയിക്കാനുള്ള സ്വാതന്ത്ര്യം നമുക്കുണ്ടായിരിക്കും."[57]

കൊൺകോർദാത്തിൽ വ്യവസ്ഥ ചെയ്തിരുന്നതുപോലെ ഗോവ മെത്രാപ്പോലിത്ത, ഈസ്റ്റ് ഇൻഡീസിന്റെ പാത്രിയർക്കീസ് Ad honorem എന്ന പദവിയിലേക്ക് ഉയർത്തപ്പെടും. ഗോവ അതിരൂപതയും സാമന്തരൂപതകളായ കൊച്ചി, മൈലാപ്പൂർ, 1886 സെപ്തംബർ ഒന്നിന് പുതുതായി സ്ഥാപിക്കപ്പെട്ട ഡാമൻ എന്നിവയും ചേർന്ന് ഒറ്റ സഭാ പ്രോവിൻസ് ആയിത്തീർന്നു. പദ്രോവാദോ അതിരൂപത

യായിരുന്ന ക്രാങ്കന്നൂർ (മാർത്തോമ്മാ ക്രിസ്ത്യാനികളുടെ) നിറുത്തലാക്കുകയും അതിന്റെ സ്ഥാനപ്പേർ ഡാമൻ രൂപതയ്ക്കു നല്കപപ്പെടുകയും ചെയ്തു. നിലവിലുള്ള അപ്പസ്തോലിക വികാരിയാത്തുകളെല്ലാം രൂപതകളും അതിരൂപതകളുമായി പ്രഖ്യാപിക്കപ്പെടുകയും അവ ഇന്ത്യയിൽ ആറും ശ്രീലങ്കയിൽ ഒന്നും പ്രോവിൻസുകളായി ക്രമീകരിക്ക പ്പെടുകയും ചെയ്തു. അങ്ങിനെ ആകെ 8 പ്രോവിൻസുകളു ണ്ടായിരുന്നു. പദ്രൊവാദോ പ്രോവിൻസ് ആയ ഗോവയും ഇന്ത്യയിൽ 6 ഉം ശ്രീലങ്കയിൽ 1 ഉം ആയി ഏഴ് പ്രൊപ്പഗാന്ത പ്രോവിൻസുകളും.

| **അതിരൂപതകൾ** | **സാമന്തരൂപതകൾ** |
|---|---|
| 1. ആഗ്ര | അലഹബാദ്, ലാഹോർ |
| 2. ബോംബെ | പൂന |
| 3. കൽക്കത്ത | ക്രിഷ്ണനഗർ, ഡാക്ക |
| 4. കൊളൊമ്പോ | ജാഫ്ന, കാൻഡി (ശ്രീലങ്ക) |
| 5. ഗോവ | കൊച്ചി, മൈലാപ്പൂർ, ഡാമൻ, ക്രാങ്കന്നൂർ എന്ന ടൈറ്റിലോടുകൂടി) |
| 6. മദ്രാസ് | ഹൈദരബാദ്, വിശാഖ പട്ടണം, മംഗലാപുരം, ട്രിച്ചിനോപ്ള്ളി (മദുരയ്) |
| 7. പോണ്ടിച്ചേരി | കോയമ്പത്തൂർ, മൈസൂർ |
| 8. വെരാപൊളി | കൊല്ലം |

ഇന്ത്യയിൽ പുതിയ ലത്തീൻ ഹയരാർക്കി സ്ഥാപിതമായതിനു ശേഷവും അധികാര സംവിധാനത്തിന്റെ (Juridiction) ഇരട്ടിച്ച് തുടർന്നു കൊണ്ടിരുന്നു. എങ്കിലും, പോർച്ചുഗീസ് സംരക്ഷണാധികാരത്തിൻ കീഴിലുള്ള ഗോവ പ്രോവിൻസിന്റെയും പ്രൊപ്പഗാന്ത ഫിദെയുടെ കീഴിലുള്ള അതിരൂപതകളുടെയും രൂപതകളുടെയും അതിർത്തികളും പരിധികളും വ്യക്തമായി നിർവ്വചിക്കപ്പെട്ടിരുന്നതിനാൽ, ഇന്ത്യയിലെ സഭയിൽ സമാധാനവും ഐക്യവും പുലരാൻ തുടങ്ങി. ചില രൂപതകളുടെ അതിർത്തികൾ പിണഞ്ഞു കിടന്നിരുന്നതുമൂലവും പ്രൊപ്പഗാന്തയുടെ കീഴിലുള്ള ബോംബെ, മംഗലാപുരം, കൊല്ലം, ട്രിച്ചിനോപ്പള്ളി (മദുരയ്) രൂപതകളിലേക്ക് മെത്രാന്മാരെ നാമനിർദ്ദേശം ചെയ്യാനുള്ള പോർച്ചുഗീസ് ഗവൺമെന്റിന്റെ അധികാരത്തോടു ബന്ധപ്പെട്ടും ഉയർന്നുവന്ന പ്രശ്നങ്ങൾ ഏതാനും വർഷങ്ങൾക്കുശേഷം പരിഹരിക്കപ്പെട്ടു.

## 6. പോർച്ചുഗീസ് സംരക്ഷണാധികാരത്തിന്റെ ക്രമേണയുള്ള തിരോധാനവും പ്രൊപ്പഗാന്ത ഫിദേയുടെ കീഴിൽ ലത്തീൻസഭ കൈവരിച്ച പുരോഗതിയും

കാലക്രമത്തിൽ ഇന്ത്യയിലെയും പോർച്ചുഗലിലെയും രാഷ്ട്രീയ സാഹചര്യങ്ങളിൽ മാറ്റംവന്നു. കുറെ കാലത്തെ അധികാരവടം വലികൾക്കു പൊതുജന പ്രക്ഷോഭങ്ങൾക്കുംശേഷം, 1910 ൽ പോർച്ചുഗൽ ഒരു റിപ്പബ്ലിക്ക് ആയിത്തീർന്നു. തൽഫലമായി സംരക്ഷണാധികാരത്തിന്റെ അവകാശങ്ങൾ പോർച്ചുഗൽ പ്രസിഡണ്ടിന് കൈമാറ്റം ചെയ്യപ്പെട്ടു. 1886 ലെ കൊൺകോർദാത്ത് നടപ്പിലാക്കുന്നതിനുള്ള വൈഷമ്യങ്ങൾ മനസ്സിലാക്കിക്കൊണ്ടും, പോർച്ചുഗലിലും ഇന്ത്യയിലെ മതജീവിതത്തിലും വന്നിട്ടുള്ള ആഴമേറിയ മാറ്റങ്ങളുടെ ഫലമായും, 1928 ഏപ്രിൽ 15-ാം തീയതി പരി. സിംഹാസനവും പോർച്ചുഗീസ് ഗവൺമെന്റും തമ്മിൽ പുതിയൊരുടമ്പടി ഒപ്പുവയ്ക്കപ്പെട്ടു.[58] ഈ ഉടമ്പടിയുടെ അടിസ്ഥാനത്തിൽ ഗോവ അതിരൂപത, അതിന്റെ പാത്രിയാർക്കൽ ബഹുമതി നിലനിർത്തിക്കൊണ്ടുതന്നെ, ഡാമൻ രൂപതയിൽപെട്ട (ഇത് നിറുത്തലാക്കി) പോർച്ചുഗീസ് അധീനതയുള്ള പ്രദേശങ്ങളും കത്തിയവാർ തീരത്തുള്ള ഡിയൂ ദ്വീപും കൂടിചേർത്ത് വിപുലീകരിക്കപ്പെട്ടു. മെത്രാപ്പോലീത്ത, ഗോവയുടെയും ഡാമന്റെയും മെത്രാപ്പോലീത്താ എന്നു വിളിക്കപ്പെടാൻ തുടങ്ങി. ഡാമൻ രൂപതയുടെ ശേഷിച്ച ഭാഗങ്ങൾ ബോംബെ അതിരൂപ തയോടു ചേർക്കപ്പെട്ടു. പദ്രോവാദോ രൂപതയായ മൈലാപ്പൂരിന്റെ അതിർത്തികളും മാറ്റി നിർണ്ണയിക്കപ്പെട്ടു. അതിന്റെ ഭാഗമായി ട്രിച്ചിനോപ്പിള്ളി, ടുട്ടികൊറിൻ എന്നീ രൂപതകളുടെ അതിർത്തികൾ ക്കുള്ളിൽ ചിതറിക്കിടന്നിരുന്ന 14 ഇടവകകൾ വേർതിരിക്കപ്പെട്ടു. രൂപതാഭരണപ്രദേശങ്ങളുടെ തുടർച്ച സംരക്ഷിക്കുകയായിരുന്നു ലക്ഷ്യം. പരമ്പരാഗത പോർച്ചുഗീസ് രൂപതകളായ ഗോവ (ഡാമനും) കൊച്ചി, മൈലാപ്പൂരെ മാർത്തോമ്മാ എന്നിവിടങ്ങളിലെ യും, ബോംബെ, മൈലാപ്പൂർ, കൊല്ലം, ട്രിച്ചിനോപ്പിള്ളി എന്നീ രൂപതകളിലെയും മെത്രാന്മാരുടെ നിയമത്തെ സംബന്ധിച്ചും പുതിയ ധാരണയുണ്ടാക്കി. ഇതേ സംബന്ധിച്ച പ്രസക്ത വകുപ്പു കൾ താഴെ കൊടുക്കുന്നു.

**ഘണ്ഡിക 6:** ഗോവ, കൊച്ചി, മൈലാപ്പൂരെ മാർതോമ്മ, മക്കാവോ എന്നീ രൂപതകളെ സംബന്ധിച്ച്:

a) പരി.സിംഹാസനം, റോമൻ കൂരിയായുടെ പതിവനുസരിച്ച് ഇന്ത്യയിലെ (ചൈനയിലെങ്കിൽ ചൈനയിലെ) അപ്പസ്തോലിക് ഡെലഗേറു വഴി, പ്രോവിൻസിലെ മെത്രാന്മാരുടെ അഭിപ്രായം

ആരാഞ്ഞശേഷം, രൂപതഭരിക്കാൻ ഏറ്റവും യോഗ്യനായ പോർച്ചുഗീസ് സ്ഥാനാർത്ഥിയെ തിരഞ്ഞെടുക്കുന്നതായിരിക്കും

b) തിരഞ്ഞെടുക്കപ്പെട്ട സ്ഥാനാർത്ഥിയുടെ പേര് പോർച്ചുഗീസ് റിപ്പബ്ലിക്കിന്റെ പ്രസിഡണ്ടിന്, ലിസ്ബണിലെ അപ്പസ്തോലിക് ന്യൂൺസിയോ വഴിയോ വത്തിക്കാനിലെ പോർച്ചുഗീസ് ലെഗേഷൻ വഴിയോ, സ്വകാര്യമായി (Confidensially) കൈമാറുന്നതാണ്.

c) സ്ഥാനാർത്ഥി രാഷ്ട്രീയമായ പ്രശ്നങ്ങൾക്കൊന്നും ഇടനല്കുന്നില്ലെങ്കിൽ, റിപ്പബ്ലിക്കിന്റെ പ്രസിഡണ്ട്, അദ്ദേഹത്തെ ഔദ്യോഗികമായി പരി.സിംഹാസനത്തിന്റെ മുമ്പിൽ നിയമത്തിനു സമർപ്പിക്കണം.

d) സ്ഥാനാർത്ഥിയുടെ പേരു നല്കികൊണ്ടുള്ള അറിയിപ്പു ലഭിച്ചിട്ട് രണ്ടുമാസത്തിനകം പരി. സിംഹാസനത്തിനു പ്രസിഡണ്ടിന്റെ മറുപടി ലഭിക്കുന്നില്ലെങ്കിൽ, മറുപടി അനുകൂല മാണെന്നു കരുതുന്നതാണ്.

e) നാമനിർദ്ദേശം ഒരേ സമയം പ്രസിദ്ധീകരിക്കാൻ ഒരു തീയതി ഓരോ തവണയും ഇരുപക്ഷത്തെയും ഉന്നതാധികാരികൾ നിശ്ചയിക്കണം. ഔദ്യോഗികരേഖ പ്രസിദ്ധീകരിക്കപ്പെടുന്നതുവരെ അതു രഹസ്യമായിരിക്കുകയും വേണം.

**ഖണ്ഡിക 7:** ബോംബെ, മംഗലാപുരം, കൊല്ലം, ഭിച്ചിനോപ്പള്ളി എന്നീ രൂപതകളെ സംബന്ധിച്ച വ്യവസ്ഥകൾ.

a) പരിശുദ്ധസിംഹാസനം ഏറ്റവും അനുയോജ്യനായ സ്ഥാനാർത്ഥിയെ തിരഞ്ഞെടുത്തശേഷം അദ്ദേഹത്തിന്റെ പേര് നൺഷ്യോ വഴിയോ വത്തിക്കാനിലെ പോർച്ചുഗീസ് ലെഗേഷൻ വഴിയോ റിപ്പബ്ലിക്കിന്റെ പ്രസിഡണ്ടിനെ അറിയിക്കുന്നതാണ്.

b) റിപ്പബ്ലിക്കിന്റെ പ്രസിഡണ്ട് ഒരു മാസത്തിനകം പ്രസ്തുത സ്ഥാനാർത്ഥിയെ നിയമത്തിനു സമർപ്പിക്കണം. നിയമന വിവരം ഔദ്യോഗികമായി 6-ാംഖണ്ഡിക ഉപവകുപ്പിലെ വ്യവസ്ഥകൾ ക്കനുസരിച്ച് പ്രസിദ്ധീകരിക്കേണ്ടതാണ്.[59]

പുതിയ കൊൺകോർഡാത്ത് അനുസരിച്ച് ഇന്ത്യയിലെ മെത്രാന്മാരുടെ നിയമനത്തിൽ പോർച്ചുഗീസ് ഭരണകൂടത്തിനുള്ള പങ്കാളിത്തം ഗണ്യമായി വെട്ടിച്ചുരുക്കപ്പെട്ടു. പോർച്ചുരീസ് രൂപതകളിൽ ഏറ്റവും യോഗ്യനായ പോർച്ചുഗീസ് സ്ഥാനാർത്ഥിയെയും മുകളിൽപറഞ്ഞ മറ്റു രൂപതകളിൽ ഏറ്റവും അനുയോജ്യമായ സ്ഥാനാർത്ഥിയും (ഇത് പോർച്ചുഗീസുകാരൻ ആകണമെന്നില്ല) സ്വീകരിക്കാനുള്ള അവകാശം മാത്രമാണ് അശേഷിച്ചത്.

1947 ഓഗസ്റ്റ്15-ാം തീയതി ഇന്ത്യ ബ്രിട്ടീഷ് കൊളോണിയൽ ആധിപത്യത്തിൽ നിന്നു സ്വതന്ത്രയാവുകയും 1950 ജനുവരി 26-ാം തിയതി പരമാധികാരമുള്ള ഒരു റിപ്പബളിക് ആയിത്തീരുകയും ചെയ്തു. പരമാധികാരമുള്ള ഒരു രാജ്യത്ത് മെത്രാന്മാരെ നിയമിക്കുന്ന കാര്യത്തിൽ ഒരു വിദേശരാജ്യം ഇടപെടുന്നത് അനുചിതവും പ്രതികൂലഫലങ്ങൾ ഉളവാക്കാനിടയുള്ളതുമാണെന്നു പറയേണ്ടതില്ലല്ലോ. അതിനാൽ പോർച്ചുഗലിന്റെ സംരക്ഷണാധികാരം നിറുത്തൽ ചെയ്യാൻ ഇന്ത്യ ഗവൺമെന്റ് തീരുമാനിക്കുകയും ഇന്ത്യാ ഗവൺമെന്റ് ആവശ്യപ്പെട്ടതനുസരിച്ച്, 1950 ജൂലായ് 18-ാം തീയതി പോർച്ചുഗീസ് റിപ്പബ്ലിക്കുമായി പരി.സിംഹാസനം മറ്റൊരു കൊൺകോർദാത്ത് ഉണ്ടാക്കുകയും ചെയ്തു. സംരക്ഷണാധികാരത്തിന് അന്ത്യം കുറിക്കുന്ന ഈ കൊൺകോർദാത്തിലെ പ്രധാന വകുപ്പുകൾ താഴെ കൊടുക്കുന്നു:

**ഘണ്ഡിക 1:** മംഗലാപുരം, കൊല്ലം, ട്രിച്ചിനോപൊളി, കൊച്ചി, മൈലാപ്പൂരെ മാർതോമ്മാ, ബോംബെ എന്നീ രൂപതകളിലേയ്ക്ക് മെത്രാന്മാരെ നിയമനത്തിനു സമർപ്പിക്കാൻ പോർച്ചുഗീസ് റിപ്പബ്ലിക്കിന്റെ പ്രസിഡന്റിനു നല്കപ്പെട്ടിരുന്ന അവകാശം പോർച്ചുഗീസ് ഗവൺമെന്റ് ഉപേക്ഷിക്കുന്നു.

**ഘണ്ഡിക 2:** കൊച്ചി, മൈലാപ്പൂരെമാർതോമ്മ എന്നീ രൂപതകളിൽ മെത്രാന്മാരായി പോർച്ചുഗീസ് പൗരന്മാരെ നിയമിക്കാനും ഇക്കാര്യം പോർച്ചുഗീസ് പ്രസിഡന്റുമായി ആലോചിക്കാനുമുള്ള കടമയിൽനിന്ന് പരി. സിംഹാസനം സ്വതന്ത്രയാണെന്ന് പോർച്ചുഗീസ് ഗവൺമെന്റ് അംഗീകരിക്കുന്നു.

**ഘണ്ഡിക 6:** പരിശുദ്ധ സിംഹാസനത്തിന് ആവശ്യമെന്നു തോന്നുന്നപക്ഷം ഗോവ അതിരൂപതയുടെ അതിർത്തികൾ പരിമിതപ്പെടുത്താനുള്ള സാധ്യത, ഈ ഉടമ്പടിയുടെ ചൈതന്യത്തിൽ പോർച്ചുഗീസ് ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

ഘണ്ഡിക 7: 1886 ലെ കൊൺകോർദാത്തിലും 1928 ലെ ധാരണാപത്രത്തിലും വ്യവസ്ഥ ചെയ്തിട്ടുള്ളതും ഈ ധാരണ പത്രംവഴി വ്യക്തമായി മാറ്റപ്പെടാത്തതുമായ കാര്യങ്ങൾ തുടർന്നും പ്രാബല്യത്തിലിരിക്കുന്നതാണ്, പ്രത്യേകിച്ച് ഗോവാ സിംഹാസനത്തിന്റെ മെട്രോപോലിത്തൻ - പാത്രിയാക്കൽ പദവിയെയും നിശ്ചിത ഇടവകകളിലെ വികാരിമാരുടെ പൗരത്വത്തെയും സംബന്ധിച്ച വ്യവസ്ഥകൾ.[60]

ഈ കൊൺകോർദാത്ത് അനുസരിച്ച് പോർച്ചുഗീസ് ഗവൺമെന്റ് സംരക്ഷണാധികാരത്തിന്റെ അവകാശങ്ങളും ആനുകൂല്യങ്ങളും ഉപേക്ഷിക്കുകയും തൽഫലമായി കൊച്ചി, മൈലാപ്പൂർ

രൂപതകൾക്ക് നല്കേണ്ടിയിരുന്ന സാമ്പത്തിക ബാദ്ധ്യതയിൽനിന്ന് മോചിതമാവുകയും ചെയ്തു. ഇന്ത്യയിൽ എവിടെയും രൂപതകൾ സ്ഥാപിക്കാനും മെത്രാന്മാരെ നിയമിക്കാനുമുള്ള സമ്പൂർണ്ണ സ്വാതന്ത്രം പരിശുദ്ധസിംഹാസനത്തിനു കൈവന്നു. പലനൂറ്റാണ്ടുകളായി പോർച്ചുഗീസുകാരുടെ മത രാഷ്ട്രീയതലസ്ഥാന നഗരിയായിരുന്ന ഗോവയുടെ മെട്രോപോലീത്തൻ - പാത്രിയാർക്കൽ പദവി സംരക്ഷിക്കപ്പെട്ടു എന്നതുമാത്രമാണ് ഈ ഉടമ്പടികൊണ്ട് പോർച്ചുഗലിനുണ്ടായ ഏകനേട്ടം. ഇന്ത്യക്കു സ്വാതന്ത്ര്യം ലഭിക്കുകയും 1950 ൽ ഒരു റിപ്ലബിക് ആയിത്തീരുകയും ചെയ്തശേഷവും ഗോവ ഒരു പോർച്ചുഗീസ് കോളനിയായി തുടർന്നു.

നാം അന്യത്ര കണ്ടതുപോലെ, 1533 ജനുവരി 31-ാം തീയതി സ്ഥാപിക്കപ്പെട്ട ഇന്ത്യയിലെ ആദ്യത്തെ ലത്തീൻ രൂപതയായ ഗോവ, 1558 ഫെബ്രുവരി 4-ാം തീയതി മെട്രോപോലീത്തൻ അതിരൂപതയും, 1886 സെപ്റ്റംബർ 1-ാം തീയതി ഈസ്റ്റ് ഇൻഡിസിന്റെ പാത്രയർക്കേറും ആയിത്തീർന്നു. ഗോവയുടെ സാമന്തരൂപതയായി, നിർത്തലാക്കപ്പെട്ട മാർത്തോമ്മാ ക്രിസ്ത്യൻ ക്രാങ്കന്നൂർ അതിരൂപതയുടെ സ്ഥാനപേരോടുകൂടി, 1886 സെപ്റ്റംബർ 1-ാം തീയതി ഡാമൻ രൂപത സ്ഥാപിതമായി. 1928 മെയ് 1-ാം തീയതി ഡാമൻ രൂപതഗോവയോടു ചേർക്കപ്പെടുകയും അന്നുമുതൽ ഇവരണ്ടും കൂടി ഗോവ-ഡാമൻ അതിരൂപതയെന്ന് അറിയപ്പെടുകയും ചെയ്തു. 1961 അവസാനത്തോടെ ഇന്ത്യൻ സൈന്യം ഗോവ, ഡാമൻ ഡിയു എന്നിവിടങ്ങളിലേക്ക് മാർച്ചുചെയ്യുകയും അതോടെ ഈ പ്രദേശങ്ങളുടെമേലുള്ള പോർച്ചുഗീസ് ആധിപത്യം അവസാനിക്കുകയും ചെയ്തു. അടുത്ത വർഷം ഗോവയുടെയും ഡാമന്റെയും അവസാനത്തെ മാത്രിയ്ക്കിസ്-മെത്രാപ്പോലീത്തയായ ജോസെ വിയെര അൽവെർണാസ് (Jose Vieira Alver Maz) ഇന്ത്യവിട്ടു.

കാലക്രമേണ ഗോവ-ഡാമൻ അതിരൂപതയ്ക്ക് അതിന്റെ സാമന്തരൂപതകളെല്ലാം നഷ്ടപ്പെടുകയും 1976 ജനുവരി 1-ാം തീയതി അത്ജനങ്ങളുടെ സുവിശേഷവത്കരണത്തിനു വേണ്ടിയുള്ള തിരുസംഘത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൻ കീഴിൽ അകപ്പെടുകയും ചെയ്തു. 2006 നവംബർ 25-ാം തീയതി ബനഡിക് XVI-ാമൻ മാർപാപ്പ ഗോവ-ഡാമൻ മെട്രോപോലീത്തൻ പ്രോവിൻസ് പുനഃസ്ഥാപിക്കുകയും അതുവരെ ബോംബെ അതിരൂപതയുടെ സമാന്തരൂപതയായിരുന്നു സിന്ധുദുർഗ് (Sindhudurg) രൂപത അതിനോടു ചേർക്കുകയും ചെയ്തു.[61] ഗോവ-ഡാമൻ മെട്രോപോലീത്തൻ അതിരൂപത ഇപ്പോഴും

പുരാതന മാർത്തോമ്മാ ക്രിസ്ത്യൻ അതിരൂപതയായ ക്രാങ്കനൂരിന്റെ സ്ഥാനപ്പേര് വഹിക്കുകയും ഈസ്റ്റ് ഇൻഡിസിന്റെ ad honorem പാത്രിയർക്കെറ്റായി തുടരുകയും ചെയ്യുന്നു.[62]

പ്രൊപ്പഗാന്ത ഫീദേയുടെ കീഴിൽ ലത്തീൻഹയരാർക്കി സ്ഥാപിക്കപ്പെട്ടശേഷം, പ്രത്യേകിച്ച് 1950ലെ കൊൺകോർദാ ത്തിനുശേഷം, രൂപതകളും സഭാപ്രോവിൻസുകളും ഉദാരമായും സ്വതന്ത്രമായും സ്ഥാപിക്കപ്പെട്ടു. ഈ കാലയളവിൽ ഇന്ത്യയിലെ ലത്തീൻ സഭയ്ക്കുണ്ടായ ത്വരിതഗതിയിലുള്ള പുരോഗതി രൂപതകളുടെയും മെത്രാന്മാരുടെയും എണ്ണത്തിൽ പ്രത്യേകിച്ച് കാണാൻ കഴിയും. ഇപ്പോൾ ലത്തീൻസഭയ്ക്ക് 23 സഭാപ്രോവിൻസുകളായി 128 രൂപതകളുണ്ട്. അതിരൂപതകളുടെയും അവയുടെ സാമന്തരൂപതകളുടെയും പേരുകളും സ്ഥാപന തീയതികളും താഴെ കൊടുക്കുന്നു.[63]

1. **ആഗ്ര** (1-9-1886)
   ആജ്മീർ (20.7.2005 മുതൽ ആഗ്രയുടെ ഭാഗം), അലഹബാദ് (1.9.1886)
   ബരെയ്‌ലി (19.1.1989), ജയ്പൂർ (20.7.2005)
   ജാൻസി (5.7.1954), ലക്നൗ (12.1.1940)
   മീററ്റ് (20.2.1956), ഉദയ്പൂർ (3.12.1984)
   വരാനസി (14.5.1971).
2. **ബാംഗളൂർ** (D.13.2.1940, A.9.9.1953)
   ബെൽഗാം (19.9.1953), ബെല്ലാരി (10.3.1949)
   ചിക്കമംഗളൂർ(16.11.1963), ഗുൽബർഗ (24.6.2005)
   കാർവാർ (24.1.1976), മാംഗളൂർ (1.9.1886) മൈസൂർ (1.9.1886),
   ഷിമോഗ (14.11.1988)
3. **ഭോപാൽ** (13.9.1963)
   ഗ്വാളിയോർ (9.2.1999), ഇൻഡോർ (15.5.1952)
   ജബൽപൂർ (5.7.1954), ജബുവ (1.3.2002)
   ഖാൻഡുവ (3.2.1977)
4. **ബോംബെ** (1.9.1886)
   നാസിക്ക് (15.3.1987), പൂന (1.9.1886), വാസായ് (22.5.1998).
5. **കൽക്കട്ട** (1.9.1886)
   ആസൻസോൾ (24.10.1997), ബഗ്ദോഗ്ര (14.6.1997)
   ബരുയ്പൂർ (30.5.1977), ഡാർജീലിങ്ങ് (8.8.1962)
   ജാൽപയ്ഗൂരി (17.1.1952)
   ക്രിഷ്നഗർ (1.9.1886), റായ്ഗഞ്ച് (8.6.1978)
6. **കട്ടാക്ക് - ഭുബനേശ്വർ** (24.1.1974 മുമ്പ് 1937 മുതൽ കട്ടാക്ക് എന്ന പേരിൽ)

ബാലസോർ (18.12.1989), ബരാംപൂർ (24.1.1974)
റൂർക്കെല (4.7.1979), സാമ്പൽപൂർ (14.6.1951)

7. **ഡെൽഹി** (4.6.1959, മുമ്പ് 13.4.1937 മുതൽ ഡെൽഹി - സിംല എന്ന പേരിൽ)
ജമ്മു - ശ്രീനഗർ (10.3.1986) ജലന്തർ (6.12.1971)
സിംല - ചൻഡിഗ്രാർ (12.5.1964)

8. **ഗാന്ധിനഗർ** (11.10.2002)
അഹമ്മദാബാദ് (5.5.1949), ബറോഡ (29.9.1966)

9. **ഗോവ - ദാമൻ** (മെട്രോ പോലിത്തൻ പ്രോവിസ്സ് ആയത് 25.11.2006 മുതൽ)
സിന്ധുദുർഗ് (5.7.2005, മുമ്പ് ബോംബയുടെ സാമന്ത രൂപത)

10. **ഗുവഹാത്തി** (D.30.3.1992, A.10.7.1995)
ബൊൺഗയ്ഗാവോൺ (10.5.2000)
ദിബ്രൂഗാർ (12.7.1951), ദീപു (5.12.1983)
ഈത്തൻഗാർ (7.12.2005), മിയാവോ (7.12.2005)
തെസ്പൂർ (16.1.1964).

11. **ഹൈദരാബാദ്** (D.1.9.1886, A.19.9.1953)
കുഡ്ഡപ്പ (19.10.1976), ഖമ്മം (18.1.1988)
കുർന്നൂൾ (12.6.1967), നൽഗോണ്ട (31.5.1976)
വറാങ്ങൽ (22.12.1952).

12. **ഇംഫാൽ** (D.28.3.1980, A.10.7.1995)
കോഹിമ (28.3.1980)

13. **മദ്രാസ് - മൈലാപ്പൂർ** (13.11.1952 മദ്രാസ് 1.9.1886, മൈലാപ്പൂർ (9.1.1606)
ചിങ്കൽപുട്ട് (28.6.2002), കോയമ്പത്തൂർ (1.9.1886) ഊട്ടക്കമണ്ട് (3.7.1955)
വെല്ലൂർ (13.11.1952).

14. **മദുരയ്** (D.21.10.1950, A.19.9.1953)
ഡിൻഡിഗൽ (30.10.2003), കോട്ടാർ (26.5.1930)
വാളയം കോട്ടയ് (17.5.1973), ശിവഗംഗൈ (3.7.1987),
തിരുച്ചിരപ്പള്ളി (21.10.1950, മുമ്പ് ടിച്ചിനോപ്പള്ളി എന്ന പേരിൽ 7.6.1887 മുതൽ)
ടൂട്ടിക്കൊറിൻ (12.6.1923).

15. **നാഗ്പൂർ** (D.11.7.1887, A.19.9.1953)
അംരാവതി (8.5.1955) ഔറംഗബാദ് (17.12.1977)

16. **പാറ്റ്ന** (D.10.9.1919, A.16.3.1999)
ബെട്ടിയാ (27.6.1998), ബഗൽപൂർ (11.1.1965)
ബക്സർ (12.12.2005), മുസ്സാഫർപൂർ (6.3.1980), പൂർനെയ (27.6.1998).

**17. പോണ്ടിച്ചേരി - ഗൂഡലൂർ** (D.1.9.1886, A.7.6.1887, ഗൂഡലൂർ ചേർക്കപ്പെടുന്നത് 7.8.1953)
ധർമ്മപുരി (24.1.1997), കുംബകോണം (1.9.1899)
സേലം (26.5.1930), ടാഞ്ചൂർ (13.11.1952)

**18. റയ്പൂർ** (D.5.7.1973, A.18.3.2004)
അംബികപ്പൂർ (5.6.1971)
ജാഷ്പൂർ (23.3.2006), റയ്ഗാർ (10.11.1977 മുമ്പ് 13.12.1951 മുതൽ റയ്ഗാർ - അംബികപ്പൂർ)

**19. റാഞ്ചി** (D.25.5.1927, A.19.9.1953)
ഡാൽട്ടൻ ഗഞ്ച് (5.6.1971), ദൂംക (8.8.1963)
ഗുംല (28.5.1993), ഹാസ്സാരിബാഗ് (1.4.1995)
ജാംഷെഡ്പൂർ (2.7.1962), ഖുൺട്ടി (1.4.1995)
പോർട്ട് ബ്ലെയർ (22.6.1984), സിംഡെഗ (28.5.1993)

**20.ഷില്ലോങ്ങ്** (D.9.7.1934, A.26.6.1969)
അഗർത്തല (11.1.1996), ഐെസ്സവുൾ (11.1.1996, മുമ്പ് 26.6.1969 മുതൽ സിൽചാർ) ജോവാൽ (28.1.2006)
നോങ്ങ്സെറ്റായിൻ (28.1.2006), തൂറാ (1.3.1973

**21. തിരുനന്തപുരം** (D.1.7.1937, A.3.6.2004)
ആലപ്പി (19.6.1952), നെയ്യാറ്റിൻകര (14.6.1996)
പുനലൂർ (21.12.1985), കൊല്ലം (1.9.1886)

**22. വരാപ്പുഴ** (1.9.1886)
കോഴിക്കോട് (12.6.1923), കൊച്ചിൻ (4.2.1558)
കണ്ണൂർ (5.11.1998), കോട്ടപ്പുറം (3.7.1987
വിജയപുരം (14.7.1930)

**23. വിശാഖപട്ടണം** (D.21.10.1950, A.16.10.2001 മുമ്പ് 1.9.1886 മുതൽ വിഴഗപട്ടം എന്ന പേരിൽ)
ഏലൂരു (9.12.1976) ഗുണ്ടൂർ (13.2.1940)
നെല്ലൂർ (3.7.1928), ശ്രീകാക്കുളം (1.7.1993)
വിജയവാഡ (13.410.1950, മുമ്പ് 13.4.1937 മുതൽ ബെസ്വാഡ എന്ന പേരിൽ).

## ഉപസംഹാരം

ലത്തീൻ സഭയുടെ സംഘടിതമായ മിഷൻ പ്രവർത്തനം ഗണ്യമായ തോതിൽ ഇന്ത്യയിൽ ആരംഭിച്ചത് 16-ാംനൂറ്റാണ്ടിന്റെ ആരംഭത്തിൽ പോർച്ചുഗീസ് മിഷനറിമാരുടെ ആഗമനത്തോടെ യാണ്. ഇന്ത്യയിലെ ലത്തീൻസഭ അതിന്റെ ഉത്ഭവത്തിനും 16-ാം നൂറ്റാണ്ടിലും 17-ാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിലും കൈവരിച്ച പുരോഗതിക്കും പോർച്ചുഗീസ് രാജാക്കന്മാരോടും മിഷനറി മാരോടും കടപ്പെട്ടിരിക്കുന്നു എന്നതിൽ സംശയമില്ല. പോർച്ചുഗീസ്

രാജാക്കന്മാരും ഉദ്യോഗസ്ഥരും ഇന്ത്യയിലെ ലത്തീൻ സഭയുടെ ഔദ്യോഗിക സംരക്ഷകരും പരിപാലകരുമായിരുന്നു. സംരക്ഷണാധികാരത്തിന്റെ വ്യവസ്ഥകൾക്കനുസരിച്ച്, രൂപതകൾ, കത്തീഡ്രലുകൾ, പള്ളികൾ, ചാപ്പലുകൾ, സന്യാസാശ്രമങ്ങൾ, സ്കൂളുകൾ മുതലായവ സ്ഥാപിക്കാനുള്ള ചിലവിനു പുറമേ, മെത്രാന്മാർ, വൈദികർ, സ്കൂൾ അധ്യാപകർ, മറ്റു സഭാഉദ്യോഗസ്ഥർ എന്നിവരുടെയെല്ലാം ജീവിത ചിലവും ശമ്പളവും കൊടുത്തിരുന്നത് പോർച്ചുഗീസ് രാജാക്കന്മാരാണ്. അതിനാൽ, പോർച്ചുഗീസ് പദ്രോവാദോയുടെ വൈകല്യങ്ങൾ എന്തുതന്നെ തന്നെ ആയിരുന്നാലും ഇന്ത്യയിലെ ലത്തീൻ സഭയുടെ അടിത്തറ പാകാൻ അതാണ് ഉപകരണമായി വർത്തിച്ചത്.

കാലക്രമത്തിൽ പോർച്ചുഗലിലെ ആഭ്യന്തര പ്രശ്നങ്ങളും സമ്പത്തിന്റെയും പ്രവർത്തകരുടെയും അഭാവവുംമൂലം രാജകീയ സംരക്ഷണാധികാരം ഇന്ത്യയിലെ സഭയുടെ പുരോഗതിക്ക് ഒരു പ്രതിബന്ധമായി തീർന്നു. സഭയെ നാശത്തിൽനിന്നു രക്ഷിക്കുവാനായി റോമിലെ പ്രൊപ്പഗാന്തഫീദേ തിരുസംഘം നടത്തിയ ഇടപെടലുകൾ രൂക്ഷമായ സംഘർഷത്തിനും അധികാര സംഘട്ടനങ്ങൾക്കും കാരണമായി. 1950 ലെ കൊൺകോദാത്തോടുകൂടി മാത്രമാണ് അവ പൂർണ്ണമായും നിലച്ചത്. പ്രശ്നങ്ങളും വൈഷമ്യങ്ങളും ഉണ്ടായിരുന്നിട്ടും, നൂറുകണക്കിനു വിദേശ മിഷനറിമാരുടെ നിസ്ഥാർത്ഥസേവനങ്ങളുടെ ഫലമായി ദൈവത്തിന്റെ പരിപാലനയുടെ കീഴിൽ. ഇന്ത്യയിലെ ലത്തീൻസഭ പുരോഗതി കൈവരിച്ചു. അങ്ങിനെ പ്രൊപ്പഗാന്തഫീദേ തിരുസംഘത്തിന്റെ കീഴിൽ ഇന്ത്യമുഴുവൻ ഉൾകൊള്ളുന്ന ഒരു ഹയരാക്കി സ്ഥാപിക്കാൻ കഴിഞ്ഞു.

1947ൽ ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ചതിനുശേഷം പദ്രോവാദോയുടെ അധികാരം അവസാനിക്കുകയും സഭ പൂർണ്ണമായും പരി. സിംഹാസനത്തിന്റെ സ്വതന്ത്ര അധികാരത്തിൻ കീഴിൽ ആയിത്തീരുകയും ചെയ്തു. പല തദ്ദേശീയ സന്യാസ സമൂഹങ്ങളുടെ സ്ഥാപനം, തദ്ദേശീയ മിഷനറിമാരുടെയും മറ്റുവൈദികരുടെയും രൂപീകരണം, ഹയരാക്കിയുടെ ക്രമേണയുള്ള ദേശീയവത്കരണം മുതലായവ ഇന്ത്യയിലെ ലത്തീൻ സഭയുടെ ത്വരിതഗതിയിലുള്ള പുരോഗതിക്കു വഴിതെളിച്ചു. 23 പ്രോവിൻസുകളിലായി 128 രൂപതകൾ ഇപ്പോൾ ഇന്ത്യയിലെ ലത്തീൻ സഭയ്ക്കുണ്ട്.

**ഡോ. പോൾ പള്ളത്ത്**

# 05

## ഭാരതസഭ

## 16 – ാം നൂറ്റാണ്ടിനുശേഷം

പ്രൊപ്പഗാന്തയുടെ കീഴിൽ 1659–ൽ മലബാർ വികാരിയാത്തു സ്ഥാപിക്കപ്പെട്ടപ്പോൾ മുതൽ കേരളത്തിലെ മാർത്തോമ്മക്രിസ്ത്യാനികൾ രണ്ടു ആധിപത്യങ്ങൾക്ക് കീഴിലായി വിഭജിക്കപ്പെട്ടു. പറമ്പിൽ ചാണ്ടി മെത്രാന്റെ കാലത്ത് സമുദായം ഒന്നായെങ്കിലും പിന്നീട് വിദേശനേതൃത്വത്തിന്റെ കീഴിൽ വീണ്ടും ഭിന്നിച്ചു. ഇതിനൊരു തല്ക്കാലികശമന വരുന്നത് പാറേമ്മാക്കൽ കൊടുങ്ങല്ലൂർ ഗൊവർണദോരായി വരുമ്പോളാണ്. (1786 സെപ്റ്റ 21) ശങ്കൂരിക്കലിന്റെ കലത്തോളം അവർ ഒന്നായി മുന്നേറി. അതിനു ശേഷം പിന്നെയും ചിതറി, 1838 വരെ. ആ വർഷം ഏപ്രിൽ 24 നു മുൾത്തെ പ്രെക്ലാരേ എന്ന തിരുവെഴുത്തുവഴി പദ്രുവാദോ അധികാരം നിർത്തലാക്കി... മാർത്തോമ്മാക്രിസ്ത്യാനികൾ എല്ലാവരും വരാപ്പുഴയുടെ കീഴിലായി. പ്രശ്നങ്ങൾ പറഞ്ഞുതീർത്ത് റോമും പോർട്ടുഗലും തമ്മിൽ സമാധാനത്തിലെത്തിയപ്പോൾ പദ്രുവാദോ വീണ്ടും സജീവമായി. 1864 ൽ വീണ്ടും പദ്രുവാദോ അധികാരം കേരളത്തിൽ വന്നു. മാർത്തോമ്മാക്രിസ്ത്യാനികൾ പിന്നെയും രണ്ട് അധികാരത്തിൻ കീഴിലായി. 1877 വരെ ഈ സ്ഥിതിവിശേഷം തുടർന്നു. സ്വീകാര്യമായ നേതൃത്വമില്ലാതെ വന്നതിനാൽ അലഞ്ഞുതിരിയുകയും ചിന്നിച്ചിതറു

കയും ചെയ്യേണ്ടിവന്ന മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ചരിത്ര മാണ് പദ്രുവാദോ -പ്രൊപ്പഗാന്താ ഭരണകാലഘട്ടം നമ്മുടെ മുമ്പിൽ കാഴ്ചവയ്ക്കുന്നത്.

## പ്രൊപ്പഗാന്താ ഭരണാധിപന്മാർ

18-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ വരാപ്പുഴയെ ഭരിച്ചിരുന്നത് അലോഷ്യസ്മേരി എന്ന ക്രംമ്മലീത്താക്കാരനാണ്. അലോഷ്യ സിന്റെ പിൻഗാമിയായി വന്നത് റൈമണ്ട് (1808 -1816) അത്രെ 1808 വരെ അദ്ദേഹം അഡ്മിനിസ്ട്രേറ്ററായിരുന്നു. റൈമണ്ടിന്റെ കാലത്ത് വാരപ്പുഴയുടെ കീഴിൽ 66 സുറിയാനിപ്പള്ളികളും 18 ലത്തീൻപള്ളി കളും ഉണ്ടായിരുന്നു. രോഗാദീനനായിരുന്നതിനാൽ ഭരണം തുട രാൻ സാധിക്കാതെ വന്ന അദ്ദേഹത്തെ 1815 ആഗസ്റ്റ് 18-ാം തീയതി വികാരി അപ്പസ്തോലിക്കാസ്ഥാനത്തുനിന്നും മാറ്റി. 1816 - ജൂലൈ യിൽ അദ്ദേഹം മരിച്ചു.

റൈമണ്ടിന്റെ പിൻഗാമിയായി ഫ്രാൻസിസ് സേവ്യർ എന്ന വൈദികനെ നിയമിച്ചെങ്കിലും അദ്ദേഹം ആ സ്ഥാനം സ്വീകരിച്ചി ല്ല. 1818 - ൽ പ്രൊപ്പഗാന്താ തിരുസംഘം പീറ്റർ അൽക്കാന്തറയെ ബോംബെയുടെ മെത്രാപ്പോലീത്തയായും വരാപ്പുഴയുടെ അഡ്മി നിസ്ട്രേറ്ററായും നിയമിച്ചു. അദ്ദേഹം 1819 മുതൽ 1821 - വരെ വരാ പ്പുഴ ഭരിച്ചു.

1818 -ൽ അയർലണ്ടിലെ കർമ്മലീത്താ പ്രൊവിൻഷ്യലായിരുന്ന മിലെസ് പ്രെൻഡർഗസ്റ്റിനെ വരാപ്പുഴയുടെ ഭരണാധിപനായി വാഴി ച്ചു. 1821 ജനുവരി 2-ാം തീയതി മുതൽ അദ്ദേഹമായിരുന്നു വാരാ പ്പുഴമെത്രാൻ. സുറിയാനിക്കുർബാനയിലെ ക്രമപ്രകാരം തിരു വോസ്തി തിരുരക്തത്തിൽ മുക്കുന്നത് നിറുത്തൽ ചെയ്യാൻ അദ്ദേഹം ഉദ്യമിച്ചു. എതിർപ്പുകൾമൂലം ആ പരിഷ്ക്കാരം വേണ്ടെന്ന് വച്ചു. വൈദിക വിദ്യാർത്ഥികളുടെ ഉപയോഗത്തിനായി ബൈബിൾ, പാരമ്പര്യം, സഭാപിതാക്കന്മാർ സൂനഹദോസുകൾ,തിരുസ്സഭാച രിത്രം, കാനൻനിയമം ഇവയെക്കുറിച്ചു ഗ്രന്ഥങ്ങൾ രചിച്ചു. എന്നാൽ അദ്ദേഹത്തിന്റെ നിയമകാർക്കശ്യവും ശിക്ഷാപരിപാടികളും ഭരണീ യരുടെയിടയിൽ അസ്വസ്ഥയുളവാക്കി മിഷനറിമാരുമായി രസക്ഷ യമുണ്ടായി. അവർ മെത്രാനെതിരായി. പല ആരോമങ്ങളുമുന്നയി ച്ചുകൊണ്ട് പ്രൊപ്പഗാന്തയ്ക്ക് ഹർജികളയച്ചു. തൽഫലമായി പ്രൊപ്പ ഗാന്ത അദ്ദേഹത്തെ 1827 - ൽ തിരികെ വിളിച്ചു. 1828 ഫെബ്രുവരി 2-ാം തീയതി ബോംബേയ്ക്കു പോയി. മരണം വരെ അവിടെ ജീവിച്ചു.

1825 ജൂലൈ 9-നു ലെയോ XII-മൻ പാപ്പാ മൗറീലിയസ് സ്റ്റബി വീനിയെ വരാപ്പുഴയുടെ വികാരി അപ്പസ്തോലിക്കയായി നിയമി ച്ചു. അദ്ദേഹത്തിന്റെ ഭരണകാലത്ത് പലപ്രശ്നങ്ങളുമുണ്ടായി. കൊടുങ്ങല്ലൂർ, കൊച്ചി എന്നീ രൂപതകളിലെ മെത്രാന്മാർ സുറിയാ

നിക്കാരുടെ മേൽ അധികാരം നടത്തിയിരുന്നു. ഇത് സ്റ്റബിലീനിയ്ക്കു ഒരു വലിയ പ്രശ്നമായിരുന്നു. കൂടാതെ അദ്ദേഹം അവശക്രൈസ്തവരെ സെമിനാരിയെടുക്കുകയും സാമൂഹികരംഗത്ത് പരിഷ്ക്കാരങ്ങൾ വരുത്താൻ പരിശ്രമിക്കുകയും ചെയ്തു. ഏതായാലും എതിർപ്പ് കാരണം സ്റ്റബിലീനിയെ പ്രൊപ്പഗാന്താ സ്ഥലം മാറ്റുകയുണ്ടായി. പകരം ഫ്രാൻസിസ് സേവ്യറിനെ വികാരി അപ്പസ്തോലിക്കയായി നിയമിച്ചു. ഫ്രാൻസിസ് സേവ്യർ 1832 ജനുവരി 6-ാം തീയതി ഭരണം ഏറ്റെടുത്തു. അന്ന് ഏകദേശം 41000 ലത്തീൻക്രിസ്ത്യാനികൾക്കു 24 വൈദികരേ ഉണ്ടായിരുന്നുള്ളൂ. തന്മൂലം വൈദികപരിശീലന കാര്യത്തിൽ കൂടുതൽ ശ്രദ്ധിച്ചു. അദ്ദേഹമാണ് പോരൂക്കര തോമസ്, ചാവറ കുര്യാക്കോസ് എന്നീ വൈദികർക്ക് മല്പാൻസ്ഥാനം നൽകിയത്. 1840 ഏപ്രിൽ 10-നു ഫ്രാൻസിസ് സേവ്യർ സാർദിയായുടെ മെത്രാപ്പൊലീത്തായായി ഉയർത്തപ്പെട്ടു. ജൂൺ 7-ാം തീയതി ലുദ്വിക്കോസിനെ ഫ്രാൻസിസ് മെത്രാന്റെ സഹായമെത്രാനായി നിയമിച്ചു. 1844 ഡിസംബർ 7-നു ഫ്രാൻസിസ് മെത്രാൻ നിര്യാതനായി.

1845 സെപ്റ്റംബർ 25-നു മോമ് ലുദ്വിക്കോസ് വികാരി അപ്പസ്തോലിക്കയായി. 1838-ൽ പദ്രുവാദോ അധികാരം നിറുത്തിയപ്പോൾ കൊടുങ്ങല്ലൂർ, കൊച്ചി എന്നീ രൂപതകൾ വരാപ്പുഴ രൂപതയുടെ കീഴിലായി. തന്മൂലം വരാപ്പുഴ വികാരിയാത്തിന്റെ വിസ്തീർണ്ണം വളരെ വ്യാപകമായിത്തീർന്നു. ഭരണസൗകര്യത്തിനായി വികാരിയാത്തിനെ 1845 നവംബർ 17 നു വാരപ്പുഴ, മംഗലാപുരം, കൊല്ലം എന്നിങ്ങനെ മൂന്നായി തിരിച്ചു. മംഗലാപുരത്തിന്റെ ഭരണാധിപനായി ബർണാർദിനോസ് ആഗ്നസും, കൊല്ലത്തിന്റേത് ബർണാർദിനോസ് ത്രോസ്യായും നിയമിക്കപ്പെട്ടു. ലുദ്വിക്കോസ് ആരോപണവിധേയനായതിനാൽ തിരികെ വിളിക്കപ്പെട്ടു. 1852 ജനുവരി 6-നു അദ്ദേഹം റോമിന് പോവുകയും ചെയ്തു.

ലുദ്‌വിക്കോസ് റോമിന് തിരിച്ചുപോയപ്പോൾ വികാരിയാത്തിന്റെ ഭരണം കൊല്ലം വികാരി അപ്പസ്തോലിക്കാ ബർണാർദിനോസ് ത്രേസ്യെ ഏല്പിച്ചു. 1852 മാർച്ച് 12-നു പിന്തുടർച്ചാവകാശത്തോടുകൂടെ വാരപ്പുഴയുടെ സഹായ മെത്രാനായി അദ്ദേഹം. 1859 മുതൽ വാരിപ്പുഴയുടെ വികാരി അപ്പസ്തോലിക്കയായിഭരണം നടത്തി. കേരളസഭയിൽ കോളിളക്കം സൃഷ്ടിച്ച റോക്കോസിന്റെ വരവ് ഇദ്ദേഹത്തിന്റെ കാലത്താണ് ഉണ്ടായത്. ചാവറയച്ചന്റെ സേവനം ഇക്കാര്യത്തിൽ അദ്ദേഹം ഉപയോഗപ്പെടുത്തി. മലബാറിലെ ഭൂരിഭാഗം വൈദികരും മല്പാൻ ഭവനങ്ങളിലെ പരിശീലനം മാത്രമുള്ളവരായിരുന്നു. അത് അപര്യാപ്തമായി അദ്ദേഹത്തിനു തോന്നി. തന്മൂലം മെത്രാപ്പോലീത്താ അന്നുണ്ടായിരുന്ന ഏകദേശം 20-ഓളം മല്പാൻ ഭവനങ്ങൾ നിറുത്തലാക്കി: മാന്നാനം, വാഴക്കുളം, പുളിങ്കുന്ന്,

എൽത്തുരുത്ത്, പുത്തൻപള്ളി, എന്നീ സ്ഥലങ്ങളിൽ മാത്രം വൈദികപരിശീലനം നടത്തണമെന്ന് നിഷ്കർഷിച്ചു. പ്രസ്തുത നിയമം നിർബന്ധമാക്കുന്നതിന് ഈ സെമിനാരികളിൽ പരിശീലനം നേടാത്തവർക്ക് പട്ടം നൽകുകയില്ലെന്നും തീർച്ചപ്പെടുത്തി. പുത്തൻപള്ളി സെമിനാരി വാരാപ്പുഴയിലേത് മാറ്റി സ്ഥാപിച്ചതാണ്. 1866-ൽ ഇതു സുറിയാനിക്കാർക്കും ലത്തീൻകാർക്കും വൈദികപരിശീലനം നല്കുന്ന ഏകസ്ഥാപനമായി. 1933-ൽ ഇത് ആലുവായ്ക്കു മാറ്റി സ്ഥാപിച്ചു. 1868 സെപ്റ്റംബർ 5 ന് മെത്രാപ്പോലീത്ത നിര്യാതനായി.

## പദ്രുവാദോ ഭരണാധിപന്മാർ

1801- ൽ ശങ്കൂരിയ്ക്കൽ ഗീവർഗീസ് മല്പാൻ നിര്യാതനായതു മുതൽ 1821 വരെ കൊടുങ്ങല്ലൂരിൽ മൂന്നു അഡ്മിനിസ്ട്രേറ്റർമാർ ഭരണം നടത്തി. അവർ യഥാക്രമം ഡോമിനിക്ക് (Dominicus) ജോവാക്കിം ബോളോ (Joachim Bohlho) തോമസ് അക്വീനാസ് (Aquinas Thomas O.P) എന്നിവരാണ്. ഇവരിൽ തോമസ് അക്വീനാസ് 1821 -33 വരെ മെത്രാപ്പോലീത്തയായി ഭരണം നടത്തി. പദ്രുവാദോ ഭരണത്തിലെ അവസാനത്തെ മെത്രാപ്പോലീത്തയാണദ്ദേഹം. സെമിനാരിയാക്കണമെന്ന ഉദ്ദേശത്തോടെ തോമസ് അക്വീനാസ് പൊതുമുതൽ മുടക്കി പണികഴിപ്പിച്ചതാണ് ചങ്ങനാശ്ശേരിയിലെ ഇന്നത്തെ പള്ളിമുറി. 1823 ഡിസംബർ 19-ാം തീയതി കൊല്ലത്തുവച്ചു മരിച്ച അദ്ദേഹത്തിന്റെ മൃതദേഹം ചങ്ങനാശേരിയിൽ കൊണ്ടുവന്ന് സംസ്കരിച്ചു.

1823 - 1825 വരെ ജോവാക്കീം എന്നൊരാൾ അഡ്മിനിസ്ട്രേറ്ററായിരുന്നു. 1826 -1838 വരെ ഡോഫോർട്ടായും ഇദ്ദേഹമാണ് മൂന്നു പേരുടെ റാസയ്ക്ക് അനുവാദം നൽകിയത്. 1838 ഏപ്രിൽ 24-ാം തീയതി മൂൾത്താ പ്രെക്ലാരേ എന്ന തിരുവെഴുത്തിലൂടെ 16-ാം ഗ്രിഗോറിയോസ് മാർപാപ്പാ പദ്രുവാദോ ഭരണം നിർത്തൽ ചെയ്തപ്പോൾ ഇന്ത്യയിലെ പദ്രുവാദോ ഭരണത്തിനും തൽക്കാലവിരാമമുണ്ടായി.

1857 -ൽ റോമായും പോർട്ടുഗലും വീണ്ടും സഖ്യത്തിലെത്തി. തൽഫലമായി പദ്രുവാദോ ഭരണകൂടങ്ങൾ പുനരുജ്ജീവിച്ചു. അങ്ങനെ 1864-ൽ കൊടുങ്ങല്ലൂരിൽ അഡിമിനസ്ട്രേറ്റർ ഭരണം പുനരാരംഭിച്ചു. ആന്റണിപോൾ (Antony Paul Pinto 1864 -1866) ജോസഫ് അയ്റസ് സിൽവേയിര (Joseph Ayres de Silveria Mascarenha 1866) ആന്റണി കൊറയദോസ് റെയ്സ് കൊയെലോ (Antony Correa dos Reis Coelho 1867 -1869) ആന്റണി വിൻസെന്റ് ലിസ്ബോB (Antony Vincent Lisboa 1870) വാലന്റയിൻ കോൺസ്റ്റാന്റയിൻ ഫെർണാണ്ടസ് (Valentine Constantine Fernandes 1875), ഫ്രാൻസിസ് ബർബോസാ (Francis Barbosa 1867)

ബെനഡിക്ട് ഗോമസ് (Benedict R.Gomes), കാസ്മീർ നസ്റത്ത് (Casmire Nazareth1867-1884), നർസീസ്

(Narcise1885) ഇദ്ദേഹം പ്രോ. അഡ്മിനിസ്ട്രേറ്ററായിരുന്നു. കായെത്താൻ (Cajetan J.M Abreu 18851887)

എന്നിവരാണ് പിന്നീട് ഭരണം നടത്തിയവർ. ഇവരുടെ നിയമനം നടത്തിയിരുന്നത് ഗോവാമെത്രാപ്പോലീത്തയാണ്. ഇവരിൽ ആന്റണി കൊറയായുടെ ഭരണകാലത്താണ് മാർത്തോമ്മാ ക്രിസ്ത്യാനികൾക്കായി മംഗലപ്പുഴയിൽ സെമിനാരി തുടങ്ങിയത്. പാറയിൽത്തരകൻ അതിന് വളരെയധികം സഹായിച്ചു. പ്രൊപ്പഗാന്തയ്ക്കു ഇഷ്ടപ്പെട്ട ഒരു സംഗതിയായിരുന്നില്ല ഇത്. 1886 -ൽ ലത്തീൻ ഹൈരാർക്കി ഉണ്ടായപ്പോൾ കൊടുങ്ങല്ലൂർ അപ്രത്യക്ഷമായി.

**പദ്രുവാദോ ഛിദ്മം**

മുൾത്താ പ്രൊക്ലാരെ എന്ന തിരുവെഴുത്ത് വഴി 1838-ൽ ഗ്രിഗറി 16-ാം പാപ്പ പദ്രുവാദോ അധികാരം നിറുത്തൽ ചെയ്തു. ഇതിന്റെ ഫലമായി കൊടുങ്ങല്ലൂർ, കൊച്ചി, മൈലാപ്പൂർ, എന്നിവിടങ്ങളിൽ പോർച്ചുഗീസുകാർക്ക് അധികാരം നഷ്ടപ്പെട്ടു. ഗോവമാത്രം പോർച്ചുഗീസധികാരത്തിൽ ആയിരുന്നു. മുൾത്താ പ്രൊക്ലാരെ എന്ന തിരുവെഴുത്ത് ഇന്ത്യയിൽ പ്രസിദ്ധീകരിച്ചപ്പോൾ അന്നത്തെ ഗോവാമെത്രാപ്പോലീത്താ ആന്റണി ഫെലിച്ചിയാനോ തിരുവെഴുത്തിനെ അംഗീകരിക്കുന്നില്ലെന്ന് കാണിച്ച് ഒരു സർക്കുലർ സമാന്തരരൂപതരകളിലെ മെത്രാന്മാർക്കയച്ചു. തൽഫലമായി റോമിന്റെ നിരോധനത്തെ വിഗണിച്ചുകൊണ്ട് പദ്രുവാദോ മെത്രാന്മാർ ഭരണം തുടർന്നു. ഇതിനെയാണ് പദ്രുവാദോ ഛിദ്മം എന്നു വിളിക്കുന്നത്.

1857 -ൽ പീയൂസ് ഒമ്പതാമൻ മാർപാപ്പയും പോർച്ചുഗല്ലുമായി ഒരു ഉടമ്പടിയുണ്ടാക്കി. അതനുസരിച്ച് പദ്രുവാദോ അധികാരം ഇന്ത്യയിലും ചൈനയിലും പുന:സ്ഥാപിതമായി. ഈ ഉടമ്പടിയനുസരിച്ച് ഗോവമെത്രാപ്പോലീത്തായ്ക്കും പിൻഗാമികൾക്കും പോർച്ചുഗീസധികാരത്തിലിരുന്ന സ്ഥലങ്ങളിന്മേൽ അപ്പസ്തോലിക് പ്രാതിനിധ്യാധികാരം ലഭിച്ചു. ഈ അധികാരം ആദ്യം മൂന്നും, പിന്നീ5ട് ആറും വർഷങ്ങളിലേയ്ക്കു ദീർഘിപ്പിച്ചു കൊടുത്തു. ഇങ്ങനെ 1886 വരെ പദ്രുവാദോ അധികാരം നീട്ടിക്കൊണ്ടുപോകാ ൻ സാധിച്ചു. ഇക്കാലത്ത് ഗോവായും വാരപ്പുഴയും തമ്മിൽ അധികാര സ്ഥാപനത്തിനുവേണ്ടി വലിയ വടംവലികൾ നടത്തിയിട്ടുണ്ട്. പദ്രുവാദോയുടെ പതനത്തോടെ പ്രൊപ്പഗാന്ത കൂടുതൽ ശക്തമായി.

## റോക്കോസിന്റെ ആഗമനം

ലത്തീൻമെത്രാന്മാരുടെ കീഴിൽ പൊറുതിമുട്ടിയ മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് മെത്രാനെ നൽകിയില്ലെങ്കിൽ ഉണ്ടാകാവുന്ന വലിയ വിപത്തിനെ മുന്നിൽക്കണ്ട പാത്രിയർക്കീസ് 1860 സെപ്റ്റംബർ 30-ന് തോമ്മ റോക്കോസ് എന്നയാളെ അഭിഷേകം ചെയ്തു കേരളത്തിലേക്കയച്ചു. ഇവിടത്തെ സ്ഥിതി ഗതികൾ കണ്ടറിഞ്ഞു റിപ്പോർട്ടുചെയ്യാൻ ഒരു വിസിറ്റർ എന്ന നിലയിൽ. 1861 മെയ് 20-ാം തീയതി റോക്കോസിന്റെ ആഗമനം ഒരു കൊടുങ്കാറ്റിന്റെ ആരംഭമായിരുന്നു തൊണ്ടനാട്ട് അന്തോനിച്ചൻ, റോക്കോസിനു സ്വീകരണം നല്കാൻ നേരത്തെ എഴുതി അറിയിച്ചിരുന്നു. അതേസമയം മെസപ്പൊട്ടോമിയായിലെ ഡെലഗേറ്റ് അപ്പോസ്തോലിക്ക ശത്രുവിന്റെ പുറപ്പാടേ യഥാസമയം വാരപ്പുഴയും അറിയിച്ചു. പ്രതിരോധനടപടിയെന്ന നിലയിൽ പള്ളികളിൽ ഔദ്യോഗിക കത്തുകൾ പ്രസിദ്ധീകരിച്ചു ജനങ്ങളെ ജാഗരൂകരാക്കി. കർമ്മലീത്താസഭയുടെ പ്രിയോരായിരുന്ന ചാവറ അച്ചനും റോക്കസിനെ സ്വീകരിക്കരുതെന്ന അഭിപ്രായം പരസ്യപ്പെടുത്തി.

പ്രതിരോധനടപടികൾ എടുത്തിരുന്നുവെങ്കിലും ഭരകക്ഷിയുടെ പ്രതീക്ഷയിൽക്കവിഞ്ഞ ഒരു സ്വീകരമമാണ് റോക്കസിന് കൊച്ചിയിൽ ലഭിച്ചത്. ജനങ്ങൾ റോക്കസിനെ ആഘോഷമായി സ്വീകരിച്ച് തൈക്കാട്ടുശ്ശേരിപ്പള്ളിയിലേക്ക് ആനയിച്ചു. അവിടെവച്ചു നടന്ന പള്ളിക്കാരുടെ യോഗത്തിൽ വച്ച് മാന്നാനവും എൽത്തുരുത്തും മെത്രാന്റെ ആസ്ഥാനങ്ങളായി നിശ്ചയിച്ചു. സാമ്പത്തിക സുസ്ഥിതിക്കായി പള്ളികളുടെ ഒരു വർഷത്തെ ആദായം അയ്യനാട്ട് അവിരാത്തരകനെ ഏല്പിക്കണമെന്നും നിഷ്ക്കർഷിച്ചു. നിർബന്ധത്തിന്റെ പേരിൽ റോക്കോസ് നൂറിലധികം പേർക്ക് പട്ടം നല്കി. വടയാർ, കടത്തുരുത്തി (ചെറുതും, വലുതും) മുട്ടുചിറ, കുറവിലങ്ങാട്, അതിരമ്പുഴ, കുമാരകം തുടങ്ങിയ പള്ളികൾ സന്ദർഷിക്കുകയും ചെയ്തു. യോഗ്യതയുള്ളവരെ മെത്രാന്മാരാക്കണമെന്ന് തൊണ്ടനാട്ടച്ചന് ആഗ്രഹമുണ്ടായിരുന്നു. റോക്കസിന്റെ കേരളാഗമനോദ്ദേശ്യം പുരസ്കരിച്ച് തൊണ്ടനാട്ട് എഴുതുകയാണ്: എങ്കിൽ നമ്മുടെ മലയാളക്കാരിൽ കൊള്ളാവുന്നവരെ നമ്മുടെ നമ്മുടെ ചാവറ അച്ചനെയോ മറ്റും കൂട്ടമായി നിശ്ചയിക്കുന്നവരെ ഒക്കെയും മലയാളത്തിൽ വച്ചുവാഴിപ്പാൻ അനുവാദവും മുഷ്ക്കരത്വവും ഇവർക്കുണ്ട്. ചാവറ അച്ചന്റെ ജനസ്വാധീനം ഉപയോഗിക്കുവാൻ ഇരുകൂട്ടുകാരും ശ്രമിക്കുന്നുണ്ട്.

1861 ജൂൺ 8-ാംതീയതി വാരപ്പുഴമെത്രാപ്പോലീത്താ ചാവറയച്ചനെ, സുറിയാനിക്കാരുടെ വികാരി ജനറലായി നിയമിച്ചു. ജൂൺ 19-ന് തന്നെ സുറിയാനിക്കാർ റോക്കോസിനെ സ്വീകരിക്കണമോ

യെന്നും റോക്കസിന് റോമിൽനിന്നും അധികാരമുണ്ടോയെന്നും അന്വേഷിച്ചുകൊണ്ട് ചാവറയച്ചൻ റോമിലേയ്ക്കെഴുതി. സെപ്റ്റംബർ 5-ാം തീയതി പീയൂസ് ഒമ്പതാമൻ മാർപാപ്പ ചാവറയച്ചന് അയച്ച എഴുത്തിൽ മലബാറിലേയ്ക്ക് മെത്രാനെ അയക്കാൻ പാത്രിയർക്കീസിന് അധികാരമില്ലെന്നും റോക്കസ് അനധികൃതമായാണ് വന്നിരിക്കുന്നതെന്നും മറുപടി നൽകി. തുടർന്ന് ചാവറയച്ചൻ റോക്കോസിനെതിരെ ചേർത്തല ശങ്കുണ്ണി പേഷ്ക്കാരിന്റെ നിരോധനം ലഭിച്ചതുകൊണ്ട് മാർ റോക്കോസ് തെക്കോട്ട് വരാതെ കൊച്ചിയിലേയ്ക്ക് പോകുകയും വടക്കുള്ള പള്ളികൾ സന്ദർശിക്കുകയും ചെയ്തു.

## മാർ റോക്കോസിനെ തിരികെ വിളിക്കുന്നു

ഒമ്പതാം പീയൂസിന്റെ നിർദ്ദേശമനുസരിച്ച് മാർ റോക്കോസിനെ തിരികെ വിളിക്കാൻ ഔദോ പാത്രിയർക്കീസ് നിർബന്ധിതനായി. 1861 സെപ്റ്റംബർ ഏഴാം തീയതി പാത്രിയർക്കീസ് മാർ റോക്കസിനെ തിരിച്ചുവിളിച്ചു. ഇത്. സംബന്ധിച്ച് റോമിൽ നിന്നുള്ള കത്ത് സെപ്റ്റംബർ 5-ാം തീയതി ബർണർദാനോസ് മെത്രാപ്പോലീത്തായ്ക്കും കിട്ടിയിരുന്നു. മാർ റോക്കോസ് കല്പന കിട്ടിയിട്ടും തിരിച്ചുപോകാൻ കൂട്ടാക്കിയില്ല. തന്മൂലം നവംബർ 30-ാം തീയതി വരാപ്പുഴമെത്രാപ്പോലീത്താ റോക്കാസിനെ മഹറോൻ ചൊല്ലി. 1862-ൽ പത്രിയർക്കീസിന്റെ കല്പന വീണ്ടും കിട്ടിയപ്പോൾ മാർ റോക്കോസ് തിരിച്ചുപോകാൻ തന്നെ തീരുമാനിച്ചു. ആ വർഷം മാർച്ചുമാസത്തിൽ തൊണ്ടനാട്ട് ആന്റണി, പൂണ്ടിക്കുളത്ത് അബ്രാഹം, ശ്രാമ്പിക്കൽ തോമ്മാ എന്നീ വൈദികരുമൊത്ത് അദ്ദേഹം ബാഗ്ദാദിനു പോയി.

## ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ

19-ാം നൂറ്റാണ്ടിലെ കേരളസഭാചരിത്രത്തിൽ സമുന്നതമായൊരു സ്ഥാനമാണ് ചാവറ കുര്യാക്കോസച്ചനുള്ളത്. അദ്ദേഹം 1805 ഫെബ്രുവരി 5-ാം തീയതി കൈനകരിയിൽ ജനിച്ചു. 10-ാം വയസ്സിൽ പാലയ്ക്കൽ തോമ്മാമല്പനുമായി പരിജയപ്പെട്ടു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സെമിനാരി ജീവിതം തുടങ്ങി. 1829 നവംബറിൽ സ്റ്റബിലീനിമെത്രാനിൽ നിന്നും അർത്തുങ്കൽ പള്ളിയിൽ വെച്ചു വൈദകപട്ടം സ്വീകരിച്ചു.

1829-ൽത്തന്നെ സന്യാസസഭാസ്ഥാപനത്തിനുള്ള ഒരുക്കങ്ങൾ തുടങ്ങി. 1831 ലായിരുന്നു സന്യാസഭവനത്തിന്റെ ശിലാസ്ഥാപനം. 1855 ഡിസംബർ 8-ാം തീയതി ബർണർദീനോസ് മെത്രാപ്പോലീത്തായുടെ പ്രതിനിധിയായ മാർസലീനോസ് പാതിരിയുടെ മുമ്പാകെ വ്രതവാഗ്ദാനം നടത്തി, സന്യാസിയായി. 10 പേർ കുര്യാക്കോസച്ചന്റെ മുമ്പിലും വ്രതവാഗ്ദാനം നടത്തി. ആ സന്യാസസമൂഹ

ത്തിന്റെ ആദ്യത്തെ പ്രിയോയായിരുന്നു ചാവറയച്ചൻ. സന്യാസമൂഹത്തിനു പുതിയ ശാഖകൾ തുടങ്ങുന്നതിനും സന്യാസസഭാംഗങ്ങളെ വിശുദ്ധിയിലും വിജ്ഞാനത്തിലും വളർത്തിയെടുക്കുന്നതിനും കുര്യാക്കോസച്ചൻ അക്ഷീണം യത്നിച്ചു. സ്ത്രീകൾക്കായുള്ള സന്യാസസമൂഹത്തിനും ചാവറയൻ നേതൃത്വം നൽകി.

റോക്കസിന്റെ പിന്നിൽ സുറിയാനിക്കാർ അണിനിരക്കുന്നതായി മനസ്സിലാക്കിയ വാരപ്പുഴമെത്രാൻ 1861 ജൂൺ 8ന് ചാവറയച്ചനെ സുറിയാനിക്കാരുടെ വികാരി ജനറലാക്കി. ഈ അധികാരത്തിലിരുന്നുകൊണ്ട് തന്റെ സർവ്വശക്തിയുപയോഗിച്ച് ചാവറയച്ചൻ പ്രശ്നത്തെ നേരിട്ടു. 1816 ഫെബ്രുവരിയിൽ റോക്കസിനെ സ്വീകരിക്കാൻ പാടില്ലെന്നു സൂചിപ്പിക്കുന്ന ഒരു പരസ്യം മാന്നാനത്തു നിന്നും അച്ചടിച്ചു പ്രസിദ്ധീകരിക്കുകയും റോക്കസിന്റെ ആധികാരികത പരിശോധിക്കുവാൻ ബൂള കാണുവാൻ പോവുകയും മാർപാപ്പയ്ക്കു നേരിട്ടെഴുതി ഔദ്യോഗിക മറുപടി വാങ്ങുകയുമൊക്കെ ചെയ്തു.

വിദഗ്ദ്ധമായ രീതിയിൽ വാരപ്പുഴ മെത്രാനെ സഹായിച്ച തങ്ങളുടെ സമുദായപ്രതിനിധിയെ മെത്രാനാക്കുമെന്നു സുറിയാനിക്കാർ ന്യായമായും വിശ്വസിച്ചിരുന്നു. പ്രശ്നം രൂക്ഷമായ സന്ദർഭത്തിൽ ആവശ്യമെങ്കിൽ അദ്ദേഹത്തെ മെത്രാനാക്കണമെന്നു പോലും ബർണർദീനോസ് പ്രൊപ്പഗാന്തയോടാവശ്യപ്പെട്ടിരുന്നു. അന്നദ്ദേഹം വളരെ വിവേകമതിയായിരുന്നു. റോക്കോസ് തിരിച്ചുപോയതിനു ശേഷം 1865 ഏപ്രിൽ 1-ാം തീയതി ചാവറയച്ചനെപ്പറ്റി റോമിൽ നിന്നു തിരക്കിയപ്പോൾ അദ്ദേഹം അവരുടെ ദൃഷ്ടിയിൽ ശുദ്ധനെങ്കിലും സന്മാർഗശാസ്ത്രവിജ്ഞാനമില്ലാത്തവനും, ഭാരണപാടവമില്ലാത്തവനുമായി. തന്നെയുമല്ല 63 വയസ്സുമായിരിക്കുന്നു. അ്തു യൂറോപ്പിലെ സ്ഥിതിക്കു 80 വയസ്സിനു തുല്യമാണുതാനും വാസ്തവത്തിൽ അദ്ദേഹത്തിന് അപ്പോൾ 60 വയസ്സുപ്രായമേ ഉണ്ടായിരുന്നുള്ളൂ.

കർമ്മലീത്താ മൂന്നാംസഭ ജന്മമെടുത്തപ്പോൾ മുതൽ അതിന്റെ പ്രിയോരായിരുന്ന, വലിയ പ്രശ്നം നേരിടുവാൻ നിയുക്തനായിത്തീർന്ന വൈദികശ്രേഷ്ഠനാണ് ഭരണപാടവമില്ലാതെ പോയത്. കർമ്മലീത്താമിഷനറിമാർ ചാവറയച്ചനെ മെത്രാനാക്കുന്നതിനെ അനുകൂലിച്ചിരുന്നെങ്കിൽ മേലൂസിന്റെ ആഗമനവും അന്തഛിദ്രങ്ങളും ഒഴിവാക്കാമായിരുന്നു.

നല്ലതെന്നു തോന്നിയ പലപാശ്ചാത്യാനുഷ്ഠാനങ്ങളും വിവേചനം കൂടാതെ മലബാർ ക്രിസ്ത്യാനികളുടെയിടയിൽ പ്രചരിപ്പിക്കുന്നതിൽ ചാവറയച്ചന് ഉത്തരവാദിത്വമുണ്ട്. വേസ്പര. ലദീഞ്ഞ്, മരിച്ചവരുടെ അന്നീദ, വൈദികപഞ്ചാംഗം തുടങ്ങിയവ അദ്ദേഹം

എഴുതിയുണ്ടാക്കി. അവയിൽ അന്ധമായ അനുകരണം പ്രകടമായിരുന്നു. അദ്ദേഹം നാല്പതുമണിയാരാധനയുടെ പ്രചാരകനായിരുന്നു. കാനൻജപം ക്രമപ്പെടുത്തിയെഴുതിയെങ്കിലും അതിലും ലത്തീൻ സ്വീധീനം കടന്നുകൂടിയിട്ടുണ്ട്. ലത്തീൻ ക്രമങ്ങളോട് അനുരൂപപ്പെടുന്നതു കത്തോലിക്കാസഭയിലാവശ്യമാണെന്ന ചിന്താഗതിയായിരിക്കാം ഇതിനൊക്കെ അദ്ദേഹത്തെ പ്രേരിപ്പിച്ചത്.

വലിയ ബുദ്ധിമുട്ടുകൾ സഹിച്ചാണ് അദ്ദേഹം മുദ്രാലയരംഗത്തു കാലുവെച്ചത്. 1843 ജൂലായ് മാസത്തിൽ ലൂദ്വിക്കോസ് മെത്രാപ്പോലീത്തായുടെ പരിശ്രമഫലമായി അച്ചടിക്കുള്ള അനുവാദം നേടിയെടുത്തു. ആദ്യത്തെ പ്രസ്സ് തടികൊണ്ടുണ്ടാക്കിയതാണ്. ആദ്യത്തെ പുസ്തകം ജ്ഞാനപീയൂഷം എത്രെ. സേവനനിരതനായ ആ കർമ്മയോഗി 1871 ജനുവരി മൂന്നാം തീയതി ദിവംഗതനായി.

## മേലൂസിന്റെ ആഗമനം

1862 -ൽ റോക്കോസ്മെത്രാൻ മലബാർവിട്ടു. റോക്കോസിനെ അനുകൂലിച്ച പള്ളിക്കാർ വലിയൊരു വിഷമവൃത്തത്തിലായി. വാരാപ്പുഴയുടെ കീഴിലേക്കു മടങ്ങിച്ചെല്ലുക വളരെ വിഷമകരം. പദ്രുവാദോഅധികാരം ഇല്ലാതിരുന്നതിനാൽ അവർ എങ്ങും തൊടാതെ ഒരു നിലയിലായി. 1864-ൽ കൊടുങ്ങല്ലൂർ പുനരുദ്ധരിക്കപ്പെട്ടപ്പോൾ ആ പ്രശ്നം ഏറെക്കുറെ പരിഹൃതമായി. റോക്കോസിനെ അനുകൂലിച്ചവർ പദ്രുവാദോക്കീഴിൽ വന്നുചേർന്ന് അഭിമാനം സംരക്ഷിച്ചു. പക്ഷേ പദ്രുവാദോയിൽ മെത്രാന്മാരില്ലാതിരുന്നതിനാൽ പല ബുദ്ധിമുട്ടുകളും അവർക്കുണ്ടായി. ഏറ്റവും പ്രധാനം പദ്രുവാദോക്കീഴിലുള്ള സെമിനാരിക്കാർക്കു പട്ടം നൽകുക എന്നതായിരുന്നു. ഈ ബുദ്ധിമുട്ടു മനസ്സിലാക്കിയ ആവർ 1872-ൽ ബാബേൽ പാത്രിയർക്കീസിനോടഭ്യർത്ഥിച്ചു. വേറെയും ഹർജികൾ ചെന്നിരുന്നു.

റോക്കോസ്യൻ പ്രശ്നശമനാനന്തരവും മലബാറുമായുള്ള പുരാതനബന്ധം സ്ഥാപിച്ചുകിട്ടുവാൻ കൽദായപാത്രിയർക്കീസ് ശ്രമിച്ചുകൊണ്ടിരുന്നു. 1869-ൽ നടന്ന ഒന്നാം വത്തിക്കാൻ കൗൺസിലിൽ ഈ അവകാശവാദം അദ്ദേഹം ഉന്നയിച്ചെങ്കിലും കൗൺസിൽ പെട്ടെന്ന് നിറുത്തേണ്ടി വന്നതിനാൽ ഇക്കാര്യത്തിൽ വ്യക്തമായ തീരുമാനമൊന്നും ഉണ്ടായില്ല. ഈ ശ്രമത്തിൽ മുഖ്യൻ ആക്രായിലെ മെത്രാനായിരുന്ന ഏലിയാ മേലൂസായിരുന്നു. മലബാറുമായി ബന്ധപ്പെടാനുള്ള അവസരം കാരത്തിരിക്കുമ്പോഴാണ് ഹർജികൾ ലഭിക്കുന്നത്. 1873-ൽ മെത്രാന്മാരെ വാഴിച്ചയയ്ക്കാനുള്ള അനുവാദത്തിനായി പാത്രിയർക്കീസ് റോമിനെഴുതി. പക്ഷെ പ്രൊപ്പഗാന്ത അതിനനുകൂലമായിരുന്നില്ല.

ചാവറയച്ചനെ മെത്രാനായിക്കാമാനാഗ്രഹിച്ചവർ നിരാശരായി. റോക്കോസ് പ്രശ്നം അവസാനിച്ചപ്പോൾ പ്രൊപ്പഗാന്ത അതിന്റെ പഴയരീതികളിലേയ്ക്ക് മടങ്ങി. മലബാർ ക്രിസ്ത്യാനികൾ പൊതുവേ അസ്വസ്ഥരായിരുന്നു. സ്വന്തം റീത്തിലുള്ള മെത്രാന്മാർക്കുവേണ്ടിയുള്ള ദാഹം അവരുടെ ഇടയിൽ ഉത്കടമായിത്തീർന്നു. തൃശ്ശൂർ കേന്ദ്രമായി ധനശേഖരണം നടത്തിക്കൊണ്ടിരുന്ന ഫിലിപ്പ് അസ്സീസ് എന്ന കൽദായവൈദികൻ വഴി ഒരു മെത്രാനെ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ സുറിയാനിക്കാർ നടത്തി. ഈ പ്രവർത്തനത്തിൽ മുന്നോട്ടുനിന്നത് തൃശ്ശൂർ പള്ളി വികാരിയായ പുത്തേട്ട് ഇഗ്നാസി എന്ന വൈദികനായിരുന്നു. അദ്ദേഹം ഫിലിപ്പ് അസ്സീസ് വഴി ഒരു ഹർജി പാത്രിയർക്കീസിന് എത്തിച്ചുകൊടുത്തു. ഇതിനകം മലബാറിലെ വൈദികർ മേലൂസിനെ ക്ഷണിച്ചുകൊണ്ട് എഴുതിയിരുന്നു. ഈ സാഹചര്യത്തിലാണ് പാത്രിയർക്കീസ് ജോസഫ് ഔദോ മാർ ഏലിയ മേലൂസിനെ മലബാറിലേക്കയച്ചത്.

## മേലൂസ് മെത്രാൻ മലബാറിൽ

1874 ആഗസ്റ്റ് മാസത്തിൽ ബോംബെയിലെത്തി. മേലൂസിനെ തിരിച്ചയക്കുവാൻ ബോംബെ വികാരി അപ്പസ്തോലിക്കാ ലെയോ മോയ്റിൻ ശ്രമിക്കുകയുണ്ടായി. ഏതായാലും 1874 ഒക്ടോബർ 21നു മേലൂസ് മെത്രാൻ തൃശ്ശൂരിലെത്തിച്ചേർന്നു. 1874 ജൂലൈ 2നു പാത്രിയർക്കീസ് മലബാറുകാരെ അഭിസംബോധനചെയ്തുകോണ്ട് എഴുതിയതും മേലൂസിന് നൽകിയതുമായ എഴുത്തിൽ മേലൂസിനെ അയക്കുന്നത് മലബാറിലെ കർമ്മലീത്താഭരണം അവസാനിപ്പിക്കുന്നതിനാണെന്ന് പറഞ്ഞിട്ടുണ്ട്. മാർ മേലൂസ് തൃശ്ശൂരിൽ എത്തിയപ്പോൾ ഇടമറ്റം വികാരിയായിരുന്ന തൊണ്ടനാട്ട് ആന്റണി (മാർ അബ്ദീശോ) അദ്ദേഹത്തിന്റെ സഹപ്രവർത്തകനായിത്തീർന്നു. ഒക്ടോബർ 30നു മേലൂസ് ഒരു സർക്കുലർ വഴി സുറിയാനിക്കാർ പാത്രിയാർക്കീസിനെ അനുസരിക്കണമെന്നും ലത്തീൻ ഹയരാർക്കിയിൽ നിന്ന് പിന്മാരണമെന്നും ആവശ്യപ്പെട്ടു. കൂടാതെ പീയൂസ് ഒമ്പതാമൻ പാപ്പ പാത്രിയർക്കീസിന്റെ അധികാരത്തെ അംഗീകരിക്കുന്നതായുള്ള ഒരു എഴുത്തിന്റെ മലയാളം തർജ്ജമ 1875 ഫെബ്രുവരി 7 നു പ്രസിദ്ധീകരിക്കുകയും ചെയ്തു. പദ്രുവാദോ അധികാരത്തിൽപ്പെട്ട പള്ളികൾ മേലൂസിനെ സ്വീകരിക്കാൻ തയ്യാറായുള്ളൂ.

### ഭാഗികമായ പള്ളികൾ

1887 മെയ് 20-ാം തീയതിയിലെ ക്വോദ് യാംപ്രീദം എന്നതിരുവെഴുത്തുവഴി ലെയോ 13-ാമൻ പാപപ്പ സുറിയാനിക്കാർക്കായി കോട്ടയം, തൃശ്ശൂർ എന്നീ വികാരിയാത്തുകൾ ലത്തീൻ മെത്രാന്മാരെയാണ് ഏൽപിക്കുകയെന്ന് രേഖകൾ വ്യക്തമാക്കിയിരിക്കുന്നു.

വികാരിഅപ്പസ്തോലിക്കമാർ പൊന്തിഫിക്കൽ അധികാരങ്ങളോടെ സുറിയാനിക്കാരായ വികാരിജനറൽമാരെ നിയമിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. അതിനോടൊപ്പം സുറിയാനിക്കാരായ നാല് ആലോചനക്കാരെ വീതം ഓരോ വികാരിയാത്തിലും തെരഞ്ഞെടുക്കുകയും സഭാ ഭരണസംബന്ധമായ കാര്യങ്ങളിൽ അവരുടെ അഭിപ്രായം ആരായുകയും ചെയ്യേണ്ടിയിരുന്നു. വികാരിയാത്തുകൾ സ്ഥാപിച്ചെയങ്കിലും വികാരിഅപ്പസ്തോലിക്കാമാരെ നിയമിച്ചിരുന്നില്ല. പുതിയ വികാരിയാത്തുകൾ സ്ഥാപിച്ചുകൊണ്ടുള്ള തിരുവെഴുത്ത് പ്രസിദ്ധപ്പെടുത്തിയതോടൊപ്പം ജൂലായ് 20, 1887-ൽ ഡെലഗേറ്റ് അപ്പസ്തോലിക്കായിരുന്ന അയൂത്തിയും ഒരു ലേഖനം പള്ളികളിലേയ്ക്ക് അയച്ചിരുന്നു. കർമ്മലീത്തക്കാരല്ലാത്ത മെത്രാന്മാർ പുതിയ വികാരിയാത്തിൽ നിയമിതരാകുമോ എന്ന് വരാപ്പുഴയിലെ കർമ്മലീത്തക്കാർ ഭയപ്പെട്ടു. അവർക്കനുകൂലമായി ഒരു ബഹുജനഹർജി റോമിലേക്കയക്കാൻ കർമ്മലീത്തക്കാർ തീരുമാനിച്ചു. ഒപ്പ് ശേഖരിക്കാൻ ആളുകളേയും ചുമതലപ്പെടുത്തി. കൊച്ചപ്പന്മാരായ മാത്യു മാക്കീലിനെയും വാഴക്കുളത്തുകാരനായ വലിയവീട്ടിൽ ഗീവറുഗീസച്ചനേയും കൂട്ടിക്കൊണ്ടു വരാപ്പുഴയിലേയും കൊല്ലത്തെയും മെത്രാന്മാർ അപ്പസ്തോലിക് ഡെലഗേറ്റിനെ സന്ദർശിച്ച് ചില ഹർജികൾ കൊടുത്തതായി പറയപ്പെടുന്നു. ഭിന്നിപ്പിച്ച് ഭരിക്കുക എന്ന തത്ത്വമായിരിക്കാം ഇവിടെ പ്രായോഗികമാക്കിയത്.

## പുതിയ വികാരി അപ്പസ്തോലിക്കാമാർ

1887 മെയ് 20-ാം തീയതി വികാരിയാത്തുകൾ സ്ഥാപിതമായി എന്നാൽ വികാരിഅപ്പസ്തോലിക്കമാർ ആരെന്ന് വ്യക്തമാക്കിയിരുന്നില്ല. അതേക്കുറിച്ചുള്ള ജിജ്ഞാസ വലിയൊരു പിരിമുറക്കം വാരപ്പുഴ ഭാഗത്തും സ്വദേശി പ്രസ്ഥാനക്കാരുടെ ഭാഗത്തും ഉളവാക്കി. ഇവിടുത്തെ ഭരണാധികാരികളുടെ വീരവാദങ്ങളും രഹസ്യകരുനീക്കങ്ങളും രണ്ടാമത്തെ കൂട്ടരെ കൂടുതൽ ഉൽക്കണ്ഠാകുലരാക്കി. ഡെഗേറ്റിന് അവർ തുടരെത്തുടരെ അയച്ചിരുന്ന കത്തുകൾ ഇത് വ്യക്തമാക്കുന്നു. ഈ സാഹചര്യം 1887 ഒക്ടോബർ 15-ാം തീയതിയോടെ മാറി. റോമിൽ നിന്ന് നിർദ്ദേശിച്ചതനുസരിച്ച് മാർസലീനോസ് മെത്രാൻ പുറപ്പെടുവിച്ച കൽപനവഴി ചാൾസ് ലവീഞ്ഞും അഡോൾഫ് മെഡ്ലിക്കോട്ടും പുതിയ വികാരി അപ്പസ്തോലിക്കമാരാണെന്ന് അറിയിച്ചു. അതോടൊപ്പം സുറിയാനിക്കാരുടെമേൽ തനിക്കുണ്ടായിരുന്ന ഭരണാധികാരം അവസാനിച്ചിരിക്കുന്നതായും.

## സ്വപ്നസാക്ഷാത്ക്കാരം

സ്വന്തം വികാരിയാത്തുകൾ ലഭിച്ചതുകൊണ്ടുമാത്രം ഇവിടത്തെ മാർത്തോമ്മാക്രിസ്ത്യാനികൾ സംതൃപ്തരായില്ല. സ്വന്തം റീത്തിൽപ്പെട്ട നാട്ടുമെത്രാന്മാരെ കിട്ടുവാനുള്ള അപേക്ഷകൾ റോമിലേക്ക് അവർ അയച്ചുകൊണ്ടിരുന്നു. സമയം ആസന്നമായി എന്നു

പ.സിംഹാസനത്തിനു ബോദ്ധ്യമായി. 1896-ൽ ലെയോ പതിമൂന്നാമൻ പാപ്പ ക്വേ റേയി സാക്രേ എന്ന രേഖയിലൂടെ സുറിയാനിക്കത്തോലിക്കരെ തൃശ്ശൂർ, ചങ്ങനാശ്ശേരി, എറണാകുളം എന്നൂ മൂന്നു വികാരിയാത്തുകളിലാക്കി. ഇതിൽ ചങ്ങനാശ്ശേരി വികാരിയാത്ത് 1887ൽ സ്ഥാപിതമായ കോട്ടയം വികാരിയാത്തിന്റെ തുടർച്ചയാണ്. ബിഷപ്പ് ലവീഞ്ഞു തന്റെ ആസ്ഥാനം 1891-ൽ ചങ്ങനാശ്ശേരിക്കു മാറ്റുകയുണ്ടായി. 1896 ആഗസ്റ്റ് 11-ാം തീയതി സുറിയാനിക്കാരുടെ മൂന്നു വികാരിയാത്തുകൾക്കും നാട്ടുമെത്രാന്മാരെ ലഭിച്ചു. എറണാകുളത്തു ളൂയിസ് പഴേപറമ്പിലും, തൃശ്ശൂര് ജോൺ മേനാച്ചേരിയും, ചങ്ങനാശ്ശേരിയിൽ മാത്യു മാക്കീലുമായിരുന്നു പ്രഥമ ഏതദ്ദേശീയമെത്രാന്മാരായി നിയമിതരായവർ. 1911 ആഗസ്റ്റ് 29-ാം തീയതി തെക്കുംഭാഗക്കാർക്കായി കോട്ടയം വികാരിയാത്തു സ്ഥാപിച്ചു. അതിന്റെ അദ്ധ്യക്ഷനായി മാർ. മാത്യു മാക്കീലിനെ ചങ്ങനാശ്ശേരിയിൽ നിന്നു കോട്ടയത്തേക്കു മാറ്റി. ചങ്ങനാശ്ശേരിയിൽ മാർ തോമസ് കുര്യാളശ്ശേരി നിയമിതനായി.

## സീറോമലബാർ ഹയരാർക്കി

മാർത്തോമ്മാക്രിസ്ത്യാനികളുടെ സഭാചരിത്രത്തിൽ പ്രത്യേക പ്രാധാന്യമർഹിക്കുന്നതാണ് 1923 ഡിസംബർ 21-ാം തീയതി അന്നാണ് റൊമാനീ പൊന്തീഫിച്ചെസ് എന്ന തിരുവെഴുത്തുവഴി 11-ാം പീയൂസ് മാർപാപ്പ സീറോമലബാർ പ്രൊവിൻസ് രൂപാകരിച്ചത്. എറണാകുളം അതിരൂപതയായും തൃശ്ശൂർ, കോട്ടയം, ചങ്ങനാശ്ശേരി സമാന്തരരൂപതകളായും പ്രഖ്യാപിക്കപ്പെട്ടു.

## പുനരൈക്യം ആരംഭിക്കുന്നു

1653 -ലെ കൂനൻകുരിശുസത്യത്തോടെ മാർത്തോമ്മാക്രൈസ്തവസമൂഹം പുത്തൻകൂറെന്നും പഴയകൂറെന്നും രണ്ടായി തിരിഞ്ഞു. വേർപാടിന്റെ നാളുകൾ മുതൽ പുനരൈക്യത്തിനുള്ള അതിയായ ആഗ്രഹവും പരിശ്രമവും രണ്ടു വിഭാഗങ്ങളിലും ഉണ്ടായിരുന്നു. വിദേശമിഷനറിമാരുടെയും മെത്രാന്മാരുടെയും നിസ്സഹകരണവും സ്ഥാപിതതാൽപര്യങ്ങളും പുനരൈക്യശ്രമങ്ങളെ പരാജയപ്പടുത്തി. എന്നാൽ നാട്ടുമെത്രാന്മാരുടെ ആഗമനത്തോടെ പുനരൈക്യപ്രസ്ഥാനത്തിന് ഒരു നവജീവൻ കൈവന്നു. ഒന്നായിരുന്ന സഭയെ പലതാക്കിയ സാഹചര്യങ്ങൾ മാറിവന്നതോടെ സഭൈക്യബോധവും വളർന്നുവന്നു. തത്ഫലമായി 1930 സെപ്റ്റംർ 20-ാം തീയതി യാക്കോബായസഭയിൽനിന്നു മാർ ഈവാനിയോസ് മെത്രാപ്പോലീത്തയും മാർ തെയോഫിലോസ് മെത്രാനും കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. സഭൈക്യപ്രസ്ഥാനത്തിനു നേതൃത്വം നൽകിയവരാണിവർ.

**ഡോ. സേവ്യർ കൂടപ്പുഴ**

# 06

## ഭാരതത്തിലെ അന്ത്യോക്യൻ സഭാവിഭാഗങ്ങൾ

സഭാപിതാവായ തോമ്മാശ്ലീഹായുടെ കാലം മുതൽ 1653–വരെ മാർത്തോമ്മാ ക്രിസ്ത്യാനികൾ, ഒരു തലവന്റെ കീഴിൽ വിഭജനമോ പാഷണ്ഡതകളോ കൂടാതെ ഐക്യത്തിൽ ജീവിച്ചു. ചരിത്ര ഗതിയിൽ, 1653 ജനുവരി 3ന് നടന്ന കൂനൻ കുരിശ് സത്യത്തിന് ശേഷം പുത്തൻ കൂറ്റിൽപ്പെട്ട പന്ത്രണ്ട് വൈദികർ ആർച്ച് ഡീക്കൻ തോമസ് പറമ്പിലിനെ മാർത്തോമാ ഒന്നാമൻ എന്ന പേരിൽ, 1653 മെയ് 22 ന് കൈവയ്പ്പ് വഴി മെത്രാനായി വാഴിച്ചു. ഭൂരിപക്ഷം ഇടവകകളും പദ്രുവാദോ ആർച്ച് ബിഷപ്പായിരുന്ന ഫ്രാൻസീസ് ഗ്രാസിയ SJ- യെ ഉപേക്ഷിച്ച്, ഉത്തമ ബോധ്യത്തിൽ(Bone fide) പുതിയ ബിഷപ്പിന്റെ പിറകിൽ അണിനിരന്നു. പക്ഷേ പുതിയ പിതാവിന്റെ പട്ടം അസാധുവാണെന്ന് മനസ്സിലാക്കി, ക്രമേണ അദ്ദേഹത്തെ ഉപേക്ഷിച്ചു. മലബാർ സഭയിൽ നടന്ന ദുഃഖകരമായ ഈ സംഭവവിശേഷങ്ങൾ അറിഞ്ഞ്, പ്രൊപ്പഗാന്ത ഫിദേയുടെ നിർദ്ദേശപ്രകാരം രണ്ട് ഗണം നിഷ്പാദുക കർമ്മലീത്ത സന്യാസിമാരെ പ്രത്യേകാധികാരങ്ങളോടെ അല

ക്സാണ്ടർ VII-ാമൻ മലബാർ സഭയിലേക്കയച്ചു. പ്രശ്നങ്ങൾ പഠിക്കാനും പരിഹരിക്കുവാനും അയക്കപ്പെട്ടവർ സെന്റ് മേരി സെബാസ്റ്റ്യാനി ജോസഫും സെന്റ് വിൻസെന്റ് ഹയാസിന്തും ആയിരുന്നു. പ്രശ്നപരിഹാരത്തിനും പുനരൈക്യത്തിനും വേണ്ടിയുള്ള പരിശ്രമങ്ങൾ ആർച്ച്ഡീക്കന്റെ മെത്രാൻപട്ടം അംഗീകരിക്കണമെന്ന വാദത്തിൻമേൽ തട്ടി തകർന്നു. എരിതീയിലെണ്ണ എന്നപോലെ, 1663 ഫെബ്രുവരി 1-ാം തീയതി, സെബസ്റ്റ്യാനി, ആർച്ച് ഡീക്കനെയും, സഹപ്രവർത്തകനായ ആഞ്ഞിലിമൂട്ടിൽ ഇട്ടത്തൊമ്മനെയും കത്തോലിക്കാ സഭയിൽ നിന്ന് മഹറോൻ ചൊല്ലി പുറത്താക്കി. അങ്ങനെ 1653 ആരംഭിച്ച വിഭാഗീയത, ഒന്നായിരുന്ന മാർത്തോമാ ക്രിസ്ത്യാനികളെ കത്തോലിക്കരെന്നും അകത്തോലിക്കരുമെന്ന പിളർപ്പിലേക്ക് ഔദ്യോഗികമായി എത്തിച്ചു. അന്ത്യോക്യൻ പാരമ്പര്യത്തിലധിഷ്ടിതമായ ഓർത്തഡോക്സ് സഭകളുടെ ആരംഭവും തുടർന്ന് ഉദയം ചെയ്ത സീറോമലങ്കരസഭയെക്കുറിച്ചും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

### അന്ത്യോക്യൻ പാത്രീയാർക്കീസുമായുള്ള സഭാബന്ധവും മലങ്കര ഓർത്തഡോക്സ് സിറിയൻ സഭകളുടെ ആരംഭവും

കത്തോലിക്കാ സഭയിൽനിന്നും പുറത്താക്കിയശേഷം എല്ലാ പുനരൈക്യശ്രമങ്ങളും പരാജയപ്പെട്ടപ്പോൾ തന്റെ മെത്രാൻ പട്ടത്തിന്റെ അസാധുതയെക്കുറിച്ച് അവബോധമുള്ള മാർതോമ്മാ ഒന്നാമൻ കാൽദിയൻ പാത്രിയാർക്കീസിനും സിറിയൻ യാക്കോബിറ്റ് പാത്രിയാർക്കീസിനും ഒരു മെത്രാനെ അയക്കണമെന്ന് ആവശ്യപ്പെട്ട് എഴുതി. കാൽദിയൻ പാത്രിയാർക്കീസ് മറുപടി നൽകിയില്ല. 1665-ൽ അന്ത്യോക്യായിലെ സിറിയൻ യാക്കോബായ പാത്രിയാർക്കീസ് അബ്ദുൾ ജലീൽ മാർ ഗ്രിഗോറിയോസിനെ മലബാറിലേക്കയച്ചു. മാർത്തോമായുടെ മെത്രാൻപട്ടത്തിന്റെ അസാധുത അറിഞ്ഞിരുന്ന പുത്തൻകൂറ്റുകാർ ആഘോഷപൂർവ്വം മാർ ഗ്രിഗോറിയോസിനെ സ്വീകരിച്ച് തങ്ങളുടെ സ്ഥാനപതിയായി അംഗീകരിച്ചു. സ്വാഭാവികമായി സുറിയാനിപാരമ്പര്യമുള്ള പൗരസ്ത്യപിതാവിനെ, ലാറ്റിൻ മെത്രാനെക്കാൾ സഭാ സമൂഹം സ്വീകരിച്ചു. മാർഗ്രിഗോറിയോസിന്റെ ആഗമനത്തോടെ മെത്രാനടുത്ത കർമ്മങ്ങൾ അദ്ദേഹം നിറവേറ്റുകയും മാർത്തോമാ സഭയുടെ ഭരണകാര്യങ്ങൾ നിർവ്വഹിക്കുകയും ചെയ്തു.

### സിറിയൻ ഓർത്തഡോക്സ് വിശ്വാസസംഹിതയുടെ ആവിർഭാവം

മാർത്തോമാ സഭയുടെ സ്വയംഭരണഅവകാശവും പൗരസ്ത്യ ആരാധനാരീതികളും ഇല്ലായ്മ ചെയ്യുവാൻ പദ്രുവാദോ ഭരണത്തിൻ കീഴെ ജസ്യൂട്ട് മിഷനറിമാർ ശ്രമിച്ചപ്പോൾ അതിനെതിരെ ഉയർന്ന പ്രതിഷേധത്തിന്റെ അനന്തരഫലമായിരുന്നു കൂനൻ കുരിശ് സത്യം.

മാർത്തോമ്മാ മക്കളുടെ ഹൃദയത്തുടിപ്പുകൾ മനസ്സിലാക്കിയ മാർ-ഗ്രിഗോറിയോസ് (1665-1670) അവരുടെ തനതായ പാരമ്പര്യവും ആരാധനാനുഷ്ഠാനങ്ങളും പുനരുദ്ധരിക്കുമെന്ന് വാഗ്ദാനം ചെയ്തു. യഥാർത്ഥത്തിൽ, ഉദയം പേരൂർ സൂനഹദോസിൽ ഉപേക്ഷിക്കപ്പെട്ട ചില തനതാത്മകമായ പാരമ്പര്യങ്ങൾ അദ്ദേഹം പുനപ്രതിഷ്ഠിച്ചു. യാക്കോബായറ്റ് വിശ്വാസവും അന്ത്യോക്യൻ അനുഷ്ഠാനങ്ങളും പുലർത്തുന്ന ഒരു സമൂഹത്തെ വളർത്തിയെടുക്കുവാനുള്ള തന്ത്രപരമായ പദ്ധതിയിൽ മാർത്തോമാ I-ാമനെ മെത്രാനായി അദ്ദേഹം വാഴിച്ചില്ല. തദ്വാരാ യാക്കോബായറ്റ് ഓർത്തഡോക്സ് വിശ്വാസ സംഹിതകൾ സാവധാനം മലബാർ സഭയിൽ ആവിഷ്ക്കരിക്കുവാൻ ഗ്രിഗോറിയോസിന് കഴിഞ്ഞു. കത്തോലിക്കാ സഭക്കും അതിന്റെ വിശ്വാസ പ്രബോധനങ്ങൾക്കും റോമിനുമെതിരായും എതിർപ്പിന്റെ മനോഭാവം വളർത്തിയെടുക്കുവാൻ അദ്ദേഹത്തിന്റെ മരണത്തിന് മുമ്പ് സാധിച്ചു (+1670). മാർഗ്രിഗോറിയോസിന്റെ ആഗമനവും പ്രവർത്തനങ്ങളും കത്തോലിക്കാ- അകത്തോലിക്കാ സഭാവിഭാഗങ്ങൾ തമ്മിലുള്ള അന്തരം വലുതാക്കി. കൂനൻ കുരിശ് സത്യം തന്നെ റോമൻ നേതൃത്വത്തിനും മാർപാപ്പയുടെ പ്രഥമ സ്ഥാനത്തിനും എതിരായുള്ള പ്രതി വിപ്ലവമായി വ്യാഖ്യാനിക്കപ്പെട്ടു.

മാർത്തോമാ ഒന്നാമന്റെ മരണശേഷം 1670 ഏപ്രിൽ 22 മാർത്തോമ്മ II ( 1670-1686), മാർത്തോമ്മ III (1686-1688) മാർത്തോമ്മ IV (1688-1728) മാർത്തോമ്മ V (1728-1765) എന്നിവർ യഥാക്രമം സഭയെ നയിച്ചു. ലഭ്യമായ രേഖാപ്രകാരം ഇവരിലാർക്കും ഔദ്യോഗികമായി, സാധുവായ നിയമാനുസൃത മെത്രാൻപട്ടം ലഭിച്ചിരുന്നില്ല. മാർത്തോമ്മ II ന്റെ ഭരണകാലഘട്ടത്തിൽ, എൽദോ മാർ ബസേലിയോസ്, ഹിദത്തുള്ള മാർ ഇവാനിയോസ് എന്നീ രണ്ട് യാക്കോബായറ്റ് മെത്രാന്മാർ അന്ത്യോക്യാവത്ക്കരണത്തിന്റെ ഭാഗമായി 1685-ൽ മലബാറിൽ എത്തിച്ചേർന്നു. ആഗമനത്തിന്റെ പന്ത്രണ്ടാം ദിവസം മാർ ബസേലിയോസ് ദിവംഗതനായി കോതമംഗലം പള്ളിയിൽ സംസ്ക്കരിക്കപ്പെട്ടു. മാർ ഇവാനിയോസ് തന്റെ മരണംവരെ (1693 ആഗസ്റ്റ് 13) ഭരണംതുടർന്നു. മാർ ഇവാനിയോസിന്റെ മരണത്തെ തുടർന്ന് ദീർഘകാലം അന്ത്യോക്യൻ മെത്രാൻമാരാരും മലബാറിൽ എത്തിയില്ല. തത്ഫലമായി തദ്ദേശീയ പിതാക്കന്മാരായിരുന്നു സ്വതന്ത്രഭരണം നിർവ്വഹിച്ചിരുന്നത്. അന്ത്യോക്യൻ ക്രിസ്തു വിജ്ഞാനീയത്തിന്റെ ഏതാനും ചില അംശങ്ങൾ സാംശീകരിച്ചെങ്കിലും, വിശ്വാസി സമൂഹം , പൗരസ്ത്യ സുറിയാനി വിശ്വാസ പാരമ്പര്യം തുടരുകയും കാൽദിയൻ ആരാധനാക്രമം അനുഷ്ഠിച്ചുപോരുകയും ചെയ്തു.

**അന്ത്യോക്യൻ സഭാ പാരമ്പര്യത്തിന്റെ വളർച്ചയും പ്രഥമ നിയമാനുസൃതമായ മെത്രാനും**

മുൻഗാമികളെപ്പോലെ മാർത്താമ്മ V-ാമനും റോമുമായി പുനരൈക്യത്തിനായി യത്നിച്ചുവെങ്കിലും വിജയിച്ചില്ല. നിയമാനുസൃതമായി കാനോനിക മെത്രാനായി താൻ അഭിഷിക്തനായിട്ടില്ല എന്ന അറിവ് നിരന്തരം മഥിച്ച മാർത്തോമ്മാ V-ാമൻ മധ്യപൂർവ്വദേശത്തുള്ള ഒരു മെത്രാനെ മലബാറിലേക്കെത്തിക്കുവാൻ കൊച്ചിയിലുള്ള ഡച്ച് അധികാരികളോട് ചട്ടംകെട്ടി (1663-ൽ കൊച്ചി ഡച്ച് ഭരണത്തിൻ കീഴിലായി) അതിനായി വലിയൊരു തുകയും വാഗ്ദാനം ചെയ്തു. നിരന്തര അഭ്യാർത്ഥനയാലും പ്രേരണയാലും ഡച്ച്കാരുടെ സഹായത്താൽ 1751-ഏപ്രിൽ 23ന് സാക്രുള്ളമാർ ബസേല്യോസ് മാർ ഗ്രിഗോറിയോസ് എന്ന രണ്ട് സ്ഥാന പതികളെയും, റമ്പാൻ ജോണിനെയും (യൂഹന്നാൻ) രണ്ട് സിറിയൻ വൈദികരെയും അന്ത്യോക്യൻ പാത്രിയാർക്കീസ് കൊച്ചിയിലേക്ക് അയച്ചു. മലങ്കര സഭയുടെ മേൽ ഭരണാവകാശം ഉന്നയിക്കുകയും അന്ത്യോക്യൻ അനുഷ്ഠാനങ്ങളും യാക്കോബായ ആചാരങ്ങളും മലങ്കര വിശ്വാസികളുടെയിടയിൽ പരത്തുവാനും ഈ മെത്രാന്മാർ പരിശ്രമിച്ചു. അന്ത്യോക്യൻ പാരമ്പര്യത്തിലുള്ള വിവിധ അനാഫെറകൾ, ഉദാ: വി. യാക്കോബിന്റെ ആരാധനാക്രമം, കൽദായ ആരാധനാക്രമം പൂർണ്ണമായും നിഷ്കാസനം ചെയ്യാതെ തന്നെ മലങ്കര സഭയിൽ വ്യാപകമാക്കിയത് ഇവരാണ്.

മാർത്തോമ്മാ V-ാമൻ അന്ത്യോക്യൻ സ്ഥാനപതികളെ ക്ഷണിക്കുകയും മലങ്കരയിൽ കാതോലിക്കേറ്റ് ആരംഭിക്കുവാൻ അനുവദിക്കുകയും ചെയ്തു. അന്ത്യോക്യൻ മെത്രാന്മാർ മാർത്തോമ V-ാമന്റെ മെത്രാഭിഷേകം തന്ത്രപൂർവ്വം നീട്ടികൊണ്ടിരുന്നു. അന്ത്യോക്യൻ സിംഹാസനത്തെ മലങ്കര മെത്രാന്മാർ ആശ്രയിക്കുന്നതിന്റെ ഗൂഢോദ്ദേശം നൈയാമികമായ കാനോനിക മെത്രാൻപട്ട സ്വീകരണമാണെന്നും അപ്രകാരം അഭിഷിക്തരായാൽ മലങ്കര സഭയുടെ മേൽ തങ്ങളുടെ അവകാശം സ്ഥാപിക്കാൻ സാധിക്കാതെവരുമെന്നും അവർ മനസ്സിലാക്കി. മാർത്തോമ്മാ V-ാമനെ മെത്രാനായി അഭിഷേകം ചെയ്താൽ മലങ്കരസഭയുടെ മേൽ മേൽക്കോയ്മ സ്ഥാപിക്കുന്നതിനുള്ള തങ്ങളുടെ സ്വപ്നം മലർപൊടിക്കാരന്റെ കിനാവായി മാറും എന്ന് അന്ത്യോക്യൻ മെത്രാൻമാർക്കറിയാമായിരുന്നു. 1752-ൽ മാർ ബസേലിയോസ് തങ്ങളുടെ സഹചാരനായി വന്ന റമ്പാൻ ജോണിനെ അഭിഷേകം ചെയ്ത് മാർ ഇവാനിയോസ് എന്ന് നാമകരണം ചെയ്ത് മലങ്കര സഭയുടെ മെത്രാപ്പൊലീത്തയായി നിയമിച്ചപ്പോൾ മാർത്തോമാ V-ാമനും അന്ത്യോക്യൻ മെത്രാന്മാരും തമ്മിലുള്ള അനൈക്യം (ശത്രുത) അതിന്റെ പരകോടിയി

ലെത്തി. പക്ഷേ മാർ ഇവാനിയോസിന്റെ സ്ഥാനീയ പദവി ആരും അംഗീകരിച്ചില്ല. മാർത്തോമ V-ാമൻ മലങ്കര സഭയുടെ അദ്ധ്യക്ഷനായി ഭരണം നിർവ്വഹിക്കുകയും ചെയ്തു പോന്നു. തന്നെ മെത്രാനായി അഭിഷേകം ചെയ്യാതിരുന്നതിനാൽ വാഗ്ദാനം ചെയ്ത യാത്രക്കൂലിയായ ഭീമമായ തുക ഡച്ച്കാർക്ക് നല്കാൻ മാർത്തോമ്മാ V-ാമൻ വിസമ്മതിക്കുകയും അത് നീണ്ട നിന്ന കലഹത്തിലേക്ക് മേല്പ്പറഞ്ഞ കക്ഷികളെ നയിക്കുകയും ചെയ്തു.

അഭിപ്രായ ഭിന്നത നീണ്ടു നിന്നപ്പോൾ തിരുവിതാംകൂർ രാജാവ് ഇടപെടുകയും തത്ഫലമായി മാർത്തോമ്മാ V-ാമന് മെത്രാൻ പട്ടം കൊടുക്കാമെന്ന അന്ത്യോക്യൻ മെത്രാന്മാർ സമ്മമ്മതിക്കുകയും ചെയ്തു. പക്ഷേ അന്ത്യോക്യൻ മെത്രാൻ, മാർ ബസേലിയോസ് 1764-ൽ ദിവംഗതനാവുകയും 1765-ൽ മെത്രാഭിഷേകം സ്വീകരിക്കാതെ മാർത്തോമ്മാ V-ാമൻ മരിക്കുകയും ചെയ്തു. തുടർന്ന് അദ്ദേഹത്തിന്റെ മരുമകൻ മാർത്തോമ്മാ VI-ാമൻ എന്ന നാമം സ്വീകരിച്ച് ഭരണം ഏറ്റെടുത്തു. നീണ്ട കാലവിളമ്പത്തിനുശേഷം തിരുവിതാംകൂർ രാജാവിന്റെ നിർബന്ധപ്രകാരം മുൻ നിശ്ചയിച്ച തീരുമാനമനുസരിച്ച് മാർ ഇവാനിയോസിന്റെ സഹായത്തോടെ അന്ത്യോക്യൻ സ്ഥാന പതിയായ മാർ ഗ്രിഗോറിയോസ് 1772 ജനുവരി ആദ്യ ആഴ്ചയിൽ മാർത്തോമ്മാ VI-ാമന് ഔദ്യോഗികമായി നിരണത്തുള്ള സെന്റ് മേരീസ് പള്ളിയിൽ വച്ച് മെത്രാൻ പട്ടം നല്കി. പുതിയ മെത്രാൻ മലങ്കര സഭയിലെ നിയമാനുസൃതം കാനോനികമായി പ്രഥമമെത്രാനായി അഭിഷിക്തനായി മാർ ദിവാന്ന്യോസ് I-ാമൻ എന്ന സ്ഥാനീയ നാമം സ്വീകരിച്ചു.

വിശ്വാസം പ്രഖ്യാപിച്ച് 1778 മാർച്ച് 12 ന് മാർ ജോസഫ് കരിയാറ്റിൽ മെത്രാപൊലീത്ത വഴിയായി പീയൂസ് VI-ാം പാപ്പയ്ക്ക് നല്കിയ അപേക്ഷയിൽ, മാർത്തോമ്മാ VI-ാമൻ തന്റെ മുൻഗാമികൾ ഔദ്യോഗികമായി, നിയമപ്രകാരം മെത്രാൻപട്ടം സ്വാകരിക്കാത്തവരായിരുന്നുവെന്നും തന്മൂലം യാക്കോബായറ്റ് മെത്രാനായ ഗ്രിഗോറിയോസിൽ നിന്ന് കൈവയപ് വഴി ശ്ലൈഹീകാശീർവാദം സ്വീകരിച്ച് മെത്രാൻ പദവിയിലേക്ക് താൻ ഉയിർത്തപ്പെട്ടെന്നും അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. ഓർത്തഡോക്സ് സഭാ ചരിത്രകാരനായ സി.വി ചെറിയാൻ എഴുതുന്നു: "മാർ ഇവാനിയോസിന്റെ സാന്നിദ്ധ്യത്തിൽ മാർ ദിവാന്ന്യോസ് I-ാമനായി മെത്രാൻ പട്ടമേറ്റ മാർത്തോമ്മ VI-ാമൻ അന്ത്യോക്യൻ സഭയിലെ സ്ഥാനപതികളിൽ നിന്ന് ആദ്യമായി അഭിഷിക്തനാകുന്ന മലങ്കര മെത്രാനാണ്". മലങ്കരസഭയിലെ മുൻ മെത്രാന്മാരെന്ന് വിളിക്കപ്പെട്ടവരുടെ മെത്രാൻപട്ടം അസാധുവാണെന്നും അവർ നിർവ്വഹിച്ച മെത്രാനടുത്ത കർമ്മങ്ങൾ അസാധുവാണെന്നും ഇതിനാൽ തന്നെ വ്യക്ത

മാണ്. മാർത്തോമ്മ VI-ാമന്റെ നിയമാനുസൃത മെത്രാൻലബ്ധിയോടെ മലങ്കരസഭയ്ക്ക് സ്ഥിരതയും, സ്വയംഭരണവകാശവും ഒരളവിൽ കൈവന്നു. ഒപ്പം ഇടമുറിയാത്ത അപ്പസ്തോലിക പാരമ്പര്യവും പൗരോഹിത്യ തുടർച്ചയും സാധുവായ കൂദാശകളും!

## തൊഴിയൂർ സഭയുടെ ഉദ്ഭവം

മാർത്തോമ്മ VI-ാമന്റെ മെത്രാഭിഷേകത്തിന് ശേഷവും രണ്ട് അന്ത്യോക്യൻ പിതാക്കന്മാരും മലങ്കരയിൽ ഭരണപരമായ യാതൊരു അധികാരവും നിർവ്വഹിക്കാതെ തന്നെ തുടർന്നു. മാർത്തോമ്മാ VI-ാമൻ ഏകനായി മലങ്കരസഭയുടെ തലവനും പിതാവുമെന്ന നിലയിൽ സഭാ സമൂഹത്തെ നയിച്ചു. രൂക്ഷമായ അഭിപ്രായവ്യത്യാസത്തെത്തുടർന്നെന്നവണ്ണം 1772 നവംബർ 28ന് റമ്പാൻ കുര്യൻ അബ്രാഹം കാട്ടുമങ്ങാട്ടിന്, അബ്രാഹം മാർ കുറീലോസ് എന്ന പേരിൽ, മാർ ഗ്രിഗോറിയോസ്, മെത്രാൻ പട്ടം നല്കി. പക്ഷേ മലങ്കര സഭയിൽ യാതൊരു അധികാരവും പ്രയോഗിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നില്ല. 2-ാം വർഷത്തെ മലങ്കര സഭാജീവിതത്തിനൊടുവിൽ, 1773-ൽ മാർ ഗ്രിഗോറിയോസ് അന്തരിച്ചു. മൂന്നാമത്തെ അന്ത്യോക്യൻ മെത്രാനായിരുന്ന മാർ ഇവാനിയോസ്, തന്റെ അന്ത്യം വരെ 1794 മാർത്തോമ്മ VI-ാമനെ പിന്തുണച്ചിരുന്നു.

അബ്രാഹം കൂറിലോസ് കാട്ടുമാങ്ങാട്ടിന്റെ മെത്രാൻ പട്ടലബ്ധിക്ക് ശേഷവും വിശ്വാസി സമൂഹവും നാട്ടു ഭരണവും, മാർത്തോമ്മാ VI-ാമനെ മാത്രമാണ് മലങ്കര സഭയുടെ ഔദ്യോഗിക മെത്രാപ്പൊലീത്തയായും സഭാ തലവനായും കരുതിയത്. യഥാർത്ഥത്തിൽ ബ്രീട്ടീഷ്കാരുടെ കീഴിൽ നിരോധിക്കപ്പെട്ട നാട്ടുരാജ്യങ്ങളായിരുന്ന തിരുവിതാംകൂറിനെയും കൊച്ചിയേയും വിട്ട് ബ്രിട്ടീഷ് മലബാറിന്റെ കീഴിൽ അഭയം തേടാൻ നിർബന്ധിതനായ അബ്രാഹം കൂറിലോസ് കാട്ടുമാങ്ങാട്ട്, സ്വതന്ത്ര സുറിയാനി സഭ എന്ന പേരിൽ തൊഴിയൂരിൽ (ആഞ്ഞൂർ) ഇപ്പോൾ തൃശ്ശൂർ ഒരു സ്വതന്ത്രസഭ സ്ഥാപിച്ചു. ഒരു രൂപത മാത്രമുള്ള സഭ ഇന്നും അന്തോക്യൻ സിറിയൻ ഓർത്തഡോക്സ് അല്ലെങ്കിൽ യാക്കോബിറ്റ് പാരമ്പര്യം പിന്തുടരുന്നു.

## മലങ്കര സഭയുടെ ആംഗ്ലിക്കവല്ക്കരണം (1816-1836)

മാർത്തോമ്മ VI-ാമന്റെ മരണശേഷം (1808 ഏപ്രിൽ 8), ക്രമാനുഗതമായി മാർത്തോമ്മ VII (18081809), മാർത്തോമ്മ VIII (1810 -1815), മാർത്തോമ്മ IX(1815), മാർ ദിവാന്ന്യോസ് II (1816), മാർ ദിവാന്ന്യോസ് III(1817-1825) മാർ ദിവാന്ന്യോസ് IV (1825-1846) തുടങ്ങിയവർ ഭരണം നിർവഹിച്ചു. 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ ബ്രിട്ടീഷ് ആധിപത്യത്തിൻ കീഴിലായിരുന്നു കേരളത്തിലെ

നാട്ടു രാജ്യങ്ങൾ. യഥാർത്ഥത്തിൽ, 1795 ന്റെ ആദ്യ നാളുകളിൽ തന്നെ ഡച്ചുകാരിൽ നിന്ന് കൊച്ചിയുടെ ഭരണം ബ്രിട്ടീഷ്കാർ പിടിച്ചെടുക്കുകയും ഒരു ബ്രിട്ടീഷ് റസിഡന്റ് കൊച്ചി, തിരുവിതാംകൂർ ഭരണകാര്യാലയത്തിൽ താമസമുറപ്പിച്ച് ഭരണപരമായ കാര്യങ്ങൾ സസൂക്ഷ്മം നിയന്ത്രിക്കുകയും ചെയ്തിരുന്നു. കാലാന്തരത്തിൽ മലങ്കര സഭ ഇംഗ്ലണ്ടിലെ ആംഗ്ലിക്കൻ സഭയുമായി ബന്ധത്തിൽ വരാനും തദ്വാര ആംഗ്ലിക്കവല്ക്കരണത്തിലേക്ക് സാവധാനം നീങ്ങുകയും ചെയ്തു. ചർച്ച് മിഷനറി സൊസൈറ്റിയുടെ (CMS) മിഷനറിപ്രവർത്തകർ മലങ്കര വിശ്വാസികളുടെ ഇടയിൽ പ്രവർത്തിക്കാൻ തുടങ്ങുകയും സഭയെ ആംഗ്ലിക്കൻ വിശ്വാസ പ്രബോധന സത്യത്തിലേക്കും ആചാരാനുഷ്ഠാനങ്ങളിലേക്കും നയിക്കുകയും ചെയ്തു.

മാർ ദിവാന്ന്യോസ് III (1817-1825) ന്റെ ഭരണകാലഘട്ടത്തിൽ ആംഗ്ലിക്കൻ സഭയും മലങ്കര സഭയും തമ്മിലുള്ള ബന്ധം സുദൃഢമാവുകയും, ഔദ്യോഗികമായി ആ ബന്ധം വർദ്ധിപ്പിക്കുവാനുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു. ആംഗ്ലിക്കൻ മിഷനറിമാർ മലങ്കരപള്ളികളിൽ പ്രസംഗിക്കുകയും പഠിപ്പിക്കാൻ ആരംഭിക്കുകയും ചെയ്തു. 1815-ൽ അവരുടെ സാമ്പത്തിക സഹായത്തോടെ കോട്ടയത്ത് മലങ്കരസെമിനാരി പണിയപ്പെട്ടു. റോമൻ കത്തോലിക്കാ സഭയുമായുള്ള സഹവാസത്താൽ കളങ്കിതമായ മലങ്കരസഭയെ അവജ്ഞയോടെ നോക്കികണ്ട ആംഗ്ലിക്കൻമിഷനറിമാർ മലങ്കരസഭയുടെ വിശ്വാസ സത്യങ്ങളും ആചാരാനുഷ്ഠാനങ്ങളും ബൈബിളിനെമാത്രം കേന്ദ്രമാക്കി ശുദ്ധി കലശം ചെയ്യാൻ തീരുമാനിച്ചു. പരിശുദ്ധ മാതാവിനോടുള്ള വണക്കം, മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന, ദേവാലയങ്ങളിലുള്ള തിരുസ്വരൂപങ്ങൾ മുതലായവ അക്ഷന്തവ്യമായ അപരാധമായി ആംഗ്ലിക്കൻ മിഷനറിമാർ കരുതി. ആരാധന, കാനോനിക, ദൈവശാസ്ത്രഗ്രന്ഥങ്ങളിൽ നിന്നും എല്ലാ അബദ്ധസിദ്ധാന്തങ്ങളും തുടച്ചു നീക്കാൻ കച്ചക്കെട്ടിയിറങ്ങിയ ആംഗ്ലിക്കൻ മിഷനറിമാർ സെമിനാരികളിലും വൈദീകപരിശീലനത്തിലും ആംഗ്ലിക്കൻ ദൈവശാസ്ത്രം പഠിപ്പിക്കാൻ തുടങ്ങി.

### 1836-ലെ മാവേലിക്കര സമ്മേളനവും അന്ത്യോക്ക്യൻ പാത്രീയാർക്കീസുമായുള്ള ഐക്യവും

പ്രോട്ടസ്റ്റന്റ് സഭയിലെ മിഷണറിമാരുമായുള്ള ബന്ധം അംഗീകരിച്ചിരുന്ന മാർദിവാന്ന്യോസ് III -മൻ1825-ൽ ദിവംഗതനായി. തുടർന്ന് ഭരണമേറ്റ മാർ ദിവാന്ന്യോസ് IV(1825-1846) 1836 ജനുവരി 16ന് മാവേലിക്കരയിൽ വച്ച് വൈദീകരുടേയും അത്മായ പ്രമുഖരുടേയും സിനഡ് വിളിച്ചുകൂട്ടി, ആംഗ്ലിക്ക വത്ക്കരണം അവ

സാനിപ്പിക്കാൻ തീരുമാനമെടുക്കുകയും അന്ത്യോക്യൻ പാത്രി യാർക്കീസിനോട് പൂർണ്ണ വിധേയത്വം പ്രഖ്യാപിക്കുകയും ചെയ്തു. സിനഡ് അസന്നിഗ്ദമായി ഇപ്രകാരം പറഞ്ഞു വച്ചു "സുറിയാനി യാക്കോബയക്കാരായ ഞങ്ങൾ, അന്ത്യോക്യൻ പരമാധികാരത്തോട് വിധേയത്വം പുലർത്തുന്നതുകൊണ്ടും അന്ത്യോക്ക്യൻ സിംഹാസ നത്തിന്റെ സ്ഥാനപതികളുടെ നിർദ്ദേശങ്ങൾ അനുസരിക്കുന്നതു കൊണ്ടും അനുഷ്ഠിച്ചുപോരുന്ന ആരാധനാക്രമങ്ങളും ചട്ടങ്ങളും ഒരു കാരണവശാലും മാറ്റം വരുത്താൻ പാടില്ലെന്നും, നിലവിലുള്ള ക്രമത്തിന് വിരുദ്ധമായി യാതൊന്നും ഉണ്ടാകാൻ പാടില്ലെന്നും പ്രസ്താവിക്കുന്നു". അന്ത്യോക്യൻ ആരാധനാക്രമവും സഭയുടെ ഭരണക്രമവും ഔദ്യോഗികമായും നൈയ്യാമികമായും മലങ്കര സഭ സ്വീകരിച്ച് ഈ സിനഡിൽ അംഗീകരിച്ചു. അന്ത്യോക്ക്യൻ സിംഹാ സനവുമായുള്ള ബന്ധം ദൃഢപ്പെടുത്തുക വഴി ആംഗ്ലിക്കൻ പ്രൊട്ട സ്റ്റന്റ് സ്വാധീനം നിർവീര്യമാക്കുവാനും അങ്ങനെ തങ്ങളുടെ വിശ്വാ സവും ആചാരവും അഭംഗുരം തുടരുവാൻ സാധിക്കുമെന്ന് അവർ കരുതി.

അനേകം വർഷത്തെ ആംഗ്ലിക്കൻ മിഷനറിമാരുടെ ശ്രമഫലമായി അനേകായിരം മലങ്കര സഭയുടെ മക്കൾ 1836-ലെ മാവേലിക്കര യിൽ നടന്ന സിനഡിനുശേഷം ആംഗ്ലിക്കൻ സഭാംഗങ്ങളായി. എങ്കിലും ചെറിയ ഒരു വിഭാഗം ആംഗ്ലിക്കനീകരണം അനുകൂലി ച്ചിരുന്നവർ മരാമണ്ണിലെ ഫാ. അബ്രാഹം പാലക്കുന്നത്തിന്റെ നേതൃ ത്വത്തിൽ മലങ്കര സഭയെ വിട്ടുപേക്ഷിച്ച് ആംഗ്ലിക്കൻ സഭയിൽ ചേരാൻ വിമുഖത പ്രകടിപ്പിച്ചു. ഫാ. അബ്രാഹം പാലക്കുന്നത്ത് അന്ത്യോക്യൻ ആരാധനാക്രമം പ്രൊട്ടസ്റ്റന്റ് ദൈവശാസ്ത്രവഴിയിൽ നവീകരിക്കുവാനും പുതുക്കിയെഴുതുവാനും ആരംഭിച്ചു. 1841-ൽ ഫാ. അബ്രാഹം പാലക്കുന്നത്ത് തന്റെ പിതൃവ്യനായ ഡീക്കൻ മാത്യു പാലക്കുന്നത്തിനെ, മെത്രാനായി വാഴിക്കണമെന്ന അപേ ക്ഷയോടെ സിറിയൻ ഓർത്തഡോക്സ് യാക്കോബായറ്റ് പാത്രി യാർക്കീസായിരുന്ന ഇഗ്നേഷ്യസ് മാർ ഏലിയാ II-ന്റെ പക്കലയ ച്ചു. വരവിന്റെ ലക്ഷ്യം പ്രൊട്ടസ്റ്റന്റ് നവീകരണമെന്ന ഗൂഡോദ്ദേശ മെന്നത് മറച്ചുവെച്ച്, ഓർത്തഡോക്സ് വിശ്വാസസംരക്ഷകരെന്ന നാട്യത്തിൽ അവർ വർത്തിച്ചു. വീണ്ടുവിചാരമോ തുടരന്വേഷണമോ കൂടാതെ പാത്രിയാർക്കീസ് മാത്യു പാലക്കുന്നത്തിനെ മാത്യു മാർ അത്തനേഷ്യസ് എന്ന് നാമകരണം ചെയ്ത് മലങ്കരയുടെ മെത്രാ പ്പോലീത്തയായി അഭിഷേകം ചെയ്ത് 1843-ൽ കേരളക്കരയിലേക്ക് അയച്ചു.

തിരിച്ചെത്തിയ ഉടനെ മലങ്കര മെത്രാപ്പോലീത്തയായി മാത്യു അത്തനേഷ്യസ് അവകാശവാദം ഉന്നയിച്ചു. രണ്ടു മെത്രാപ്പോലീ

ത്തമാരുടേയും സാന്നിദ്ധ്യം മലങ്കരസഭയിൽ അധികാരത്തെ സംബന്ധിച്ച തർക്കത്തിന് വഴിതുറന്നു. സ്ഥിതിഗതികൾ വിശകലനം ചെയ്ത് ആവശ്യമായ തീരുമാനങ്ങളെടുക്കാൻ 1846-ൽ പാത്രിയാർക്കീസ്, മാർ കുറീലോസിനെ (സിറിൾ) ചുമതലപ്പെടുത്തി, മലങ്കരസഭയിലേക്കയച്ചു. (1846-1866) മലബാറിലെത്തിയ മാർ കുറീലോസ് മലങ്കരയുടെ മെത്രാപ്പോലീത്തയായി സ്വയം പ്രഖ്യാപിച്ചു. മാർ അത്തനേഷ്യസിനെ മലങ്കരസഭയുടെ പരമാധികാരത്തിൽ എത്തുന്നത് തടയാൻ മാർ ദിവാന്ന്യോസ് IVമൻ സ്ഥാനത്യാഗം ചെയ്ത് മാർകുറീലോസിന് അവസരമൊരുക്കി. മാർകൂറിയോസ് തന്റെ അധികാര കാലത്ത് കാൽഡിയൻ ആരാധനാനുഷ്ഠാനങ്ങളെ മാറ്റി അന്ത്യോക്യൻ രീതി അവതരിപ്പിക്കുകയും മലങ്കര വിശ്വാസികളുടെ ഇടയിൽ പാശ്ചാത്യ സുറിയാനി ലിപി വ്യാപകമാവുകയും ചെയ്തു.

മാർ അത്തഷ്യസും മാർ കൂറീലോസും മലങ്കര സഭയുടെ തലവന്മാരായി അധികാരം പ്രയോഗിക്കാൻ ആരംഭിച്ചപ്പോൾ ഭരണാധികാരികൾക്ക് ഇടപെടേണ്ടി വന്നു. 1852-ൽ തിരുവിതാംകൂർ രാജ്യഭരണ കോടതി, അന്ത്യോക്യയിൽനിന്ന് കൊണ്ടുവന്ന രേഖകൾ പ്രകാരം അത്തനേഷ്യസിനെ മലങ്കര സഭയുടെ ഔദ്യോഗിക തലവനായി പ്രഖ്യാപിച്ചു. സുറിയാനി സഭാമക്കൾ അദ്ദേഹത്തെ പതിവുരീതിയിൽ മെത്രാപ്പൊലീത്തയായി അംഗീകരിച്ച് അനുസരിക്കുവാൻ കോടതി ഉത്തരവായി. തിരുവിതാംകൂർ ഭരണവും ബ്രിട്ടീഷ് ഭരണാധികാരികളും മാർ അത്തനേഷ്യസിനെ അംഗീകരിച്ച്, പിന്താങ്ങിയപ്പോൾ, മാർ കുറീലോസ് മലങ്കരയിൽ തുടർന്നെങ്കിലും യാതൊരധികാരവും പ്രയോഗിക്കാൻ സാധിച്ചില്ല. പ്രായോഗികമായി മാർ അത്തനേഷ്യസ് മലങ്കര സുറിയാനി ഓർത്തഡോക്സ് (യാക്കോബായ) സഭയുടെ ഔദ്യോഗിക തലവനായി മലബാറിൽ ഭരണം നടത്തി. പ്രൊട്ടസ്റ്റന്റിന്റെ ചായ്‌വ് ഉണ്ടായിരുന്നെങ്കിലും അബ്രാഹം പാലക്കുന്നത്ത് വിഭാവനം ചെയ്ത നവീകരണം നടത്താൻ അദ്ദേഹം തുനിഞ്ഞില്ല.

### 1876-ലെ മുളന്തുരുത്തി സിനഡും സിറിയൻ ഓർത്തഡോക്സ് പാത്രിയാർക്കീസിന്റെ സമ്പൂർണ്ണ അധികാരവും

മാർ അത്തനേഷ്യസിനെ എതിർക്കുന്ന വിഭാഗം 1865-ൽ ജോസഫ് പുലിക്കോട്ട് എന്ന തദ്ദേശീയ പുരോഹിതനെ അന്ത്യോക്യായിലെ സിറിയൻ ഓർത്തഡോക്സ് പാത്രിയാർക്കീസിന്റെ പക്കലയച്ചു. അന്ത്യോക്യൻ പാത്രിയാർക്കീസ് അദ്ദേഹത്തെ മാർ ദിവാന്ന്യോസ് V-ാമൻ എന്ന് നാമകരണം ചെയ്ത് അഭിഷേകം നല്കി മാർ കുറീലോസിന് തുടർച്ചയായി മലങ്കര മെത്രാപ്പോലീത്തയായി വാഴിച്ചു. 1866-ൽ തിരിച്ചെത്തിയ ദിവാന്ന്യോസ് V-ാമന് മാർ അത്തനേഷ്യ

സിനെ പുറന്തള്ളാൻ സാധിച്ചില്ല. ഈ സാഹചര്യത്തിൽ രാജഭരണം അംഗീകരിച്ച മലങ്കര സഭയുടെ ഔദ്യോഗിക മെത്രാനായ മാത്യു മാർ അത്തനേഷ്യസ് തന്റെ പിൻഗാമിയെ മുൻകൂട്ടി നാമനിർദ്ദേശം ചെയ്യാൻ തീരുമാനിച്ചു. തൊഴിയൂർ യാക്കോബായ മെത്രാന്റെ സഹായത്തോടെ 1868-ൽ മെയ് 31ന് അദ്ദേഹം തന്റെ ബന്ധത്തിൽപ്പെട്ട തോമസിന് പട്ടം നല്കി. തോമസ് മാർ അത്തനേഷ്യസ് എന്ന സ്ഥാന പേരു നല്കി പിൻഗാമിയായി നിശ്ചയിച്ചു.

മാർ ദിവാന്ന്യോസ് V-മന്റെ ആവശ്യപ്രകാരം മാർ ഇഗ്നേഷ്യസ് പീറ്റർ III-മൻ, മലങ്കര സഭയിലുള്ള പ്രൊട്ടസ്റ്റന്റ് മിഷനറിമാരുടെ പ്രവർത്തനം കുറക്കാൻ 1874-ൽ ലണ്ടനിലെത്തുകയും 1875-ൽ മലബാറിൽ തിരിച്ചെത്തുകയും ചെയ്തു. തിരുവിതാംകൂർ ഭരണാധികാരികളുടേയും ബ്രിട്ടീഷ്കാരുടേയും സഹായത്തോടെ 1876-ൽ ജൂൺ 27 മുതൽ 30വരെ മുളന്തുരുത്തിയിൽ എല്ലാ മലങ്കര ഇടവകകളുടേയും ഒരു സിനഡ് വിളിച്ചുകൂട്ടുകയും അതിൽ അന്ത്യോക്യൻ പാത്രിയാർക്കീസിന്റെ അധികാരം അരക്കെട്ടുറപ്പിക്കുകയും ചെയ്തു. മലങ്കര വിശ്വാസികളുടെ ഒരു അസോസിയേഷൻ രൂപീകൃതമാവുകയും അതിന്റെ രക്ഷാധികാരിയായി അന്ത്യോക്യൻ പാത്രിയാർക്കീസും തത്സമയങ്ങളിൽ ഭരിക്കുന്ന മെത്രാപ്പൊലീത്ത അതിന്റെ പ്രസിഡന്റുമായിരിക്കുമെന്നും നിശ്ചയിക്കപ്പെട്ടു. ഒപ്പം സംഭാവനതുകകൾ (Ressia) സംഭരിച്ചു പാത്രിയാർക്കീസിന് നല്കാനും തീരുമാനിച്ചു.

പാത്രിയാർക്കീസിന്റെ അധികാരത്തെ സംബന്ധിച്ച്, സിനഡിന്റെ (അസംബ്ലിയുടെ) അവസാനം പുറപ്പെടുവിച്ച അന്തിമരേഖയിൽ പൊതുസമക്ഷം ഇപ്രകാരം പ്രസ്താവിച്ചു.

പുരാതനകാലം മുതൽക്കേതന്നെ മലങ്കരയിലെ വിശ്വാസികളും അവരുടെ ഇടവകകളും അന്ത്യോക്യൻ പാത്രിയാർക്കീസിന്റെ ആത്മീയാധികാരത്തിന്റെ കീഴിലായിരുന്നു. ഇക്കാര്യത്തിൽ വേറൊരു അധികാരത്തിനും സ്ഥാനമില്ല. ഞങ്ങളുടെ മേൽപ്പെട്ടക്കാരും പുരോഹിതരും തിരുപ്പട്ടാഭിഷേകം അങ്ങിൽ നിന്ന് സ്വീകരിക്കുന്നതുകൊണ്ട്, അവരെ നിയമിക്കാനും നീക്കികളയാനും അങ്ങേയ്ക്ക് അധികാരം ഉണ്ടായിരിക്കും പരിശുദ്ധപിതാവായ (യാക്കോബിറ്റ് പാത്രിയാർക്കീസ്) അങ്ങേയ്ക്ക് മലങ്കരഇടവകകളുടേയും മലങ്കരവിശ്വാസികളുടേയും മേൽ ആത്മീയാധികാരം ഉള്ളതുകൊണ്ട് മെത്രാന്മാരെ നിയമിക്കുവാനും നീക്കിക്കളയാനും ഉള്ള അധികാരം ഉണ്ട്. ഞങ്ങളും ഞങ്ങളുടെ പിൻതലമുറക്കാരും, മരണംവരെ തിരുസഭയുടെ മൂന്ന് സൂനഹദോസുകളിലൂടെ സ്ഥാപിക്കപ്പെട്ട വിശ്വാസസത്യങ്ങളിൽ നിന്ന് ഒരിഞ്ചു വലത്തോട്ടോ ഇടത്തോട്ട് വ്യതി

യാനം വരുത്തുകയില്ലെന്നു സഭയുടെ തലവനായ അങ്ങയോടും നമ്മുടെ മതത്തിലെ സത്യവിശ്വാസത്തോടും കൂറുപുലർത്തുകയും ചെയ്യും. ഇത് ഞങ്ങളൊന്നടങ്കം അത്യുന്നതനായ ദൈവത്തിന്റേയും പരിശുദ്ധ സിംഹാസനത്തിന്റെ മുമ്പാകെ കുരിശിലും വി. ഗ്രന്ഥത്തിലും തൊട്ടുകൊണ്ട് അവസാന ശ്വാസംവരെ പാലിച്ചുകൊള്ളാമെന്ന് പ്രതിജ്ഞ ചെയ്യുന്നു. പരിശുദ്ധ സിംഹാസനത്തോട് നമ്മുടെ സഭയെ സംബന്ധിക്കുന്ന കാനോനകൾ നടപ്പിൽ വരുത്താൻ അപേക്ഷിക്കുന്നു. ഒപ്പം ഇപ്പോൾ പ്രഖ്യാപിക്കപ്പെടുന്ന സഭാഭരണത്തെ സംബന്ധിച്ച തീരുമാനങ്ങൾക്ക് സ്ഥിരീകരണം നല്കാനും മെത്രാപ്പൊലീത്തായുടെ നേതൃത്വത്തിൽ സത്യസന്ധരായ 24 പേർക്ക്കാര്യനിർവ്വഹണസമിതി വിവേചനത്തോടെ നമ്മുടെ വിശ്വാസ സമൂഹത്തെയും സഭയെ സംബന്ധിക്കുന്ന കാര്യങ്ങൾ ഭരമേല്പിക്കുവാനും അതോടൊപ്പം മലങ്കര വിശ്വാസത്തിനും അനുസരണത്തിനും വിഘാതമായി ഒന്നും സംഭവിക്കാതിരിക്കുവാൻ പുറമേനിന്ന് ഒരു മെത്രാപ്പൊലീത്തായെ മേൽ നോട്ടത്തിനായി നിയമിക്കണമെന്നും അപേക്ഷിക്കുന്നു.

മെത്രാൻമാരെ വാഴിക്കാനും നീക്കികളയാനുമുള്ള പാത്രിയാർക്കീസിന്റെ അധികാരവും (ഓർത്തഡോക്സ് യാക്കോബായ) മൂന്ന് കൗൺസിലുകൾ പ്രഖ്യാപിച്ച വിശ്വാസസത്യങ്ങൾ യാതൊരു മാറ്റവും കൂടാതെ സ്വീകരിക്കുവാനും അന്ത്യോക്യൻ പാരമ്പര്യത്തിലെ എല്ലാ കാനോനകളും നിയമങ്ങളും പിൻതുടരുവാനും മുളന്തുരുത്തി സിനഡ് തീരുമാനിച്ചു. ഈ കൗൺസിലോടുകൂടെ മലങ്കര സഭ പൂർണ്ണമായും അന്ത്യോക്യൻ പരമാധികാരത്തിന് അടിയറവച്ചു. യാഥാർത്ഥ്യത്തിൽ മലങ്കര സഭ, അന്ത്യോക്യൻ പാത്രിയാർക്കേറ്റിനോട് കൂട്ടിചേർക്കപ്പെടുകയും പാത്രിയാർക്കീസ് മലങ്കര സഭയുടെ പരമാദ്ധ്യക്ഷനായിത്തീരുകയും ചെയ്തു.

**മാർത്തോമ്മ സിറിയൻ സഭയുടെ ആരംഭം**

പാത്രിയാർക്കീസിന്റെ ഇടപെടൽ മൂലം തിരുവിതാംകൂർ ഗവൺമെന്റ് ആംഗ്ലിക്കൻ ചായ്‌വുള്ള മാത്യു മാർ അത്തനേഷ്യസിനുള്ള പിന്തുണ പിൻവലിച്ചു.

മാത്യു മാർ അത്തനേഷ്യസും അദ്ദേഹത്തിന്റെ പിൻഗാമിയായി നിശ്ചയിക്കപ്പെട്ടിരുന്ന തോമസ് മാർ അത്തനേഷ്യസും 1876 ലെ മുളന്തുരുത്തി സിനഡിൽ പങ്കെടുത്തിരുന്നു. തന്മൂലം മാത്യു മാർ അത്തനേഷ്യസിനെയും ആംഗ്ലിക്കൻ ചായ്‌വുള്ള വിശ്വാസികളെയും മലങ്കര യാക്കോബായ സഭയിൽ നിന്ന് പാത്രിയാർക്കീസ് പുറത്താക്കി. പുറത്താക്കപ്പെട്ടിട്ടും രാജ്യഭരണാധികാരികളുടെ പിന്തുണ നഷ്ടപ്പെട്ടിട്ടും തന്റെ ഭരണാധികാരം ഉപേക്ഷിക്കുവാനോ മാർദിവാ

ന്ന്യോസ് V-മനെ അംഗീകരിക്കുവാനോ ഭരണപരമായി അനുവദിച്ച് കിട്ടപ്പെട്ട ആനുകൂല്യങ്ങളും സ്ഥാവരജംഗമ വസ്തു സമർപ്പിക്കുവാനോ മാത്യു മാർ അത്തനേഷ്യസ് തയ്യാറായില്ല. മുൻ തീരുമാനപ്രകാരം 1877-ൽ മാത്യു മാർ അത്തനേഷ്യസിനെ പിന്തുടർന്ന് തോമസ് മാർ അത്തനേഷ്യസ്, മലങ്കര മെത്രാപ്പോലീത്തയായി സ്ഥാനമേൽക്കുകയും ഭരണപരമായി അനുവദിക്കപ്പെട്ട മേൽപ്പറഞ്ഞ വസ്തുവകകൾ കൈയ്യേല്ക്കുകയും ചെയ്തു.

പാത്രിയാർക്കീസ് നിയമിച്ച മാർ ദിവാന്ന്യോസ് V-മനും ആംഗ്ലിക്കൻ ചായ്വുള്ള തോമസ് മാർ അത്തനേഷ്യസും തമ്മിലുള്ള അനൈക്യം സെമിനാരിയെസംബന്ധിച്ചും മലങ്കരയിലെ സ്ഥാവര ജംഗമവസ്തുക്കളെ സംബന്ധിച്ചും നീണ്ടുനിന്ന നിയമപരമായ വ്യവഹാരങ്ങളിലേക്ക് എത്തിച്ചു. ഒടുവുൽ 1889 ജൂലൈ 12ന് തിരുവിതാംകൂർ രാജകീയകോടതി മാർ ദിവാന്ന്യോസ് V-മന് അനുകൂലമായി വിധി പുറപ്പെടുവിക്കുകയും അങ്ങനെ ആംഗ്ലിക്കൻ ചായ്വുള്ള കക്ഷി വ്യവഹാരത്തിൽ പരാജയപ്പെടുകയും ചെയ്തു. യഥാർത്ഥത്തിൽ മാർ ദിവാന്ന്യോസ് V-മനെ മലങ്കരയിലെ സിറിയൻ യാക്കോബായ സഭയുടെ മെത്രാപ്പോലീത്തയായി കോടതി ഔദ്യോഗമായി അംഗീകരിക്കുകയും തോമസ് മാർ അത്തനേഷ്യസ് തന്റെ പദവിക്ക് ചേർന്ന അധികാരങ്ങളും സ്ഥാവരജംഗമവസ്തുക്കളും സഭയുടെ പണവും തിരികെയേല്പ്പിക്കുവാൻ കൽപ്പന പുറപ്പെടുവിക്കുകയും ചെയ്തു. രാജകീയ കോടതി വിധി, തോമസ് മാർ അത്തനേഷ്യസിന്റേയും ആംഗ്ലിക്കൻ ചായ്വ് പുലർത്തുന്ന വിശ്വാസസമൂഹത്തിന്റേയും അന്തിമവും സുനിശ്ചിതവുമായ പരാജയമായി മാറി. വിധിപ്രകാരം എല്ലാ പള്ളികളും വസ്തുക്കളും വിട്ടുപേക്ഷിക്കുവാൻ അവർ നിർബന്ധിതരായി എന്നാൽ മൂന്ന് ഇടവകകൾ തോമസ് മാർ അത്തനേഷ്യസിന്റെ അധികാരം അംഗീകരിച്ച് അദ്ദേഹത്തെ പിന്തുണച്ചു. "നവീകരിക്കപ്പെട്ട സഭ" (Reformed church) എന്ന പേരിൽ സ്വതന്ത്രസഭയായി നിലനിൽക്കുവാൻ അവർ തീരുമാനിക്കുകയും പിന്നീട് മാർതോമ്മാസിറിയൻ സഭ എന്ന നാമം സ്വീകരിക്കുകയും ചെയ്തു. ഭാഗീകമായി പ്രൊട്ടസ്റ്റന്റ് വിശ്വാസസത്യങ്ങളോട് അനുരൂപമായി സുറിയാനി അന്ത്യോക്യൻ ആരാധനാ പാരമ്പര്യം അവർ പിന്തുടർന്നു പോന്നു.

**മലങ്കര ഓർത്തഡോക്സ് സിറിയൻ സഭയുടെ വളർച്ച**

മുൻപ് സൂചിപ്പിച്ചതുപോലെ, 1876-ലെ മുളന്തുരുത്തി സൂനഹാദോസോടെ അന്ത്യോക്യൻ പാത്രിയാർക്കീസ് ആത്മീയവും ഭൗതികവുമായി എല്ലാ അധികാരങ്ങളുമായി മലങ്കര സഭയുടെ തലവനായി മാറി. ഒന്നായിരുന്ന സഭയെ അദ്ദേഹം ഏഴു രൂപതകളായി

വിഭജിക്കുകയും അവയെ ഭരിക്കുവാൻ ആറ് മെത്രാൻമാരെ അഭിഷേകം ചെയ്യുകയും ചെയ്തു. മലങ്കര സഭയുടെ വിഭജനത്തിനും പുതിയ ആറു മെത്രാൻമാരുടെ നിയമനത്തിനുശേഷവും മാർ ദിവാന്ന്യോസ് V-ാമൻ (1866–1909) മലങ്കര സിറിയൻ ഓർത്തഡോക്സ് സഭയുടെ തലവനായും തുല്യരിൽ പ്രഥമ സ്ഥാനീയനായും തുടർന്നും (Primus inter pares)

1665-ൽ അന്ത്യോക്യൻ സ്ഥാനപതിയായ മാർ ഗ്രിഗോറിയോസിന്റെ ആഗമനത്തോടെ, അന്ത്യോക്യൻ റീത്തും സിറിയൻ ഓർത്തഡോക്സ് അല്ലെങ്കിൽ യാക്കോബായ വിശ്വാസാചാരങ്ങളും മലങ്കര സഭയിൽ ക്രമാനുഗതമായി സ്ഥാപിക്കപ്പെട്ടു. മാർ സിറിയക്കി (കൂറിലോസി) -ന്റെ കാലഘട്ടത്തിൽ (1846–1866) അന്ത്യോക്യവല്ക്കരണം പൂർണ്ണമാക്കപ്പെട്ടു എന്നു പറയാം. സിറിൾ മലഞ്ചെരുവിൽ ഇത് വ്യക്തമായി സാക്ഷിക്കുന്നു.

മലങ്കര സഭയിൽ അന്ത്യോക്യൻ റീത്തിന്റെ സ്ഥാപനം പടിപടിയായി നടന്നൊരു പ്രക്രിയ ആയിരുന്നു. ക്രമാനുഗതമായി ഈ അന്ത്യോക്യവല്ക്കരണത്തെ സസൂക്ഷ്മം വീക്ഷിക്കുമ്പോൾ അന്ത്യോക്യൻ ആരാധനാക്രമം മലങ്കര സഭയുടെ ഔദ്യോഗിക ക്രമമായി 1836-ൽ പ്രഖ്യാപിക്കപ്പെട്ടു. പിന്നീട് അന്ത്യോക്യൻ സ്ഥാനപതിയായ മാർ സിറിൾ മറ്റ് യാതൊരു ആരാധനാ പാരമ്പര്യങ്ങൾക്കും ഇടം നല്കാത്തവിധം ഈ മാറ്റത്തെ പൂർത്തീകരിച്ചു. അന്ത്യോക്യൻ ആരാധനാക്രമ പാരമ്പര്യത്തോടനുബന്ധിച്ചുള്ള ഏതാനും ചെറിയ വ്യതിയാനങ്ങൾ സഭയുടെ ആഭ്യന്തര ശിക്ഷണക്രമത്തോടനുബന്ധിച്ച് വ്യത്യസ്ത കാലഘട്ടങ്ങളിൽ മലങ്കര സഭയിൽ കൊണ്ടു വന്നു. എന്നിരുന്നാലും മലങ്കര സഭയുടെ ശിക്ഷണഭരണക്രമങ്ങൾ (Discipline of the malankara church) നിയമത്താലെ (de jure) അന്ത്യോക്യൻ റീത്തിന്റേതാണെന്നും, ബാർ ഹീബ്രുവിന്റെ (Bar Hebreus) നോമോകാനനായി (Nomo- Canon) ഈ രീതികൾ ഉൾപ്പെടുത്തിയതോടെ മാറ്റം പൂർത്തിയായി. എങ്കിലും സഭാഭരണരീതികൾ ചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളിലും ഉറവിടങ്ങളിൽ നിന്നും മലങ്കര സഭയുടെ പാരമ്പര്യങ്ങളിൽനിന്നും ഉയിർകണ്ടതാകയാൽ ചട്ടങ്ങൾക്കുമനുസൃതം അവ ക്രമവത്ക്കരിക്കപ്പെടേണ്ടിയിരുന്നു.

അതുപോലെതന്നെ മലങ്കരസഭയുടെ മുകളിൽ അന്ത്യോക്യൻ പാത്രിയാർക്കീസിന്റെ പരമാധികാരവും നിയമസാധുതയും ക്രമേണ വന്നുഭവിച്ചൊരു പ്രക്രിയയായിരുന്നു. മലങ്കര മെത്രാപ്പോലീത്തമാർ അന്ത്യോക്യൻ പാത്രിയാർക്കീസിൽ നിന്നും സഹായം ആവശ്യപ്പെട്ടതും മെത്രാൻമാരെ വിട്ടുതരണമെന്നപേക്ഷിച്ചതും ഒന്നുകിൽ

നിയമസാധുതയുള്ള മെത്രാൻപട്ടസ്വീകരണത്തിനോ അല്ലെങ്കിൽ തങ്ങളുടെ പാരമ്പര്യവും റീത്തും ആചാരവും മാറ്റി ആംഗ്ലിക്കവത്ക്കരണം നടത്താൻ ശ്രമിക്കുന്ന പ്രൊട്ടസ്റ്റന്റ് മിഷനറിമാരിൽ നിന്നും ഭരണാധികാരികളിൽ നിന്നും സംരക്ഷണം നേടാൻ വേണ്ടിയോ ആയിരുന്നു. പക്ഷേ അന്ത്യോക്യൻ പാത്രിയാർക്കീസും മെത്രാന്മാരും മലങ്കര സഭയെ അവരുടെ നേരിട്ടുള്ള അധികാര പരിധിയിൽ കൊണ്ടു വരുവാൻ പരിശ്രമിക്കുകയും ആ ശ്രമം 1876-ൽ നടന്ന മുളന്തുരുത്തി സൂനഹാദോസോടെ മലങ്കര സഭയുടെ മുകളിലുള്ള ആധിപത്യം പൂർണ്ണാവുകയും ചെയ്തു. അക്കാലത്ത് കത്തോലിക്കരും അകത്തോലിക്കരും തമ്മിലുള്ള ഭിന്നതയും കലുഷിതമായ സാഹചര്യവും മുതലെടുത്ത് അന്ത്യോക്യൻ പാത്രിയാർക്കീസും മെത്രാന്മാരും അന്ത്യോക്യൻ പാരമ്പര്യത്തിലുള്ള ഓർത്തഡോക്സ് സഭയ്ക്ക് രൂപം നല്കാൻ മലങ്കര മണ്ണിൽ ശ്രമിച്ചു.

വൈപരീത്യമെന്ന് പറയട്ടെ, കാൽദിയൻ റീത്തിന്റെ പാരമ്പര്യവും സ്വതന്ത്രഭരണാവകാശവും ആഗ്രഹിച്ച് കത്തോലിക്കാ സഭയിൽ നിന്ന് അടർന്ന് മാറിയവർ സമ്പൂർണ്ണ അന്ത്യോക്യവത്ക്കരണത്തിന് വിധേയരാവുകയും ചരിത്രഗതിയിൽ, സ്വന്തം റീത്തും പാരമ്പര്യങ്ങളും അപ്രതക്ഷ്യമാവുകയും അന്ത്യോക്യൻ റീത്തിനെ സിറിയൻ ഓർത്തഡോക്സ് അല്ലെങ്കിൽ യാക്കോബായ പാരമ്പര്യത്തെ പൂർണ്ണമായും പുല്കുകയും ചെയ്തു. ഏതൊന്നിന് വേണ്ടി അവർ കലഹിച്ചോ അതിന് നേർ വിപരീതമായി സ്വന്തം തനതാത്മകതയും ആരാധനാക്രമപരമായ അസ്ഥിത്വവും, സ്വാതന്ത്ര്യവും അടിയറവച്ച് സ്വത്വം നഷ്ടപ്പെടുത്തികളഞ്ഞ സഭയായി അവർ മാറി. കാലക്രമത്തിൽ പാത്രിയാർക്കീസിന്റെ പല തീരുമാനങ്ങളും പൊട്ടിത്തെറികളിലേക്കും വേദനാജനകമായ വിഭജനങ്ങളിലേക്കും തദ്വാര, നൂറ്റാണ്ടുകൾ നീളുന്ന വ്യവഹാര ക്രമങ്ങളിലേക്കും ഭിന്നതകളിലേക്കും മലങ്കര സഭയെ എത്തിച്ചു.

### വ്യത്യസ്തമായ രണ്ട് മലങ്കര ഓർത്തഡോക്സ് സിറിയൻ സഭകളുടെ വളർച്ച

മുളന്തുരുത്തി സിനഡിൽ മലങ്കര സഭയെ അന്ത്യോക്യൻ ഓർത്തഡോക്സ് സഭയുടെ പരമാധികാരത്തിൽ കൊണ്ടു വന്ന പാത്രിയാർക്കീസ് പത്രോസ് III-ാമൻ 1894-ൽ അന്തരിച്ചു. തുടർന്ന് അബ്ദുൾ മിശിഹ II പാത്രിയാർക്കീസായി 1895- ജൂൺ 16 ന് സ്ഥാനമേറ്റു. എന്നാൽ 1905-ൽ തുർക്കി സുൽത്താൻ ഹബ്ദുൾ ഹമീദ്, മാർ അബ്ദുൾ മിശിഹ II-ാമനെ സ്ഥാനഭ്രഷ്ടനാക്കി. പകരം മാർ ഇഗ്നേഷ്യസ് അബ്ദുള്ള സാൽത്തൂഫിനെ മാർ അബ്ദുള്ള II-ാമൻ പാത്രിയാർക്കീസെന്ന് നാമകരണം ചെയ്ത് 1906 ആഗസ്റ്റ് 28ന് അവ

രോധിച്ചു. കേരളത്തിൽ മാർ ദിവാന്ന്യോസ് VI-ാമൻ മാർദിവാന്ന്യോസ് V-ന്റെ പിൻഗാമിയായി അവരോധിതനായി.

1909-ൽ മലങ്കര സഭയിലേക്ക് വന്ന പുതിയ അന്ത്യോക്യൻ പാത്രിയാർക്കീസ്, മാർ അബ്ദുള്ള II-ാമൻ മലങ്കര സഭയുടെ മേൽ ആത്മീയവും ഭൗതീകവുമായ ആധിപത്യം അവകാശപ്പെട്ടു. എന്നാൽ മലങ്കര മെത്രാപ്പോലീത്ത ദിവാന്ന്യോസ് VI-ാമൻ ഇതംഗീകരിച്ചില്ല. അദ്ദേഹം പാത്രിയാർക്കീസിന് ഭൗതികകാര്യങ്ങളിൽ അല്ല ആത്മീയ കാര്യങ്ങളിൽ മാത്രമേ പരമാധികാരമുള്ളൂ, എന്ന് വാദിച്ചു. ആത്മീയ കാര്യങ്ങളുടെ പരമാധികാരം എന്നതുകൊണ്ട് അദ്ദേഹം ഉദ്ദേശിച്ചത്, മെത്രാൻപട്ട അഭിഷേകവും വി. തൈലം വെഞ്ചിരിപ്പും സഭയുടെ വിശ്വാസപരമായ കാര്യങ്ങളുടെ പൊതുവായ മേൽനോട്ടവുമാണ്. അല്ലാതെ സഭയുടെ ഭരണഘടനകളിൽ ഇടപെടുന്നതായിരുന്നില്ല.

പാത്രിയാർക്കീസിന്റെ അധികാരത്തെ ചൊല്ലിയുള്ള തർക്കം ചെന്നെത്തിച്ചത് 1911-മെയ് 31ന് മാർ ദിവാന്ന്യോസ് VI-ാമനെയും പിൻഗാമികളെയും സഭയിൽ നിന്നും പുറത്താക്കി പകരം മാർ കൂറില്ലോസിനെ(1911-17) മലങ്കര യാക്കോബായ സിറിയൻ സഭയുടെ മെത്രാപ്പോലാത്തയായി പാത്രിയാർക്കീസ് നിയമിച്ചതാണ്. പാത്രിയാർക്കീസിന്റെ ഈ ഇടപെടൽ മൂലം പരസ്പരം മത്സരിക്കുന്ന രണ്ട് മലങ്കര സഭാവിഭാഗങ്ങൾ രൂപപ്പെട്ടു. വിശ്വാസവും പാരമ്പര്യവുംവഴി അവർ യാക്കോബായ അന്ത്യോക്യൻ പാരമ്പര്യക്കാരാണ്. പാത്രിയാർക്കീസിനെ അംഗീകരിച്ച വിഭാഗം ബാവാ കക്ഷിയും, പാത്രിയാർക്കീസിനെ എതിർത്തവർ മെത്രാൻ കക്ഷിയും ആയി അറിയപ്പെടാൻ തുടങ്ങി. ബാവാ കക്ഷികൾ പാത്രിയാർക്കീസിനെ അംഗീകരിച്ചു. മെത്രാൻ കക്ഷികൾ അന്ത്യോക്യൻ പാത്രിയാർക്കീസിന്റെ സഭയിലെ ഭൗതികമായ കാര്യങ്ങളിലുള്ള കൈകടത്തൽ പ്രത്യക്ഷത്തിൽ ചോദ്യം ചെയ്തപ്പോൾ പരോക്ഷമായി ആത്മീയാധികാരവും ചോദ്യം ചെയ്തു.

മാർ ദിവാന്ന്യോസ് VI-നും പിൻഗാമികളും 1911 സെപ്റ്റംബർ 7-ാം തീയതി കോട്ടയത്തുവച്ചു നടന്ന സമ്മേളനത്തിൽ പാത്രിയാർക്കിസിന്റെ നടപടികൾ അസാധുവാണെന്നും പാത്രിയാർക്കീസിനെ പിന്തുടരില്ലെന്നു പ്രഖ്യാപിക്കുകയും, ഒരു സ്വതന്ത്രസഭ സ്ഥാപിക്കുവാനും തീരുമാനിച്ചു. അതിനായി അവർ പുറത്താക്കപ്പെട്ട അന്ത്യോക്യൻ പാത്രിയാർക്കീസ് അബ്ദുൾ മിശിഹ II-ാമന്റെ സഹായം തേടി. അദ്ദേഹം 1911 ജൂൺ13 കേരളത്തിൽ വരികയും പുറത്താക്കപ്പെട്ട ദിവാന്ന്യോസ് VI-ാനെ മഹറോൻ ചെല്ലലിൽ നിന്ന് ഒഴിവാക്കുകയും ചെയ്തു. 1912 സെപ്റ്റംബർ 15ന്

മാർ അബ്ദുൾ മിശിഹ II-ാമൻ കിഴക്കിന്റെ സിംഹാസനം (കാതോലിക്കേറ്റ്) സ്ഥാപിക്കുകയും മുറിമറ്റത്തിൽ പൗലോസ് മാർഇവാനിയോസിനെ മോറാൻ മാർ പൗലോസ് ബസേലിയൂസ് എന്ന് നാമകരണം ചെയ്തു. സിറിയൻ ഓർത്തഡോക്സ് സഭയിലെ കേരളത്തിലെ പ്രഥമ കാത്തോലിക്കോസായി അവരോധിച്ചു. മൂന്ന് മെത്രാന്മാരെക്കൂടി അഭിഷേകം ചെയ്യുകയും ചെയ്തു.

1912 സെപ്റ്റംബർ 15 ലെ സ്ഥാനാരോഹണത്തിന് ശേഷം ഉടനെ ഇറക്കിയ ബൂളാപ്രകാരം കാത്തോലിക്കോസിനാണ് വിശ്വാസികളുടെ എല്ലാ ആത്മീയകാര്യങ്ങളുടെയും മേൽ പൊതുവായ അധികാരം സഭയുടെ വിശുദ്ധ പാരമ്പര്യം സംരക്ഷിക്കുവാൻ നമ്മുടെ കർത്താവായ ഈശോമിശിഹാ ശ്ലീഹന്മാർക്ക് നല്കിയതുപോലെ ഒരേ ആരാധനാക്രമവുമാണ്. അന്ത്യോക്യൻ പാത്രിയാർക്കീ സിന്റെ അധികാരത്തെ അംഗീകരിക്കു ന്നതിലുള്ള അനൈക്യമാണ് ഇവർ തമ്മിലുള്ള ഏക വ്യത്യാസം.

## ഒരു തലവന്റെ കീഴിൽ ഒന്നാകാനുള്ള മർത്തോമാ ക്രിസ്ത്യാനികളുടെ ശ്രമങ്ങൾ

1653-ലെ കൂനൻകുരിശുസത്യവും അതേതുടർന്ന് 1663 ൽ മാർത്തോമാ ഒന്നാമനെ കത്തോലിക്കാ ഐക്യത്തിൽനിന്നു പുറത്താക്കിയതിനുശേഷം, ഏകദേശം ഒരു നൂറ്റാണ്ടോളം ഒരു സഭാതലവിന്റെ കീഴിൽ ഒന്നാകാനുള്ള അധമ്യമായ പരിശ്രമങ്ങൾ ഉണ്ടായി. വിള്ളൽ ഉണ്ടായപ്പോൾ തന്നെ വീണ്ടും ഒന്നിക്കാനുള്ള പരിശ്രമവും തുടങ്ങിയിരുന്നു. കൂനൻ കുരിശു സത്യത്തിനു ശേഷം ചെറിയൊരു ഗണം മാർതോമാ ക്രിസ്ത്യാനികൾ മാത്രമേ പദ്രുവാദോ ആർച്ച് ബിഷപ്പായ ഫ്രാൻസിസ് ഗാർസിയായുടെ കീഴിൽ കൊടുങ്ങല്ലൂർ അതിരൂപതയിൽ തുടർന്നുള്ളു. ഭൂരിഭാഗവും പ്രൊപ്പഗാന്ത ഫിദേയിയുടെ കർമ്മലീത്ത വികാരി അപ്പസ്തോലേറ്റിന്റെ കീഴിലുള്ള മലബാർ വികാരിയിത്തിൽ നിലനിന്നു. തന്മൂലം പുനരൈക്യ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചത് പ്രൊപ്പഗാന്ത ഫിദേയും കർമ്മലീത്ത വികാരിയാത്തുകളുമാണ്.

## പുനരൈക്യത്തിനു ശ്രമിച്ച് വിജയം കാണാത്ത അഞ്ച് അഭിനവ മെത്രാന്മാർ

പിളർപ്പിന് മുൻകൈ എടുത്ത നേതാക്കൾക്ക് കൽദായ റീത്തിനോടോ കത്തോലിക്കാ വിശ്വാസത്തോടോ യാതൊരു വിദ്വേഷവും ഇല്ലായിരുന്നു. ചരിത്രം പരിശോധിക്കുമ്പോൾ മാർതോമാ ഒന്നാമൻ മുതൽ മാർതോമാ ആറാമൻ വരെ (1653-1808) പുത്തൻകൂറ്റുകാരെ ഭരിച്ചപ്പോൾ പുനരൈക്യത്തിനു പരിശ്രമിക്കുകയും ആ പരിശ്രമം പരാജയമടയുകയും ചെയ്തപ്പോൾ മാത്രമാണ്, സാധുതയുള്ള

കാനോനിക മെത്രാൻ പട്ടം ലഭിക്കുവാനായി അന്ത്യോക്യൻ സിംഹാസനത്തിലേക്ക് അവസാന ആശ്രയമെന്നവണ്ണം കൈകൾ നീട്ടിയത്.

കത്തോലിക്ക സഭയിൽ വിശ്വാസികളുടെ മേൽ നിയമാനുസൃതമായ അധികാരത്തോടുകൂടെ വർത്തിക്കാൻ തങ്ങൾക്ക് മെത്രാൻ പട്ടം തരണമെന്നുള്ള ആവശ്യമാണ് പുനരൈക്യം അസാധ്യമാക്കിയതിന്റെ പ്രധാന കാരണം. എന്നാൽ മലബാറിന്റെ കർമ്മലീത്ത വികാർ അപ്പസ്തോലിയ്ക്കും (പിന്നീട് വരാപ്പുഴ), പോർച്ചുഗീസ് പദ്രുവാദോ അധികാരികൾക്കും പ്രൊപ്പഗാന്ത ഫിദേയ്ക്കും, കാനോനികമായ ഔദ്യോഗിക അധികാരത്തോടെ വേർപെട്ടുപോയ വിഭാഗത്തിന്റെ തലവനെ മെത്രാൻ പദവിയോടുകൂടെ കത്തോലിക്കാ സഭയിലേക്ക് വരുന്നത് സ്വീകാര്യമായിരുന്നില്ല. അത് മാർത്തോമാ ക്രിസ്ത്യാനികൾക്ക് ഭരണപരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുമായിരുന്നതുകൊണ്ടാണ്. വിഘടിത വിഭാഗങ്ങളുടെ, മെത്രാന്മാരോടും അവരുടെ റീത്തുകളോടും കൂടെയുള്ള പുനരൈക്യം 16-ാം നൂറ്റാണ്ടിനു മുമ്പുള്ള മാർത്തോമാ ക്രിസ്ത്യാനികളുടെ കൂട്ടായ്മയിലേയ്ക്കുള്ള തിരിച്ചുപോക്കും തദ്വാര ലാറ്റിൻ മെത്രാന്മാർക്ക് സുറിയാനി ക്രിസ്ത്യാനികളുടെ മേലുള്ള അധികാരത്തിന്റയും അന്ത്യമാകുമായിരുന്നു അത്. യഥാർത്ഥത്തിൽ അപ്പസ്തോലിക് വിസിറ്റർ ആയിരുന്ന സെബസ്റ്റിയാനിക്ക്, പ്രൊപ്പഗാന്ത ഫിദെ കൊടുത്തിരുന്ന നിർദ്ദേശം മാർത്തോമാ ക്രിസ്ത്യാനികളെ കാലക്രമേണ കൽദായ റീത്തിൽനിന്നും ലത്തീൻ റിത്തിലേക്ക് മാറ്റാനായിരുന്നു. എന്നാൽ എല്ലാ അധികാരത്തോടുകൂടി ഒരു പ്രാദേശിക മെത്രാനെ കത്തോലിക്കാ സഭയിലേക്ക് സ്വീകരിക്കുമ്പോൾ ഇത് സാധ്യമാകില്ലെന്ന് അവർക്ക് അറിയാമായിരുന്നു.

സാധുവായ മെത്രാൻ പട്ടം സ്വീകരിക്കാത്ത വിഘടിത സഭയിലെ ആദ്യ അഞ്ച് മെത്രാന്മാരും മെത്രാൻ പട്ടത്തിനടുത്ത് എല്ലാ കടമകളും തിരുപട്ടം നൽകുന്നതുൾപ്പെടെ നിർവ്വഹിച്ചിരുന്നു. സ്വാഭാവികമായി മാർത്തോമാ ഒന്നാമനു ശേഷമുള്ള സാധുവായ പട്ടം സ്വീകരിക്കാത്ത മെത്രാന്മാർ വെറും അൽമായരാണെന്നുള്ള സംശയം ഉടലെടുത്തു. ആദ്യകാലത്തെ ഉൽക്കണ്ഠകൾ അവഗണിച്ച് മാർത്തോമ്മാ അഞ്ചാമന്റെ (1728-1764) കാര്യം വളരെ താൽപര്യത്തോടും കാരുണ്യപൂർവ്വവും പ്രൊപ്പഗാന്ത ഫിദെയി പരിഗണിച്ചു. അക്കാലഘട്ടത്തിൽ പരിശുദ്ധ സിംഹാസനം കത്തോലിക്കാ കൂട്ടായ്മയിലേക്ക്, വിഘടിത സഭയിലെ സാധുവായി പട്ടം ലഭിച്ച മെത്രാന്മാരെ മാത്രമേ സ്വീകരിച്ചിരുന്നുള്ളു. യഥാർത്ഥ ഐക്യത്തിന്റെ അടയാളങ്ങൾ കാണിച്ചാൽ മാർത്തോമ്മാ അഞ്ചാമന് സാധുവായ തിരുപ്പട്ടം നൽകാൻ പ്രൊപ്പഗാന്ത

തീരുമാനിച്ചിരുന്നു. 1750 സെപ്തംബർ 5-ന് മലബാറിലെ വികാരി അപ്പസ്തോലിക്കയ്ക്ക് പ്രൊപ്പഗാന്ത അയച്ച കത്തിൽ ഇപ്രപകാരം സൂചിപ്പിക്കുന്നു.

“പരിശുദ്ധ സിംഹാസനം അതിന്റെ ശ്ലൈഹിക അധികാരത്താൽ കാരുണ്യപൂർവ്വം മേൽപറഞ്ഞ ആർച്ച് ഡീക്കന്, അദ്ദേഹത്തിന്റെ അപേക്ഷപ്രകാരം അദ്ദേഹത്തിനും അദ്ദേഹത്തിന്റെ പുരോഹിതർക്കും പട്ടം നൽകുവാൻ അനുവദിച്ചിരിക്കുന്നു. പക്ഷെ പ്രഥമത ആത്മാർത്ഥമായ നവീകരണവും തിരുത്തലുകൾ വരുത്തിയതിന്റെ അടയാളവും ഉണ്ടായിരിക്കണം.” അങ്ങനെ പ്രൊപ്പഗാന്ത കോൺഗ്രിഗേഷൻ കർശനമായ നിബന്ധനകളോടെ മലങ്കര സഭയുടെ മെത്രാന് സാധുവായ തിരുപ്പട്ട അധികാരം നൽകുവാനും വൈദികർക്ക് പട്ടം നൽകുവാനും തീരുമാനമായി. പക്ഷെ, വികാരി അപ്പസ്തോലിക്കായുടെ അധികാരത്തിന് വിഘാതമായതുകൊണ്ട് ഭരണപരമായ അധികാരം നൽകുന്നതിന് എതിരായിരുന്നു.

എന്നാൽ കാലക്രമേണ പ്രൊപ്പഗാന്ത ഫിദെയും ഈ നിലപാടിൽ മാറ്റം വരുവാൻ തുടങ്ങി. കാരണം മാർ തോമസ് V-ാമൻ മാനസാന്തരത്തിന്റെ ലക്ഷണങ്ങളൊന്നും കാണിക്കാൻ തുടങ്ങിയില്ല. 1757 സെപ്റ്റംബർ 3ന് മലബാറിലെ വികാരി അപ്പസ്തോലിക്കായ്ക്ക് കൊടുത്ത നിർദ്ദേശങ്ങൾ ഇതിനെപ്പറ്റി സൂചിപ്പിച്ചിട്ടുണ്ട്.

അങ്ങനെ പുനരൈക്യത്തിനായി റോമിന്റെ നേതൃത്വത്തിലുള്ള എല്ലാ പരിശ്രമങ്ങളും പരാജയപ്പെട്ടു. തൽഫലമായി മാർ തോമസ് V-ാമൻ സാധുവായ മെത്രാൻ പട്ടത്തിനായി അന്ത്യോക്യൻ പാത്രിയാർക്കീസിന്റെ അടുക്കലേക്ക് തിരിഞ്ഞു.

**മാർതോമാ VI -മന്റെ ആരംഭ നടപടികൾ**

പുനരൈക്യത്തിനായി സ്തുത്യർഹമായി പ്രവർത്തിച്ച മലങ്കര സഭാ തലവനായ മാർ തോമസ് VI നെ പ്രത്യേകം പരാമർശിക്കേണ്ടതുണ്ട്. അദ്ദേഹം 1728 കുറവിലങ്ങാടുള്ള പറമ്പിൽ കത്തോലിക്കാ കുടുമ്പത്തിൽ ജനിച്ചു, ജോസഫ് എന്ന പേരു സ്വീകരിച്ചു. അമ്മാവനായിരുന്നു മാർ തോമസ് V-ാമൻ ജോസഫിനെ വിഘടിത സഭയിൽ പുരോഹിതനാകുവാൻ പ്രേരിപ്പിച്ചു. 1761 ജൂൺ 29 ന് മാർതോമ്മാ V-ാമൻ മെത്രാൻ പദവിയിലേക്ക് ഉയർത്തപ്പെട്ടു. തുടർന്ന് 1765 ൽ ഫാ. ജോസഫ് പറമ്പിൽ മാർതോമാ VI മനായി അവരോധിതനായി. ആ വർഷം തന്നെ മലബാർ വികാരി അപ്പസ്തോലികനായ മെത്രാൻ ഫ്ളോറൻസ് ഓഫ് ജീസസ് OCD (1750-1773) പുനരൈക്യ പ്രവർത്തനങ്ങൾ ആരംഭിച്ചു. മിഷനറിമാരുടെ നിർദ്ദേശാനുസരണം ബഹുമാനസൂചകമായ ചില

സ്ഥാനമാനങ്ങൾ (Speron d' Oro) നൽകുവാൻ തീരുമാനിച്ചു. സ്ഥാനീയ പദവികൾ നൽകി അദ്ദേഹത്തെയും വിശ്വാസികളെയും മലബാർ വികാരിയാത്തിന്റെ കീഴിൽ ഒന്നിപ്പിക്കാനായിരുന്നു പ്രൊപ്പഗാന്തയുടെ ലക്ഷ്യം.

എന്നാൽ ഇതിനെക്കുറിച്ച് മുന്നറിവുണ്ടായിരുന്ന മാർ തോമസ് VI-ാമന് അത്തരത്തിലുള്ള വാഗ്ദാനങ്ങൾ അപ്രസക്തമായിരുന്നു. കാരണം 1772 ജനുവരി ആദ്യ ആഴ്ച്ച തന്നെ അദ്ധേഹം അന്ത്യോക്യൻ ബിഷപ്പായ ഗ്രിഗോറിയോസിൽനിന്ന് മെത്രാൻ പട്ടം ലഭിച്ച് മാർ ദിവാനിയോസ് 1-ാമൻ എന്ന നാമധേയം സ്വീകരിച്ചിരുന്നു. സാധുവായ പട്ടസ്വീകരണത്തിനുശേഷവും പുനരൈക്യത്തിനായി അദ്ദേഹം പരിശ്രമിച്ചിരുന്നു. കൊടുങ്ങല്ലൂർ ആർച്ചു ബിഷപ്പുമായി മലബാർ വികാരിയത്തുമായുള്ള പുനരൈക്യ പരിശ്രമങ്ങളെക്കുറിച്ച് പീയൂസ് VI-ാമൻ പാപ്പായ്ക്ക് മാർതോമാ VI-ാമൻ ഇപ്രകാരം എഴുതി.

ഏറെ തവണ കണ്ണുനീരോടും നെടുവീർപ്പോടും കൂടി കത്തോലിക്കാ വിശ്വാസസംരക്ഷകരായ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തയായ മോൺ. സാൽവദോർ ദോ റൈസ് (Msgr. Salvador dos Reis) നോടും മെത്രാൻ ഫ്ളോറൻസ് ഓഫ് ജീസസ് മലബാറിലെയും കൊച്ചിയിലെയും വികാർ അപ്പസ്തോലികമാരോടും മുൻഗാമികളുടെ കാലത്ത് വന്നു പതിച്ച പുറത്താക്കൽ നീക്കി കത്തോലിക്കാ കൂട്ടായ്മയിലേക്ക് ഞങ്ങൾക്ക് പുനപ്രവേശം നൽകണമെന്ന് അപേക്ഷിച്ചിരുന്നു. കുറഞ്ഞപക്ഷം അവർക്കത് അസാധ്യമാണെങ്കിൽ ഞങ്ങളുടെ അപേക്ഷ പരി. സിംഹാസനത്തിന്റെ പക്കൽ സമർപ്പിക്കാനെങ്കിലും ഞങ്ങൾ അപേക്ഷിച്ചു. പക്ഷേ അപേക്ഷകളെല്ലാം നിരസിക്കുകയും ഞങ്ങളെ അകറ്റി നിർത്തുകയും ചെയ്തു.

മലബാറിന്റെ വികാർ അപ്പസ്തോലിക് ആയിരുന്ന ഫ്ളോറൻസ് ഓഫ് ജീസസ് നിര്യാതനാവുകയും ബിഷപ്പ് ഫ്രാൻസീസ് സെയിൽസ് OCD (1775-1779) തൽസ്ഥാനത്ത് അവരോധിതനാവുകയും ചെയ്തു. വികാരി അപ്പസ്തോലിയ്ക്കയായ ഫ്രാൻസീസ് സെയിൽസിന്റെ നിർദ്ദേശാടിസ്ഥാത്തിൽ 1774 ജൂലൈ 22-ന് പ്രൊപ്പഗാന്ത ഫിദെയി പ്രോട്ടോനോട്ടറി അപ്പസ്തോലിക് പദവിയോ നൂറ് റോമൻ സ്കൂദിയോ, പരിശുദ്ധ സിംഹാസനത്തിന് മാർതോമാ VI-ാമൻ കീഴ്പ്പെടുന്നതുവഴി, നൽകുവാനും തീരുമാനിച്ചു.

പൊതുവെ മാർത്തോമാ ക്രിസ്ത്യാനികൾ പാഷണ്ഡികളും ശീശ്മക്കാരുമാണെന്നും 1599-ലെ ഉദയംപേരൂർ സൂനഹദോസോടെ

പാശ്ചാത്യ മിഷനറിമാർ റോമൻ സിംഹാസനവുമായി ഐക്യത്തിൽ കൊണ്ടുവന്നതാണെന്ന അഭിപ്രായം റോമിൽ നിലനിന്നിരുന്നതിനാൽ കോൺഗ്രിഗേഷന് ഭരണപരമായ അധികാരമുള്ള ഒരു പ്രാദേശിക പിതാവിനെ നിയമിക്കാൻ ഭയമായിരുന്നു. അപ്രകാരം നിയമിച്ചാൽ സുറിയാനി സഭയ്ക്ക് റോമൻ സിംഹാസനവുമായുള്ള ബന്ധത്തിനും സത്യവിശ്വാസത്തിനും പ്രതികൂലമായി ഭവിക്കുമെന്നും ഭയപ്പെട്ടിരുന്നു. ആയതിനാൽ ഭരണപരമായ അധികാരങ്ങളോടെ മാർതോമാ ആറാമനെ സഭയിൽ എടുക്കുന്നത് അസ്വീകാര്യമായിരുന്നു.

ഫ്രാൻസീസ് സെയിൽസ് മെത്രാൻ വഴി പുനരൈക്യപ്പെടാനുള്ള വീരോചിത പരിശ്രമങ്ങൾ മാർതോമാ VI-ാമൻ നടത്തിയിരുന്നെങ്കിലും ഫലപ്രാപ്തിയിലെത്തിയില്ല. മാർതോമാ ക്രിസ്ത്യാനികളുടെ ചരിത്രപരമായ ഒരു വിഭജനത്തിന്റെ പശ്ചാത്തലത്തിൽ നിന്നുവേണം ഈ പരിശ്രങ്ങളെ അവലോകനം ചെയ്യുവാൻ. പോർച്ചുഗീസ് പദ്രുവാദോയുടെ, കൊടുങ്ങല്ലൂർ അതിരൂപതയെ ഭരിച്ചിരുന്ന ഈശോസഭയിലെ മെത്രാനും പ്രൊപ്പഗാന്ത ഫിദെയുടെ മലബാറിന്റെ അപ്പസ്തോലിക വികാരി കർമ്മലീത്താക്കാരും തമ്മിലുള്ള അനൈക്യവും വിഭജനവും ഉണ്ടായിരുന്നെങ്കിലും ഒരു പ്രാദേശിക പിതാവിനെ നിയമിക്കുന്നതിൽ ഇവർ രണ്ടു കൂട്ടരും ഒരുമിച്ച് എതിർത്തിരുന്നു. കാരണം ഒരു തദ്ദേശീയ മെത്രാൻ രണ്ടു കൂട്ടരുടേയും അധികാര നിർവ്വഹണത്തിനു വെല്ലുവിളിയായിരുന്നു. മെത്രാന്റെ ഭരണപരമായ അധികാരം (episcopal juridiction) വിട്ടുകൊടുക്കാത്തതു മാത്രമായിരുന്നു മാർത്തോമാ ആറാമനും അദ്ദേഹത്തിന്റെ വിശ്വാസികൾക്കും കത്തോലിക്കാ സഭയുമായുള്ള പുനരൈക്യ ത്തിന് പ്രതിബന്ധമായിരുന്ന ഏക ഘടകം.

**ജോസഫ് കരിയാറ്റിയുടെ നേതൃത്വത്തിലുള്ള റോമൻ പ്രതിനിധി സംഘം**

മാർ തോമാസ് VI-ാന്റെ തുടർച്ചയായ അപേക്ഷ മൂലം വിപുലമായ നിർദ്ദേശങ്ങളോടെ ബിഷപ്പ് ഫ്രാൻസീസ് സെയിൽസ് പ്രൊപ്പഗന്ത ഫിദെയി കോളേജിൽനിന്നും തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ഡോക്ട്രേറ്റ് നേടിയ ആലങ്ങാട് സെമിനാരിയിലെ പ്രൊഫസറുമായിരുന്ന ഫാ. ജോസഫ് കാരിയാറ്റിലിനെ അദ്ദേഹത്തിന്റെ അടുത്തേക്ക് അയച്ചു. മാർ തോമസ് VI-ാമനുമായുള്ള കൂടിക്കാഴ്ച്ചയ്ക്ക് ശേഷം അദ്ദേഹത്തിന്റെ പുനരൈക്യത്തിനുള്ള ആത്മാർത്ഥത മനസ്സിലാക്കിയ ഫാ. കാരിയാറ്റിൽ പുനരൈക്യത്തിന് പ്രോത്സാഹിപ്പിക്കുകയും തന്നാലാവും വിധം സഹായിക്കണമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്തു. അതി

നായി റോമിൽ പോകുവാനും തന്റെ ജീവൻ തന്നെ ദൈവത്തിന് സമർപ്പിക്കുന്നതിനും താൻ സന്നദ്ധനാണെന്നു കരിയാറ്റിൽ വാഗ്ദാനം ചെയ്തു. തുടർന്ന് അദ്ദേഹം ബിഷപ്പ് ഫ്രാൻസീസ് സെയിൽസിനെ സമീപിച്ചു. ബിഷപ്പ് ഇങ്ങനെയാണ് പ്രതികരിച്ചത്. മാർ തോമസിന് പഴയ റീത്തിൽ തുടരണമെങ്കിൽ തുടരാം എന്നാൽ മെത്രാന്റെ അധികാരം അനുവദിക്കില്ല. എന്നാൽ മെത്രാനല്ലാതെ മറ്റെന്തെങ്കിലും സ്ഥാനമാനങ്ങൾ നൽകുവാൻ കഴിയും. അഥവാ മാർ തോമസ് VI-ാമന് മെത്രാനായി തുടരണമെങ്കിൽ യൂറോപ്പിലേക്ക് പോകാവുന്നതാണ്.

കാര്യങ്ങളുടെ ഗുരുതരാവസ്ഥ ഉൾക്കൊണ്ട് പ്രൊപ്പഗാന്ത ഫിദെയി 1777 ഫെബ്രുവരി 25ന് ബിഷപ്പ് ഫ്രാൻസീസ് സെയിൽസിനെ വികാരി അപ്പസ്തോലിക് സ്ഥാനത്തുനിന്നു മാറ്റുകയും ഗ്രേറ്റ് മുഗളി(ബോംബെ)ന്റെ അപ്പസ്തോലിക വികാരിയായിരുന്ന മെത്രാൻ ചാൾസ് സെന്റ് കോൺറാഡിനെ മലബാറിന്റെ അപ്പസ്തോലിക വികാരിയായി നിയമിക്കുകയും ചെയ്തു. 1777 ഏപ്രിൽ 7ന് കൊടുങ്ങല്ലൂർ ആർച്ച് ബിഷപ്പായ സാൽവദോർ ദോ റൈസിന്റെ മരണശേഷം ഗോവൻ പുരോഹിതനായ പെദ്രോ ഫിഗേയിറേഡോയെ (Pedro Figueiredo) അഡ്മിനിസ്ട്രേറ്ററായി ഗോവൻ മെത്രാപ്പോലീത്ത നിയമിക്കുകയും ചെയ്തു. അങ്ങനെ മാർതോമാ ക്രിസ്ത്യാനികളുടെ രണ്ടു സിംഹാസനങ്ങളും, മലബാർ വികാരിയേറ്റും കൊടുങ്ങല്ലൂർ അതിരൂപതയും പ്രായോഗികമായ ശൂന്യമായി കിടന്നു.

പാദ്രുവാദോയും പ്രൊപ്പഗാന്തയും വഴിയായുള്ള ഏല്ലാ പുനരൈക്യശ്രമങ്ങളും പരാജയപ്പെട്ടതോടെ 1778 ഏപ്രിലിൽ മാർത്തോമാ ക്രിസ്ത്യാനികളുടെ 72 ഇടവകകൾ ഒന്നിച്ചുചേർന്ന് ഫാ. ജോസഫ് കരിയാറ്റിയുടെ നേതൃത്വത്തിൽ ഫാ. തോമസ് പാറേമ്മാക്കൽ ഉൾപ്പെടെ ഒരു പ്രതിനിധി സംഘത്തെ പോർച്ചുഗീസിലേക്കും റോമിലേക്കും അയക്കുവാനും തത്ഫലമായി മാർതോമാ ആറാമനെ പുനരൈക്യപ്പെടുത്തുവാനള്ള ശ്രമങ്ങൾ തുടരുവാനും തീരുമാനിച്ചു. മാർ കരിയാറ്റിൽ പ്രൊപ്പഗാന്തയുടെയും മലബാർ വികാരിയാത്തിന്റെയും തോമസ് പാറേമ്മക്കൽ പദ്രുവാദോയുടെ കൊടുങ്ങല്ലൂർ അതിരൂപതയിലെയും അംഗങ്ങളായിരുന്നു.

ഈ കൂട്ടായ പരിശ്രമത്തെ തടസ്സപ്പെടുത്തുവാൻ പ്രൊപ്പഗാന്ത പദ്രുവോദോ മിഷനറിമാർ അങ്ങേയറ്റം ശ്രമിച്ചു. കൂടാതെ കർമ്മലീത്താ മിഷനറിമാർ ഈ രണ്ടു വൈദികരുടെ യാത്ര മലബാർ സഭയെ മിഷനറിമാരുടെ നേതൃത്വത്തിൽ നിന്ന് വിമോചിപ്പിക്കാ

നുള്ള ശ്രമമായി കോൺഗ്രിഗേഷനിൽ ധരിപ്പിച്ചു. 1779 ജൂലൈ 18-ാം തീയതി ലിസ്ബെണിൽ എത്തിച്ചേരുകയും പോർത്തുഗീസ് രാജ്ഞിയായ ഫ്രാൻസസ്ക്ക മരിയായ്ക്ക് 1779 ഓഗസ്റ്റിൽ നിവേദനം സമർപ്പിക്കുകയും ചെയ്തു. സമർപ്പിക്കപ്പെട്ട 6 അപേക്ഷ കളിൽ പ്രധാനമായി വിജ്ഞാനവും ദൈവഭയവുമുള്ള ഒരു പോർച്ചുഗീസ് മെത്രാനെ ശൂന്യമായ കൊടുങ്ങല്ലൂർ സിംഹാസന ത്തിനു നൽകുവാനും ഏതുവിധേനയും മാർതോമ്മാ 6-ാമനെയും 80000 ത്തോളം വരുന്ന അനുയായികളെയും തിരുസഭയിലേക്ക് പുനരൈക്യപ്പെടുത്തുവാനുമുള്ള അപേക്ഷയായിരുന്നു.

1779 നവംബർ 6-ാം തീയതി റോമയിലേക്ക് യാത്രതിരിച്ച കാരിയാറ്റിൽ അച്ചനും പാറേമാക്കൽ അച്ചനും 1780 ജനുവരി 3-ാം തീയ്യതി അവിടെ എത്തിച്ചേർന്നു. കർമ്മലീത്താമിഷനറിമാർ തെറ്റി ധരിപ്പിച്ചതു മൂലവും ആദ്യം ലിസ്ബണിൽ ചെന്ന് രാജ്ഞിക്ക് നിവേദനം നല്കിയതുംകൊണ്ട് പ്രൊപ്പഗാന്ത ഫിദെയുടെ പ്രീഫെക്റ്റായ കർദിനാൾ ഗിസെപ്പെ മരിയ കാസ്റ്റെല്ലിയിൽനിന്നും സെക്രട്ടറിയായ സ്റ്റെഫാനോ ബോർജിയായിൽനിന്നും ശകാരവും ഭീഷണിയും പ്രതിനിധിസംഘത്തിന് ഏറ്റുവാങ്ങേണ്ടിവന്നു. പ്രൊപ്പഗാന്ത ഫിദെയുടെ അധികാരനിയന്ത്രണത്തിൽനിന്നും മലബാർ സഭയെ വിമുക്തമാക്കി പർച്ചുഗീസ് രാജകീയ അധികാര ത്തിന് കീഴ്പ്പെടാനുള്ള നീക്കമായി പ്രൊപ്പഗാന്ത ഇതിനെ വ്യാഖ്യാ നിച്ചു. പ്രൊപ്പഗാന്ത ഫിദെയുടെ ഇത്തരത്തിലുള്ള നിഷേധാത്മക മനോഭാവത്തിനുള്ള കാരണങ്ങൾ സീറോ-മലബാർ സഭാപണ്ഡിത നായ ചാൾസ് പൈങ്ങോട്ട് സൂചിപ്പിക്കുന്നു:

“റോമിലെ വാസസമയത്ത് കരിയാറ്റിയും അദ്ദേഹത്തിന്റെ സഹയാത്രികനും കാസ്റ്റല്ലിയുമായും ബോർജിയയുമായും അനേകം തവണ കൂടിക്കാഴ്ച നടത്തി. ശത്രുതാ മനോഭാവത്തോടെയുള്ള കടുംപിടുത്തത്തിന്റെ അടിസ്ഥാന കാരണം മാർതോമായെ കത്തോലിക്കാ കൂട്ടായ്മയിലേക്ക് പുനരൈക്യപ്പെടുത്തിയാൽ പ്രൊപ്പഗാന്ത ഫിദെയുടെ മലബാർ വികാരിയേത്തിന്റെ മുകളിലുള്ള അധികാരം നഷ്ടപ്പെടുമെന്നും തദ്വാര തങ്ങളുടെ സഭാസാമ്രാജ്യ ത്തിന്റെ സ്ഥാനം ഇല്ലാതാകുമെന്നുള്ള ഭീതിയായിരുന്നു തന്മൂലം കാസ്റ്റെല്ലി പ്രതിനിധിസംഘത്തെ അപമാനിക്കുകയും ഭീഷണിപ്പെടു ത്തുകയും ചെയ്തു.”

പ്രാദേശിക സഭാധികാരികളുടെ ശുപാർശയോ അംഗീകാരമോ ഇല്ലാതെ റോമായിലെത്തിയ മലബാർ സഭയുടെ ദൂതന്മാരെ അംഗീകരിക്കുവാൻ പ്രൊപ്പഗാന്ത ഫിദെ തയ്യാറായില്ല. അതിനാൽ 1780 മാർച്ച് 11-ാം തീയതി കർദ്ദിനാൾ കാസ്റ്റെല്ലി അപ്പസ്തോലിക്

അഡ്മിനിസ്ട്രേറ്ററായ ചാൾസ് കോൺറാഡിനോട്, മാർത്തോമ്മാ ആറാമനെക്കുറിച്ചും അദ്ദേഹത്തിന്റെ അനുഗാമികളെക്കുറിച്ചും അന്വേഷിച്ച് ആത്മാർത്ഥമായ അറിവുകൾ നൽകണമെന്ന് ആവശ്യപ്പെട്ടു.

പ്രൊപ്പോഗാന്തെ ഫിദെയുടെ പ്രീഫെക്ടറായിരുന്ന കാർഡിനെൽ കാസ്റ്റെലി 1780 April 9 ന് നിര്യാതനായി. അദ്ദേഹത്തിന്റെ പിൻഗാമിയായിവന്ന കർദ്ദിനാൾ ലെയെനാൾ ദിനോ ആന്റോനെല്ലി മുൾഗാമിയെക്കാലും സൗഹൃദപരമായാണ്. മാർത്തോമ്മാ പ്രതിനിധിസംഘത്തോട് പെരുമാറിയത്. ഒരുപാടു കഷ്ടപ്പാടുകൾക്കും ബുദ്ധിമുട്ടുകൾക്കും ഒടുവിൽ അവർക്ക് പയസ് VI മൻ മാർപാപ്പയെ (1775-1799) കാണുവാൻ സാധിക്കുകയും. മാർ തോമസ് VI മന്റെ വിശ്വാസപ്രഖ്യാപനവും അപേക്ഷയും മലബാർ സഭയുടെ കത്തും പുനരൈക്യത്തിന് അപേക്ഷ സമർപ്പിക്കുന്ന മറ്റ് രണ്ടു കത്തുകളും പരിശുദ്ധ പിതാവിന് സമർപ്പിക്കുകയും ചെയ്തു. അതേ സമയം പോർച്ചുഗീസ് അധികാരികൾ മാർതോമാ VI മന്റെ അപേക്ഷയെ അനുഭാവപൂർവ്വം സ്വീകരിക്കുകയും ഗോവൻ പദ്രുവാദോ ആർച്ചു ബിഷപ്പിനെ, മാർത്തോമാ VI മന്റെ മനെ കത്തോലിക്കാ ഐക്യത്തിലേക്ക്സ്വീകരിക്കുവാൻ നിയോഗിക്കുകയും ചെയ്തു. റോമിൽനിന്ന് വളരെ ഒന്നും നേടാനാകാതെ കരിയാറ്റിയും പാറേമ്മാക്കലും 1780 ജൂൺ 20-ന് ലിസ്ബണിലേക്ക് പുറപ്പെട്ടു.

സ്വാഭാവികമായി പ്രതിനിധിസംഘം മാർപ്പാപ്പയ്ക്ക് സമർപ്പിച്ച അപേക്ഷകൾ വിശകലനത്തിനും തീരുമാനത്തിനുമായി പ്രൊപ്പഗാന്ത ഫിദെയിലേക്ക് കൈമാറ്റം ചെയ്തു. പ്രീഫെക്റ്റായ കർദിനാൾ അന്തോനെല്ലി മാർതോമ്മാ ആറാമന്റെ വിശ്വാസപ്രഖ്യാപനം അപൂർണ്ണമാണെന്നു കാണുകയും മെത്രൻ പട്ടവും അദ്ദേഹത്തിന്റെ മാനസാന്തരവും സംശായാസ്പദമാണെന്ന് വിധിയെഴുതുകയും ചെയ്തു. പോർച്ചുഗീസന്റെ ആഗ്രഹം പരിഗണിച്ച് 1780 സെപ്തംബർ 28-ന് കർദിനാൾ അന്തോനെല്ലി കൊച്ചിയിലെ പദ്രുവാദോ ബിഷപ്പായിരുന്ന എമ്മാനുവൽ കാദറിൻ OCD യ്ക്കും ഗോവൻ അഡ്മിനിസ്ട്രേറ്റർക്കും മാർത്തോമ്മാ ആറാമന്റെ മെത്രാഭിഷേക സാധുതയും മാനസാന്തരത്തിലുള്ള ആത്മാർത്ഥതയും പരിശോധിച്ച് കത്തോലിക്കാ സഭയിലേക്ക് സ്വീകരിക്കുവാൻ ഉള്ള പ്രത്യേക അധികാരം കൽപ്പിച്ചു നൽകുകയും ചെയ്തു. വിശ്വാസപ്രഖ്യാപനം നടത്തി കർശനമായ നിയന്ത്രണത്തിൽ മെത്രാനടുത്ത എല്ലാ അധികാരങ്ങളും വിലക്കിക്കൊണ്ടുള്ള നിർദ്ദേശമാണ് നൽകിയത്.

## കൊടുങ്ങല്ലൂർ ആർച്ച്ബിഷപ്പ്: മാർ കരിയാറ്റിൽ

1780 ഒക്ടോബറിൽ ലിസ്ബണിൽ തിരിച്ചെത്തിയ കരിയാറ്റിയും പാറേമ്മാക്കലും തങ്ങളുടെ മാതൃസഭയുടെ നന്മയ്ക്കുവേണ്ടി പോർച്ചുഗീസ് അധികാരികളുടെ സമക്ഷം അവിശ്രാന്തം പരിശ്രമിച്ചുകൊണ്ടേയിരുന്നു. ആശ്ചര്യമെന്നേ 1782 ജൂലൈ 16-ന് പോർച്ചുഗീസ് രാജ്ഞിയായ മരിയ ഫ്രാൻസിസ്ക്ക, അപ്പോൾ ശൂന്യമായി കിടന്നിരുന്ന കൊടുങ്ങല്ലൂർ പദ്രുവാദോ അതിരൂപതയുടെ ആർച്ചു ബിഷപ്പായി ജോസഫ് കരിയാറ്റിലിനെ നിയമിച്ചു. 1782 ഡിസംബർ 16-ന് പീയൂസ് ആറാമൻ മാർപ്പാപ്പ പോർച്ചുഗീസ് അധികാരത്തിന്റെ *ius patronatus* പ്രകാരം സ്ഥാനലബ്ധി അംഗീകരിച്ചുറപ്പിച്ചു. പ്രതിനിധിസംഘം തങ്ങളുടെ ഗൂഢലക്ഷ്യമായി അവതരിപ്പിച്ചിരുന്നില്ലെങ്കിലും കൊടുങ്ങല്ലൂർ ആർച്ചു ബിഷപ്പായുള്ള കരിയാറ്റിലിന്റെ സ്ഥാനലബ്ധി, പ്രൊപ്പഗാന്ത മിഷനറിമാരിൽനിന്നും വിടുതൽ പ്രാപിക്കുവാനുള്ള തന്ത്രപരമായ നീക്കമായി പോർച്ചുഗീസുകാർ പരിഗണിച്ചു. റോമൻ ദൗത്യം പരാജയപ്പെട്ടെങ്കിലും കരിയാറ്റിലിനെ മെത്രാപ്പോലീത്തായായി ഉയർത്തിക്കൊണ്ട് മലബാർ സഭയുടെ മുകളിൽ പദ്രുവാദോയുടെ അധികാരം അരക്കിട്ടുറപ്പിച്ചു. 1783 ഫെബ്രുവരി 13-ന് ലിസ്ബണിലുള്ള സെന്റ് ബെനഡിക്റ്റിൻ ദേവാലയത്തിൽ വച്ച് മാർ കരിയാറ്റിൽ അഭിഷിക്തനാവുകയും മാർച്ച് 17-ന് അധികാര സൂചകമായ പാലിയം സ്വീകരിക്കുകയും ചെയ്തു. പുതിയ ആർച്ചുബിഷപ്പിന്റെ ശത്രുക്കൾ എണ്ണത്തിലധികവും ശക്തവും പ്രവർത്തനനിരതവുമായിരുന്നു. ആർച്ചുബിഷപ്പായ പുതിയ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായുടെ സ്ഥാനലബ്ധി പ്രൊപ്പഗാന്ത മിഷനറിമാർക്കു മാത്രമല്ല പോർച്ചുഗീസുകാർക്കുതന്നെ പ്രതിബന്ധമാകുമെന്നുള്ള കിംവദന്തി പരന്നതുകൊണ്ട് കരിയാറ്റിൽ മെത്രാപ്പോലീത്തായുടെയും പാറേമ്മാക്കലിന്റെയും തിരിച്ചു യാത്ര രണ്ടു വർഷത്തോളം വൈകാൻ ഇടയായി. ഈ കാലതാമസത്തെ ക്കുറിച്ച് പാറേമ്മാക്കൽ വർത്തമാന പുസ്തകത്തിൽ സൂചിപ്പിക്കുന്നുണ്ട്.

കാരിയാറ്റിൽ മെത്രാപ്പോലീത്തായെ അഭിഷേകം ചെയ്തതിന് ശേഷം മാത്രമേ അതിൽ അന്തർലീനമായിരിക്കുന്ന അപകടങ്ങളെക്കുറിച്ച് അവർ ബോധവാന്മാർആകുന്നത്. പ്രാദേശിക മെത്രാന്റെ നേതൃത്വത്തിൽ എല്ലാ മാർത്തോമ്മാക്രിസ്ത്യാനികളും ഒരു തലവന്റെ കീഴിൽ ഒന്നാകുന്നതിലുള്ള അപകടം അവർ മണത്തു. മിഷനറിമാരുടെ ദുഷ്പ്രചരണം നിമിത്തം കാരിയാറ്റിലിന്റെ മടക്കയാത്രയെ സംബന്ധിച്ച് പ്രൊപ്പഗാന്തഫിദെയി ഒട്ടും ആവേശഭരിതമായിരുന്നില്ല. സാഹചര്യത്തിന്റെ സമ്മർദത്താലും മലബാറിലുള്ള മിഷനറിമാർക്കെതിരായി മാർത്തോമ്മാ ക്രിസ്ത്യാനികൾ തിരിയു

മെന്ന് ഭയപ്പെട്ടതിനാലും മടക്കയാത്ര വെച്ചു താമസിപ്പിക്കാതെ അനുവദിക്കുവാൻ പോർച്ചുഗീസ് അധികാരികൾ തീരുമാനിച്ചു.

### പുനരൈക്യത്തിനുള്ള അനുവാദവും ഭാഗികമായ ദൗത്യപൂർത്തീകരണവും

നേരത്തെ കണ്ടതുപോലെ 1780 സെപ്. 28ന്, കൊച്ചി ബിഷപ്പും ഗോവയുടെ അഡ്മിനിസ്ട്രേറ്ററുമായ Emmanuel of st. Catherine നെ മാർത്തോമ്മാ ആറാമന്റെ പുനരൈക്യത്തിനായുള്ള ആത്മാർത്ഥതയും സത്യസന്ധതയും പരിശോധിക്കുവാൻ ചുമതലപ്പെടുത്തിയിരുന്നു. ഒന്നും ചെയ്യാത്ത സാഹചര്യത്തിൽ ഗോവ വിട്ടു മലബാറിലേക്ക് പോകുവാൻ അനുവാദം ലഭിക്കാത്ത സാഹചര്യത്തിൽ കൊച്ചിയുടെ സഭാഗവർണറായ ഫാ. ജോസെ സൊലെഡാഡെയെ (Fr. Jose da sloedade OCD) ചുമതലപ്പെടുത്തി. ഫാ. ജോസെ, മാർത്തോമ്മാ ആറാമനെ ഐക്യത്തിൽ സ്വീകരിക്കുവാൻ ചുമതലപ്പെടുത്തിയിരുന്ന എമ്മാനുവേൽ മെത്രാനും, 1782 ജനുവരി 16ന് വിശദമായ പഠനത്തിലും പരിശോധനയ്ക്കും ശേഷം ദീർഘമായ ഒരു റിപ്പോർട്ട് സമർപ്പിച്ചു. സൊലെഡാഡെയുടെ നിർദേശപ്രകാരം എല്ലാം ചെയ്യുവാനുള്ള അധികാരം ഇല്ലാത്തതിനാൽ 1783 ഫിബ്രവരി 15ന് മാർത്തോമ്മാ ആറാമന് അനുകൂലമല്ലാതെ തന്റെ വ്യക്തിപരമായ അഭിപ്രായങ്ങളും നിരീക്ഷണങ്ങളും രേഖപ്പെടുത്തിയ റിപ്പോർട്ട് പ്രൊപ്പഗാന്തഫിദെയിക്ക് സമർപ്പിച്ചു. 1783 ജൂലൈ 18ന് ബിഷപ്പ് ഇമ്മാനുവേൽ ഗോവയുടെ ആർച്ച് ബിഷപ്പാവുകയും ഫാ. ജോസെ കൊച്ചിയുടെ ബിഷപ്പാവുകയും ചെയ്തു.

ഗോവയുടെ ആർച്ച് ബിഷപ്പായി ഇമ്മാനുവേലും, കൊച്ചിയുടെ ബിഷപ്പായി ഫാ. സൊലെഡാഡെയും കൊടുങ്ങല്ലൂർ ആർച്ച് ബിഷപ്പായി കരിയാറ്റിയും അവരോധിക്കപ്പെട്ടതോടെ മലബാറിന്റെ സഭാപരമായ പുതിയ സാഹചര്യങ്ങൾ പ്രൊപ്പഗാന്ത ഫിദെ ശരിക്കും നിരീക്ഷിച്ചു. 1784 മെയ് 17-ാം തീയതിയിലെ സമ്മേളനത്തിൽ ഏറെ പരിചിന്തനങ്ങൾക്ക് ശേഷം അന്തിമതിരുമാനം എടുക്കാതെ പ്രശ്നപരിഹാരത്തിനായി മാർ കരിയാറ്റിയെഭരംമേല്പിച്ചു. യഥാർത്ഥത്തിൽ നാലുവർഷങ്ങൾക്കുമുമ്പ് മാർത്തോമ്മായെ സംബന്ധിച്ച കാര്യങ്ങളിൽ തീരുമാനമെടുക്കുവാൻ എമ്മാനുവേൽ മെത്രാനു നൽകിയ അധികാര പദവികൾ മാർ കരിയാറ്റിക്ക് നൽകുവാൻ പരിശുദ്ധസിംഹാസനത്തിന്റെ അനുവാദം അപേക്ഷിക്കുവാനുള്ള തീരുമാനമെടുത്തു.

ഇന്ത്യയിൽ നിന്നുള്ള അപൂർണ്ണമായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മാർത്തോമ്മാ ആറാമന്റെ സത്യവിശ്വാസ

ത്തെയും തിരുപട്ടത്തിന്റെ സാധുതയെയുംകുറിച്ചും സ്വഭാവജീവിത ശൈലികളെക്കുറിച്ചും സത്യവിശ്വാസത്തെ സംബന്ധിച്ചും യഥാർത്ഥ മാനസാന്തരത്തെക്കുറിച്ചും തുറന്ന അന്വേഷണം നടത്തി റിപ്പോർട്ടു സമർപ്പിക്കുവാൻ ചുമതലപ്പെടുത്തികൊണ്ട് കരിയാറ്റി മെത്രാപ്പോലീത്തയ്ക്ക് എഴുതുവാൻ കർദ്ദിനാൾമാർ തീരുമാനിച്ചു. ഈ കടമകൾ നിറവേറ്റുന്നപക്ഷം മെത്രാനടുത്ത ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നതിനെ സംബന്ധിച്ച അന്തിമതീരുമാനം പരിശുദ്ധ പിതാവിൽമാത്രം നിക്ഷിപിതമാക്കികൊണ്ട് മാർത്തോമ്മാ ആറാമനെ കത്തോലിക്കാസഭയിലേക്ക് സ്വീകരിക്കുവാൻ കർദ്ദിനാൾമാർ കരിയാറ്റിയെ ചുമതലപ്പെടുത്തി.

1784 ജൂലൈ 10ന്പ്രൊപ്പഗാന്തഫിദെയി ഈ തീരുമാനങ്ങൾ കരിയാറ്റിയെഅറിയിക്കുകയും സത്യവിശ്വാസപ്രഖ്യാപനത്തിനു ശേഷം പൗരോഹിത്യത്തിന്റെ നിയമാനുസൃതമായ സാധുത പരിശോധിച്ചശേഷം മാർത്തോമ്മാ ആറാമനെ കത്തോലിക്കാ സഭയിലേക്ക് പുനർപ്രവേശിപ്പിക്കുവാൻ മാർ കരിയാറ്റിലിനെ അധികാരപ്പെടുത്തി.

പദുവാദ്രോ ആർച്ച്ബിഷപ്പായ കരിയാറ്റിലിന് ഈ അനുവാദം നല്കിയപ്പോൾ പ്രൊപ്പഗാന്ത തങ്ങളുടെ മലബാറിന്റെമേലുള്ള അധികാരം ഉറപ്പിക്കുകയാണ് ചെയ്തത്. മാർത്തോമ്മാ ആറാമന്റെ പുനരൈക്യപ്രവേശനത്തിനു ഗോവൻ ആർച്ച് ബിഷപ്പിനും അധികാരം നല്കണമെന്ന് പദുവാദ്രോ റോമനോട് ആവശ്യപ്പെട്ടു. ഈ അപേക്ഷ പ്രൊപ്പഗാന്ത നിരസിക്കുകയും അനുരഞ്ജന സൂചകമായി ഒരു പ്രതിനിധിയെ പുനരൈക്യചടങ്ങിൽ പങ്കെടുക്കുവാൻ ഗോവൻ ആർച്ച്ബിഷപ്പിന് അയയ്ക്കാമെന്ന് നിർദേശിക്കുകയും ചെയ്തു.

സർവ്വഅധികാരങ്ങളോടുംകൂടെ മാർത്തോമ്മായെ കത്തോലിക്കാസഭയിൽ സ്വീകരിക്കുവാൻ മാർ കരിയാറ്റിലിനെ ചുമതലപ്പെടുത്തിയിരുന്നുഎന്നാണ് പൊതുവെയുള്ള വിശ്വാസം. യഥാർത്ഥത്തിൽ മാർത്തോമ്മായെ കത്തോലിക്കാസഭയിൽ സാധാരണഒരു വൈദികനായി സ്വീകരിക്കുവാൻ മാത്രമേ കരിയാറ്റിലിന്അധികാരമുണ്ടായിരുന്നുള്ളൂ. കൂടാതെ തിരുപ്പട്ടത്തിന്റെ സാധുതയെസംബന്ധിച്ചുള്ള പരിശുദ്ധസിംഹാസനത്തിന്റെ വ്യക്തമായ ഉറപ്പ് കൂടാതെ മെത്രാനടുത്ത യാതൊരു കടമകളും ചെയ്യുന്നതിൽനിന്ന് അദ്ധേഹത്തെ വിലക്കുവാൻ മാർ കരിയാറ്റിലിനെചുമതലപ്പെടത്തിയിരുന്നു. പരിശുദ്ധസിംഹാസന ത്തിന്റെ ഈ തീരുമാന ത്തിന്റെ പശ്ചാത്തലത്തിൽ റോമിലും ലിസ്ബണിലുമായി അഞ്ചുവർഷം നീണ്ടുനിന്ന എക്യുമെനിസത്തിന്റെ വക്താക്കളായ രണ്ടു സഭാസ്നേഹികളുടെ അശ്രാന്തപരിശ്രമ

ത്തിന്റെ പൂർത്തീക രണത്തിൽ ഐക്യത്തിന്റെ നേരിയ പ്രകാശ കിരണങ്ങൾ ഉദയം ചെയ്തുതുടങ്ങി. എന്തായാലും മാർത്തോമ്മാ ആറാമന്റെ പുനരൈക്യം മാർ കരിയാറ്റിലിന്റെ അധികാരത്തിൻ കീഴിലായി, ഗോവൻ മെത്രാപ്പോലീത്തായുടെ കൂടെയാണെങ്കിൽപോലും!

## കരിയാറ്റിയുടെ അപ്രതീക്ഷിതമരണവും ഐക്യശ്രമത്തിനേറ്റ തിരിച്ചടിയും

1785 ഏപ്രിൽ 23ന് സഭൈക്യത്തിന്റെമുന്നണി പോരാളികളായ അവർ ഒരു പോർട്ടുഗീസ് കപ്പലിൽ മലബാറിലേക്ക് തിരിച്ചു. ബ്രിസീലിലെ ബാഹിയായിലുള്ള ദീർഘവാസത്തിനുശേഷം ശ്രീലങ്കൻ ദ്വീപിനെചുറ്റി 1786 ഏപ്രിൽ മലബാർതീരത്തു എത്തിച്ചേർന്നെങ്കിലും മാർ കരിയാറ്റിയും പാറേമ്മാക്കലും ഗോവയിലേക്ക് തിരിക്കുകയും 1786 മെയ്1ന് എത്തിച്ചേർന്നഅവർ നാലുമാസത്തോളം അവിടെ വസിക്കുകയും, ചെയ്തു. നിർഭാഗ്യവശാൽ 1786 സെപ്റ്റംബർ 9ന് മാർകരിയാറ്റിൽ ഗോവയിൽ വെച്ച് ദിവംഗതനായി. സുറിയാനി മാർത്തോമ്മാ ക്രിസ്ത്യാനികളെ സംബന്ധിച്ച് അപരിഹാര്യമായ നഷ്ടമായിരുന്നു അത്. 1786 സെപ്റ്റംബർ 11 ന് കത്തീഡ്രൽ പള്ളിയിൽ അദ്ധേഹത്തിന്റെ സംസ്കാരം നടന്നു. മരണത്തിന്റെ കാരണം ഇന്നും രഹസ്യമായി നിലകൊള്ളുന്നു. മാർ കരിയാറ്റി കേരളത്തിൽ എത്തിച്ചേർന്നിരുന്നെങ്കിൽ മാർത്തോമ്മാ ആറാമനും മലങ്കരസഭയും മാതൃസഭയിലേക്ക് സ്വീകരിക്കപ്പെടുകയും അന്ത്യോക്യൻ റീത്തും ഓർത്ത ഡോക്സ് വിശ്വാസപ്രമാണങ്ങളും സുറിയാനിസഭയിൽ വ്യാപിക്കപ്പെടാതിരിക്കാനും അങ്ങനെ മാർത്തോമ്മാ ക്രിസ്ത്യാനികൾ ഒരൊറ്റ സഭയായി നിലനിൽക്കുകയും ചെയ്യുമായിരുന്നു. വൈപരീത്യമെന്യെ മാർ കരിയാറ്റിയുടെ മരണം, എല്ലാ മുറിവുകളെ യും ഉണക്കുന്ന പ്രതീക്ഷയുടെ അവസാനകരിന്തിരിനാളത്തെയും കെടുത്തികളഞ്ഞു.

മാർ കരിയാറ്റിയുടെ മരണശേഷം വിശ്വാസികളെ ശാന്തരാക്കുവാൻ ഗോവൻ ആർച്ച്ബിഷപ്പ് എമ്മാനുവേൽ സെന്റ് കാതറീൻ തോമസ് പാറേമ്മാക്കലിനെ ക്രാങ്കനൂർ അതിരൂപതയുടെ അഡ്മിനിസ്ട്രേറ്ററായി നിയമിച്ചു (1787–1799). പക്ഷേ മലബാറിലെ മിഷനറിമാരുടെ എതിർപ്പുമൂലവും അധികാരത്തിന്റെ അഭാവം മൂലവും പുനരൈക്യപ്പെടുത്തുവാൻ പാറേമ്മാക്കലിന് സാധിച്ചില്ല. 1780 മുതൽ പ്രൊപ്പഗാന്തഫിദെയി മാർത്തോമ്മാ ആറാമനെ കത്തോലിക്കാസഭയിലേക്ക് സ്വീകരിക്കുന്നതിനെ സംബന്ധിച്ച് ഭാവാത്മകമായ നിലപാടുകൾ കൈകൊണ്ടിരുന്നുവെ ങ്കിലും, സംശയാസ്പദമായ റിപ്പോർട്ടുകളും അനവധി നിഷേധാത്മകമായ

കത്തുകളും മലബാറിലെ മിഷനറിമാരുടെയും സഭാധികാരികളുടെയും സംശയങ്ങളും മൂലം, പുനരൈക്യം സാധ്യമായില്ല.

മാർ കാരിയാറ്റിലിന്റെ മരണശേഷം മാർ തോമസ്ആറാമൻ തന്റെ പരിശ്രമങ്ങൾ 1799വരെ ആത്മാർത്ഥമായി തുടർന്നു. എന്നാൽ പ്രൊപ്പഗാന്തയുടെയും പദ്രുവാദോ അധികാരികളുടെയും നിസ്സഹകരണവും മൂലം പ്രത്യേകമായി കർമ്മലീത്താ മിഷനറിമാരുടെ ശക്തമായ എതിർപ്പുമൂലവും പുനരൈക്യശ്രമങ്ങൾ ഫലമണിഞ്ഞില്ല. 1808 മെയ് 13ന് തന്റെ ചിരകാലസ്വപ്നമായ മാതൃസഭയുമായുള്ള പുനരൈക്യം പൂർത്തിയാകാതെ മാർത്തോമ്മാ ആറാമൻ കാലയവനികയ്ക്കുള്ളിൽ മറഞ്ഞു.

## ഇരുപതാം നൂറ്റാണ്ടിലെ എക്യുമെനിക്കൽ പരിശ്രമങ്ങൾ

1808 ൽ മാർത്തോമ്മാആറാമന്റെ മരണശേഷം മാർ ദിവ്യാന്നോസ് അഞ്ചാമന്റെ (1876–1909) നേതൃത്വത്തിലുള്ള ഒരു പുനരൈക്യശ്രമം മാത്രമേ പ്രധാനമായും നാം കാണുന്നുള്ളൂ. മാർത്തോമ്മാ കത്തോലിക്കരുടെ ഇടയിൽനിന്ന് ഉയർന്നുവന്ന ഫാ. ഇമ്മാനുവേൽ നിധിരി എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ അമരക്കാരനായി. മാർ ദിവ്യാന്നോസിനോടു ചേർന്ന് സിറിയൻ നാഷണൽ അസോസിയോഷൻ എന്ന പ്രസ്ഥാനം നിധിരി വളർത്തിയെടുക്കുകയും കത്തോലിക്കരും യാക്കോബായക്കാരും തമ്മിലുള്ള ഐക്യം വീണ്ടെടുക്കുവാൻ സാമൂഹ്യപ്രവർത്തനങ്ങളിലൂടെയും വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെയും അദ്ധേഹം പരിശ്രമിച്ചു. ആ കാലഘട്ടങ്ങളിൽ അപ്രകാരമൊരു മുന്നേറ്റം സാധാരണമല്ലാതിരുന്ന അവസ്ഥയിൽ റോമൻ അധികാരികളും പ്രാദേശിക നേതാക്കളും അതിനെ ശക്തിയുക്തം എതിർത്തതുകൊണ്ട് ശൈശവത്തിലെ ഈ പരിശ്രമം മരണമടഞ്ഞു. മറ്റുപലരീതികളിലും സഭൈക്യത്തിനായി അവർ പരിശ്രമിച്ചെങ്കിലും അവരുടെ ശ്രമം ഫലപ്രാപ്തിയിൽ എത്തിയില്ല.

നേരത്തെ നാം കണ്ടതുപോലെ വിഭജനം മൂലം ആംഗ്ലിക്കവത്കരണത്തിനും, അന്തോക്യവത്കരണത്തിനും മറ്റുപല വിഭജനങ്ങൾക്കും മലങ്കരസഭവിഭജനം കാരണമായി. കാലക്രമത്തിൽ അന്തോക്യൻ പാത്രിയാർക്കീസ് പുനരൈക്യത്തിന്റെ സാധ്യതകൾ കേരളമണ്ണിൽ അടച്ചുകൊണ്ട് സഭയുടെ തലവനാകുകയും ചെയ്തു. യാക്കോബസഭയുടെ പിളർപ്പും 1912ൽ പാത്രിയാർക്കിസിൽനിന്ന് മലങ്കര ഓർത്തഡോക്സ് സിറിയൻ സഭ വിടുതൽ പ്രാപിച്ച് സ്വതന്ത്രകത്തോലിക്കേറ്റായി മാറിയപ്പോൾ കത്തോലിക്കസഭയുമായുള്ള പുനരൈക്യപരിശ്രമങ്ങൾ വീണ്ടും ശക്തമായി.

1913 മെയ് 2ന് മലങ്കര ഓർത്തഡോക്സ് സിറിയൻ സഭയുടെ പ്രഥമ കാതോലിക്കോസ് ആയിരുന്ന പൗലോസ് മാർ ബസേലിയോസ് നിര്യാതനായി.1925ഏപ്രിൽ 30 ന് കാലവിളമ്പ ത്തോടെ ബസേലിയോസ് ഗ്രീവർഗിസ് ഒന്നാമൻ സ്ഥാനമേറ്റു. പിറ്റേന്ന് മെയ് 1 ന് ഫാ.പി.റ്റി. വർഗ്ഗീസ് ബെഥനിയുടെ മെത്രാനായി ഗ്രീഗവർഗ്ഗീസ് മാർ ഇവാനിയോസ് എന്ന നാമം സ്വീകരിച്ച് അഭിക്ഷിക്തനായി.

## റോമുമായുള്ള മാർ ഇവാനിയോസിന്റെ പ്രാഥമിക ആശയ വിനിമയം

വിഭിജിതമായ മലങ്കര ഓർത്തഡോക്സസഭയിലെ രണ്ട് വാഭാഗങ്ങൾ തമ്മിലും ഓർത്തഡോക്സ് അന്തോക്യൻ പാത്രീയാർക്കീസുമായുള്ള എല്ലാം ഐക്യശ്രമങ്ങളും പരാജയപ്പെട്ടു. സ്വതന്ത്ര കതോലിക്കേറ്റായ അന്തോക്യയിലെ സിറിയൻ കത്തോലിക്കാ പാത്രീയാർക്കീസായ ഇഗ്നേഷ്യസ് എഫ്രേംII റെഹ്മാനിയുടെ പ്രേരണ നിമിത്തം കത്തോലിക്കാസഭയുമായുള്ള ഐക്യത്തിന്റെ സാധ്യതയെക്കുറിച്ച് ഗൗരവപരമായചിന്തകൾ ഉയർന്നു. 1926 നവംബർ1ന് കതോലിക്കോസ് മാർബസേലിയോസിന്റെ അധ്യക്ഷതയിൽ തിരുവല്ലായിലുള്ള പരുമലയിൽചേർന്ന സിനഡിൽ ഗീവർഗ്ഗീസ് മാർ ഇവാനിയോസിനെ കത്തോലിക്കാ സഭയുമായി പൂർണഐക്യത്തിന്റെ സാധ്യതകളെ സംബന്ധിച്ച ചർച്ചകൾക്കായി അധികാരപ്പെടുത്തി നിയോഗിച്ചു.

സിനഡൽ തീരുമാനപ്രകാരം 1926 നവംബർ 1 ന് കത്തോലിക്കാസഭയിലേക്കുള്ള പുനരൈക്യത്തിന്റെ സാധ്യതകളെ സൂചിപ്പിച്ച് മാർ ഇവാനിയോസ് ഒരനൗദ്യോഗിക മെമ്മോറാണ്ടം റോമിനയച്ചു. പുനരൈക്യത്തിനായുള്ള ആഗ്രഹം പ്രകടിപ്പിച്ച് കതോലിക്കേറ്റിന്റെ നൈയാമിക, ഭരണപരമായ, ശിക്ഷണപരമായ എല്ലാം അധികാരങ്ങളും ആത്മീയവും സഭാപരവുമായി സഭയിൽ പ്രയോഗിക്കുവാൻ അധികാരമുള്ള സ്വതന്ത്രമായ മലങ്കര സഭയുടെ തനതാത്മകതയെക്കുറിച്ച് മെമ്മോറണ്ടത്തിൽ മാർ ഇവാനിയോസ് സൂചിപ്പിച്ചിരുന്നു.

പരിശുദ്ധസിനഡിനെ ഒരിക്കലും അന്ത്യോക്യൻ സിറിയൻ കത്തോലിക്കാ പാത്രിയാർക്കിസിന്റെ പരിധിയിൽ നിർത്തേണ്ട ആവശ്യമില്ല, കാരണം സിനഡിന്തന്നെ കതോലിക്കേറ്റിന്റെ ഉള്ളിൽ എല്ലാംനൈയാമിക ഭരണപരമായ പാത്രീയാർക്കൽ അധികാരങ്ങളുണ്ട്. റോമൻ സിംഹാസനത്തിന്റെ പ്രഥമത അംഗീകരിച്ച് അന്തോക്യൻ റീത്തും ആചാരങ്ങളും പരിരക്ഷിച്ച് സിനഡിന്റെ എല്ലാവിധ അധികാരങ്ങളും സംരക്ഷിച്ചുകൊണ്ടുള്ള മുഴുവൻ കതോലിക്കേറ്റിന്റെയും പുനരൈക്യമായിരുന്നു പ്രഥമലക്ഷ്യം.

കാതോലിക്കോസ് മാർ ബസേലിയോസ് ഗീവർഗ്ഗീസ് I-മൻ 1928 ഡിസംബർ 17 – ന് നിര്യാതനായി. മാർ ദിവാന്ന്യോസ് മൂന്നാം കാതോലിക്കോസായി, ബസേലിയോസ് ഗീവർഗ്ഗീസ് II എന്ന സ്ഥാനപേര് സ്വീകരിച്ച് 1929 ഫിബ്രവരി 15 ന് അഭിക്ഷിക്തനായി.1929 ഓഗസ്റ്റ് 5ന് മാർ ഇവാനിയോസിന്റെ നിവേദനത്തിന് കത്തോലിക്കാ സിറിയൻ പാത്രിയാക്കിസിൽ നിന്നും പൂർണ്ണമായി സ്വതന്ത്രമായും അന്തോക്യൻ റീത്ത് സംരക്ഷിച്ചു കൊണ്ടും വിശ്വാസികളുടെ മേലുള്ള ഭരണാധികാരം, ഐക്യപ്പെട്ടു വരുന്ന മെത്രാൻമാർക്ക് ലഭിക്കുമെന്നും റോം മറുപടി നൽകി. എങ്കിലും കതോലി ക്കോസി ന്റെ നിലപാടുകളെയും സിനഡിനെയുംകുറിച്ച് പരിശുദ്ധ സിംഹാസനം ഇപ്രകാരം സൂചിപ്പിച്ചു: കത്തോലിക്കാ സഭയുടെ ഭരണരീതിയനുസരിച്ച് സിനഡിൽ രൂപത്തിലുള്ള എപ്പിസ്കോപ്പൽ ഭരണം സാധ്യമല്ലെന്നും മലബാർസഭയുടെ പുരാതനപാരമ്പര്യ ത്തിന് ചേരാത്ത കതോലിക്കോസ് എന്ന സ്ഥാനപേര് നിലനിർ ത്താൻ സാധ്യമല്ലെന്നും അറിയിച്ചു.

കൂടാതെ ഭാവിയിൽ വൈദികരുടെ നിർബന്ധ ബ്രഹ്മചര്യത്തെ ക്കുറിച്ചും കത്തിൽ സൂചിപ്പിച്ചിരുന്നു. പൗരസ്ത്യകാര്യാലയത്തിന്റെ മറുപടി, സഭാതലവന്റെ കീഴിൽ സിനഡിന്റെ കൂട്ടായ ഭരണ നിർവഹണസംവിധാനമുള്ള കിഴക്കിന്റെ സഭകളുടെ ഔദ്യോഗി കപാരമ്പര്യത്തിന് വിരുദ്ധമായിരുന്നു. കൂടാതെ നിബന്ധിത ബ്രഹ്മചര്യം പാരമ്പര്യത്തിൽ ഉൾപ്പെട്ടിരുന്നില്ല.

**റോമിന്റെ അന്തിമതീരുമാനം**

സാമൂഹിക രാഷ്ട്രീയകാരണങ്ങളാലും കതോലിക്കോസ് എന്ന സ്ഥാനപേരും സിനഡിന്റെ ഘടനയും റോം അംഗീകരിക്കായ്ക മൂലവും കതോലിക്കോസ് മാർ ബസേലിയോസ് ഗീവർഗ്ഗീസ് II-ാമന് പുനരൈക്യത്തിനുള്ള എല്ലാം താൽപര്യവും നഷ്ടപ്പെട്ടു. അതേ സമയം മാർ ഇവാനിയോസ് കത്തോലിക്കാസഭയുമായി ഐക്യ പ്പെടേണ്ട ആവശ്യകതയെക്കുറിച്ച് ബോധ്യമുണ്ടായിരുന്നതു കൊണ്ട് പുനരൈക്യലക്ഷ്യവുമായി മുന്നോട്ടുനീങ്ങി. കതോലിക്കേറ്റ് മെത്രാൻമാരുടെ ഇടയിൽ തിരുവല്ലമെത്രാനായിരുന്ന മാർ തിയോഫിലോസ് മാത്രമാണ് ഇവാനിയോസിനെ അനുഗമിക്കാൻ തയ്യാറായിരുന്നത്. അനേകം നാളത്തെ ആശയവിനിമയങ്ങൾക്ക് ശേഷം 1930 ജൂലെ 4ന് പൗരസ്ത്യസഭകൾക്കായുള്ള വിശുദ്ധ കാര്യാ ലയം ഒന്നിച്ചു കൂടി ബഥനിയുടെ ആർച്ച് ബിഷപ്പായിരുന്ന മാർ ഇവാനിയോസിനെയും തിരുവല്ല മെത്രാനായിരുന്ന മാർ തിയോഫിലോസിനെയും കത്തോലിക്കാ സഭയിലേക്ക് സ്വീകരിക്കു വാൻ തീരുമാനിച്ചു. പ്രധാന നിർദേശങ്ങൾ ഇപ്രകാരമായിരുന്നു:

1. സുറിയാനി കൽദായ ഉൽഭവമുള്ള സിറോ മലബാർ സഭയുടെ റീത്തുമായി കൂടികലരാതെ, തനതായ അന്ത്യോക്യൻ റീത്ത് തുടരാൻ അനുവദിക്കപ്പെട്ടു.

2. വിശുദ്ധമാമ്മോദീസായുടെയും തിരുപട്ടത്തിന്റെയും മെത്രാഭിഷേകത്തിന്റെയും സാധുത പരിശോധിച്ച് തൽസ്ഥിതിയിൽ സ്ഥാനീയ അധികാരങ്ങളോടെ മാർ ഇവാനിയോസിന് ബെഥനിയിൽ മെത്രാനായും പദവിയിൽ മെത്രാൻപ്പോലീത്തൻ ആർച്ച് ബിഷപ്പായി തുടരുവാനും തിരുവല്ല മെത്രാനായി മാർ തിയോഫിലോസിന് നിലനിൽക്കാനും അനുവാദം നൽകി.

3. സ്ഥാനികനാമമായ കതോലിക്കേറ്റ് / കാതോലിക്കോസിനെ സംബന്ധിച്ച് അന്തിമതീരുമാനം നീട്ടിവെയ്ക്കപ്പെട്ടു. മാർ ഇവാനിയോസും മാർ തിയോഫിലോസും അന്ത്യോക്യായിലെ സിറിയൻ പാത്രിയാർക്കിസിനെ ആശ്രയിക്കാതെ റോമിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലായിരിക്കും.

4. ആരാധനക്രമ പുസ്തകങ്ങൾ (കുർബാന, അനുഷ്ഠാന പുസ്തകങ്ങൾ, പൊന്തിഫിക്കൻ) പ്രൊപ്പഗാന്തയിൽ നിന്നു വരുന്നതായിരിക്കും.

5. സ്ഥാനീയ നാമം: അന്ത്യോക്യൻ റീത്തിലുള്ള സിറോ മലബാർ കത്തോലിക്കർ അല്ലെങ്കിൽ സുറിയാനി അന്ത്യോക്യൻ റീത്തിലുള്ള മലബാർ കത്തോലിക്കർ അല്ലെങ്കിൽ സിറോ-മലബാർ അന്ത്യോക്യൻ സഭ. എന്ന് വിളിക്കപ്പെടും.

6. *Filioque* - നെ സംബന്ധിച്ച് : കത്തോലിക്ക പ്രബോധനം സർവ്വരും പിൻതുടരണം.

7. ബ്രഹ്മചര്യത്തെ സംബന്ധിച്ച് : ഭാവിയിൽ അവിവാഹിതനായി തുടരാമെന്നുള്ള വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ തിരുപട്ടത്തിലേക്ക് അർത്ഥികളെ സ്വീകരിക്കൂ.

ഈ നിർദേശങ്ങളുടെ പശ്ചാത്തലത്തിൽ നിന്ന് പുതുതായി രൂപംകൊണ്ട പൗരസ്ത്യ കത്തോലിക്കാസഭയുടെ തനതാത്മകതയും സിറോമലബാർസഭയിൽ നിന്നുള്ള വ്യതിരിക്തതയും വെളിവാക്കപ്പെടുന്നു. അന്ത്യോക്യയിലെ സിറിയൻ കത്തോലിക്കാ പാത്രിയാർക്കേറ്റിന്റെ ഭാഗമാകാതെ സ്വതന്ത്ര വ്യക്തിഗത സഭയായി പരിശുദ്ധസിംഹാസനത്തിന്റ കീഴിൽ നില നിൽക്കാൻ പുതിയ സഭയ്ക്ക് സാധിച്ചു.

### സമ്പൂർണ്ണ ഐക്യം: ചിരകാലസ്വപ്നത്തിന്റെ സാക്ഷാത്കാരം

1930 സെപ്റ്റംബർ 20-ന് മാർ ഇവാനിയോസും മാർ തിയോഫിലോസും മറ്റ് അനേകരും കത്തോലിക്കാസഭയിലേക്ക് റോമിന്റെ പ്രത്യേക പ്രതിനിധിയായിവന്ന കൊല്ലം ബിഷപ്പ് മോൺ.

അലോഷ്യസ് മരിയ ബെൻസിങ്കറിന്റെ സാന്നിധ്യത്തിൽ സ്വീകരിക്കപ്പെട്ടു. പിന്നീട് മാർ ഇവാനിയോസിന്റെ മാതാപിതാക്കളും ബന്ധുക്കളും ബെഥനിസിസ്റ്റേഴ്സിന്റെ മുഴുവൻ അംഗങ്ങളും OIC (Order of the Imitation of Christ) സമൂഹവും ചില വൈദികരും കത്തോലിക്കാകൂട്ടായ്മയിലേക്ക് കടന്നുവന്നു. മാർ ഇവാനിയോസിനെയും മാർ തിയോഫിലോസിനെയും അവരുടെ മെത്രാനടുത്ത പദവികൾ അംഗീകരിച്ചു കൊണ്ടാണ് കത്തോലിക്കാസഭയിലേക്ക് സ്വീകരിച്ചത്. പക്ഷേ ഭൂമിശാസ്ത്രപരമായ അധികാരസീമകൾ ന്ശ്ചയിക്കുകയോ ഹയരാർക്കി സ്ഥാപിക്കുകയോ ചെയ്തിട്ടില്ലായിരുന്നു. മാർ ഇവാനിയോസിന് മെത്രാപ്പോലീത്തൻ ആർച്ച് ബിഷപ്പ് എന്ന സ്ഥാനീയപദവിയോടെ ഓർത്തഡോക്സ് സഭയിൽനിന്നും കത്തോലിക്കാവിശ്വാസം സ്വീകരിച്ച് തിരിച്ചുവന്ന എല്ലാം വിശ്വാസികളുടെയുംമേൽ  അധികാരം ഉണ്ടായിരുന്നു.

### സിറോ മലങ്കരസഭയുടെ ഹയരാർക്കി സ്ഥാപനം

1932 ഫെബ്രുവരി 13-ന് *Magnum Nobis* എന്ന തിരുവെഴുത്ത് വഴി രണ്ട് രൂപതകൾ സ്ഥാപിക്കപ്പെട്ടു. വളരെ വേഗത്തിലുള്ള ഈ സഭയുടെ വളർച്ച കണ്ട് ബോധ്യപ്പെട്ട പരിശുദ്ധപിതാവ് പിയൂസ് XI, 1932 ജൂൺ 11ന് *Christo Pastorum Principi* എന്ന ശ്ലൈഹിക പ്രബോധനം വഴി സിറോമലങ്കര ഹയരാർക്കി സ്ഥാപിച്ചു.

മാർപാപ്പ രണ്ട് രൂപതകൾ, തിരുവനന്തപുരം മെത്രാപ്പോലീത്തൻ സിംഹാസനമായും തിരുവല്ല അതിന്റെ സമാന്തര രൂപതയായി നിശ്ചയിച്ചു. മലങ്കരസഭയുടെ അതിർത്തികൾ  കൊല്ലം, കോട്ടാർ, കൊച്ചി, വരാപ്പുഴ തുടങ്ങിയ ലത്തീൻ രൂപതകളുമായി പങ്കുവെയ്ക്കുന്നു. വടക്ക് പമ്പാനദിയും തെക്ക് കന്യാകുമാരിയുമായി കേരളത്തിൽ മലങ്കരസഭയുടെ അതിർത്തികൾ പരിമിതപ്പെട്ടിരുന്നു. 1930 ജൂലൈ 4ന് പൗരസ്ത്യതിരുസംഘം അനേകം പേരുകൾ നിർദേശിച്ചിരുന്നെങ്കിലും സിറോ മലങ്കര എന്നുനാമം ഉപയോഗിക്കപ്പെടുകയും അത് സ്ഥിരനാമധേയമായി സ്വീകരിക്കപ്പെടുകയും ചെയ്തു.

### സീറോ-മലങ്കര കത്തോലിക്ക സഭയുടെ വളർച്ച- ഒറ്റനോട്ടത്തിൽ

സീറോ മലങ്കര ഹയരാർക്കിയുടെ സ്ഥാപനത്തിനുശേഷം 1937 നു കാത്തോലിക്കോസ് സഭാംഗമായിരുന്ന ജോസഫ് മാർ സെവേരിയോസും, 1939-ൽ പാത്രിയാർക്കിസ് കക്ഷി മാർ ഡയോസ്കോറോസും, 1977-ൽ തോഴിയൂർ സഭാംഗമായിരുന്ന പൗലോസ് മാർ ഫിലിക്സിനോസും മലങ്കര സഭയിൽ ചേർന്നു.  പുനരൈക്യത്തിനുശേഷംതെയോഫിലസിന്റെ മെത്രാനുണ്ടായിരുന്ന ഗുരുതരമായ അസുഖം മൂലം തിരുവല്ല, രൂപതയെ നയിക്കാൻ സാധിക്കാതെ

വരുകയും അവിടെ സെവേരിയൂസ് മെത്രാൻ അഡ്മിനിസ്ട്രേട്ടറായി നിയമിക്കപ്പെട്ടു. തുടർന്നു 1950 രൂപതാമെത്രാനായി സ്ഥാനമേൽക്കുകയും ചെയ്തു. സഭകളുടെ ഐക്യത്തിനുവേണ്ടി അശ്രാന്തം പ്രവർത്തിച്ച അദ്ദേഹം 1955-ൽ ഈലോകവാസം വെടിഞ്ഞു. പുനരൈക്യത്തിനുശേഷം വിശ്രമജീവിതത്തിലായിരുന്ന ഡയക്രോസ് മെത്രാൻ 1943 നിര്യാതനായി. ഫില്ക്സിനോസ് മെത്രാൻ പല സ്ഥാനങ്ങളും വഹിച്ചശേഷം 1998 പരലോകം പ്രാപിച്ചു. അതിനുശേഷം ഈ കാലംവരെയും ഓർത്തഡോക്സ് മെത്രാന്മാരൊന്നും മലങ്കര കത്തോലിക്ക സഭയുമായി പുനരൈക്യപ്പെട്ടിട്ടില്ല. എന്നിരുന്നാൽ തന്നെയും മലങ്കര ഓർത്തഡോക്സ്, മാർത്തോമ്മ, പ്രൊട്ടസ്റ്റന്റ് സഭാംഗങ്ങളായ ആയിരക്കണക്കിന് വിശ്വാസികൾ മലങ്കര സഭയിലേക്ക് ഐക്യപ്പെട്ടിട്ടുണ്ട്. ഒപ്പം അനേകം മാനസാന്തരപ്പെട്ട അക്രൈസ്തവരും ഇന്ന് മലങ്കരസഭയിൽ ചേർന്നിട്ടുണ്ട്.

1958 ഫെബ്രുവരി 14 ന് മലങ്കര സഭ മലബാറിലേക്ക് തമിഴ്നാടിന്റെയും കർണ്ണാടകയുടേയും ചില ജില്ലകളിലേക്കുകൂടി വികസിക്കപ്പെട്ടു. 1978 ഒക്ടോബർ 28 ന് ജോൺ പോൾ രണ്ടാമൻ മാർപാപ്പ constant paulum (കോൺസ്റ്റന്റ് പൗളു) എന്ന അപ്പസ്തോലിക പ്രബോധനം വഴി തിരുവല്ല രൂപതയെ വിഭജിച്ച് ബത്തേരി രൂപത സ്ഥാപിച്ചു. കേരളത്തിലെ കണ്ണൂർ, കാസർഗോഡ്, വയനാട്, മലപ്പുറം കോഴിക്കോട് തുടങ്ങിയ ജില്ലകളും, തമിഴ്നാട്ടിലെ കോയമ്പത്തൂർ, നീലഗിരി, കരൂർ താലൂക്കുകളും, കർണ്ണാടകയിലെ മൈസൂർ, മാണ്ഡ്യാ, ഹസൻ, കൂർഗ്, ചിക്കമാംഗളൂർ, ഷിമോഗ എന്നീ പ്രദേശങ്ങളും ഈ രൂപതയ്ക്ക് കീഴിലായി. 1996 ഡിസംബർ 16ന് തിരുവനന്തപുരം അതിരൂപതയിൽനിന്ന് കന്യാകുമാരി വിഭജിക്കപ്പെടുകയും, സമാന്തരരൂപതയായി മാർത്താണ്ടം സ്ഥാപിക്കുകയും ചെയ്തു. 2003 ജനുവരി 15ന് മാർപ്പാപ്പ കേരളത്തിലെ എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളെയും, തമിഴ്നാട്ടിലുള്ള കോയമ്പത്തൂർ, ത്രിച്ചിനാപ്പള്ളിയെയും ഉൽപ്പെടുത്തി മൂവാറ്റുപുഴ രൂപത സ്ഥാപിച്ചു. തുടർന്നുള്ള കാലഘട്ടങ്ങളിൽ മലങ്കര സഭയ്ക്ക് ഒരതിരൂപതയും നാല് സമാന്തര രൂപതകളുമുണ്ടായി. പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള കാനൻ നിയമങ്ങളുടെ പ്രസിദ്ധീകരണശേഷം സീറോ മലങ്കര സഭയെ അന്ത്യോക്യൻ പാരമ്പര്യത്തിലുള്ള വ്യക്തിഗത ('sui iuris') മെത്രാപ്പൊലീത്തൻ സഭയായി പരിഗണിക്കുന്നു. തിരുവനന്തപുരം മെത്രാപ്പോലീത്ത തലവനായ സിനഡിൽ സഭയുടെ എല്ലാ പിതാക്കന്മാരും അംഗങ്ങളാണ്. സഭാ സിനഡിന് ഭാഗീകമായ ഭരണാവകാശങ്ങളുണ്ടെങ്കിലും പൂർണ്ണമായ തിരെഞ്ഞെടുപ്പവകാശങ്ങൾ മെത്രാപ്പോലീത്തായുടെയും സഭയിലെ പിതാക്കന്മാരുടെയും, റോമൻ സിംഹാസനത്തിന്റെ നേരിട്ടുള്ള അധികാരപരിധിക്കു

ള്ളിലാണ്. മെത്രാപ്പോലീത്തൻ കാര്യാലയം ലാറ്റിൻ സഭയുടേതു പോലെയായതുകൊണ്ട് പുനർ വിചാരണാപേക്ഷ എപ്പോഴും റോമൻ കാര്യാലയത്തിനാണ്. പൗരസ്ത്യ പാരമ്പര്യത്തിനടിസ്ഥാനമായ ഭരണനിർവ്വഹണ കാര്യങ്ങൾ സീറോ മലങ്കര സഭയിൽ വളരെ പരിമിതമാണ്.

**മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയായുള്ള മലങ്കര സഭയുടെ ഉയർച്ച**

സീറോ - മലങ്കര സഭയുടെ സമഗ്രവും ധ്രുതഗതിയിലുമുള്ള വളർച്ചയെ കണക്കിലെടുത്ത് 2005 ഫെബ്രുവരി 10-ന് ജോൺപോൾ രണ്ടാമൻ പാപ്പ അപ്പസ്തോലിക പ്രബോധനമായ 'Ab ipso Sancto Thoma' വഴി പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള കാനൻ നിയമം അനുസരിച്ച് മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയായി ഉയർത്തി.

ഈ അപ്പസ്തോലിക പ്രബോധനത്തിന്റെ അടിസ്ഥാനത്തിൽ സീറോ മലങ്കര ആർക്കി എപ്പിസ്കോപ്പൽ സഭയുടെ സ്വഭാവവും സ്ഥാനവും താഴെ വിശകലനം ചെയ്യുന്നു.

**മലങ്കരസഭയുടെ വളർച്ച**

മാർപാപ്പയുമായുള്ള പൂർണ്ണ ഐക്യത്തിലായത് മൂലം മലങ്കര സഭയുടെ വിശ്വാസികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനയുണ്ടായതായി അപ്പസ്തോലിക പ്രബോധനം ചൂണ്ടികാണിക്കുന്നു. 1930 സെപ്തംബർ 20-ന് മാർപാപ്പയുമായുള്ള ഐക്യസമയത്ത് 2 മെത്രാന്മാരും, ഒരു സന്യാസ വൈദീകനും, ഒരു ഡീക്കനും, ഒരു അൽമായനും ഉണ്ടായിരുന്ന മലങ്കര സഭ കാലക്രമേണ സഭ ആ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തപ്പെട്ടപ്പോൾ അഞ്ച് രൂപതകളിലായി 476 ഇടവകകളും 8 മെത്രാന്മാരും 476 രൂപതാ വൈദീകരും, 115 സന്യാസ വൈദീകരും, 206 സന്യാസികളും, 1662 സന്യാസിനികളും, 402702 വിശ്വാസികളുമുണ്ടായിരുന്നു.

**സഭാപൈതൃകവും വിശ്വാസവും**

മലങ്കര സഭയുടെ വളർച്ചയിലുടനീളം സഭയുടെ പൈതൃകവും വിശ്വാസവും കാത്തുസൂക്ഷിച്ചതായി അപ്പസ്തോലിക പ്രബോധനം എടുത്തുപറയുന്നു. ഇത് മലങ്കരസഭയുടെ ആരാധനാക്രമവും, ദൈവശാസ്ത്രവും ആദ്ധ്യാത്മികതയും, പൈതൃകവും മറ്റും അന്ത്യോക്യൻ പാരമ്പര്യത്തിലധിഷ്ഠിതമാണെന്നും പ്രഖ്യാപിക്കുന്നു. മലങ്കര സഭ 1836 ജനുവരി 16ന് മാവേലിക്കരയിൽ കൂടിയ സഭാസിനഡിൽ ഔദ്യോഗികമായി ഇത് അംഗീകരിച്ച തുമാണ്. കത്തോലിക്കാ ഐക്യം 1930 ന് സാധുതമായതിനുശേഷം ലത്തീൻ വൽക്കരണവും ഏകവൽക്കരണവും (uniatism) ലത്തീൻ മിഷനറി സ്വാധീനം മൂലമുള്ള ലത്തീൻ വൽക്കരണവും സമാപ്തിയിലെത്തി

യപ്പോഴും, തുടർന്നു റോമൻ കൂരിയ അതിന്റെ കത്തോലിക്ക സ്വാഭാവവും സ്വീകരിച്ചപ്പോഴാണ് ക്രൈസ്തവ ലോകത്ത് ഏറ്റവും കുറച്ച് പാശ്ചാത്യ സ്വാധീനം ചെലുത്തപ്പെട്ട പൗരസ്ത്യ സഭകളിൽ ഒന്നായി മലങ്കര സഭ മാറിയത്. മറ്റ് പൗരസ്ത്യസഭകളിൽ സ്വാഭാവികമായി ഉണ്ടായ പാശ്ചാത്യ വൽക്കരണം അധികമേശാതെ നില നിന്ന പൗരസ്ത്യ സഭയാണ് സീറോ മലങ്കര സഭ.

**അവകാശങ്ങളും കടമകളും**

പൗരസ്ത്യ കാനൻ നിയമമനുസരിച്ച് അവകാശപ്പെട്ട എല്ലാ അവകാശങ്ങളോടും കടമകളോടും കൂടെയാണ് പരിശുദ്ധ സിംഹാസനം മലങ്കര സഭയെ മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയായി ഉയർത്തിയത്. മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ അധികാരവും അവകാശങ്ങളും കടമകളും പാത്രിയാർക്കൽ പദവിയുള്ള സഭകളുടേതിന് തുല്യമാണ്.

**സ്ഥാനപ്പേരും സിംഹാസനനും**

പൗരസ്ത്യസഭാ കാനൻ നിയമപ്രകാരം മേജർ ആർച്ച് ബിഷപ്പിന് അദ്ദേഹത്തിന്റെ ഭരണപ്രദേശങ്ങളിൽ ഒരു പ്രധാന പട്ടണത്തിൽ സ്ഥിരമായ സിംഹാസനമുണ്ടാവുകയും അവിടെ അദ്ദേഹം ഭരണം നടത്തുകയും വേണം. (CCEO c.57.3) കത്തോലിക്ക സഭയുമായുള്ള പൂർണ്ണ ഐക്യത്തിനു ശേഷം മലങ്കര സഭയുടെ ഔദ്യോഗിക ആസ്ഥാനം തിരുവനന്തപുരമാണ്. 193ഫെബ്രുവരി 13-ന് പുതിയ രണ്ട് Ordinariates സ്ഥാപിച്ചപ്പോൾ മാർ ഇവനിയോസ് മെത്രാപ്പോലീത്തായുടെ ഔദ്യോഗിക ആസ്ഥാനമായി തിരുവനന്തപുരം മാറി. കാലാന്തരത്തിൽ 1937 ജൂലൈ 1-ന് തിരുവനന്തപുരത്ത് ലാറ്റിൻ രൂപത സ്ഥാപിതമാവുകയും തുടർന്ന് 2004 ജനുവരി 3 അതിരൂപതായായി ഉയർത്തപ്പെടുകയും ചെയ്തതിനുശേഷവും മലങ്കര സഭയുടെ സഭാ ആസ്ഥാനമായി തിരുവനന്തപുരം തുടരുകയും ചെയ്തു. മാർപാപ്പയുടെ ഔദ്യോഗിക സഭാ പ്രബോധനത്തിൽ മലങ്കര സഭയുടെ ആസ്ഥാന ശീർഷകമായി മേജർ ആർക്കി എപ്പിസ്കോപ്പൽ ചർച്ച് ഓഫ് ട്രിവാൻട്രം നൽകുകയും ആസ്ഥാനമായി തിരുവനന്തപുരത്തെ നിശ്ചയിക്കുക യും ചെയ്തു.

**ഭൂമിശാസ്ത്ര പരിധി**

1932-ൽ മലങ്കര ഹയരാർക്കി സ്ഥാപിതമായിപ്പോൾ ഭൂമി ശാസ്ത്ര പരമായ അതിർത്തി ലത്തീൻ രൂപതകളായ കൊല്ലം, കോട്ടാർ, കൊച്ചി, വരാപ്പുഴ, വിജയപുരം എന്നിവയുമായി പങ്കിട്ടു. പിന്നീട് 1958-ൽ വിസ്തൃതി കേരളത്തിന്റെ വടക്കൻ ഭാഗങ്ങ ളിലേക്കും തമിഴ്നാടിന്റെയും കർണ്ണാടകയുടെയും ഭാഗങ്ങളിലേക്ക് വ്യാപിക്കപ്പെട്ടു. മലങ്കര സഭയുടെ ഭൂമിശാത്രപരിധി സഭ ഉൾക്കൊള്ളുന്ന

9 രൂപതകളിലായി വ്യാപിച്ചിരിക്കുന്നു. മേജർ ആർച്ച് ബിഷപ്പിന്റെയും സിനഡിന്റെയും ഈ രൂപതകൾക്കുള്ളിൽ പൗരസ് ത്യസഭാ കാനൻ നിയമത്തിലെ 146-150 വരെയുള്ള കാനോനുകളുമനുസരിച്ചാണ്.

## മേജർ ആർച്ച് ബിഷപ്പ്

2005 ഫെബ്രുവരി 10-ാം തിയതി *'Cunctis ecclesialibus Communitatibus'* എന്ന അപ്പസ്തോലിക ബൂള പ്രകാരം ''ആദരണീയ സഹോദരനായ സിറിൽ ബെസേലിയോസ് മലഞ്ചെരുവിലിനെ'' സീറോ മലങ്കര സഭയുടെ പ്രഥമ മെത്രാപ്പോ ലീത്തയായി ജോൺ പോൾ രണ്ടാമൻ മാർപാപ്പ തിരഞ്ഞെടുത്തു. ബൂളായിൽ മാർപ്പാപ്പ ഇപ്രകാരം എഴുതി ''ശ്ലൈഹിക അധികാരമു പയോഗിച്ച് സീറോ മലങ്കര സഭയുടെ തിരുവനന്തപുരം മെട്രോപ്പോ ളിനായി താങ്കളെ തിരഞ്ഞെടുത്തിരിക്കുന്നു. പദവിക്കടുത്ത എല്ലാ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും താങ്കൾക്കുണ്ടായിരിക്കും. പൗരസ്ത്യ സഭാനിയമമനുസരിച്ചുള്ള എല്ലാ നിബന്ധനകളും പാലിക്കുവാൻ താങ്കൾ കടപ്പട്ടിരിക്കുന്നു.'' 2005 മെയ് 14-ന് ആഘോഷപൂർവ്വമായ സ്ഥാനാരോഹണ ചടങ്ങിൽ സിറിൽ മാർ ബെസേലിയോസ് പ്രഥമ മേജർ ആർച്ച് ബിഷപ്പായ് അവരോധിക്കപ്പെടുകയും മലങ്കര മെത്രാന്മാരുടെ തീരുമാനപ്രകാരം കാതോലിക്കോസ് എന്ന സ്ഥാനപ്പേര് സ്വീകരിക്കുകയും ചെയ്തു.

## സീറോ മലങ്കര സഭ-മേജർ ആർക്കി എപ്പിസ്കോപ്പൽ സ്ഥാനത്തേക്കുള്ള ഉയർച്ചയുടെ ഘട്ടങ്ങൾ

2005 ആഗസ്റ്റ് മാസം 16 മുതൽ 18 വരെ കൂടിയ പ്രഥമ കാനോനിക സിനഡിൽ സ്ഥിരമായിട്ടുള്ള സിനഡ് രൂപീകരിക്കുകയും മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയയുടെ വിവിധ കമ്മീഷനുകൾ രൂപീകരിക്കുകയും ചെയ്തു. സീറോ അന്ത്യോക്യൻ, മലങ്കര പാരമ്പര്യമനുസരിച്ച് സീറോ മലങ്കര സഭയുടെ ഹയരാർക്കിയുടെ പിതാവും തലവനുമായ പിതാവിനെ 'കാതോലിക്കോസ്' എന്നു വേണം വിളിക്കപ്പെടുവാനുമെന്ന് തീരുമാനിച്ചു.

സിനഡിൽ പിതാക്കന്മരുടെ തീരുമാനപ്രകാരവും പരിശുദ്ധ സിംഹാസനത്തിന്റെ നിർദ്ദേശപ്രകാരവും 2006 മെയ് മാസം 14-ാം തിയതി മേജർ ആർച്ച് ബിഷപ്പ് സിറിൽ മാർ ബസേലിയൂസ് പൗരസ്ത്യ കാനാൻ നിയമം 85 1 പ്രകാരം തിരുവല്ലയെ അതി രൂപതയായി ഉയർത്തുകയും ബത്തേരി മൂവാറ്റുപുഴ സിംഹാസനകളെ സമാന്തര രൂപതകളായി നിശ്ചയിക്കുകയും ചെയ്തു. 2007 ജനുവരി 1 ന് തിരുവനന്തപുരം അതിരൂപതയുടെ സമാന്തര രൂപതയായി മാവേലിക്കര സ്ഥാപിക്കുകയും ചെയ്തു. 2007 ജനുവരി 18-ന് മേജർ

ആർച്ച് ബിഷപ്പ് സിറിൽ മാർ ബസേലിയൂസ് ദിവംഗതനാവുകയും തുടർന്ന് 2007 ഫെബ്രുവരി 8-ാം തിയതി മലങ്കര സിനഡ് ചേർന്ന് ഐസക് മാർ ക്ലീമിസ് തോട്ടുങ്കലിനെ മേജർ ആർച്ച ബി.പ്പായി തിരഞ്ഞെടുതക്കുകയും ചെയ്തു.

2010 ജനുവരി 25-ന് റോമൻ സിംഹാസനത്തിന്റെയും സിനഡിന്റെയും അംഗീകാരത്തോടെ തിരുവനന്തപുരം അതിരൂപതയെ വിഭജിച്ച് പത്തനംതിട്ടയും കർണ്ണാടക സംസ്ഥാനത്ത് പുത്തൂർ രൂപതയും സ്ഥാപിച്ചു. ഇപ്പോൾ 8 രൂപതകളിലായി 133 മെത്രാന്മാരും 486 രൂപതാ വൈദികരും 124 സന്യസ്ഥ വൈദികരും 236 സന്യസ്ഥരും 1727 സന്യാസിനികളും 570 ഇടവകകളും 417463 വിശ്വാസികളും സീറോ മലങ്കര സഭയിൽ ഉണ്ട്.

## ഉപസംഹാരം

ക്രാന്തദർശിയും പ്രവാചക ധൈര്യവുമുള്ള മാർ ഇവാനിയോസ് തിരുമേനി 20-ാം നൂറ്റാണ്ടിന്റെ എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ അമരക്കാരനായി നിന്നുകൊണ്ട് മലങ്കര ഓർത്തഡോക്സ് സിറിയൻ സഭയും അതിന്റെ തലവനായ കാതോലിക്കോസും സിനഡു മെത്രാന്മാരുമുൾപ്പെടെ, തനിമയും വ്യത്യസ്തതയും അന്ത്യോക്യൻ ആരാധനാ പാരമ്പര്യവും നിലനിർത്തികൊണ്ട് കത്തോലിക്കാ കൂട്ടായ്മയിലേക്ക്, കടന്നുവന്നു. പ്രഥമദശയിൽ ഏറെ പ്രതിബന്ധങ്ങൾ നേരിട്ട് പൂർണ്ണ ഐക്യം സാധിതമായില്ലെങ്കിലും ഐക്യത്തിനു വേണ്ടിയുള്ള അധമ്യമായ അഭിവാഞ്ജ മൂലം മാർ ഇവാനിയോസും ഒപ്പം മാർ തിയോഫിലോസും 1930-ൽ പുനരൈക്യം സാധിതമാക്കി. കാലഗതിയിൽ "ചെറിയ ആട്ടിൻ കൂട്ടം" ദ്രുതഗതിയിൽ വളരുകയും പക്വത പ്രാപിക്കുകയും ചെയ്തു. മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയോടെ മലങ്കര സഭയ്ക്ക് യഥാർത്ഥ തലവനെയും പിതാവിനെയും ലഭിക്കുകയും ഔദ്യോഗിക അവകാശങ്ങളും നിയോഗങ്ങളോടും കൂടെ മേജർ ആർക്കിഎപ്പിസ്കോപ്പൽ സിനഡിന് പൗരസ്ത്യ കാനൻ നിയമപ്ര കാരം അധികാരങ്ങളും ലഭിക്കുയും ചെയ്തു. മലങ്കര സഭയുടെ ഇപ്പോഴത്തെ പ്രധാന വെല്ലുവിളി ദീർഘവീക്ഷണ മുണ്ടായിരുന്ന ഭാഗ്യപ്പെട്ട മാർ ഇവാനിയോസ് തിരുമേനിയുടെ സ്വപ്നം, അന്ത്യോക്യൻ പാരമ്പര്യത്തിലുള്ള ഓർത്തഡോക്സ് സിറിയൻ സഭകളുടെ കത്തോലിക്കാ സഭയിലേക്കുള്ള പുനരൈക്യ മാണ്.

**ഡോ. പോൾ പള്ളത്ത്**

## References and foot notes


1. Nicolas V, The Bull "Dum Diversas", *Bullarium Patronatus Portugaliae Regum*.Tomus I, (1171 -1600), 22-23.
2. *Bullarium Patronatus Portugaliae*, Tomus I, 33-34,36-37
3. *Bullarium Patronatus Portugaliae*, Thomus I, 47-52
4. *Bullarium Patronatus Portugaliae*, Thomus I, 98,99
5. D.Ferroli, *The Jesuits in Malabar*, Vol.2, Bangalore 1951, 170
6. D. Ferroli, *The Jesuits*.. VOl 2, 171
7. G.M. Moraes, *A History of Christianity in India*, Bombay, 1964, 80-105.
8. A.M. Mundadan, Op-Cit. P:245-248, 254-255.
9. തമിഴ്നാട്ടിലെ പേൾഫിഷറിതീരം കന്യാകുമാരിമുതൽ രാമേശ്വരംവരെയും അവിടെനിന്ന് ശ്രീലങ്കൻ തീരത്തോടു ചേർന്ന് കിടക്കുന്ന മാന്നാർവരെയും നീണ്ടുകിടന്നിരുന്നു.
10. A.M. Mundadan, Op-Cit. P:391-428.
11. J. Wicki, *The Portughese Padrovado* etc. quoted in H.C. Perumalil and E.R.Hanbye, Op.Cit, p. 55.
12. G.Schurhammer, *Francis Xavier His life, his times* - English Trans lation, M.J. Costelloe, VOl -2, P:295-310; J.Wicki, Op, Cit, p. 62
13. G.Schurhammer, Op-Cit, P:463-469; J.Wicki, Op-Cit P:62.
14. J.Wicki, OP-Cit, P:62-64
15. S.Neill, OP-Cit.P:166-190; H.C. Perumalil and ER. Hemlye, op.cit. P:77,78. X. Kochuparambil, *Evangelization in India*, P"296-298
16. G.M. Moraes, Op-Cit,P:147-174; S.Neill, Op-Cit,P: 118-124; A.M. Mundadam, Op-Cit. P: 437-467.
17. A.Meersman, *Development of the Church under Padroado*, p. 76.
18. *Bullarium Patronatus Portugaliae,* Thomus I, 98-99
19. *Bullarium Patronatus Portugaliae,* Thomus I, 100-101
20. *Bullarium Patronatus Portugaliae,* Thomus I, 148-149
21. *Bullarium Patronatus Portugaliae,* Thomus I,149
22. Paulino A.S.Bartholomeo, *India Orientalis Christiana*, p. 31.
23. *Bullarium Patronatus Portugaliae,* Thomus I, 191-193, 193-195.
24. *Bullarium Patronatus Portugaliae,* Thomus I,191-192.
25. *Bullarium Patronatus Portugaliae,* Thomus II, 4.
26. *Bullarium Patronatus Portugaliae,* Thomus II, 5.

27. സംരക്ഷണാധികാരത്തിന്റെ അവകാശങ്ങളെയും ചുമതലകളെയും സംബ ന്ധിച്ചു കൊടുത്തിരിക്കുന്ന വിവരണം ഇന്ത്യയിലെ വിവിധ രൂപതകൾ വ്യാപിച്ചുകൊണ്ടുള്ള ഔദ്യോഗികരേഖകളെ ആസ്പദമാക്കിയുള്ളതാണ്.
28. V. De Paolis, *in La Curia Romana Nella Cost: Ap. "Partor Bonus"* p. 361
29. *Collectanea Sacrale congregationis De Propaganda fide*, Vol-1, p. 2-4.
30. *Collectanea Sacrale* Vol- I, P : 4; V. De Paolis, "La Congregatione per L' Evangelizatione Dei Popoli," p. 363
31. Dominic, "Latin Missions under the Jurisdiction of Propaganda in H.C. Perumalil and E.R.Hambye, op. cit, P : 104.
32. Bullarium Patronatus Portugaliae, Thomus II, P :48-49.
33. Domnic, *Op-Cit.* p. 104-128, G.M.Moraes, *Op. Cit.,* p. 52-170.
34. 1599 ഡിസംബർ 20-ാം തീയതി ക്ലെമന്റ് VIII-ാമൻ മാർപാപ്പ, പുരാതന മാർത്തോമ്മാ ക്രിസ്ത്യൻ സിംഹാസനത്തിന്റെ മെട്രോപോളിറ്റൻ അതിരൂപതാ പദവി എടുത്തുകളയുകയും അതിനെ ഗോവയുടെ സമാന്തരൂപതയാക്കി മാറ്റുകയും ചെയ്തു. 1600 ഓഗസ്റ്റ് 4-ാം തീയതി അതിനെ പോർച്ചുഗീസ് സംരക്ഷണാധി കാരത്തിനു കീഴിലാക്കി.
35. Domnic, *Op-Cit.* 105; J.Thekkedath, *Op.Cit.* p. 415-416.
36. Paulinea S. Bartholemeo, *Op-Cit*. p. 46-50.
37. അധ്യായം 3 കാണുക.
38. Dominic, *Op-Cit*, p. 105
39. G.M.Moraes, *Op-Cit*; p.155
40. G.M.Moraes, Op-Cit, P: 156; A. Da Silava Rego, Le Patronage Portugais De L'onient, p. 121,122.
41. വിശദവിവരങ്ങൾക്ക് J.Puliurumpil,*A Period of Jurisdictional Con flict in the Suriani Church of India (1800-1838)*, p. 205-217 കാണുക.
42. Dominic, Op-Cit, P-111-128
43. Juris Pontificii De Propaganda fide, Vol.5, P : 195-198
44. Juris Pontificii De propanganda Fide, Vol.5, 196-197
45. ഈ "ശിശ്മ" യുടെ സന്തുലിതമായ ഒരുവിലയിരുത്തലിന് A- Da Silva Rego, Le Patronage Portugais De L' orient, P : 272-289.
46. വിശദാംശങ്ങൾക്ക്, S.Neill, Op-Cit, P : 288-294.
48. E.R. Hull, *Op-Cit*, Vol-I, P:244-249, A Da Silva Rego, Op-Cit, P : 137-142.
49. E.R.Hull, *Op-Cit*, Vol-I, P : 249
50. Leonis XIII Pontitieis Maximi, Acta, Vol.5, P:172-175; S. Neill, Op-Cit, p. 294-302

51. G.Martina, Pio IX (1851-1860), p. 284
52. *Juris Pentifieii De Propaganda Fide*, Vol.7, P:316-322
53. *Juris Pentificii De Propaganda Fide*, Vol.7, P:319
54. *Acta Sanctae Sedis*, 19 (1886), P :185-189
55. മധുരൈ രൂപതയുടെ പേര് 1887 ൽ ട്രിച്ച്നാപ്പള്ളി എന്നു മാറ്റപ്പെട്ടു. 1887 ലെ *Annuario Pontificio* കാണുക.
56. *Acta Sanctae Sedis,* 19 (1886), P :176-184
57. *Acta Sanctae Sedis,* 19 (1886), P :182-183
58. *Acta Sanctae Sedis,* 20 (1928), P :129-133
59. *Acta Sanctae Sedis,* 20 (1928), P.132-133
60. *Acta Sanctae Sedis*, 42 (1950), P. 811-814
61. *Acta Sanctae Sedis*, 99 (2007), P. 6-7
62. ഗോവ-ഡാമൻ എന്ന title ഏതുവർഷത്തെയും *Annuario Pontificio* ൽ കാണാം.
63 . ഇവിടെ കൊടുക്കുന്ന വിവരങ്ങൾ 2010 ലെ *Annuario Pontificio* യെ അടിസ്ഥാനമാക്കിയുള്ളതാണ്. ചുരുക്കെഴുത്തിൽ D രൂപതയെയും A അതിരൂപതയെയും സൂചിപ്പിക്കുന്നു